സാവൂളിന് ആയിരം ദാവീദിന് പതിനായിരം

വചനം | വ്യാഖ്യാനം | വിചിന്തനം

ഫാ. ജോസഫ് ഒളിപ്പറമ്പിൽ

PETRA PUBLICATIONS

സാവൂളിന് ആയിരം ദാവീദിന് പതിനായിരം

വചനം | വ്യാഖ്യാനം | വിചിന്തനം

ഫാ. ജോസഫ് ഒളിപ്പറമ്പിൽ

വിയാനി ഹോം മൈനർ സെമിനാരി

കളമശ്ശേരി, കൊച്ചി

ഫോൺ	: 9656115746
E-mail	: opfr@rediffmail.com

മുദ്രണം	: ഡോൺ ബോസ്കോ ഇഗാക്ട് വെണ്ണല, കൊച്ചി
കവർ ഡിസൈൻ	: ബ്ര. നിബിൻ പാപ്പാളിപ്പറമ്പിൽ
പ്രസാധനം	: പെട്രാ പബ്ളിക്കേഷൻസ്, കൊച്ചി
ആദ്യപതിപ്പ്	: ഏപ്രിൽ 2016
വില	: ₹ 120

ഗ്രന്ഥകർത്താവിന്റെ ഇതരപുസ്തകം

വാഗ്ദാനപേടകം

പഠനവും ധ്യാനവും



ഞങ്ങളെ പ്രാണതുല്യം സ്നേഹിച്ച

അപ്പച്ചനും അമ്മച്ചിക്കും...

ആമുഖം



മോസ്റ്റ് റവ. ഡോ.
ഫ്രാൻസിസ് കല്ലറക്കൽ
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

വഴിവിളക്കാകട്ടെ

വിശുദ്ധഗ്രന്ഥപഠനവും ധ്യാനവും ആത്മവിശുദ്ധീകരണത്തിനും ജീവിതനവീകരണത്തിനും ഏറെ സഹായകമാണ്. മുൻപെന്നത്തെക്കാളും അധികമായി അനേകം ആളുകൾ ഇന്ന് തങ്ങളുടെ തിരക്കുകൾക്കിടയിലും അവയ്ക്കുവേണ്ടി ധാരാളം സമയം മാറ്റിവയ്ക്കുന്നുണ്ട് എന്ന് നമുക്കറിയാം. പക്ഷേ, ബൈബിൾപഠനവും ധ്യാനവും ശരിയായ ദിശയിൽ ആകണമെങ്കിൽ നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന വിശുദ്ധഗ്രന്ഥത്തിലെ വിവിധ സംഭവങ്ങളും വിവരണങ്ങളും അവയുടെ ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽത്തന്നെ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. “സാവൂളിന് ആയിരം, ദാവീദിന് പതിനായിരം” എന്ന പേരിൽ ജോസഫ് ഒളിപ്പറമ്പിലച്ചൻ പ്രസിദ്ധീകരിക്കുന്ന പുതിയ പുസ്തകം ഇസ്രായേലിലെ ആദ്യത്തെ രണ്ടു രാജാക്കന്മാരായ സാവൂളിനെയും ദാവീദിനെയും കുറിച്ച് വിശുദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ അവയുടെ ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ധ്യാനിക്കാനും സ്വയവിമർശനത്തിലേക്ക് നീങ്ങാനും നമ്മെ സഹായിക്കുന്ന ഗ്രന്ഥ

മാണ്. ബൈബിൾ പഠിക്കാനും അതിന്റെ ആത്മീയ അർഥതലങ്ങളറിയാനും ആഗ്രഹിക്കുന്ന എല്ലാവർക്കും ഈ ഗ്രന്ഥം ഒരു മുതല്ക്കൂട്ടാകും എന്ന കാര്യത്തിൽ സംശയമില്ല. അനേകം പേർക്ക് ഇത് വഴിവിളക്കാകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം ഒളിപ്പറമ്പിലച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർഥിക്കുകയും ചെയ്യുന്നു.

അവതാരിക



ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

രണ്ടു പച്ചമനുഷ്യരും അവരുടെ ജീവിതവും

വാഗ്ദാനപേടകംകെട്ടിയ ഓപിയച്ചൻ (ഫാ. ജോസഫ് ഒളിപ്പറമ്പിൽ) ഒട്ടുമേ വാചാലമല്ലാതെ വായനക്കാരന് ഒരു വാഗ്ദാനം അന്നേ തന്നിട്ടുണ്ട്. ബൈബിളധിഷ്ഠിതമായ ഈടാർന്ന രചനകൾ ഇനിയും പ്രതീക്ഷിക്കാമെന്ന ഒരു വാഗ്ദാനം. '*സാവൂളിന് ആയിരം ദാവീദിന് പതിനായിരം*' ആ വാഗ്ദാനത്തിന്റെ സന്നിഹിതസാഫല്യമാണെന്നു ഞാൻ വിചാരിക്കുന്നു. പഴയനിയമത്തിലെ ഭാവനാമേദുരവും അത്യന്തസമ്മോഹനവുമായ ഒരു പ്രതീകമാണ് വാഗ്ദാനപേടകം. അത് യഹോവയുടെ സനാതന സാന്നിധ്യത്തിന്റെ മഹിതസൂചകമാണ്. ജനതയ്ക്ക് അവിടന്നു നേരിട്ടു നല്കിയ സ്നേഹസമ്മാനമാണത്. അത്യാദരപൂർവമാണ് അവരത് ഏറ്റുവാങ്ങിയത്. ആവേശഭരിതമായിരുന്നു അതിനോട് അവരുടെ പ്രതികരണങ്ങൾ. അത് അവർക്ക് പ്രത്യാശയാണ്, പ്രതീക്ഷയാണ്, വിശ്വാസമാണ്, ജീവിതവും. ശില്പഭൂഷിതമായ ഒരുപേടകത്തിലല്ല, ഹൃദയകുടീരങ്ങളിലാണ് യഹൂദ ജനത വാഗ്ദാനപേടകം സംഗ്രഹിച്ചുവച്ചത്. അത് ഒപ്പമുള്ളപ്പോൾ അവക്ക് മഹോത്സവങ്ങളായിരുന്നു. തിരോധാനം അചിന്ത്യമായിരുന്നെങ്കിലും, സംഭവിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ദുരന്തങ്ങളുടെ പരമ്പര അവരെ നായാടുന്നതും നാം വായിക്കുന്നു.

പുതിയനിയമത്തിൽ മറിയം ഈ വാഗ്ദാനപേടകത്തിന്റെ പ്രതീകഭംഗിയാർന്ന സാന്നിധ്യമാകുന്നു. മറിയം സുരക്ഷയേകി മനുഷ്യരോടൊപ്പമുണ്ട്. മറിയം നമ്മുടെ പ്രത്യാശയാണ്. വിശ്വാസികൾക്കു സർവസ്വവുമാണ്. ഓപിയച്ചന്റെ വ്യാഖ്യാനസുരഭിയായ ചിന്തകൾ ആദ്യഗ്രന്ഥത്തിൽ അങ്ങനെ തിടംവയ്ക്കുന്നതു നാം കണ്ടു. ഒരു ബൈബിൾപ്രതീകം സഞ്ചരിച്ചെത്തുന്ന ഭാവനാദൂരത്തിന്റെ കണ്ണെത്താപ്പുറങ്ങൾ അവിടെ നമ്മെ ഗ്രന്ഥകാരൻ കാണിച്ചുതന്നു. അതുപോലെ ഇനിയും പുസ്തകങ്ങൾ ചെയ്യാമെന്ന് അദ്ദേഹം പ്രതിഭാശാലികളായ എഴുത്തുകാരെ ശക്തമായി പ്രലോഭിപ്പിക്കുകയും ചെയ്തു. കുറെപ്പേരെങ്കിലും അതുവഴി സഞ്ചരിച്ചിട്ടുണ്ടാകുമെന്നാണ് എന്റെ ഊഹം.

'സാവൂളിന് ആയിരം, ദാവീദിനു പതിനായിരം' പഴയനിയമത്തിലെ 1–2 സാമുവൽ പുസ്തകങ്ങളും 1 രാജാക്കന്മാരിലെ ഒന്നും രണ്ടും അധ്യായങ്ങളും ആധാരമാക്കിയുള്ള വിചിന്തനവും വിമർശനവും വ്യാഖ്യാനവുമാണെന്നു പറയാം. അതിന്റെ സമഗ്രതയും സർവംസ്പർശിതയും സൂക്ഷിക്കുന്ന വിശദാംശവിവരണങ്ങൾ സൂക്ഷ്മവേദിയും സൂക്ഷ്മവേധിയുമായി അവതരിപ്പിക്കുന്നതിൽ സമ്പൂർണ വിജയമാണ് ഓപിയച്ചൻ നേടിയിരിക്കുന്നതെന്നു തീർത്തും പറയാം.

മാരാരുടെ *ഭാരതപര്യടനം* ഓർമയിൽ വരുന്നു. പ്രഥിതേതിഹാസം മഹാഭാരതം പുരസ്കരിച്ച് ആഖ്യാനവും വ്യാഖ്യാനവുമൊക്കെയായി മാരാർ നടത്തിയ വിചാരപരമ്പര ഏറ്റവും വരിഷ്ഠമായൊരു രചനയായി മാറി. 18 പർവങ്ങളും ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ശ്ലോകങ്ങളും (അഞ്ചു ലക്ഷം വരികൾ!) നിറഞ്ഞ മഹാസാഗരം ഒരു ചിപ്പിച്ചിമിഴിലൊതുക്കി മാരാർ നമുക്കുതന്നു. പ്രധാനപ്പെട്ട കഥാസന്ദർഭങ്ങൾ, കഥാപാത്രങ്ങൾ, അവരുടെ ഹൃദയവികാരങ്ങൾ–ഒക്കെ നമുക്ക് *ഭാരതപര്യടന*ത്തിൽ തൊട്ടെടുക്കാം. കവിയുടെ ചങ്കിടിപ്പ് ഒരു സ്വനഗ്രാഹിയന്ത്രത്തിന്റെയും സഹായമില്ലാതെ തന്നെ ചെവിയിൽ കേൾക്കാം. വിഗണിക്കപ്പെട്ടു കിടന്ന മുഹൂർത്തങ്ങൾ ഇവിടെ പുനരുത്ഥാനവിജയം നേടുന്നതു നാം കാണുന്നു. കഥാപാത്രങ്ങളുടെ മനസ്സിന്റെ തമോഹ്രദങ്ങളിൽ മുങ്ങിക്കിടക്കാൻ വിധിക്കപ്പെട്ട ചിത്രങ്ങൾക്ക് എന്തുമിഴിവാണിപ്പോൾ കൈവന്നിരിക്കുന്നതെന്നു നാം വിസ്മയിക്കും. കുരുക്ഷേത്രയുദ്ധ

മൊക്കെ നാം നേരിൽ കാണുകയാണ്. അധമപാത്രങ്ങളെന്നു ചുട്ടി കുത്തി അണിയറമൂലയ്ക്ക് ഉപേക്ഷിച്ചിരുന്ന കർണ്ണനും ദുര്യോധനനും അശ്വത്ഥാമാവിനുമൊക്കെ എന്തൊരു ശില്പചാരുതയാണു കൈവന്നിരിക്കുന്നതെന്നോ!

എനിക്കു പറയാനുള്ളത്, സാമുവലിനും സാവൂളിനും ദാവീദിനും അബ്സലോമിനും അമാസയ്ക്കും ഊറിയാവിനും യോവാബിനും ജോനാഥാനും അബ്നേറിനും (അല്ലെങ്കിൽ വേണ്ടാ, പട്ടിക ക്രമാധികം നീളുന്നു) ഒക്കെ പുതിയ ഒരു പ്രഭാപൂരിമ ഇവിടെ ലഭിക്കുന്നുണ്ടെന്നാണ്. ദാവീദിനെ രാജാവാക്കുന്നത് രഹസ്യത്തിലാണെങ്കിലും, വിവരണഭാഗങ്ങൾ ഓപിയച്ചൻ അവതരിപ്പിക്കുമ്പോൾ അഭിഷേകതൈലത്തിന്റെ സുരഭിലഗന്ധം നമ്മുടെ നാസികകളിൽ നേരിട്ട് എത്തിച്ചേരുന്നു. വനമധ്യത്തിലും താഴ്‌വാരങ്ങളിലുമൊക്കെ നടക്കുന്ന സംഗ്രാമപരമ്പരകൾ, അവിടത്തെ വാളൊച്ചകൾ നമ്മുടെ ചെവിപ്പുറങ്ങളിൽ കൊണ്ടുവരുന്നു. മേല്പറഞ്ഞ കഥാപാത്രങ്ങൾ രക്തമേദസ്സുകളോടെ മുന്നിലെത്തുന്നു. അവരിൽ ചിലരെ പുണ്യാളന്മാരായി നമുക്കെണ്ണാം, ചിലർ സാത്താന്മാർതന്നെ. ഒരാളിൽത്തന്നെ രണ്ടംശങ്ങളുംകണ്ട് നാം അമ്പരന്നുനില്ക്കും. ആരെയാണ് രൂപക്കൂട്ടിൽ വയ്ക്കേണ്ടത്? ആരെയാണ് ചതുപ്പുനിലങ്ങളിൽ പൂഴ്ത്തേണ്ടത്? നിസ്സഹായതയുടെ വിഹ്വല നേരങ്ങളിൽ ചില മാലാഖമാർ വൃന്ദം വൃന്ദം കണക്കിന് പിശാചുക്കളായി നരകം ചേരുന്നു.

സാവൂളിന്റെയും ദാവീദിന്റെയുമൊക്കെ വ്യക്തിഗതസങ്കടങ്ങളുടെയും അനിവാര്യസംഘർഷങ്ങളുടെയും ദുരന്തസംഘട്ടനങ്ങളുടെയും ആഖ്യാനം, പുതിയൊരു വായനസംസ്കാരം സമ്മാനിക്കുന്നു. പ്രതിഭിന്നമായൊരു വീക്ഷാകോണിലൂടെ ഇക്കഥാപാത്രങ്ങളെ നോക്കിക്കാണാൻ പ്രേരിപ്പിക്കുകയും നിർബദ്ധരാക്കുകയും ചെയ്യുന്ന വായനപ്രക്രിയ ഇവിടെ സംഭവിക്കുന്നു.

ആദ്യപുസ്തകംപോലെ ഇതിനെയും വ്യതിരിക്തമാക്കുന്നത്, ആഖ്യാനത്തിന്റെ ഇടയ്ക്കും അന്തത്തിലും കാണുന്ന വിചിന്തനങ്ങളും വിലയിരുത്തലുകളും നിരീക്ഷണങ്ങളും കണ്ടെത്തലുകളും തന്നെയാണ്. പല പ്രകൃഷ്ടവിചാരങ്ങളിലും സനാതനസ്വഭാവം നിഴലിക്കുമ്പോൾ, സമകാലിക കാഴ്ചപ്പാടുകളും ഒപ്പം ചേർത്തുവയ്ക്കാൻ ഓപിയച്ചൻ ശ്രമിക്കുന്നുണ്ട്. വായന ചടുലവും സജീവവുമായ ഹൃദയസംവേദനമായി പരിണാമം കൊള്ളുന്നത് അത്തരം

ഘട്ടങ്ങളിലാണ്. വാഗ്ദാനപേടകം പുരസ്കരിച്ച് ഗ്രന്ഥകാരൻ സ്വീകരിച്ച സമീപനശൈലി ഒന്നുകൂടി ചെത്തിചിന്തേരിടുന്നു എന്ന തോന്നലാണ് ഇതു വായിക്കുമ്പോൾ എന്നിൽ ശക്തിപ്പെട്ടത്.

വരികൾക്കിടയിലൂടെയുള്ള വായന എന്നു പറയാറില്ലേ? ഇത് സാമുവലിന്റെ ഒന്നും രണ്ടും പുസ്തകങ്ങളെ അങ്ങനെ സമീപിക്കുന്നതാണ്. ന്യായാധിപന്മാരിൽ അവസാനക്കാരനായ സാമുവലിന്റെ കാലം മുതൽ ദാവീദിന്റെ ഭരണാന്തം വരെയുമുള്ള ഭിന്നഅവസരങ്ങളിലെ സ്തോഭജനകമായ സംഭവങ്ങളുടെ പാർശ്വവീക്ഷിതാഖ്യാനം. ഇസ്രായേലിന്റെ ഭദ്രതയ്ക്കും സുരക്ഷയ്ക്കും ഒരു രാജാവ് ആവശ്യമാണെന്ന വാദം ശക്തമായപ്പോൾ, അതിന്റെ ദുരനുഭവങ്ങളെപ്പറ്റി മുന്നറിയിപ്പു നല്കിയ ശേഷമാണ് സാമുവൽ വഴി ദൈവം അതിനനുവദിച്ചത്. സാവൂളും ദാവീദും സോളമനുമൊക്കെ ഭരിച്ചപ്പോൾ ഈ ദുരന്തങ്ങളെല്ലാം നന്നേ അനുഭവപ്പെടുകയും ചെയ്തു. ഇസ്രായേലിന്റെ രാജഭരണാസക്തിയും തദനന്തരമുണ്ടായ കഷ്ടാനുഭവങ്ങളും 'ഇരന്നുവാങ്ങിയ കുരുത്തക്കേട്' എന്നു വിളിക്കേണ്ട ഒന്നാണ് - സ്വയംകൃതാനർഥം!

സാവൂളിന്റെയും ദാവീദിന്റെയുമൊക്കെ ജീവിതത്തിലെ നാടകീയ മുഹൂർത്തങ്ങൾ എഴുത്തുകാരെ എക്കാലത്തും വല്ലാതെ പ്രലോഭിപ്പിച്ചിട്ടുണ്ട്. അങ്ങനെ രചിക്കപ്പെട്ട പലതും ബൈബിളിന്റെ അപരാർധകാണ്ഡം പോലെ സാഹിത്യത്തിൽ പരിശോഭിക്കുന്നുമുണ്ട്. സി.ജെ. തോമസിന്റെ വിഖ്യാതമായ നാടകശില്പം, 'ആ മനുഷ്യൻ നീ തന്നെ' ദാവീദിന്റെ പതനപശ്ചാത്താപങ്ങളുടെ പ്രതിഭാങ്കിത രചനയാണല്ലോ. പലതവണ ഡിഗ്രി ക്ലാസ്സുകളിൽ പഠിപ്പിച്ച ആ പുസ്തകത്തിന്റെ സ്മരണകൾ, ഇതിലെ സാവൂളും ദാവീദുമൊക്കെ എന്നിൽ വീണ്ടും സമ്യക്കായി പുനർജനിപ്പിക്കുകയുണ്ടായി.

ഇതിഹാസത്തിലെ ഇതിഹാസങ്ങളാണ് സാവൂളും ദാവീദും. ഓപിയച്ചന്റെ '*സാവൂളിന് ആയിരം, ദാവീദിന് പതിനായിരം*' വായിക്കുമ്പോൾ, ഈ കഥാപാത്രങ്ങൾ അമരത്വമുള്ളവരാണെന്ന് ഒരിക്കൽക്കൂടി നാമോർക്കും. സമകാലികതയുടെ ജീവതപ്രശ്നങ്ങൾ ആനുഷംഗികമായി നിശിതവിചാരണകൾക്കു വിധേയമാക്കുന്നു എന്നത് ഈ പുസ്തകത്തിന്റെ 'മാറ്റിവയ്ക്കപ്പെട്ടലാഭവിഹിത'(ബോണസ്) മായി ഗണിക്കാം.

മുഖമൊഴി



ഫാ. ജോസഫ്
ഒളിപ്പറമ്പിൽ

വേരുകൾ തേടി

ക്രിസ്തുവിനെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർ അവിടത്തെ ചരിത്രം കൂടി അറിയേണ്ടതുണ്ട്. വേരുകളറിയാതെ ഒരുവനും വൃക്ഷത്തെ പൂർണമായി അറിയാൻ ആവില്ലല്ലോ. ക്രിസ്തുവിന്റെ ചരിത്രം ദൈവജനമായ ഇസ്രായേലിന്റെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട്, അതിനെക്കുറിച്ചുള്ള ഒരു സാമാന്യജ്ഞാനമെങ്കിലും ക്രിസ്ത്വന്വേഷികൾക്ക് ഉണ്ടാകേണ്ടതാണ്. ആദാമിന്റെ കഥ മുതൽ ആരംഭിക്കുന്ന ആ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘട്ടമാണ് രാജഭരണത്തിന്റെ കാലഘട്ടം. ഇസ്രായേലിന്റെ രണ്ടാമത്തെ രാജാവായ ദാവീദിന്റെ പുത്രനായാണല്ലോ പുതിയനിയമത്തിൽ ക്രിസ്തു അറിയപ്പെടുന്നതു തന്നെ.

നാനൂറോളം വർഷം ഈജിപ്തിന്റെ അടിമത്തത്തിലായിരുന്ന ഇസ്രായേൽജനം ജോഷ്വായുടെ നേതൃത്വത്തിലാണ് കാനാൻനാട്ടിലേക്കു പ്രവേശിച്ചത്. പക്ഷേ, ജോഷ്വായുടെ മരണത്തിനുമുമ്പ് അവർക്ക് ആ ദേശം മുഴുവൻ കീഴടക്കാൻ സാധിച്ചില്ല. തുടർന്നുള്ള ഏകദേശം നൂറ്റമ്പതുവർഷങ്ങൾ നിരന്തരമായ പോരാട്ടങ്ങളുടെ കാലമായിരുന്നു. തങ്ങൾക്കു ലഭിച്ച പ്രദേശങ്ങൾ സ്വന്തമായി കാത്തുസൂക്ഷിക്കാനും കൂടുതൽ

പ്രദേശങ്ങൾ കീഴടക്കാനും വേണ്ടിയുള്ള പോരാട്ടങ്ങളായിരുന്നു അവ. ന്യായാധിപന്മാർ ആയിരുന്നു ആ പോരാട്ടങ്ങൾക്കു നേതൃത്വം നല്കിയത്. എന്നാൽ, അടിക്കടി ശക്തിയാർജിച്ചു വന്ന ഫിലിസ്ത്യരെപ്പോലുള്ള ശത്രുക്കളെ നേരിടാൻ തങ്ങളുടെ ന്യായാധിപസംവിധാനം അപര്യാപ്തമാണെന്ന് ക്രമേണ ഇസ്രായേൽക്കാർക്ക് തോന്നിത്തുടങ്ങി. അവസാനത്തെ ന്യായാധിപനായിരുന്ന സാമുവലിന്റെ കാലത്ത് ഫിലിസ്ത്യരുമായി നടന്ന യുദ്ധത്തിൽ കനത്ത പരാജയം നേരിടുകയും തങ്ങളുടെ ശക്തികേന്ദ്രമായിരുന്ന വാഗ്ദാനപേടകം തന്നെ നഷ്ടപ്പെടുകയും ചെയ്തതോടെ, മറ്റുള്ളവരെപ്പോലെ തങ്ങൾക്കും രാജാവിനെ വേണമെന്ന ചിന്ത അവർക്കിടയിൽ കൂടുതൽ ശക്തമായി. അങ്ങനെ അവർ സാമുവലിനെ സമീപിച്ച് തങ്ങളുടെ ആവശ്യം ഉണർത്തിക്കുകയും കർതൃനിർദേശപ്രകാരം അദ്ദേഹം അവർക്ക് സാവൂളിനെ രാജാവായി അഭിഷേകം ചെയ്തുകൊടുക്കുകയും ചെയ്തു.

ആദ്യരാജാവായ സാവൂൾ, പക്ഷേ, അധികം താമസിയാതെ തന്നെ ദൈവദൃഷ്ടിയിൽ അസ്വീകാര്യനാകുകയും രാജസ്ഥാനത്തുനിന്ന് പുറന്തള്ളപ്പെടുകയും ചെയ്തു. ജസ്സെയുടെ പുത്രനായ ദാവീദാണ് പിന്നീട് രാജാവായി സ്ഥാനമേറ്റത്. അദ്ദേഹം ജറുസലേമിനെ രാജ്യത്തിന്റെ തലസ്ഥാനനഗരിയാക്കി ഉയർത്തുകയും ഇസ്രായേലിനെ അതിശക്തമായ രാജ്യമാക്കിത്തീർക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ യൂദാഗോത്രം മാത്രമേ ദാവീദിനെ രാജാവായി അംഗീകരിച്ചുള്ളൂവെങ്കിലും, ഏറെത്താമസിയാതെ ഇതരഗോത്രങ്ങളും അദ്ദേഹത്തോടൊപ്പം ചേരുകയും അവർ ഒറ്റരാജ്യമായി ശക്തിപ്പെടുകയും ചെയ്തു.

ദാവീദിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ സോളമനാണ് രാജ്യഭരണം ഏറ്റെടുത്തത്. വിഗ്രഹാരാധനയ്ക്ക് അടിപ്പെട്ട് ദൈവത്തോട് അവിശ്വസ്തതകാട്ടിയ അദ്ദേഹത്തിന്റെ മരണത്തോടെ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. തെക്കൻരാജ്യം യൂദാ എന്നും വടക്കൻരാജ്യം ഇസ്രായേൽ എന്നും അറിയപ്പെട്ടു. ബി.സി. 721-ലെ അസ്സീറിയൻആക്രമണത്തിൽ യൂദാരാജ്യവും ബി.സി. 587-ലെ ബാബിലോണിയൻആക്രമണത്തിൽ ഇസ്രായേൽരാജ്യവും നാമാവശേഷമായതോടെ ഏകദേശം 450വർഷം ദീർഘിച്ച ഇസ്രായേലിലെ രാജവാഴ്ചയ്ക്ക് തിരശീലവീണു.

ആദ്യരാജാവായ സാവൂൾ മുതൽ അവസാന രാജാവായ സെദെക്കിയാ വരെ 41 രാജാക്കന്മാരും അത്താലിയ എന്ന ഒരു രാജ്ഞിയും ഇസ്രായേൽ ജനത്തെ ഭരിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ, ആദ്യരാജാക്കന്മാരായ സാവൂളും ദാവീദും നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്ന കഥാപാത്രങ്ങളാണ്. അവരുടെ ജീവിതത്തിലെ വിവിധസംഭവങ്ങളും അവയുടെ ധ്യാനാത്മകമായ വിശകലനവുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സാവൂളിന്റെ അഭിഷേകം മുതൽ ദാവീദിന്റെ മരണം വരെയുള്ള സംഭവങ്ങളുടെ കാലാനുക്രമമായ പ്രതിപാദനമായതുകൊണ്ട് പുസ്തകത്തിൽ അവിടവിടെനിന്നായി ഓരോ അധ്യായം വായിക്കുന്നതിനെക്കാൾ, ആരംഭം മുതൽ തുടർച്ചയായി വായിച്ചുപോകുന്നതാണ് കാര്യങ്ങൾ മനസ്സിലാക്കാൻ എളുപ്പം. നിരവധി കഥാപാത്രങ്ങളും സംഭവങ്ങളും ഇതിലെ ഓരോ അധ്യായത്തിലും ഒളിഞ്ഞും തെളിഞ്ഞും വന്ന് അനേകകാര്യങ്ങൾ നമ്മോടു സംസാരിക്കുന്നുണ്ട്. അവയിൽ ചിലതെങ്കിലും, ഒരുപക്ഷേ, ഒരു ആത്മപരിശോധനയ്ക്കു നമ്മെ സഹായിച്ചേക്കും. വചനം ആത്യന്തികമായി ആത്മവിശുദ്ധീകരണത്തിനു വേണ്ടിയുള്ളതായതുകൊണ്ട്, അതിൽ കവിഞ്ഞൊരാഗ്രഹവും വചനബന്ധിയായ ഈ പുസ്തകരചനയുടെ പിന്നിലില്ല.

ഇതിന്റെ പ്രസിദ്ധീകരണത്തിൽ എനിക്കു പ്രചോദനവും പിന്തുണയുമായി നിന്ന എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. പ്രത്യേകിച്ച്, ഹൃദ്യമായ ഒരു ആശംസ എഴുതി എന്നെ അനുഗ്രഹിച്ച അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവിനും പുസ്തകത്തിന്റെ ഭാഷാ പരിശോധന നടത്തുകയും പ്രൗഢമായ അവതാരിക എഴുതി ഇതിനെ പ്രകാശിപ്പിക്കുകയും ചെയ്ത വന്ദ്യനായ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും ഇതിന്റെ പുറംചട്ടയ്ക്ക് രൂപകല്പന നല്കിയ ബ്രദർ നിബിൻ പാപ്പാളിപ്പറമ്പിലിനും ലേ ഔട്ടും അച്ചടിയും നടത്തിയ വെണ്ണല ഇഗാക്ടിനും നന്ദി.

✷

ഉള്ളടക്കം

ഉള്ളടക്കം



1

ഞങ്ങൾക്കും രാജാവിനെ വേണം

1 സാമുവൽ 8

ജോഷ്വായുടെ മരണശേഷം ന്യായാധിപന്മാരാണ് ഇസ്രായേൽജനത്തിന് നേതൃത്വം നല്കിയിരുന്നത്. സാമുവൽ ആയിരുന്നു അവസാനത്തെ ന്യായാധിപൻ[1]. സാമുവൽ വൃദ്ധനായപ്പോൾ അദ്ദേഹം തന്റെ രണ്ടുമക്കളെ ഇസ്രായേലിന്റെ ന്യായാധിപന്മാരായി നിയമിച്ചു (1 സാമു 8:1). ജോയേൽ എന്നും അബിയാ എന്നുമായിരുന്നു അവരുടെ പേരുകൾ. ജോയേൽ എന്ന പേരിനർഥം “യാഹോവയാണ് ദൈവം” എന്നാണ്; അബിയാ എന്നാൽ “യഹോവ പിതാവാകുന്നു” എന്നും. പേരുകൊണ്ട് അവർ ദൈവമഹത്ത്വം വിളംബരം ചെയ്യുന്നവരായിരുന്നെങ്കിലും, അവർ ദുർമാർഗികളും ധനമോഹികളുമായിരുന്നു. അവർ കൈക്കൂലി വാങ്ങുകയും അനീതി പ്രവർത്തിക്കുകയും ചെയ്തിരുന്നു. അധർമികളായ അവർ തങ്ങളുടെമേൽ ഭരണം നടത്തുന്നതിൽ അതൃപ്തരായ ഇസ്രായേൽ ജനം, മറ്റുജനതകൾക്കുള്ള പോലെ തങ്ങൾക്കും ഒരു രാജാവിനെ

വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സാമുവലിനെ സമീപിച്ചു. സാമുവലിന് ഇത് വേദന ഉളവാക്കി. ആയുഷ്കാലം മുഴുവൻ നിസ്വാർഥമായി അവർക്കുവേണ്ടി ജീവിച്ച തന്നെ അവർ തിരസ്കരിക്കുകയാണെന്നാണ് സാമുവലിനു തോന്നിയത്. എങ്കിലും ഉടൻ തന്നെ അവൻ അവരോട് ഒന്നും പ്രതികരിച്ചില്ല. മനസ്സിന് ശാന്തത കൈവരുംവരെ അവൻ പ്രാർഥനയിൽ മുഴുകി. നനുത്ത കാറ്റുപോലെ സാന്ത്വനിപ്പിക്കുന്ന ഒരു സ്വരം അപ്പോൾ അവനിലേക്ക് ഒഴുകിയിറങ്ങി: “സാമുവൽ, അവർ നിന്നെയല്ല, എന്നെയാണ് തിരസ്കരിച്ചരിക്കുന്നത്.”

ദൈവത്തെ നിഷേധിക്കാത്തേടത്തോളം കാലം ഒരുവനും അവിടത്തെ അഭിഷിക്തനെയും നിഷേധിക്കാൻ സാധിക്കില്ല എന്നത് സത്യമാണ്. നിസ്വാർഥരും വിശുദ്ധരുമായ ദൈവശുശ്രൂഷകർക്കെതിരേയുള്ള ഏതു നീക്കവും ദൈവനിരാസത്തിന്റെ ബഹിർസ്ഫുരണം മാത്രമാണ്.

രാജാവിനുവേണ്ടിയുള്ള ഇസ്രായേൽ ജനതയുടെ മുറവിളിയിൽ ദൈവനിഷേധത്തിന്റെ ദുഃസൂചനകൾ ഉൾച്ചേർന്നിരുന്നു. തങ്ങളെ ഭരിക്കാനും നയിക്കാനും തങ്ങൾക്കുവേണ്ടി പടവെട്ടാനുമായി ഒരു രാജാവിനെ വേണമെന്ന് ആവശ്യപ്പെട്ട ഇസ്രായേൽ ജനം, യാഹ്വേയാണ് ഇത്രയും കാലം അവരെ നയിക്കുകയും ഭരിക്കുകയും പോർക്കളത്തിൽ അവർക്കുവേണ്ടി പോരാടുകയും ചെയ്തിരുന്നത് എന്ന കാര്യം പാടേ വിസ്മരിച്ചുകളഞ്ഞു. അജയ്യനായ ദൈവത്തെവിട്ട് അശക്തരായ മനുഷ്യരിൽ ആശ്രയംവയ്ക്കുന്ന ഭോഷത്തത്തിലേക്ക് ഇസ്രായേൽ ജനം ചുവടുവയ്ക്കുകയായിരുന്നു.

കാനാൻനാട്ടിലെത്തി ഏതാണ്ട് ഒന്നരനൂറ്റാണ്ടുകൾക്കുശേഷമാണ് രാജാവിനു വേണ്ടിയുള്ള ഈ മുറവിളി ഉയർന്നത് എന്നോർക്കണം. തങ്ങൾക്ക് രാജാവായി ദൈവം മതി എന്ന വിശുദ്ധ ചിന്തയാണ് അത്രയും കാലം അവരെ നയിച്ചിരുന്നത്. സാമുവൽ ഉൾപ്പെടെയുള്ള എല്ലാ ന്യായാധിപന്മാരും ഇതേ ചിന്തയാണ് പുലർത്തിയിരുന്നത്. പ്രബലരായ മിദിയാൻകാരുടെ കൈയിൽനിന്ന് തങ്ങളെ രക്ഷിച്ച ഗിദയോൻ എന്ന ന്യായാധിപനോട് തങ്ങളുടെ രാജാവാകാൻ ഇസ്രായേൽജനം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം നല്കിയ മറുപടിയിൽ നിന്ന് ഇതു വ്യക്തമാണ്. അദ്ദേഹം പറഞ്ഞു, “ഞാൻ നിങ്ങളെ ഭരിക്കയില്ല. എന്റെ മകനും ഭരിക്കയില്ല. പിന്നെയോ, കർത്താവ് നിങ്ങളെ ഭരിക്കും” (ന്യായാ 8:23).

നമ്മുടെ ചില തെറ്റായ ആഗ്രഹങ്ങളും തീരുമാനങ്ങളും നടപ്പിലാകാൻ ദൈവം അനുവദിക്കുന്നത് അവിടന്ന് അതിൽ സംപ്രീതനായതുകൊണ്ടല്ല; നമ്മുടെ സ്വതന്ത്രമനസ്സിനെ (Freewill) അവൻ മാനിക്കുന്നതുകൊണ്ടാണ്.

കർത്താവിനു പകരമായി ഒരു രാജാവിനെ വേണമെന്ന ഇസ്രായേൽ ജനതയുടെ ആവശ്യം നിന്ദ്യമാക്കുന്ന ഒരു ഘടകം അതിനു പിന്നിൽ അവർ നിരത്തിയ യുക്തിയാണ്. എല്ലാ ജനതകൾക്കും രാജാവുള്ളതുകൊണ്ട് തങ്ങൾക്കും ഒരു രാജാവിനെ വേണം എന്നാണ് അവർ പറഞ്ഞത്. ഇസ്രായേലിനെ എല്ലാവരെയും പോലുള്ള ഒരു ജനമാക്കാനായിരുന്നില്ല ദൈവം ആഗ്രഹിച്ചത്. വിശുദ്ധമായ ഒരു രാജ്യവും പുരോഹിതഗണവുമായി അവരെ ഉയർത്തുകയായിരുന്നു അവിടത്തെ ഉദ്ദേശ്യം (പുറ 19:6). എന്നാൽ അവരാകട്ടെ, എല്ലാവരെയും പോലെയാകാൻ മാത്രം ആഗ്രഹിച്ചു! ദൈവത്തിന്റെ സ്വപ്നത്തോളം വലിയ സ്വപ്നം കാണാനാവാതെ ഇടുങ്ങിയ മനസ്സും ചുരുങ്ങിയ സ്വപ്നങ്ങളുമായി അവർ നടന്നു.

രാജവാഴ്ചവേണമെന്ന ഇസ്രായേലിന്റെ തീരുമാനം അപക്വവും അപകൃഷ്ടവുമായിരുന്നെങ്കിൽപ്പോലും ദൈവം അതിനെ മാനിച്ചു എന്നതാണ് സത്യം. തന്റെ തീരുമാനം അവരെ അടിച്ചേല്പിക്കാൻ അവിടന്ന് ശ്രമിച്ചില്ല. സ്വതന്ത്രമനസ്സോടെ തീരുമാനമെടുക്കാൻ അവരെ അനുവദിച്ചു. പക്ഷേ, തീരുമാനം ഉറപ്പിക്കുന്നതിനു മുൻപ് ഒരു പുനഃപരിശോധനയ്ക്കു സഹായിക്കുന്ന ചില മുന്നറിവുകൾ നല്കാൻ ദൈവം സാമുവലിനോട് ആവശ്യപ്പെട്ടു. പ്രാർഥനാപൂർവം ദൈവസന്നിധിയിലായിരുന്ന സാമുവൽ തനിക്ക് ദൈവം നല്കിയ ബോധ്യങ്ങൾക്കനുസരിച്ച് രാജഭരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് സവിസ്തരം സംസാരിച്ചെങ്കിലും രാജഭരണത്തിന്റെ മഹത്ത്വം മാത്രം ധ്യാനിച്ചുനടന്ന ഇസ്രായേൽ ജനം അതിന്റെ ഇരുണ്ടവശങ്ങളെക്കുറിച്ച് അറിയാൻപോലും മനസ്സുകാണിക്കാതെ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. അതിന്റെ ദുരന്തഫലങ്ങൾ പിന്നീട് പലപ്പോഴായി അവർക്ക് അനുഭവിക്കേണ്ടിയും വന്നു എന്നത് ഒരു ചരിത്രവസ്തുതയാണ്.

മഹാനായ സർ വില്യം ടെമ്പിളിന്റെ പ്രശസ്തമായ വാക്കുകൾ ഇങ്ങനെ: "തങ്ങൾ അല്ലാത്ത എന്തൊക്കെയോ ആയിത്തീരാനും

തങ്ങൾക്കില്ലാത്ത എന്തോ ചിലത് നേടാനുമായുള്ള മനുഷ്യമനസ്സിന്റെ വ്യഗ്രതയാണ് എല്ലാ അധാർമികതയുടെയും അടിവേര്." ഇതര ജനതകളെപ്പോലെ ആകാനും ഭൗതികനേട്ടങ്ങൾ കൊയ്യാനുമുള്ള ഇസ്രായേലിന്റെ വ്യഗ്രതമൂലം അവർക്കിടയിൽ മൊട്ടിട്ട അധാർമികത പിന്നീട് അനിയന്ത്രിതമാകുകയും രാജ്യത്തെത്തന്നെ രണ്ടായി പിളർത്തുകയും ഒടുവിൽ വിപ്രവാസത്തിലേക്കു നയിക്കുകയും ചെയ്തു എന്നത് ഈ വാക്കുകളെ സാധൂകരിക്കുന്ന ചരിത്രസത്യങ്ങളാണ്.

ഒരു കുഞ്ഞരുവിയായി ഒഴുകിയൊഴുകി മനം മടുത്ത ചെറുനദി ഒരിക്കൽ ഇങ്ങനെ പ്രാർഥിച്ചുവത്രേ: "മലകളിലെ മഞ്ഞും കാട്ടിലെ വർഷപാതവും വൻ ജലപ്രവാഹവും എന്നിലേക്ക് ഒഴുകിയിറങ്ങി ഞാനൊരു വൻ കടലായിമാറട്ടെ." പ്രാർഥന ഫലിച്ചു. വൻ ജലപ്രവാഹവും മലകളിലെ മഞ്ഞുമെല്ലാം അരുവിയിലേക്ക് ഒഴുകിയിറങ്ങാൻ തുടങ്ങി. പക്ഷേ, അപ്പോഴാണ് അരുവി അറിഞ്ഞത്, ഇത്രയും കാലം തന്നെ കരുതിയ സ്വച്ഛതീരങ്ങളും തന്റെ നിർമലതയും തനിക്ക് നഷ്ടപ്പെട്ടു പോയി എന്ന്!

നമ്മുടെ ചില തെറ്റായ ആഗ്രഹങ്ങളും തീരുമാനങ്ങളും നടപ്പിലാകാൻ ദൈവം അനുവദിക്കുന്നത് അവിടന്ന് അതിൽ സംപ്രീതനായതുകൊണ്ടല്ല; നമ്മുടെ സ്വതന്ത്രമനസ്സിനെ (Freewill) അവൻ മാനിക്കുന്നതുകൊണ്ടാണ്. പക്ഷേ, സ്വതന്ത്രമനസ്സോടെ നാം എടുക്കുന്ന തീരുമാനങ്ങൾ എന്തായിരുന്നാലും അതിന്റെ അനന്തരഫലങ്ങൾ നമ്മെ അനുഗമിക്കും എന്നത് നിശ്ചയം. അതുകൊണ്ട് തീരങ്ങൾ ഒലിച്ചു പോകുകയും തെളിനീരിൽ അഴുക്കുകലരുകയും ചെയ്യുന്ന വിധത്തിലുള്ള ഒരു വൻജലപ്രവാഹത്തിനായി നാം പ്രാർഥിക്കാതിരിക്കുന്നതാണു നല്ലത്.

പിൻകുറിപ്പ് ....

ഒരേ സമയം പുരോഹിതനും ന്യായാധിപനും പ്രവാചകനുമായിരുന്നു സാമുവൽ.



2

കഴുതയെവിട്ട് കിരീടത്തിലേക്ക്

1 സാമുവൽ 9

കഴുതകളെ അന്വേഷിച്ചിറങ്ങിയവൻ കിരീടം കണ്ടെത്തിയ കഥയാണ് ഇസ്രായേലിലെ പ്രഥമരാജാവായ സാവൂളിന്റേത്. ബെഞ്ചമിൻ ഗോത്രജനായ കിഷിന്റെ മകനായിരുന്നു സാവൂൾ. ഗിബയാ ആയിരുന്നു അവന്റെ സ്വദേശം. അവൻ അതീവകോമളനും ഉയരം കൊണ്ട് ഇസ്രായേലിലെ ആരെക്കാളും വലിയവനുമായിരുന്നു (1 സാമു 9:2).

ഒരുനാൾ കിഷിന്റെ ചില കഴുതകളെ കാണാതായി. അവയെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ഒരു ഭൃത്യനെയും കൂട്ടി അവൻ സാവൂളിനെ പറഞ്ഞുവിട്ടു. എഫ്രായിം മലനാട്ടിലും ഷലീഷാ ദേശത്തും ഷാലിം ദേശത്തും ബെഞ്ചമിൻ നാട്ടിലുമൊക്കെ അവർ കഴുതകളെ അന്വേഷിച്ചു നടന്നു. ഒരിടത്തും അവയെ കണ്ടില്ല. ഒടുവിൽ സമയം വൈകിയെന്നറിഞ്ഞ് അവർ തിരികെ പോകാൻ തീരുമാനിച്ചു. അപ്പോഴാണ് ആ പ്രദേശത്തെവിടെയോ ഉള്ള ഒരു

ദീർഘദർശിയെക്കുറിച്ച് ഭൃത്യൻ സാവൂളിനോടു പറഞ്ഞത്. സാമുവൽപ്രവാചകനെയായിരുന്നു അവൻ ഉദ്ദേശിച്ചത്. നഷ്ടപ്പെട്ട തന്റെ കഴുതകളെകണ്ടെത്താൻ പ്രവാചകൻ തന്നെ സഹായിക്കും എന്നുകരുതി സാവൂൾ തന്റെ ഭൃത്യനുമൊത്ത് സാമുവലിനെത്തേടി പുറപ്പെട്ടു. പട്ടണത്തിലേക്കുള്ള കയറ്റം കയറുമ്പോൾ വഴിയിൽക്കണ്ട ചില സ്ത്രീകൾ നല്കിയ നിർദേശമനുസരിച്ച് അവർ യാത്രതുടർന്നു. ഒടുവിൽ, മലമുകളിലേക്കുള്ള വഴിയിൽവച്ച് അവർ ദീർഘദർശിയെ കണ്ടുമുട്ടി.

പ്രത്യക്ഷത്തിൽ അസ്വാഭാവികത ഒന്നുമില്ലാത്ത ഒരു കൂടിക്കാഴ്ചയായിരുന്നു അത്. പക്ഷേ, അത് യദൃച്ഛയാ നടന്ന ഒരു കൂടിക്കാഴ്ചയായി മാത്രം നമുക്ക് കരുതാനാവില്ല. ഒരു വിശ്വാസിയുടെ പദാവലിയിൽ 'യാദൃച്ഛികം' എന്ന വാക്കിനുതന്നെ സ്ഥാനമില്ലല്ലോ. ജീവിതയാത്രയിൽ സംഭവിക്കുന്നതെന്തും ദൈവികപദ്ധതിയുടെ ഭാഗമായി നടക്കുന്നതാണ്. കിഷിന്റെ കഴുതകളെ കാണാതായതും ബെഞ്ചമിൻ ദേശത്തെങ്ങും അതിനെ കണ്ടുകിട്ടാഞ്ഞതും ഭൃത്യൻ ദീർഘദർശിയെക്കുറിച്ചു പറഞ്ഞതും സ്ത്രീകൾ വഴിചൂണ്ടിക്കാണിച്ചതുമെല്ലാം ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു. സാവൂൾ വന്നതിന്റെ തലേദിവസം തന്നെ സാമുവലിന് അതെക്കുറിച്ചുള്ള ദൈവിക വെളിപാട് ലഭിച്ചിരുന്നു എന്ന പരാമർശം ഇതിലേക്ക് വിരൽ ചൂണ്ടുന്നതാണ് (1 സാമു 9:15).

ബെഞ്ചമിന്റെ നാട്ടിൽ നിന്ന് തന്റെ അടുക്കൽ വരുന്ന സാവൂളിനെ ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യണമെന്നും അവൻ അവരെ ഫിലിസ്ത്യ കരങ്ങളിൽ നിന്ന് രക്ഷിക്കുമെന്നുമായിരുന്നു ദൈവം സാമുവലിനു നല്കിയ വെളിപാട്. ഭൃത്യനുമൊത്ത് തന്നെ സമീപിച്ച സാവൂളിനെ കണ്ടപ്പോൾത്തന്നെ അവനാണ് ഇസ്രായേലിന്റെ ഭാവിരാജാവ് എന്ന് സാമുവൽ തിരിച്ചറിഞ്ഞു. തനിക്കുവേണ്ടിയുള്ള ദൈവഹിതം തിരിച്ചറിയാത്ത സാവൂളാകട്ടെ, അപ്പോഴും തന്റെ നഷ്ടപ്പെട്ട കഴുതകളെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ടിരുന്നത്. സാമുവൽ അവനോടു പറഞ്ഞു, "മൂന്നു ദിവസം മുൻപ് കാണാതായ കഴുതകളെക്കുറിച്ച് ആകുലചിത്തനാകേണ്ടാ. അവയെ കണ്ടുകിട്ടിയിരിക്കുന്നു. ഇസ്രായേലിൽ അഭികാമ്യമായതെല്ലാം ആർക്കുള്ളതാണ്? നിനക്കും നിന്റെ പിതൃഭവനത്തിലുള്ളവർക്കും അല്ലയോ?" (1 സാമു 9:20).

അപ്രസക്തരെന്നു കരുതി നാം അവഗണിക്കുന്ന വഴിപോക്കർക്കുപോലും നമ്മുടെ അഭിഷേകവഴികളിൽ പാഥേയമേകാനാകും എന്ന തിരിച്ചറിവ് വളരെ പ്രധാനപ്പെട്ടതാണ്. നമുക്കില്ലാത്ത ചില ജ്ഞാനശകലങ്ങളും നമുക്കുവേണ്ട ചില നുറുങ്ങുവെട്ടങ്ങളും ദൈവം അവരെയായിരിക്കും, ഒരുപക്ഷേ, ഏല്പിച്ചിരിക്കുന്നത്.

അപരിചിതനായ തന്നെക്കുറിച്ചുള്ള സാമുവലിന്റെ വാക്കുകൾ സാവൂളിനെ ആശ്ചര്യപ്പെടുത്തുന്നവയായിരുന്നു. അവയുടെ പൊരുൾ എന്തെന്ന് അവൻ ആരാഞ്ഞെങ്കിലും സാമുവൽ മറുപടിയൊന്നും പറഞ്ഞില്ല.

അനന്തരം, സാമുവൽ അവനെ ഭക്ഷണശാലയിലേക്ക് കൂട്ടിക്കൊണ്ടുപോയി തന്നോടൊപ്പം ഭക്ഷണത്തിനിരുത്തി. അന്നു രാത്രി സാവൂൾ സാമുവലിന്റെ വീടിന്റെ മുകൾത്തട്ടിലാണ് കിടന്നുറങ്ങിയത്. പിറ്റേന്ന് പ്രഭാതത്തിൽ സാമുവൽ അവനെ അമ്പരപ്പിക്കുന്ന ഒരു കാര്യം ചെയ്തു. ഒരുപാത്രം ഒലിവെണ്ണയെടുത്ത് സാവൂളിന്റെ ശിരസ്സിൽ ഒഴിച്ച് അവനെ ചുംബിച്ചിട്ട് അവൻ പറഞ്ഞു, “കർത്താവ് തന്റെ ജനത്തിന്റെ ഭരണാധികാരിയായി നിന്നെ അഭിഷേചിച്ചിരിക്കുന്നു. നീ അവിടത്തെ ജനത്തെ ഭരിക്കുകയും എല്ലാ ശത്രുക്കളിലും നിന്ന് അവരെ സംരക്ഷിക്കുകയും ചെയ്യണം” (1 സാമു 10:1).

കഴുതകളെ അന്വേഷിച്ചിറങ്ങിയ സാവൂളിന്റെമേൽ അഭിഷേകതൈലം ചൊരിഞ്ഞ കർത്താവ് നമുക്കെന്നും വിസ്മയങ്ങളുടെ ദൈവമാണ്. നമുക്ക് നമ്മെക്കുറിച്ചുള്ളവയെക്കാൾ വലിയ സ്വപ്നങ്ങൾ അവൻ നമ്മെക്കുറിച്ച് കാണുന്നു; നാം തേടുന്നതിനെക്കാൾ വിപുലമായ അനുഗ്രഹങ്ങൾ അവൻ നമുക്കായി കലവറയിൽ കരുതുന്നു. ആ കലവറ കാണാത്തേടത്തോളം കാലം നമ്മുടെ ചെറിയ ചെറിയ സ്വപ്നങ്ങളുമായി നാം ഇവിടെ ഉഴറിനടക്കും; കഴുതകളെത്തേടി അലഞ്ഞുനടന്ന സാവൂളിനെപ്പോലെ.

കഴുതകളിൽ നിന്നു മനസ്സുവിടർത്തി കിരീടത്തിലേക്കു നോക്കാൻ സാവൂളിനു പ്രചോദനമേകിയത് പ്രവാചകനായ സാമുവലായിരുന്നു. സാമുവലിനെപ്പോലെ ദർശനദീപ്തരായ ചില പുണ്യാത്മാക്കൾ നമുക്കു മുന്നിലും വഴികാട്ടികളായി ഉണ്ടാകുന്നത് നല്ലതാണ്. കഴുതകൾക്കു പിന്നാലേ അലഞ്ഞുനടന്ന് ജീവിതമൊടുക്കാതെ, അഭിഷേകത്തിന്റെ വിശിഷ്ടവഴികൾ തേടാൻ അവർ നമ്മെ സഹായിക്കും.

കഴുതകളെ തേടിപ്പിടിക്കാൻ സാവൂളിനെ പറഞ്ഞയച്ച പിതാവും അവന്റെ സഹയാത്രികനും അനാമികനുമായ ഭൃത്യനും വഴിമധ്യേ കണ്ട അജ്ഞാതരായ യുവതികളുമെല്ലാം ഈ രാജകഥയിലെ അവഗണിക്കപ്പെട്ടുപോകുന്ന ചില കഥാപാത്രങ്ങളാണ്. പക്ഷേ, എത്ര വലിയ കാര്യങ്ങളാണ് ദൈവം അവരിലൂടെ ചെയ്തത് എന്നോർക്കണം. അഭിഷേകം പെയ്തിറങ്ങിയ പ്രഭാതത്തിലേക്ക് സാവൂൾ നടന്നെത്തിയതുതന്നെ, അഗണ്യരായി കാലം തള്ളിയ ആ മനുഷ്യരിലൂടെയായിരുന്നു.

അപ്രസക്തരെന്നു കരുതി നാം അവഗണിക്കുന്ന വഴിപോക്കർക്കുപോലും നമ്മുടെ അഭിഷേകവഴികളിൽ പാഥേയമേകാനാകും എന്ന തിരിച്ചറിവ് വളരെ പ്രധാനപ്പെട്ടതാണ്. ആകാരമിഴിവോ കുലമഹിമയോ പാണ്ഡിത്യമോ നമ്മുടെ മമതയുടെ മാദണ്ഡമായി വരരുത്. അങ്ങനെ വന്നാൽ ചില അഭിഷേകവഴികൾ നമുക്കു മുന്നിൽ അടയ്ക്കപ്പെട്ടുപോയേക്കാം. ഭൃത്യനെന്നോ വനിതയെന്നോ വഴിപോക്കനെന്നോ ഭേദമില്ലാതെ എല്ലാവരോടും ആദരം കാട്ടിയതാണ് സാവൂളിന്റെ യാത്ര അഭിഷേകത്തിലേക്കു നയിച്ചത്. ദിനംപ്രതി കണ്ടുമുട്ടുന്ന അപരിചിതരോടുപോലും നമുക്ക് ഒരാദരം വേണമെന്നാണ് സാവൂൾ ഓർമപ്പെടുത്തുന്നത്. നമുക്കില്ലാത്ത ചില ജ്ഞാനശകലങ്ങളും നമുക്കുവേണ്ട ചില നുറുങ്ങുവെട്ടങ്ങളും ദൈവം അവരെയായിരിക്കും, ഒരുപക്ഷേ, ഏല്പിച്ചിരിക്കുന്നത്. അവരെ മാറ്റിനിർത്തിയാൽ, നഷ്ടം നമുക്കുതന്നെയാകും. കിരീടത്തിലെത്താതെ കഴുതയിൽത്തീരുന്ന അശുഭയാത്രയായി നമ്മുടെ ജീവിതം ചുരുങ്ങിപ്പോകും.



3

ഭാണ്ഡങ്ങൾകൊണ്ട് വഴിയടയ്ക്കരുത്

1 സാമുവൽ 10

അപ്രതീക്ഷിതമായി രാജാവായി അഭിഷിക്തനായ സാവൂൾ അതിൽ വിസ്മയിച്ചുനില്ക്കുമ്പോൾ സാമുവൽ അവനോടു പറഞ്ഞു: ജനത്തിന്റെ രാജാവായി നിന്നെ വാഴിച്ചത് ദൈവമായ കർത്താവാണ്. ഇത് നീ വിശ്വസിക്കേണ്ടതിന് മടക്കയാത്രയിൽ നീ ചില അടയാളങ്ങൾ ദർശിക്കും. ബെഞ്ചമിൻ നാട്ടിലെ സെൽസാഹിൽ റാഹേലിന്റെ ശവകുടീരത്തിനരികേ എത്തുമ്പോൾ നിന്റെ പിതാവിന്റെ നഷ്ടപ്പെട്ട കഴുതകളെ കണ്ടെത്തിയെന്നറിയിച്ചുകൊണ്ട് രണ്ടുപേർ നിന്റെ അടുക്കൽ വരും; താബോറിലെ ഓക്കുവൃക്ഷത്തെ സമീപിക്കുമ്പോൾ ബഥേലിൽ ദൈവത്തിന് ബലിയർപ്പിക്കാൻ പോകുന്ന മൂന്നുപേർ നിന്നെ അഭിവാദനം ചെയ്ത് നിനക്ക് രണ്ടപ്പം നല്കും; ഒടുവിൽ ഫിലിസ്ത്യർ കൂടാരമടിച്ചിരിക്കുന്ന ഗിബെയായിലുള്ള ദൈവത്തിന്റെ മലയിൽവച്ച് വാദ്യമേളങ്ങളോടെ ഇറങ്ങിവരുന്ന ഒരു കൂട്ടം പ്രവാചകരെ നീ കണ്ടു

മുട്ടുകയും ആത്മനിറവിൽ നീ അവരോടൊത്ത് പ്രവചിക്കുകയും ചെയ്യും.

സാമുവൽ പറഞ്ഞ പ്രകാരം തന്നെ എല്ലാം സംഭവിച്ചു. ദൈവത്തിന്റെ ആത്മാവ് സാവൂളിൽ ശക്തമായി ആവസിച്ചു. പ്രവാചകഗണത്തോടുചേർന്ന് അവൻ പ്രവചിക്കാൻ തുടങ്ങി. സാവൂൾ പ്രവചിക്കുന്നതുകണ്ട് അവനെ അറിയുന്നവരെല്ലാം ആശ്ചര്യത്തോടെ ചോദിച്ചു, "സാവൂളും ഒരു പ്രവാചകനോ?"

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ സാമുവൽ ജനത്തെ മിസ്പായിൽ ഒരുമിച്ചുകൂട്ടി. രഹസ്യത്തിൽ അഭിഷേകം സ്വീകരിച്ച സാവൂളിനെ ജനസമക്ഷം രാജാവായി അവരോധിക്കുകയായിരുന്നു ഉദ്ദേശ്യം. സാവൂളിന്റെ തിരഞ്ഞെടുപ്പ് ദൈവഹിതപ്രകാരമാണെന്ന് ഇസ്രായേൽ ജനത്തെ ബോധ്യപ്പെടുത്താൻ ഗോത്രത്തിന്റെയും കുലത്തിന്റെയും ക്രമത്തിൽ അവരെ അണിനിരത്തിയശേഷം അവൻ ഒരു കുറിയിടൽ (Lot) നടത്തി. ബെഞ്ചമിൻ ഗോത്രത്തിൽപ്പെട്ട മത്രി കുടുംബത്തിലെ കിഷിന്റെ മകനായ സാവൂളിന് കുറിവീണു. സാവൂളിനു കുറിവീണതറിഞ്ഞ് ജനങ്ങൾ അവനെ അന്വേഷിച്ചെങ്കിലും ഒരിടത്തും അവനെ കണ്ടില്ല. അവൻ ഭാണ്ഡങ്ങൾക്കിടയിൽ ഒളിച്ചിരിക്കുകയായിരുന്നു! സാവൂൾ ഭാണ്ഡങ്ങൾക്കിടയിലുണ്ടെന്ന കർത്താവിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് ജനങ്ങൾ ഓടിച്ചെന്ന് അവനെ കൂട്ടിക്കൊണ്ടുവന്നു. അവന്റെ പരിഹാസ്യമായ ഒളിച്ചുകളിയിലൂടെ വഷളായ സാഹചര്യം, കൂടുതൽ മോശമാകുംമുൻപ് സന്ദർഭോചിതമായി സാമുവൽ ഇങ്ങനെ പ്രഖ്യാപിച്ചു: "കർത്താവ് തിരഞ്ഞെടുത്ത സാവൂളിനെ നോക്കുക, അവനെപ്പോലെ മറ്റാരുമില്ല!" പ്രവാചകന്റെ വാക്കുകൾ തിരുമൊഴിയായി കരുതിയ ജനം ഇതുകേട്ട് ആർത്തുവിളിച്ചു, "രാജാവ് നീണാൾ വാഴട്ടെ!"

തുടർന്ന്, സാമുവൽ രാജധർമത്തെപ്പറ്റി ജനങ്ങളെ പ്രബോധിപ്പിക്കുകയും[1] അവ ഒരു പുസ്തകത്തിലെഴുതി കർതൃസന്നിധിയിൽ വയ്ക്കുകയും ചെയ്തു. പിന്നീട് അവന്റെ നിർദേശപ്രകാരം ജനങ്ങൾ അവരവരുടെ ഭവനങ്ങളിലേക്ക് മടങ്ങി; സാവൂൾ ഗിബെയായിലുള്ള തന്റെ ഭവനത്തിലേക്കും. ദൈവത്താൽ പ്രചോദിതരായ ചില യുദ്ധവീരന്മാർ സാവൂളിനെ അനുഗമിച്ചു. ചില കുബുദ്ധികളാകട്ടെ, നമ്മെ രക്ഷിക്കാൻ ഇവനു സാധിക്കുമോ എന്നു ചോദിച്ച് അവനെ അധിക്ഷേപിച്ചു. പക്ഷേ, സാവൂൾ വൈകാരികപക്വത

ഞാൻ ബെഞ്ചമിന്റേത്, മത്രിയുടേത്, കിഷിന്റേത് എന്ന ചിന്തയാണ്
സാവൂളിന്റെ ആത്മാഭിമാനം തകർത്തത്. അത്തരം ചിന്തകൾ
സാവൂളിനെയെന്നല്ല, ആരെയും അപകർഷ
ബോധത്തിലേക്കേ നയിക്കുകയുള്ളൂ.

നേടിയ ഒരുവനെപ്പോലെ അവരുടെ വാക്കുകൾ അവഗണിച്ചുകളഞ്ഞു.

സാവൂളിന്റെ അഭിഷേകചരിത്രം വായിച്ചാൽ ഒരു കാര്യം വ്യക്തമാണ്. അവൻ കോമളനും ദൃഢഗാത്രനുമായിരുന്നെങ്കിലും ആത്മവിശ്വാസം തീരെയില്ലാത്ത ഒരുവനായിരുന്നു. ബെഞ്ചമിൻ ഗോത്രജൻ എന്ന അപഖ്യാതി ജനനം മുതൽ പേറേണ്ടിവന്നു എന്നത് അതിന് ഒരു കാരണമാകാം. ബെഞ്ചമിൻ ഗോത്രക്കാർ വസിച്ചിരുന്ന ഗിബെയായിൽ വച്ച് ഒരു ലേവായന്റെ ഉപനാരി മാനഭംഗപ്പെട്ടതിൽ പ്രതിഷേധിച്ച് ഇസ്രായേലിലെ ഇതര ഗോത്രങ്ങൾ ചേർന്ന് ബെഞ്ചമിൻഗോത്രത്തെ ആക്രമിച്ച് കൂട്ടക്കൊല ചെയ്തത് ഇസ്രായേൽ ചരിത്രത്തിന്റെ ഭാഗമാണ്[2]. വളരെക്കുറച്ച് ബെഞ്ചമിൻവംശജർ മാത്രമേ ആക്രമണാനന്തരം ഇസ്രായേലിൽ അവശേഷിച്ചുള്ളൂ. അവർക്കാകട്ടെ, ഭാര്യമാരെ ലഭിക്കാൻ നിർവാഹവുമില്ലായിരുന്നു. തങ്ങളുടെ പുത്രിമാരെ ബെഞ്ചമിൻഗോത്രജർക്ക് ഭാര്യമാരായി നല്കില്ല എന്ന് ഇതരഗോത്രക്കാർ ശപഥം ചെയ്തിരുന്നു (ന്യായാ 21:1). അതിനാൽ ഷീലോയിൽ കർത്താവിന്റെ ഉത്സവസമയത്ത് നർത്തകികളായെത്തുന്ന യുവതികളെ മുന്തിരിത്തോപ്പിൽ പതിയിരുന്നു പിടിച്ചെടുത്താണ് അവർ ഭാര്യമാരാക്കിയിരുന്നത്. ബെഞ്ചമിൻഗോത്രക്കാരുടെ ആത്മാഭിമാനത്തെ ഇത് ക്ഷതമേല്പിച്ചിരുന്നു എന്നത് വാസ്തവമാണ്. “ഞാൻ ബെഞ്ചമിൻഗോത്രജനും അതിൽത്തന്നെ ഏറ്റവും ചെറിയ കുടുംബത്തിലെ അംഗവുമാണ്” എന്ന സാവൂളിന്റെ വാക്കുകൾ, ഗോത്രം അവനിൽ ഉളവാക്കിയ അപകർഷചിന്തയുടെ പ്രതിഫലനമാണ്. രാജാധികാരത്തിനുള്ള കുറിവീണപ്പോൾ സാവൂൾ കൊച്ചുകുഞ്ഞിനെപ്പോലെ ഭാണ്ഡങ്ങൾക്കുള്ളിൽ ഒളിച്ചിരുന്നു എന്നത് അപകർഷബോധവും ഭീതിയും എത്രമാത്രം അവനെ വലച്ചിരുന്നു എന്നു വ്യക്തമാക്കുന്നു.

കടുത്ത അപകർഷചിന്ത ഉള്ളവനായിരുന്നു സാവൂളെങ്കിലും ചില ഘട്ടങ്ങളിൽ അവൻ അതീവധീരതയും വീരത്വവും പ്രകട

മാക്കുന്നതും നാം കാണുന്നുണ്ട് (1 സാമു 10:10; 11:6–11). ആത്മനിന്ദയെ എതിരിട്ട് ഇടയ്ക്കിടെ പ്രവാചകഭാവത്തോടും രണവീര്യത്തോടും കൂടെ മുന്നേറാൻ അവനെ പ്രാപ്തനാക്കിയിരുന്നത് അവനിൽ ആവസിച്ച ദൈവാത്മാവാണ് എന്നത്രേ വചനത്തിൽ നിന്നു മനസ്സിലാകുന്നത്. ആത്മാഭിഷേകത്തെക്കുറിച്ച് അവബോധമുണർന്നപ്പോഴെല്ലാം അവൻ ശക്തനായിരുന്നു. എന്നാൽ അഭിഷേകചിന്ത മങ്ങിയപ്പോഴാകട്ടെ, അവൻ ആത്മനിന്ദയ്ക്ക് അടിമയുമായി.

ഞാൻ ബെഞ്ചമിന്റേത്, മത്രിയുടേത്, കിഷിന്റേത് എന്ന ചിന്തയാണ് സാവൂളിന്റെ ആത്മാഭിമാനം തകർത്തത്. അത്തരം ചിന്തകൾ സാവൂളിനെയെന്നല്ല, ആരെയും അപകർഷബോധത്തിലേക്കേ നയിക്കുകയുള്ളൂ. ഞാൻ ദൈവത്തിന്റേതാണെന്നും ദൈവാത്മാവ് എന്റേതാണെന്നുമുള്ള സത്യമറിയുമ്പോഴേ ഉള്ളിൽ ആത്മാഭിമാനമുണരൂ.

കിരീടധാരണത്തിനുള്ള വേദിയാരുങ്ങിയപ്പോൾ ഭാണ്ഡങ്ങൾക്കിടയിൽ ഒളിച്ചിരുന്ന് സാവൂൾ സ്വയം പരിഹാസ്യനാകുകയായിരുന്നു എന്നു വിമർശിക്കുന്നവർ ഏറെയുണ്ട്. വിമർശനം കാമ്പുള്ളതാണെങ്കിലും വിമർശിക്കുന്നവരാരും സാവൂളിനെക്കാൾ മെച്ചമല്ല എന്നതാണ് വാസ്തവം. ഭാണ്ഡങ്ങൾ വിഭിന്നമെങ്കിലും കിരീടം ഉപേക്ഷിച്ച് ഒളിയിടങ്ങൾ തേടുന്നവർതന്നെയാണ് നമ്മിൽ പലരും. ആത്മനിന്ദ, അപകർഷചിന്ത, ലോകാസക്തി, ധനേച്ഛ, ജഡതൃഷ്ണ, അവിഹിതബന്ധങ്ങൾ, ലൈംഗികവൈകൃതങ്ങൾ തുടങ്ങി വിഭിന്നവിചിത്രങ്ങളായ ഭാണ്ഡങ്ങൾക്കിടയിൽ ഉടൽചുരുക്കി ഒളിച്ചിരിക്കാനാണ് നമുക്കും താത്പര്യം. അച്ഛസ്ഫടികതുല്യമായ തനിത്തങ്കം വിരിച്ച വീഥിയൊരുക്കി (വെളി 21:21) നമ്മെ കാത്തിരിക്കുന്നവൻ നമുക്കായി ഒരുക്കുന്ന രാജകിരീടം നമ്മെ മോഹിപ്പിക്കുന്നുപോലുമില്ല.


ഭാണ്ഡങ്ങളുടെ മറവിൽ നിന്ന് തന്നെ പുറത്തുകൊണ്ടുവരാൻ ദൈവമൊരുക്കിയ ആളുകളെ അനുസരിച്ച് സാവൂൾ തെല്ലുവൈകിയാണെങ്കിലും രാജസ്ഥാനം ഏറ്റെടുത്തു. പക്ഷേ, കാലങ്ങൾ ഏറെക്കഴിഞ്ഞിട്ടും നാമിനിയും ചില ഭാണ്ഡങ്ങൾ കൈവിട്ടിട്ടില്ല! ഭാണ്ഡങ്ങൾക്കിടയിലെ മയക്കത്തിൽ നിന്നുണർത്തി നമ്മെ കൃപയുടെ കിരീടം ചൂടിക്കാൻ എത്ര പേരാണ് ഇതുവരെ ശ്രമിച്ചിട്ടുള്ളത്! എന്നിട്ടും നാം അവയ്ക്കിടയിൽത്തന്നെ ഒളിച്ചിരിക്കുകയാണ്. രാജ

പാതകൾ മുന്നിൽ തുറന്നുകിടക്കുമ്പോൾ, ഭാണ്ഡങ്ങൾകൊണ്ട് വഴിയടയ്ക്കുന്നത് ഭോഷത്തമാണ്. മലിനഭാണ്ഡങ്ങളുടെ മറയുപേക്ഷിച്ച് മഹിമയുടെ കിരീടം ചൂടിയ പഴയ സാവൂൾ ഇനിയെങ്കിലും നമുക്ക് ഒരു മാതൃകയാകണം.

പിൻകുറിപ്പ്

1 നിയമാവർത്തനഗ്രന്ഥം 17:14-20-ൽ കാണുന്ന നിർദേശങ്ങളായിരുന്നിരിക്കാം സാമുവലിന്റെ പ്രബോധനത്തിന്റെ ഉള്ളടക്കം.

2 ന്യായാധിപന്മാരുടെ ഗ്രന്ഥം 19, 20 അധ്യായങ്ങൾ.



4

കണ്ണു ചോദിക്കുന്നവനോട് സന്ധിചെയ്യരുത്

1 സാമുവൽ 11

മിസ്പായിലെ പൊതുവഴിയിൽവച്ച് സാവൂളിന്റെ രാജത്വപ്രഖ്യാപനം നടന്നെങ്കിലും രാജവാഴ്ചയ്ക്കുള്ള സാഹചര്യങ്ങളോ ഔദ്യോഗികസംവിധാനങ്ങളോ ഒന്നും ഇസ്രായേലിൽ നിലവിലുണ്ടായിരുന്നില്ല. അതിനാൽ സാമുവലിന്റെ നിർദേശപ്രകാരം സാവൂൾ സ്വനഗരമായ ഗിബെയായിലേക്ക് മടങ്ങിപ്പോയി. അവിടെ വയലും കാളകളും കർഷകവൃത്തിയുമായി അവൻ കഴിഞ്ഞു. അങ്ങനെയിരിക്കേയാണ് ഗിലയാദിലെ ഒരു പ്രമുഖനഗരമായ യാബെഷ് ഗിലയാദിലെ ഇസ്രായേല്യർക്കെതിരേ അമ്മോൻ രാജാവായ നാഹാഷ് ഉപരോധം ഏർപ്പെടുത്തിയത്. ഏകദേശം തൊണ്ണൂറ് വർഷങ്ങൾക്കുമുൻപ് ജഫ്താ എന്ന ന്യായാധിപന്റെ കാലത്ത് ഗിലയാദിൽ നിന്നു തുരത്തപ്പെട്ട ശത്രുക്കളായിരുന്നു അമ്മോന്യർ (ന്യായാ

തിന്മയുടെ മൂർത്തികൾ ഭയമുണർത്തി മുന്നിൽ വിരിഞ്ഞു നില്ക്കുമ്പോൾ ചെറുത്തുനില്പിനു മുതിരാതെ സന്ധിഭാഷണത്തിനു പോകുന്നത് അപകടകരമാണ്.

10,11 അധ്യായങ്ങൾ). പക്ഷേ, കാലക്രമേണ അവർ ശക്തി വീണ്ടെടുത്ത് വീണ്ടും യാബെഷ്ഗിലയാദിനെതിരേ തിരിയുകയാണ്.

അമ്മോന്യരുടെ വിപുലമായ സൈന്യസന്നാഹങ്ങൾ കണ്ട് ഭയപ്പെട്ട യാബെഷിലെ ജനങ്ങൾ നാഹാഷിനോടു പറഞ്ഞു, "ഞങ്ങളോട് സന്ധിചെയ്താൽ നിന്നെ ഞങ്ങൾ രാജാവാക്കാം." ക്രൂരനായ നാഹാഷിന്റെ പ്രതികരണം ഇസ്രായേല്യരെ തളർത്തുന്നതായിരുന്നു. അവൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ ഓരോരുത്തരുടെയും വലത്തുകണ്ണ് ചുഴന്നെടുക്കും. ഈ വ്യവസ്ഥയിൽ ഞാൻ നിങ്ങളുമായി ഉടമ്പടി ചെയ്യാം."

വലത്തുകണ്ണ് നഷ്ടപ്പെടുന്നതോടെ യുദ്ധശേഷി നഷ്ടപ്പെട്ട് അവർ തനിക്ക് എന്നും അടിമകളായി കഴിയുമെന്നും അവരെ ഒറ്റക്കണ്ണന്മാരാക്കുന്നതിലൂടെ ഇസ്രായേലിനെ മുഴുവൻ അപഹാസ്യരാക്കാമെന്നും നാഹാഷ് മനസ്സിൽ കരുതി. യുദ്ധത്തടവുകാരോട് അത്തരം ക്രൂരതകാട്ടുക അവന് ഒരു ശീലമായിരുന്നു. ചാവുകടലിന്റെ തീരത്തുള്ള ഗുഹകളിൽ നിന്ന് അടുത്തകാലത്തു കണ്ടെത്തിയ സാമുവലിന്റെ പുസ്തകച്ചുരുളുകളിൽനിന്ന് നമുക്കു ലഭിച്ചിട്ടുള്ള ചില വിവരങ്ങൾ ഇതിനെ സാധൂകരിക്കുന്നതാണ്. അതിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു, "അക്കാലത്ത് റൂബൻ, ഗാദ് ഗോത്രങ്ങളെ അമ്മോൻ രാജാവായ നാഹാഷ് കഠിനമായി പീഡിപ്പിച്ചു. അവരുടെ ഓരോരുത്തരുടെയും വലത്തുകണ്ണ് അവൻ ചുഴന്നെടുത്തു. ഇസ്രായേലിനെ രക്ഷിക്കാൻ ആരും ഉണ്ടായിരുന്നില്ല. ജോർദാന് കിഴക്കു വസിച്ചിരുന്ന ഇസ്രായേലിൽ നാഹാഷ് വലത്തുകണ്ണ് ചുഴന്നെടുക്കാത്തതായി ആരും ഉണ്ടായിരുന്നില്ല. എന്നാൽ അവരിൽ ഏഴായിരംപേർ അമ്മോന്യരിൽ നിന്ന് ഒളിച്ചോടി യാബെഷ് ഗിലയാദിൽ അഭയം പ്രാപിച്ചു."[1]

ഈ വാക്യങ്ങൾ ഇന്ന് നാം അംഗീകരിച്ചിട്ടുള്ള ബൈബിളിന്റെ ഹീബ്രു-ഗ്രീക്ക് പ്രതികളിൽ കാണുന്നില്ലെങ്കിലും നാഹാഷിന്റെ ക്രൂരതയെക്കുറിച്ചും യാബെഷ് ഗിലയാദുകാർ നേരിട്ട ഭീഷ

ണിയുടെ ഭീകരതയെക്കുറിച്ചും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന ഒരു ചരിത്രശകലമാണിത്.

നാഹാഷിന്റെ നിർദയമായ സന്ധിനിബന്ധനകേട്ട് എന്തു ചെയ്യണമെന്നറിയാതെ യാബെഷിലെ ജനങ്ങൾ പരിഭ്രമിച്ചു. അവരുടെ ശ്രേഷ്ഠന്മാർ നാഹാഷിനോടു പറഞ്ഞു, "ഇസ്രായേലിലെ എല്ലാ ദേശങ്ങളിലേക്കും ദൂതന്മാരെ അയയ്ക്കുന്നതിന് ഞങ്ങൾക്ക് ഏഴു ദിവസത്തെ അവധിതരുക. ആരും ഞങ്ങളെ സഹായിക്കാനില്ലെങ്കിൽ ഞങ്ങൾ നിനക്ക് വിധേയരായിക്കൊള്ളാം." അങ്ങനെ വിവിധ ദേശങ്ങളിലേക്ക് ദൂതന്മാർ യാത്രയായി. ഗിബെയായിലേക്കു പോയ ദൂതന്മാർ പറഞ്ഞ വിവരംകേട്ട് തദ്ദേശവാസികൾ ഭയംപൂണ്ട് വാവിട്ടു കരയാൻ തുടങ്ങി. വയലിൽനിന്ന് കാളകളെയും കൊണ്ടുവരുകയായിരുന്ന സാവൂൾ ജനങ്ങളുടെ കരച്ചിൽ കേട്ട് അതിന്റെ കാരണം അന്വേഷിച്ചു. വിവരമറിഞ്ഞപ്പോൾ അവനിൽ ധാർമിക രോഷം ആളിക്കത്തി. ബെഞ്ചമിൻഗോത്രജനായ സാവൂളിന് യാബെഷ് ഗിലയാദിനോട് ഒരു പ്രത്യേകമമത ഉണ്ടായിരുന്നു. കാരണം, ബെഞ്ചമിൻ ഗോത്രത്തിലെ ബഹുഭൂരിപക്ഷം അമ്മമാരുടെയും മാതൃദേശമായിരുന്നു യാബെഷ് ഗിലയാദ്. ഗിബെയായിൽ നടന്ന മാനഭംഗത്തെത്തുടർന്ന് ഇതരഗോത്രക്കാർ അവർക്കെതിരേ നടത്തിയ ആക്രമണത്തിനുശേഷം ബെഞ്ചമിൻ ഗോത്രത്തിൽ അവശേഷിച്ച അറുനൂറ് പുരുഷന്മാരിൽ നാനൂറുപേർക്ക് ഭാര്യമാരെ ലഭിച്ചത് യാബെഷ് ഗിലയാദിൽ നിന്നായിരുന്നു (ന്യായാ 21-ാം അധ്യായം കാണുക).

യാബെഷ് ഗിലയാദ്കാരോടുള്ള നാഹാഷിന്റെ ക്രൂരതയ്ക്കെതിരേ ആഞ്ഞടിക്കാൻ സാവൂൾ തീരുമാനിച്ചു. ഒരേർ കാളയെ വെട്ടിനുറുക്കി ദൂതന്മാർ വഴി ഇസ്രായേൽ ദേശത്തെല്ലാം കൊടുത്തുവിട്ട് അമ്മോന്യർക്കെതിരേ യുദ്ധസജ്ജരാകാൻ എല്ലാവരോടും അവൻ ആവശ്യപ്പെട്ടു; അതിനു മടിക്കുന്നവൻ ആരായാലും അവന്റെ കാളകളെയും ഇതുപോലെ വെട്ടിനുറുക്കും എന്ന് അവൻ പറഞ്ഞു. ഭയവിവശരായ ജനം നാഹാഷിനെതിരേ സംഘടിക്കാൻ തീരുമാനിച്ചു. അങ്ങനെ സാവൂളിന്റെ നേതൃത്വത്തിൽ അവർ ബസേക്കിൽ സംഘടിക്കുകയും പുലർച്ചയ്ക്ക് ശത്രുപാളയത്തിലേക്ക് ഇരച്ചുകയറി അവരെ സംഹരിക്കുകയും ചെയ്തു.

വിജയലഹരിയിൽ മതിമറന്ന ഇസ്രായേൽക്കാർ സാവൂളിന് സ്തുതി പാടാൻ തുടങ്ങി. സാവൂൾ തങ്ങളുടെ രാജാവാകരുത്

കോപം അതിൽത്തന്നെ തിന്മയല്ലെന്നും 'ശരിയായ വ്യക്തികളോട് ശരിയായ സമയത്ത് ശരിയായ രീതിയിൽ കോപിക്കുന്നത്' പുണ്യമാണെന്നുമുള്ള അറിവ് ആത്മീയ വളർച്ചയ്ക്ക് ആവശ്യമാണ്.

എന്നു പറഞ്ഞ് മിസ്പായിൽ അവനെ അധിക്ഷേപിച്ചവരെ ഉടൻ വകവരുത്തണം എന്ന് ചിലർ പറഞ്ഞു. സാവൂൾ, പക്ഷേ, മിതത്വം പാലിച്ചു. അവൻ പറഞ്ഞു, "ഇന്ന് കർത്താവ് ഇസ്രായേലിന് മോചനം നല്കിയ ദിവസമാണ്. ഇന്ന് ആരെയും കൊല്ലരുത്." എല്ലാവരും അതു സമ്മതിച്ചു. തുടർന്ന് അവർ ഒരുമിച്ച് സാമുവലിന്റെ നേതൃത്വത്തിൽ ഗിൽഗാലിലേക്കു പോയി. കർത്താവ് തിരഞ്ഞെടുത്ത സാവൂൾ ദുർബലനല്ലെന്നും കഴിവുറ്റ നേതാവാണെന്നും ബോധ്യപ്പെട്ട ജനം അവിടെവച്ച് അവന്റെ രാജത്വം ഒരിക്കൽക്കൂടെ പ്രഖ്യാപിച്ചു.

നാഹാഷിന്റെ ഉപരോധവും സാവൂളിന്റെ പ്രതിരോധവുമെല്ലാം ഒരു പഠിതാവിനെ സംബന്ധിച്ചേടത്തോളം വെറുതെ ഒരു ചരിത്രാഖ്യാനം മാത്രമായിരിക്കാം. പക്ഷേ, ആത്മീയഅന്വേഷികൾക്ക് സന്ദേശനിർഭരമായ ബിംബകാവ്യം പോലെ സുന്ദരമായ ഒരു വിവരണമാണത്. നാഹാഷും യാബെഷ്‌വാസികളും സന്ധിഭാഷണവും യുദ്ധങ്ങളുമെല്ലാം അവർക്ക് ആത്മോദ്ധാരകമായ സന്ദേശങ്ങൾ നല്കുന്ന ബിംബങ്ങളാണ്.

ശത്രു ശക്തനാണെന്നും തോല്‌വി നിശ്ചയമാണെന്നും കരുതിയഘട്ടത്തിൽ യാബെഷ് ഗിലയാദുകാർ നാഹാഷിനോട് ഇങ്ങനെ പറഞ്ഞുവത്രേ, "ഞങ്ങളോട് സന്ധി ചെയ്താൽ ഞങ്ങൾ നിന്നെ രാജാവാക്കാം." നാഹാഷ് എന്ന പേരിന്റെ അർഥം "സർപ്പം" എന്നാണെന്നും സർപ്പം ബൈബിളിൽ തിന്മയുടെ പ്രതീകമാണെന്നും ഓർക്കണം. തിന്മയ്ക്കുമുന്നിൽ നടുവളച്ച് അധമമായ ദാസഭാവത്തിൽ അനുരഞ്ജനത്തിനു ശ്രമിക്കുകയാണ് യാബെഷ് ജനത. തിന്മയുടെ മൂർത്തികൾ ഭയമുണർത്തി മുന്നിൽ വിരിഞ്ഞുനില്ക്കുമ്പോൾ ചെറുത്തുനില്പിനു മുതിരാതെ സന്ധിഭാഷണത്തിനു പോകുന്നത് അപകടകരമാണ്. 'നീയെന്നെ വെറുതെ വിട്ടാൽ ഞാൻ നിനക്ക് ദാസനാകാം' എന്ന് വിറയലോടെ പറഞ്ഞ് വിധേയത്വം പ്രഖ്യാപിക്കേണ്ട ഇടമല്ല സാത്താന്റെ ഉമ്മറം. വീറോടെ നിന്ന് പൊരുതേണ്ട ഇടമാണത്. അവിടെ തലകുനിച്ച് ഭീതിയോടെ നിന്നാൽ അവൻ നമ്മെ കീഴ്പ്പെടുത്തിക്കളയും.

തന്നെ നമിച്ച് മുന്നിൽനിന്ന യാബെഷുകാരുടെ വലത്തുകണ്ണാണ് നാഹാഷ് പകരം ചോദിച്ചത്. കാഴ്ച വികലമാക്കി കാല്ക്കീഴിലമർത്തുക എന്നത് സാത്താൻ ആദിമുതലേ പ്രയോഗിക്കുന്ന കുതന്ത്രമാണ്. പക്ഷേ, നമ്മുടെ അനുമതി ഉണ്ടെങ്കിലേ അവൻ നമ്മിൽ ദാസ്യത്തിന്റെ വിലങ്ങുചാർത്തൂ എന്നതാണ് സത്യം. കണ്ണുവേണമോ വിലങ്ങുവേണമോ എന്നു തീരുമാനിക്കേണ്ടത് നമ്മളാണ്.

വലത്തുകണ്ണ് കൊടുക്കും മുൻപ് ഒരു അവസാന ശ്രമം കണക്കേ ദേശമെങ്ങും ദൂതരെ അയച്ച് രക്ഷകനെ തിരയാൻ യാബെഷുകാർ തീരുമാനിച്ചത് അനുഗ്രഹമായിമാറി. അഭിഷിക്തനായ സാവൂളിന് രക്ഷകനായി അവതരിക്കാൻ അത് അവസരമായിരുന്നു.

നാഹാഷിന്റെ ക്രൂരതയെക്കുറിച്ചറിഞ്ഞ് കുപിതനായി ശത്രുസംഹാരത്തിനിറങ്ങിയ സാവൂൾ അമിതവികാരത്തിന് അടിപ്പെടുകയായിരുന്നു എന്ന് ചിലർ ആക്ഷേപിക്കാറുണ്ട്. പക്ഷേ, വിടുതലിനു മുൻപ് ഉയരേണ്ട ഒരു വിശുദ്ധരോഷമായി അതിനെ മനസ്സിലാക്കുന്നതാണു നല്ലത്. കോപം അതിൽത്തന്നെ തിന്മയല്ലെന്നും 'ശരിയായ വ്യക്തികളോട് ശരിയായ സമയത്ത് ശരിയായ രീതിയിൽ കോപിക്കുന്നത്' (അരിസ്റ്റോട്ടിൽ) പുണ്യമാണെന്നുമുള്ള അറിവ് ആത്മീയ വളർച്ചയ്ക്ക് ആവശ്യമാണ്. കണ്ണു പറിച്ചെടുത്ത് അടിമകളാക്കാനുള്ള കുത്സിതശ്രമം നടക്കുമ്പോൾ, സൗമ്യചിത്തരായി സന്ധിഭാഷണം നടത്തുന്നതാണ് പാപം. തിന്മയിൽ നിന്ന് ഒരു വിടുതൽ കാംക്ഷിക്കുന്നവർ വിശുദ്ധരോഷം പരിശീലിച്ചു തുടങ്ങണമെന്നാണ് സാവൂൾ ഓർമിപ്പിക്കുന്നത്. സാത്താനുമായി സംഭാഷണം നടത്തി ആരും ഇതുവരെ അവനെ ജയിച്ചിട്ടില്ല. രോഷത്തോടെ പൊരുതിയവർ മാത്രമേ വിജയകിരീടം നേടിയിട്ടുള്ളൂ.

പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, 1 സാമുവൽ, *ആൽഫാ ബൈബിൾവ്യാഖ്യാനം*, വാല്യം 2, (മീഡിയ ഹൗസ്: ഡൽഹി, 2011) പേജ് 248.



5

കാത്തിരിക്കുന്നവർ ഭാഗ്യവാന്മാർ

1 സാമുവൽ 13 -14

അമ്മോന്യരോടുള്ള യുദ്ധത്തിൽ ജയിച്ച് ഇസ്രായേല്യർക്കിടയിൽ കരുത്തുതെളിയിച്ച സാവൂൾ, അതിനെത്തുടർന്ന് ആദ്യം ചെയ്തത് ഇസ്രായേലിന് ഒരു സ്ഥിരംസൈന്യത്തെ സംഘടിപ്പിക്കുകയായിരുന്നു. മൂവായിരം പേരെയാണ് അവൻ തിരഞ്ഞെടുത്തത്. അതിൽനിന്ന് രണ്ടായിരം പേരെ തന്നോടൊത്ത് മിക്മാഷ്, ബഥേൽ എന്നിവിടങ്ങളിലും ആയിരംപേരെ പുത്രനായ ജോനാഥാനോടൊത്ത് ഗിബെയാ ദേശത്തും അവൻ നിർത്തി. പക്ഷേ, തിടുക്കത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ സൈനികരെല്ലാം യുദ്ധപരിചയമില്ലാത്ത കൃഷീവലന്മാരായിരുന്നു. മാത്രമല്ല, യുദ്ധത്തിനുവേണ്ട ആയുധങ്ങളും അവർക്കില്ലായിരുന്നു. ഇരുമ്പിന്റെ കുത്തകാവകാശം അക്കാലത്ത് ഫിലിസ്ത്യർ കൈയടക്കിയിരുന്നതിനാൽ സാവൂളിനും ജോനാഥാനുമൊഴികെ ഇസ്രായേലിൽ മറ്റാർക്കും വാളോ കുന്തമോ ഉണ്ടായിരുന്നില്ല (1 സാമു 13:22).

ഇരുമ്പിന്റെ കുത്തകാവകാശമുണ്ടായിരുന്ന ഫിലിസ്ത്യർക്ക് വൻ ആയുധശേഖരം ഉണ്ടായിരുന്നതിനാൽ സാവൂൾ അവരെ ഭയപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ, രാജ്യത്തിന്റെ പലഭാഗങ്ങളിലും ഫിലിസ്ത്യർ കാവൽസൈന്യത്തെ വിന്യസിപ്പിച്ചിട്ടുപോലും, (1 സാമു 10:5; 13:3) അമ്മോന്യരോട് കാണിച്ചപോലെ ഒരു എതിർപ്പ് അവൻ ഫിലിസ്ത്യരോട് കാണിച്ചില്ല. എന്നാൽ സാവൂളിന്റെ പുത്രൻ ജോനാഥാനാകട്ടെ, ഫിലിസ്ത്യരിൽ നിന്ന് ഇസ്രായേലിനെ സ്വതന്ത്രമാക്കാൻ ആഗ്രഹിച്ചു. തന്റെ കൂടെയുണ്ടായിരുന്ന ആയിരം സൈനികരുമായി അവനൊരിക്കൽ ഫിലിസ്ത്യർക്കെതിരേ പടയൊരുക്കം നടത്തി. ഗേബാ[1]യിലുള്ള ഫിലിസ്ത്യരുടെ കാവൽസൈന്യത്തെ അവൻ ആക്രമിച്ചുകീഴ്പ്പെടുത്തി. ഇതിൽ കുപിതരായ ഫിലിസ്ത്യർ വൻ സൈന്യവ്യൂഹത്തോടെ ഇസ്രായേലിനെതിരേ ഒരു തിരിച്ചടിക്ക് തയ്യാറെടുത്തു. ഗത്യന്തരമില്ലാതെ സാവൂളും ജോനാഥാനോടൊപ്പം യുദ്ധസജ്ജനായി. എല്ലാ ഇസ്രായേല്യരെയും യുദ്ധത്തിനായി അവൻ ഗിൽഗാലിൽ വിളിച്ചുകൂട്ടി. പക്ഷേ, ഫിലിസ്ത്യശക്തി ദുർജയമെന്നറിഞ്ഞ് അവർ ഒളിയിടങ്ങളിലേക്ക് പിന്മാറാൻ തുടങ്ങി. ദഹനബലികളും സമാധാനബലികളും അർപ്പിക്കാൻ ഏഴു ദിവസത്തിനുള്ളിൽ താൻ വരുമെന്ന് സാമുവൽ അറിയിച്ചിരുന്നതിനാൽ (1 സാമു 10:8; 13:8) അതുവരെ കാത്തിരിക്കാൻ സാവൂൾ തീരുമാനിച്ചു. പക്ഷേ, ഏഴാം ദിവസമായിട്ടും സാമുവൽ എത്തിച്ചേർന്നില്ല. ഇനിയും കാത്തിരുന്നാൽ ജനം മുഴുവൻ പിരിഞ്ഞുപോകും എന്ന് സാവൂൾ ഭയപ്പെട്ടു. അങ്ങനെ കാത്തിരിപ്പ് അവസാനിപ്പിച്ച് സാവൂൾതന്നെ കർത്താവിന് ദഹനബലി അർപ്പിച്ചു. പക്ഷേ, ബലിയർപ്പണം കഴിഞ്ഞയുടനേ സാമുവൽ എത്തിച്ചേർന്നു. കർത്താവിന്റെ സമയത്തിനായി കാത്തിരിക്കാതെ, പുരോഹിതർ അനുഷ്ഠിക്കേണ്ട ബലിയർപ്പണകർമം സ്വയം നിർവഹിച്ചു തിന്മ പ്രവർത്തിച്ച സാവൂളിനെ അവൻ നിശിതമായി വിമർശിച്ചു. എന്നേക്കുമായി സ്ഥിരപ്പെടുമായിരുന്ന അവന്റെ രാജത്വം ഇനി അധികകാലം ദീർഘിക്കുകയില്ല എന്ന് സാമുവൽ വെളിപ്പെടുത്തി.

അല്പനേരംകൂടി കാത്തിരുന്നെങ്കിൽ കൈവരുമായിരുന്ന വലിയ അനുഗ്രഹമാണ് തന്റെ അക്ഷമയിലൂടെ സാവൂളിന് നഷ്ടമായത്. "കാത്തിരുന്നു കാത്തിരുന്ന് ഒടുവിൽ നീ വിഡ്ഢിയാക

ആത്മപ്രകാശമില്ലാത്തവർ അധികാരമേറ്റാൽ അവർക്ക് നമ്മെ അധികം ദൂരത്തേക്ക് നയിക്കാനാവില്ല. ദൈവചിന്തകൾ സ്വന്തമാക്കിയവരാണ് നേതൃസ്ഥാനത്തേക്കു വരേണ്ടത്. അല്ലാത്തപക്ഷം, ഉറപ്പായ വിജയങ്ങൾ പോലും നമുക്ക് ചിലപ്പോൾ ലഭിക്കാതെ പോകും.

രുത്" എന്ന് അവന്റെ ബുദ്ധി അവനോടു പറഞ്ഞു; നീ തന്നെ ബലിയർപ്പിക്കുന്നതാണ് നല്ലത് എന്നൊരു ഉപദേശവും നല്കി. ബുദ്ധി പറയുന്നതാണ് ശരി എന്നു കരുതിയ സാവൂൾ മറുത്തൊന്നും ചിന്തിക്കാതെ അതിന് 'ആമേൻ' പറഞ്ഞു.

വിശ്വാസം ദുർബലമാകുകയും ബുദ്ധി സാരഥി ആകുകയും ചെയ്താൽ കാത്തിരിപ്പ് ദുസ്സാധ്യമാകുമല്ലോ. അതുതന്നെയാണ് സാവൂളിന്റെ കാര്യത്തിലും സംഭവിച്ചത്. പക്ഷേ, ഗിൽഗാലിൽ വച്ചാണ് അവിശ്വാസത്തിന്റെ ഈ എടുത്തുചാട്ടം നടന്നത് എന്നത് സാവൂളിന്റെ പ്രവൃത്തിയുടെ ഗൗരവം വർധിപ്പിക്കുന്നു. കാരണം, ദൈവശക്തിയുടെ ശാശ്വതസ്മരണ ഉണർത്തുന്ന ഭൂമിയാണ് ഗിൽഗാൽ. ജോർദാന്റെ പിളർപ്പിലൂടെ അത്ഭുതകരമായി കാനാനിലെത്തിയ ഇസ്രായേൽജനം, തങ്ങളെ രക്ഷിച്ച കർത്താവിന്റെ അതുല്യശക്തി അനുസ്മരിക്കാൻ പന്ത്രണ്ട് കല്ലുകൾ കുത്തിനിർത്തിയത് അവിടെയാണ്. വിശ്വാസത്തിന്റെ ആ സ്മൃതിസ്തൂപങ്ങൾക്കരികിൽവച്ചാണ് സാവൂൾ തന്റെ ബുദ്ധിയുടെ കുതന്ത്രങ്ങൾക്കു കീഴ്പ്പെട്ടത്.

ആത്മാവിനെ അപായപ്പെടുത്തുന്ന കാര്യങ്ങൾ അതീവ ചാരുതയോടെയാണ് ബുദ്ധി പലപ്പോഴും അവതരിപ്പിക്കുന്നത്. യുക്തിഭദ്രമായി ബുദ്ധി നിരത്തുന്ന പദ്ധതികൾ മറ്റെന്തിനെക്കാളും മികച്ചതാണെന്ന് നാം തെറ്റിദ്ധരിക്കും. അതിലെ നിഗൂഢമായ വഞ്ചന നാം പെട്ടെന്ന് തിരിച്ചറിയുകയുമില്ല. അങ്ങനെ, മനസ്സ് വിചലിതമായി നാം അതിലേക്ക് ചുവടുവയ്ക്കുമ്പോഴേക്ക് ഭീകരമായ അനർഥങ്ങളുടെ വേലിയേറ്റം ജീവിതത്തിലേക്ക് കയറിക്കഴിഞ്ഞിരിക്കും.

ബുദ്ധി മോശമാണെന്നോ, വിശ്വാസജീവിതത്തിൽ അതിന് സ്ഥാനമില്ലെന്നോ അല്ല ഇതിനർഥം, വിശ്വാസം ഉറയ്ക്കാത്തവരിൽ ബുദ്ധി അപകടം സൃഷ്ടിക്കുമെന്നാണ്. ഇതുവരെ നമ്മെ കരുതിയ ദൈവം ഇനിയും നമ്മെ കരുതിക്കൊള്ളും എന്ന ഉറപ്പുണ്ടാകുക വളരെ പ്രധാനപ്പെട്ടതാണ്. നമ്മെക്കാൾ നിഷ്ഠ അവനു

ള്ളതിനാൽ അവൻ ഒന്നിനും കാലവിളംബം വരുത്തുകയില്ലെന്നും നാം വിശ്വസിക്കണം. അല്ലാത്തപക്ഷം, ബുദ്ധിയുടെ വിപൽകരമായ ഉപായങ്ങൾ നമ്മെ വിഭ്രമിപ്പിച്ചുകൊണ്ടിരിക്കും. ഒടുവിൽ, ബുദ്ധിയുടെ അതിർവരമ്പുകൾക്കുള്ളിൽ ഇടറിവീണ് നാം അനുഗ്രഹങ്ങൾ നഷ്ടമാക്കും; 'ബുദ്ധിപൂർവം' പ്രവർത്തിച്ച് കിരീടം നഷ്ടമാക്കിയ സാവൂളിനെപ്പോലെ!

സ്വന്തം ബുദ്ധിയുടെ കെണിയിൽപ്പെട്ട് അനുഗ്രഹം നഷ്ടമായതറിഞ്ഞ് സാവൂൾ വല്ലാതെ അസ്വസ്ഥനായി. എന്തുചെയ്യണമെന്നറിയാതെ പരിഭ്രമിച്ചു. ഒടുവിൽ, തന്നോടൊപ്പം അവശേഷിച്ച അറുനൂറ് പടയാളികളുമായി അവൻ ഗിൽഗാലിൽ നിന്ന് ജോനാഥാൻ പാളയമടിച്ചിരുന്ന ഗേബായിലെത്തി, അവിടെ കൂടാരമടിച്ചു.

സാവൂളിനെക്കാൾ ദൈവാശ്രയത്വം ഉണ്ടായിരുന്നതുകൊണ്ട് ജോനാഥാന് അവനെക്കാൾ കൂടുതൽ ഉൾക്കരുത്ത് ഉണ്ടായിരുന്നു. ഫിലിസ്ത്യസൈന്യത്തെ തകർക്കാൻ വൻപടയുടെ ആവശ്യമില്ലെന്നും ദൈവം കൂടെയുള്ളതിനാൽ അത് നിഷ്പ്രയാസം സാധ്യമാണെന്നും അവൻ വിശ്വസിച്ചു (1 സാമു 14:6). ഒരുനാൾ തന്റെ ആയുധവാഹകനോടൊപ്പം അവൻ രഹസ്യമായി മിക്മാഷ് മലയിടുക്കിലേക്കു പോയി. അവിടെ തമ്പടിച്ചിരുന്ന ഫിലിസ്ത്യസൈന്യത്തെ തകർക്കുകയായിരുന്നു ലക്ഷ്യം. സൈന്യബലമോ ആയുധമോ ഇല്ലാതെ കരുത്തരായ ഫിലിസ്ത്യർക്കെതിരേ യുദ്ധത്തിനിറങ്ങിയ അവന്റെ വിശ്വാസദാർഢ്യം കർത്താവ് മാനിച്ചു. സംഭ്രാന്തിയുണർത്തുന്ന അതിഭയങ്കരമായ ഒരു ഭൂമികുലുക്കത്തിലൂടെ അവിടന്ന് ഫിലിസ്ത്യസൈന്യത്തെ ചിതറിച്ചു. ബഹളം കേട്ടുണർന്ന സാവൂളും മറ്റു സൈനികരും ജോനാഥാനോടൊപ്പം ചേരുകയും ചിതറി ഓടുന്ന ഫിലിസ്ത്യരെ പിന്തുടർന്നു തോല്പിക്കുകയും ചെയ്തു.

കരുത്തരായ ഫിലിസ്ത്യരുടെമേൽ അന്ന് ഇസ്രായേൽ നേടിയ വിജയം അവരുടെ കരബലത്തിന്റെ ഫലമായിരുന്നില്ല, ദൈവം നല്കിയ വിജയമായിരുന്നു. പക്ഷേ, ആ വിജയംപോലും ദൈവം ആഗ്രഹിച്ചേടത്തോളം നേടാൻ അവർക്കു കഴിഞ്ഞില്ല എന്നതാണ് വാസ്തവം. അതിനുകാരണം, ദൈവാഭിമുഖ്യമില്ലാത്ത സാവൂൾ തന്നെയായിരുന്നു. ശത്രുക്കളോട് പ്രതികാരം ചെയ്യുവോളം സന്ധ്യയ്ക്കു മുൻപേ ഭക്ഷണം കഴിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ

എന്ന് സാവൂൾ പറയുകയും ജനങ്ങളെക്കൊണ്ട് അവൻ അങ്ങനെ ശപഥം ചെയ്യിക്കുകയും ചെയ്തിരുന്നു. തന്മൂലം ഭക്ഷണം കഴിക്കാതെ ക്ഷീണിതരായിത്തീർന്ന ഇസ്രായേൽജനത്തിന് ഫിലിസ്ത്യസൈന്യത്തെ വേണ്ടവിധം തകർക്കാനായില്ല. ജോനാഥാന്റെ വിശ്വാസം വഴി ലഭിച്ച വിജയം, സാവൂളിന്റെ അവിവേകം കൊണ്ട് അങ്ങനെ അപൂർണമായിപ്പോയി. പിന്നീടും പലവട്ടം ഇസ്രായേലിനെതിരേ ഫിലിസ്ത്യരുടെ ആക്രമണമുണ്ടാകാൻ അതിടയാക്കി. അത്തരം ഒരു ആക്രമണത്തിനിടെയാണ് (1 സാമു 14:52) സാവൂളും പുത്രന്മാരായ ജോനാഥാൻ, അബിനാദാബ്, മൽക്കീഷുവാ എന്നിവരും പിന്നീടു മരണമടഞ്ഞത് (1 സാമു 31 അധ്യായം).

വിജയത്തിന് വഴിയൊരുക്കേണ്ടവൻ തന്നെ അതിനു വിഘാതമാകുന്ന വിരുദ്ധകാഴ്ചയാണ് മിക്മാഷ് യുദ്ധത്തിൽ നാം കാണുന്നത്. സാവൂളിനെപ്പോലെ ആത്മപ്രകാശമില്ലാത്തവർ അധികാരമേറ്റാൽ അവർക്ക് നമ്മെ അധികം ദൂരത്തേക്ക് നയിക്കാനാവില്ല. ദൈവചിന്തകൾ സ്വന്തമാക്കിയവരാണ് നേതൃസ്ഥാനത്തേക്കു വരേണ്ടത്. അല്ലാത്തപക്ഷം, ഉറപ്പായ വിജയങ്ങൾ പോലും നമുക്ക് ചിലപ്പോൾ ലഭിക്കാതെ പോകും. മാത്രമല്ല, അവരുടെ വികലദർശനങ്ങൾ നമുക്ക് അനാവശ്യദുരന്തങ്ങളും സമ്മാനിക്കും. ചെറിയ ചിന്തകളുമായി നമുക്കു മുന്നേ നടന്ന് അവർ നമ്മെയും ക്രമേണ ചുരുക്കിക്കളയും!

പിൻകുറിപ്പ്

1 ഗേബാ, ഗിബെയാ, മിക്മാഷ് എന്നീ പട്ടണങ്ങൾ ഏതാണ്ട് പത്തു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണ്.



6

മുക്രയിടുന്ന അമലേക്യകാളകൾ

1 സാമുവൽ 15

ഇസ്രായേലിന്റെ രാജാവായശേഷം മൊവാബ്യർ, അമ്മോന്യർ, അമലേക്യർ, ഏദോമ്യർ, സോബാ രാജാക്കന്മാർ, ഫിലിസ്ത്യർ എന്നിങ്ങനെ ചുറ്റുമുള്ള ശത്രുക്കളോടെല്ലാം സാവൂൾ പൊരുതി (1 സാമു 14:47). അതിൽ അമലേക്യരോട് അവൻ നടത്തിയ യുദ്ധം സവിശേഷശ്രദ്ധ അർഹിക്കുന്നതാണ്.

ഏസാവിന്റെ വംശാവലിയിൽപ്പെട്ട അമലേക്യർ വസിച്ചിരുന്നത് സീനായ്ക്കും കാനാനും മധ്യേയുള്ള മരുഭൂമിയിലെ നെഗെബ് പട്ടണത്തിലായിരുന്നു (സംഖ്യ 13:29). ഈജിപ്തിൽ നിന്നു രക്ഷപ്പെട്ട് മരുഭൂമിയിലെത്തിയ ഇസ്രായേൽക്കാർക്കെതിരേ ആദ്യത്തെ ആക്രമണം നടത്തിയത് അമലേക്യരായിരുന്നു (പുറ 17:8ff). റഫിദീമിൽ വച്ചായിരുന്നു ആ ആക്രമണം. പ്രഭാതം മുതൽ സൂര്യാ

സ്തമയം വരെ കരങ്ങളുയർത്തിപ്പിടിച്ച് മോശ നടത്തിയ മധ്യസ്ഥ പ്രാർഥനയാണ് അന്ന് ഇസ്രായേൽ യോദ്ധാക്കൾക്ക് ബലം പകർന്നത്. ആ യുദ്ധത്തിൽ അമലേക്യർ പരാജയപ്പെട്ടെങ്കിലും അതിനുശേഷവും അവർ ഇസ്രായേലിനെതിരേ നിരന്തരം ആക്രമണം അഴിച്ചുവിട്ടു (സംഖ്യ 14:45, ന്യായാ 3:13).

ഇസ്രായേലിന്റെ ആദ്യരാജാവായ സാവൂളിന് പലവട്ടം അമലേക്യരുമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ടെങ്കിലും അവരുമായുള്ള ആദ്യ യുദ്ധം അവന്റെ ജീവിതത്തിലെ നിർണായകമായ ഒരു സംഭവമായിരുന്നു. സാമുവലിലൂടെ ലഭിച്ച കർത്താവിന്റെ കല്പന അനുസരിച്ചാണ് സാവൂൾ അമലേക്യരുമായി യുദ്ധത്തിനു പുറപ്പെട്ടത്. രണ്ടുലക്ഷത്തിലധികം പടയാളികളും അവനോടൊപ്പം ഉണ്ടായിരുന്നു. അമലേക്യരെ അവരുടെ സകല വസ്തുവകകളോടും ആടുമാടുകൾ, ഒട്ടകങ്ങൾ, കഴുതകൾ എന്നിവയോടുംകൂടെ നശിപ്പിക്കണം എന്നായിരുന്നു ദൈവകല്പന. എന്നാൽ അത് പൂർണമായി അനുസരിക്കുന്നതിൽ സാവൂൾ വീഴ്ചവരുത്തി. അമലേക്യരായ സ്ത്രീ പുരുഷന്മാരെയും കുട്ടികളെയും ശിശുക്കളെയും ഏറക്കുറെ അവൻ നശിപ്പിച്ചെങ്കിലും അവരുടെ ആടുമാടുകൾ, മൃഗങ്ങൾ, കുഞ്ഞാടുകൾ എന്നിവയിൽ ഏറ്റവും നല്ലവയെയും ഉത്തമമായവയെയും നശിപ്പിക്കാതെ സൂക്ഷിച്ചു (1 സാമു 15:9). മാത്രമല്ല, അവരുടെ രാജാവായ അഗാഗിനെ അവൻ ജീവനോടെ പിടികൂടി ബന്ദിയാക്കി കൊട്ടാരത്തിൽ താമസിപ്പിച്ചു.

അഗാഗിനെ യുദ്ധത്തടവുകാരനായി കൂടെനിർത്തിയതിൽ സാവൂളിന് ഒരു സ്വാർഥതാത്പര്യമുണ്ടായിരുന്നിരിക്കണം. ശക്തനായ ഒരു രാജാവ് ബന്ദിയായി, ഭക്ഷണത്തിനുപോലും നിവൃത്തിയില്ലാതെ തന്റെ ആശ്രിതനായി കൊട്ടാരത്തിൽ കഴിയുന്നത് അവന് ആത്മഘോഷണത്തിനുള്ള വക നല്കുമായിരുന്നു. ജറുസലേം രാജാവായിരുന്ന അദോണിബസേക്ക് അത്തരത്തിൽ എഴുപതുരാജാക്കന്മാരെ കൈകാലുകളുടെ പെരുവിരൽ ഛേദിച്ച് തന്റെ കൂടെ നിർത്തിയിരുന്നതായി ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം വായിക്കുന്നു (ന്യായാ 1:7). അവന്റെ മേശയ്ക്കു കീഴിലെ ഉച്ഛിഷ്ടം പെറുക്കിത്തിന്നാണ് അവർ ജീവിച്ചിരുന്നത്. അദോണിബസേക്കിനെപ്പോലെ, പരാജിതനായ അഗാഗ് രാജാവ് അടിമയായി തന്റെ കൊട്ടാരത്തിൽ കഴിയുന്നത് ഒരു അഭിമാനമായി സാവൂളും കരുതിയിരിക്കാം.

ജഡികമായ ഒന്നിനോടും ഒരു സഹിഷ്ണുതയും നാം വച്ചുപുലർത്തരുത്. 'നല്ലതും ഉത്തമവു'മായതെന്നു പറഞ്ഞ് മാറ്റിവയ്ക്കാൻ അമലേക്യർക്കിടയിൽ ഒന്നുമില്ല എന്നതാണ് വാസ്തവം.

അമലേക്യരെ ഉന്മൂലനം ചെയ്യാതെ അനുസരണക്കേടു കാണിച്ച സാവൂളിന്റെ പ്രവൃത്തി സാമുവലിൽ കടുത്ത ധാർമികരോഷമാണ് ഉണർത്തിയത്. കോപിഷ്ഠനായ സാമുവൽ അതിരാവിലേ എഴുന്നേറ്റ് സാവൂളിനെ അന്വേഷിച്ച് ഗിൽഗാലിലേക്കു പുറപ്പെട്ടു. സാമുവൽ തന്റെ അടുത്തേക്കു വരുന്നതുകണ്ട സാവൂൾ, ഒരു സങ്കോചവുമില്ലാതെ വിളിച്ചുപറഞ്ഞു, "ഞാൻ കർത്താവിന്റെ കല്പന നിറവേറ്റിയിരിക്കുന്നു." ഇതുകേട്ട് ക്രുദ്ധനായ സാമുവൽ ചോദിച്ചു, "എന്റെ കാതുകളിൽ മുഴങ്ങുന്ന ആടുകളുടെ നിലവിളിയും കാളകളുടെ മുക്രയിടലും എന്താണ് അർഥമാക്കുന്നത്?"

മതപരമായ കപടതയുടെ മുഖംമൂടി അണിഞ്ഞാണ് സാവൂൾ അതിനു മറുപടി നല്കിയത്. അവൻ പറഞ്ഞു, "ജനം അമലേക്യരിൽ നിന്നു കൊണ്ടുവന്നതാണ് അവ. നിന്റെ ദൈവമായ കർത്താവിന് ബലിയർപ്പിക്കാൻ അവർ ആടുകളിലും കാളകളിലും നിന്ന് നല്ലതു സൂക്ഷിച്ചു. ശേഷിച്ചവയെ ഞങ്ങൾ നശിപ്പിച്ചു കളഞ്ഞു."

ആത്മീയതയുടെ ചായം പൂശിയും ജനത്തെ പഴിചാരിയും അവൻ നല്കിയ ഈ മറുപടി സാമുവലിന്റെ രോഷം വർധിപ്പിക്കുകയാണു ചെയ്തത്. കവർച്ചവസ്തുക്കളുടെമേൽ ചാടിവീണ് കർത്താവിന് അനിഷ്ടമായത് പ്രവർത്തിക്കുകയും പിടിക്കപ്പെട്ടപ്പോൾ അതിന് ആത്മീയപരിവേഷം നല്കി ന്യായീകരിക്കുകയും ചെയ്ത സാവൂളിനെ ശാസിച്ചുകൊണ്ട് അവൻ പറഞ്ഞു, "തന്റെ കല്പന അനുസരിക്കുന്നതോ, ദഹനബലികളും മറ്റു ബലികളും അർപ്പിക്കുന്നതോ കർത്താവിന് പ്രീതികരം? അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്; മുട്ടാടുകളുടെ മേദസ്സിനെക്കാൾ ഉൽകൃഷ്ടം. മാത്സര്യം, മന്ത്രവാദം പോലെ പാപമാണ്; മർക്കടമുഷ്ടി വിഗ്രഹാരാധന പോലെയും. കർത്താവിന്റെ വചനം നീ തിരസ്കരിച്ചതിനാൽ അവിടന്ന് രാജത്വത്തിൽ നിന്ന് നിന്നെയും തിരസ്കരിച്ചിരിക്കുന്നു." അശനിപാതം പോലെയായിരുന്നു സാവൂളിന് ആ വാക്കുകൾ. പശ്ചാത്താപവിവശനായി അവൻ തന്റെ കുറ്റങ്ങൾ ഏറ്റുപറഞ്ഞു: "ഞാൻ പാപം ചെയ്തുപോയി. ജനത്തെ ഭയപ്പെട്ട് അവരുടെ

വാക്ക് ഞാൻ അനുസരിച്ചു. കർത്താവിന്റെ കല്പനകളും അങ്ങേ വാക്കുകളും ലംഘിച്ച് ഞാൻ തെറ്റുചെയ്തു. അതിനാൽ എന്റെ പാപം ക്ഷമിച്ച് കർത്താവിനെ ആരാധിക്കാൻ അങ്ങ് എന്റെ കൂടെ വരണം." ആരാധനയ്ക്ക് അവനോടൊപ്പം പോകാൻ സാമുവലിന് ഒട്ടും താത്പര്യമില്ലായിരുന്നു. എങ്കിലും ജനപ്രമാണികളുടെയും ഇസ്രായേല്യരുടെയും മുൻപിൽ വച്ച് സാവൂൾ അപഹാസ്യനാകാതിരിക്കാൻവേണ്ടി സാമുവൽ അവനോടൊപ്പം പോയി.

ആരാധന കഴിഞ്ഞ് അവൻ സാവൂളിനോടു കല്പിച്ചു: "അമലേക്യരുടെ രാജാവായ അഗാഗിനെ എന്റെ അടുക്കൽ കൊണ്ടുവരുക." താൻ സാവൂളിന്റെ പക്കൽ സുരക്ഷിതനാണെന്ന് ആശ്വസിച്ചിരുന്ന അഗാഗ് സന്തുഷ്ടിയോടെയാണ് അവിടേക്കു വന്നത്. തന്റെ അന്ത്യനിമിഷമാണ് അതെന്ന് അവൻ അറിഞ്ഞില്ല. സാമുവൽ ഗിൽഗാലിൽ കർത്താവിന്റെ മുൻപിൽവച്ച് അഗാഗിനെ തുണ്ടം തുണ്ടമാക്കി. പിന്നീട് എന്നന്നേക്കുമായി സാവൂളിനോടു വിടപറഞ്ഞ് അവൻ റാമായിലേക്കു പോയി. സാവൂൾ ഗിബെയായിലെ തന്റെ വീട്ടിലേക്കും. പിന്നീടൊരിക്കലും സാമുവൽ സാവൂളിനെ കണ്ടില്ല.

അമലേക്യർ ഏസാവിന്റെ വംശപരമ്പരയിൽപ്പെട്ടവരായിരുന്നു എന്ന കാര്യം പരിഗണിക്കുമ്പോൾ അവരെ ഉന്മൂലനം ചെയ്യാൻ സാവൂൾ കാണിച്ച വൈമനസ്യവും അവനു കിട്ടിയവയിൽ നിന്ന് നല്ലവ മാറ്റിവയ്ക്കാൻ നടത്തിയ പരിശ്രമങ്ങളും ഒരു ആത്മീയ വ്യാഖ്യാനത്തിനുള്ള വഴിതുറക്കുന്നുണ്ട്. ഒരു കപ്പ് പായസത്തിനു വേണ്ടി വിലപ്പെട്ട ജന്മാവകാശം വിറ്റുകളഞ്ഞ ഏസാവ്, ശരീരത്തെ തൃപ്തിപ്പെടുത്താൻ ആത്മാവിനെ പണയം വയ്ക്കുന്ന ജഡികമനുഷ്യരുടെ ശാശ്വതപ്രതീകമാണല്ലോ! അവന്റെ പിന്മുറക്കാരായ അമലേക്യരും അപ്പോൾ ജഡികതയുടെ പ്രതീകം തന്നെയാണ്. അമലേക്യരോടുള്ള യുദ്ധം ജഡികതയ്ക്കെതിരേയുള്ള പോരാട്ടവും!

അമലേക്യരോടുള്ള നമ്മുടെ യുദ്ധം ജഡമുള്ള കാലത്തോളം തുടരും. ഉണർവോടെ പൊരുതിയില്ലെങ്കിൽ പരാജയം ഉറപ്പ്. അമലേക്യരോടു പൊരുതാനൊരുങ്ങിയ സാവൂളിന് കർത്താവ് നല്കിയ ഒരു താക്കീതുണ്ട്, "അമലേക്യരെ അവരുടെ സകല വസ്തുവകകളോടും ജീവജാലങ്ങളോടും കൂടെ ഉന്മൂലനം ചെയ്യുക." ചിരകാല പ്രസക്തമായ ഒരു താക്കീതാണിത്. ജഡികമായ ഒന്നിനോടും ഒരു സഹിഷ്ണുതയും നാം വച്ചുപുലർത്തരുത്. 'നല്ലതും

'അമലേക്യരെയെല്ലാം നശിപ്പിക്കുക. അവർ നശിക്കുന്നതുവരെ അവരോട് പൊരുതുക' എന്ന ദൈവകല്പന വ്യാഖ്യാനിച്ച് മയപ്പെടുത്തി നല്ലതെന്നും ഗുണകരമെന്നും പറഞ്ഞ് നമുക്കു താത്പര്യമുള്ള ചിലതിനെ ചേർത്തുനിർത്തുന്നത് അപകടകരമാണ്.

ഉത്തമവു'മായതെന്നു പറഞ്ഞ് മാറ്റിവയ്ക്കാൻ അമലേക്യർക്കിടയിൽ ഒന്നുമില്ല എന്നതാണ് വാസ്തവം. ജഡത്തിന്റേതെല്ലാം അധമവും ആത്മാവിനെതിരുമാണ്. പ്രത്യക്ഷത്തിൽ നന്മയെന്ന് തോന്നുന്നവ പോലും ഒടുവിൽ അപകടം വരുത്തുന്നവയായിരിക്കും.

ജഡത്തിന്റേതെല്ലാം മോശമാണെന്നു പറയുമ്പോൾ 'ജഡത്തിന്റേത്' എന്നാൽ എന്ത് എന്ന ചിന്ത നമ്മിൽ സ്വാഭാവികമായി ഉണരാം. വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലാണ് ഈ വിഷയത്തെക്കുറിച്ചുള്ള വിശദമായ പ്രതിപാദനം നാം കാണുന്നത് (റോമാ 8:1 ff; ഗലാ 5:16 ff). ജഡത്തിന്റെ പ്രവൃത്തികളെന്നും ആത്മാവിന്റെ പ്രവൃത്തികളെന്നും തരംതിരിച്ച് അദ്ദേഹം നിരവധി കാര്യങ്ങൾ നിരത്തുന്നുണ്ട്. അക്കൂട്ടത്തിൽ അദ്ദേഹം ഒരു ജഡികമനുഷ്യനെയും ആത്മീയമനുഷ്യനെയും മാതൃകയ്ക്കായി എടുത്തുകാണിക്കുന്നു. ജഡികമനുഷ്യൻ ഇസ്മായേൽ; ആത്മീയ മനുഷ്യൻ ഇസഹാക്ക്. ദൈവത്തെ അവിശ്വസിച്ച് സ്വന്തം വഴിതേടിയ അബ്രാമിന് ദാസിയിൽ നിന്നു പിറന്ന സന്തതിയായതുകൊണ്ടാണ് ഇസ്മായേൽ ജഡികമനുഷ്യനായത്. ഇസ്മായേലിനു തുല്യം പിറക്കുന്നതു മുഴുവൻ ജഡത്തിന്റേതാണ് എന്നൊരു സൂചന ഇതിൽ മറഞ്ഞിരിപ്പുണ്ട്. അതായത്, ദൈവാശ്രയത്വമോ വിശ്വാസമോ ഇല്ലാതെ സ്വേച്ഛാനുസാരം സ്വന്തം മഹത്ത്വത്തിനായി ചെയ്യുന്നവയെല്ലാം ജഡത്തിന്റെ പ്രവൃത്തികളാണ് എന്നർഥം. അങ്ങനെ വരുമ്പോൾ, നല്ലതെന്നും ആത്മീയമെന്നും നാം കരുതുന്ന ചില പ്രവൃത്തികൾ പോലും - ദാനധർമം, പരസ്നേഹപ്രവൃത്തികൾ എന്നിവമുതൽ ഗാനാലാപനം, ധ്യാനപ്രസംഗം തുടങ്ങിയ ദേവാലയ ശുശ്രൂഷകൾ വരെ - ജഡികപ്രവൃത്തികളായെന്നുവരാം. അമലേക്യരുടെ നല്ല കാളകളെപ്പോലെ മുക്രയിട്ടുകൊണ്ട് ഇതുപോലെ എത്രയെത്ര കാര്യങ്ങളാണ് 'ആത്മീയ മനുഷ്യരുടെ' ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ കിടക്കുന്നത്!

"അമലേക്യരെയെല്ലാം നശിപ്പിക്കുക. അവർ നശിക്കുന്നതുവരെ അവരോട് പൊരുതുക" (1 സാമു 15:18) എന്ന ദൈവകല്പന വ്യാഖ്യാനിച്ച് മയപ്പെടുത്തി നല്ലതെന്നും ഗുണകരമെന്നും പറഞ്ഞ് നമുക്കു താത്പര്യമുള്ള ചിലതിനെ ചേർത്തുനിർത്തുന്നത് അപകടകരമാണ്. ജഡികമായവയോടു പുലർത്തുന്ന ചെറിയ സഹിഷ്ണുതയ്ക്കുപോലും നാം വലിയ വില കൊടുക്കേണ്ടിവരും. എന്തെന്തു കാരണങ്ങൾ പറഞ്ഞാലും ആ സഹിഷ്ണുതയെ നീതിമത്കരിക്കാനുമാവില്ല.

അമലേക്യരുടെ കാളകളെ കാത്തുവച്ചതിന് എന്തെല്ലാം ന്യായങ്ങളാണ് സാവൂൾപറഞ്ഞത്. ആത്മീയതയുടെ ചായമിട്ട് അവൻ നിരത്തിയ ഒരു ന്യായത്തിനുപോലും ദൈവകോപം ശമിപ്പിക്കാനായില്ല. ലഭിച്ച അനുഗ്രഹങ്ങൾ ചോർന്നുപോകാതിരിക്കാൻ അമലേക്യരെ നിശ്ശേഷം നശിപ്പിക്കുന്നതാണ് ഉത്തമം. നന്മയുടെ പലവർണക്കുപ്പായമണിയിച്ച് അവരെ ഒരിടത്തും അവതരിപ്പിക്കാൻ ശ്രമിക്കേണ്ട. ഏതു കുപ്പായമിടുവിച്ചാലും അമലേക്യർ, അമലേക്യർ തന്നെയെന്ന് അറിയുന്ന ദൈവത്തിനു മുൻപിൽ വെറുതേ ഒരു കപടനാട്യം എന്തിന്?



7

പാഴ്‌വാക്കുകൾക്ക് ചെവികൊടുക്കരുത്

1 സാമുവൽ 16

അവിശ്വസ്തനായ സാവൂളിനെ തിരസ്കരിച്ച കർത്താവ് അവനുപകരമായി മറ്റൊരുവനെ രാജാവായി അഭിഷേകം ചെയ്യാൻ സാമുവലിനോട് ആവശ്യപ്പെട്ടു. പക്ഷേ, ആരെയാണ് അഭിഷേകം ചെയ്യേണ്ടതെന്ന് വ്യക്തമായി പറഞ്ഞില്ല. ബേത്‌ലെഹെംകാരനായ ജസ്സെയുടെ ഒരു മകനെയാണ് താൻ രാജാവായി നിശ്ചയിച്ചിരിക്കുന്നത് എന്നുമാത്രം പറഞ്ഞു. സാമുവൽ കൂടുതൽ വിശദാംശങ്ങൾ ചോദിച്ചതുമില്ല. കുഴലിൽ അഭിഷേകതൈലവും നിറച്ച് അദ്ദേഹം ബേത്‌ലെഹെമിലേക്കു പുറപ്പെട്ടു. ഗിബെയായിലൂടെ കടന്നുവേണമായിരുന്നു ബേത്‌ലെഹെമിലേക്ക് പോകാൻ. ഗിബെയാ സാവൂളിന്റെ വാസസ്ഥലമായിരുന്നതുകൊണ്ട് (1 സാമു 15:34) മാർഗമധ്യേ അദ്ദേഹത്തിന്റെ അനുയായികൾ സാമുവലിനെ കണ്ടുമുട്ടാ

നുള്ള സാധ്യത ഉണ്ടായിരുന്നു. ഈ അപകടം മുന്നിൽ കണ്ട പ്രവാചകൻ ബലിയർപ്പിക്കാൻ പോകുന്നുവെന്ന വ്യാജേന ഒരു ബലിമൃഗവുമായാണ് യാത്രപുറപ്പെട്ടത്.

ബേത്‌ലെഹെമിൽ ചെന്ന പ്രവാചകൻ ജസ്സെയെയും പുത്രന്മാരെയും ശുദ്ധീകരിച്ച് ബലിയർപ്പണത്തിനായി ക്ഷണിച്ചു. എട്ടുമക്കളായിരുന്നു ജസ്സെയ്ക്ക്. ആകാരവടിവും ഉയരവുംകൊണ്ട് ഒന്നിനൊന്ന് മികച്ചുനില്ക്കുന്നവരായിരുന്നു മൂത്തവർ ഏഴുപേരും. പക്ഷേ, അവരിലാരെയും കർത്താവ് തിരഞ്ഞെടുത്തില്ല. ഒടുവിൽ ഏറ്റവും ഇളയവനും സ്വപിതാവുപോലും അവഗണിച്ചവനുമായ ദാവീദിനെ അവിടന്ന് തിരഞ്ഞെടുത്തു. കാരണം, അവന്റെ ഹൃദയം തന്നിലേക്കു ചാഞ്ഞിരിക്കുന്നത് കർത്താവ് കണ്ടു.

ആകാരവടിവോ ശക്തിയോ അല്ല ഹൃദയഭാവമാണ് കർത്താവ് ശ്രദ്ധിക്കുന്നത്. പടിഞ്ഞാറേ ആഫ്രിക്കയിലെ ടിംബുക്തു എന്ന സ്ഥലത്ത് സ്ത്രീസൗന്ദര്യം അളക്കാൻ ഒരു വിചിത്ര രീതിയുണ്ട്. ഭാരമാണ് അവർക്ക് സൗന്ദര്യത്തിന്റെ മാനദണ്ഡം. ഒരുവളെ ഒരു ഒട്ടകപ്പുറത്തിരുത്തിയാൽ അവളുടെ ഭാരംകൊണ്ട് ഒട്ടകത്തിന് എഴുന്നേറ്റുനില്ക്കാൻ ആവുന്നില്ലെങ്കിൽ അവളെയവർ സുന്ദരിയായി കണക്കാക്കുമത്രേ![1]

ബാഹ്യാകാരത്തിലും ബാഹുബലത്തിലും ശ്രദ്ധിക്കുന്നത് മനുഷ്യരാണ്. ദൈവദൃഷ്ടി തിരിഞ്ഞിരിക്കുന്നത് ഹൃദയത്തിലേക്കാണ്. ദാവീദ് എന്ന ഇടയച്ചെറുക്കന് രാജകിരീടം ഇണങ്ങില്ലെന്ന് സാമുവലടക്കം എല്ലാവരും കരുതിയെങ്കിലും തന്റെ മനസ്സിനിണങ്ങിയ ഒരു രാജാവിനെ കർത്താവ് അവനിൽ കണ്ടു (അപ്പോ 13:22). എഴുന്നേറ്റ് അവനെ അഭിഷേകം ചെയ്യാൻ അവിടന്ന് സാമുവലിനോട് കല്പിച്ചു. കയ്യിൽ കരുതിയിരുന്ന കുഴലിൽ നിന്ന് സാമുവൽ അവന്റെ ശിരസ്സിലേക്ക് അഭിഷേകതൈലം പകർന്നു. അപ്പോൾ കർത്താവിന്റെ ആത്മാവ് അവനിൽ ശക്തമായി ആവസിച്ചു. ജസ്സെയുടെ അവഗണിക്കപ്പെട്ട പുത്രൻ അങ്ങനെ അഭിഷിക്തനായി മാറി.

"ദാവീദ്" എന്ന പേരിൽ മൈക്കിൾ ആഞ്ചലോയുടെ ഒരു അനശ്വരശില്പമുണ്ട്. ഇറ്റലിയിലെ ഫ്ളോറൻസ് എന്ന പ്രദേശത്തുള്ള ഒരു തെരുവീഥിയിലൂടെ നടക്കാനിറങ്ങിയ മൈക്കിൾ ആഞ്ചലോ ഒരു വെളിമ്പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ട ഒരു മാർബിൾ കല്ലിൽ നിന്നു മെനഞ്ഞെടുത്തതാണത്രേ ആ ശില്പം.

കഴിവുകെട്ടവനെന്നോ കഴുതയെന്നോ കാല്ക്കാശിനു
കൊള്ളാത്തവനെന്നോ ലോകം നമ്മെക്കുറിച്ചു വിധിയെഴുതുമ്പോൾ
ചിലപ്പോഴെങ്കിലും നമ്മുടെ മനസ്സ് ഇടിഞ്ഞു പോകാറുണ്ട്.
ലോകത്തിന്റെ വിധിവാചകങ്ങൾ പരമാർത്ഥമായി
പരിഗണിക്കുന്നതുകൊണ്ടാണ്
അങ്ങനെ സംഭവിക്കുന്നത്.

ഒന്നിനും കൊള്ളാത്ത ഒരു കല്ലാണ് അതെന്നായിരുന്നു അതിന്റെ ഉടമസ്ഥൻ അതിനെക്കുറിച്ച് പറഞ്ഞിരുന്നത്. പക്ഷേ, അരൂപമായ ആ ശിലയിൽ ഒരു അതുല്യശില്പം ഉറങ്ങുന്നുവെന്നു കണ്ട മൈക്കിൾ ആഞ്ചലോ അതിനെ തന്റെ പണിശാലയിലേക്ക് എടുപ്പിച്ചു. പിന്നീട് ഏറെ കൊത്തുപണികൾക്കൊടുവിൽ പളുങ്കുപോലെ തിളങ്ങുന്ന കണ്ണുകളും പവിഴനിറവുമുള്ള ഒരു സുന്ദരശില്പം അതിൽനിന്ന് പുറത്തുവന്നു.

ഓരോ മനുഷ്യനും ഓരോ രഹസ്യമാണ്. ശിലയ്ക്കുള്ളിൽ ശില്പം കണക്കേ അദ്ഭുതത്തിന്റെ അനന്തസാധ്യതകൾ അവനിൽ ഒളിഞ്ഞിരിക്കുന്നു. പുറംകണ്ണുകൊണ്ടുള്ള ദ്രുതനോട്ടത്തിൽ അവ കാണണമെന്നില്ല. സ്വർഗത്തിന്റെ വെട്ടം വീണ് വിടർന്ന അകക്കണ്ണുകൾകൊണ്ടുമാത്രമേ അവ തിരിച്ചറിയാനാകൂ. എത്രപേരെയാണ് നാം പുറംകണ്ണുകൊണ്ടളന്ന് അരൂപരായിക്കരുതി ദിനംപ്രതി മാറ്റിനിർത്തുന്നത്! ഒന്നിനും കൊള്ളാത്തവരെന്ന് എത്രപേരെക്കുറിച്ച് നാം വിധിയെഴുതുന്നു! പക്ഷേ, മനുഷ്യൻ മാറ്റിനിർത്തുന്നതിനെ, ദൈവം ചേർത്തുനിർത്തുമെന്നതാണ് സത്യം. ലോകം പുറംപോക്കിലെറിയുന്ന പൊട്ടപ്പാത്രങ്ങൾ അവൻ കരുണയോടെ കയ്യിലെടുക്കും. പിന്നെ, അവയുടെ വിടവുകളടച്ച്, കൃപയാൽ നിറച്ച്, അനുഗ്രഹത്തിന്റെ പാനപാത്രങ്ങളാക്കി ലോകത്തിനു മേൽത്തന്നെ ഉയർത്തി പ്രതിഷ്ഠിക്കും. ദുർബലരെക്കൊണ്ട് അദ്ഭുതം ചെയ്യിക്കുന്ന ദൈവത്തിന്റെ ഈ കരവിരുത് രക്ഷാകരചരിത്രത്തിലുടനീളം പ്രകടമാണ്. വയസ്സേറെച്ചെന്നിട്ടും ഒരു കുഞ്ഞിനുപോലും ജന്മം നല്കാൻ കഴിയാതിരുന്ന അബ്രാമിനെ ഒരു ഷണ്ഡനായി കരുതി ലോകം തഴഞ്ഞപ്പോൾ, സ്വർഗത്തിന്റെ കണ്ണുകൾ അവനിൽ നക്ഷത്രരാശിപോലെയും മണൽത്തരിപോലെയും പെരുകു

ന്ന ഒരു സന്തതിപരമ്പരയെ കാണുകയും പിന്നെ, അവനെ ചേർത്തു നിർത്തി അനേകരിലേക്ക് അനുഗ്രഹമായി പടരാൻ ഒരു കടലോളം വലിപ്പം അവനു നല്കുകയും ചെയ്തു എന്നത് കാലം വിസ്മരിക്കാത്ത കഥയാണല്ലോ.

കഴിവുകെട്ടവനെന്നോ കഴുതയെന്നോ കാല്ക്കാശിനു കൊള്ളാത്തവനെന്നോ ലോകം നമ്മെക്കുറിച്ചു വിധിയെഴുതുമ്പോൾ ചിലപ്പോഴെങ്കിലും നമ്മുടെ മനസ്സ് ഇടിഞ്ഞു പോകാറുണ്ട്. ലോകത്തിന്റെ വിധിവാചകങ്ങൾ പരമാർഥമായി പരിഗണിക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ലോകത്തിന്റെ വാക്കുകൾ പകുതിയും പതിരാണെന്നും അവയിൽ സാത്താന്റെ ദൂത് ഒളിഞ്ഞിരിപ്പുണ്ടെന്നും നാം തിരിച്ചറിയണം. അതു മനസ്സിലാക്കാതെ അവയ്ക്കെല്ലാം ഉള്ളിൽ കൂടൊരുക്കിയാൽ സ്വർഗത്തിന്റെ സ്വപ്നം നമ്മിൽ വിടരാതെ പോകും. അതിനെക്കാൾ വലിയ ദുരന്തം വേറെ വരാനില്ലല്ലോ. അതിനാൽ, മണ്ണിന്റെ പാഴ്‌വാക്കുകൾക്ക് ചെവികൊടുക്കാതെ വിണ്ണിലേക്ക് മിഴിയുയർത്തുന്നതാണ് വിവേകം. നമുക്കായൊരുക്കിയ അഭിഷേകതൈലം ഒരു തുള്ളിപോലും നാം പാഴാക്കിക്കളയരുത്.

പിൻകുറിപ്പ്

1 സ്റ്റോവെൽ ജെ., *ഫാൻ ദ ഫ്ളെയിം* (മൂഡി, 1986) പേജ് 119.



8

കല്ലും കവിണയും ദാവീദും

1 സാമുവൽ 17

സാമുവൽ ദാവീദിനെ അഭിഷേകം ചെയ്തതോടെ, ഇസ്രായേലിന്റെ രാജസ്ഥാനത്തിരിക്കാനുള്ള യോഗ്യത തത്ത്വത്തിൽ സാവൂളിന് നഷ്ടമായി. എങ്കിലും കുറെക്കാലത്തേക്കുകൂടി രാജപദവിയിൽ തുടരാൻ കർത്താവ് അവനെ അനുവദിച്ചു. അക്കാലത്താണ് ഫിലിസ്ത്യമല്ലനായ ഗോലിയാത്തിനെതിരേ ദാവീദ് ഒരു കവിണയുദ്ധത്തിനിറങ്ങുന്നത്. ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ആദരവും പ്രശംസയും പിടിച്ചുപറ്റാനും സർവസൈന്യാധിപനായി ഉയരാനും ദാവീദിനെ സഹായിച്ച സംഭവമാണിത്.

ഇരുസൈന്യങ്ങളും ഏറ്റുമുട്ടുന്നതിനു പകരം, തിരഞ്ഞെടുക്കപ്പെട്ട മല്ലന്മാർ തമ്മിൽ ദ്വന്ദ്വയുദ്ധം നടത്തി ജയപരാജയങ്ങൾ നിശ്ചയിക്കുന്ന രീതി അക്കാലത്ത് നിലവിലിരുന്നു. അങ്ങനെയൊരു ദ്വന്ദ്വയുദ്ധമാണ് ദാവീദും ഗോലിയാത്തും തമ്മിൽ നടന്നത്.

ആറുമുഴവും ഒരു ചാണും ഉയരമുള്ള (ഏകദേശം പത്തടി) ഗോലിയാത്തിന്റെ ആകാരം ആരിലും ഭയം ജനിപ്പിക്കുന്നതായിരുന്നു. അയാളുടെ പടച്ചട്ടയ്ക്ക് അൻപതു കിലോയും കുന്തമുനയ്ക്ക് ആറുകിലോയും തൂക്കമുണ്ടായിരുന്നത്രേ! ഫിലിസ്ത്യ സൈന്യത്തിന്റെ പ്രതിനിധിയായിനിന്ന് തുടർച്ചയായി നാല്പതു ദിവസം രാവിലേയും വൈകുന്നേരവും ഗോലിയാത്ത് ഇസ്രായേലിനെതിരേ യുദ്ധഭീഷണി മുഴക്കിയപ്പോൾ ഇസ്രായേൽജനം പരിഭ്രാന്തിയോടെ ഓടിയകന്നു. ഒരുവൻ പോലും അവനെതിരേ മുന്നോട്ടുവരാൻ ധൈര്യം കാണിച്ചില്ല. രാജാവായ സാവൂൾ പോലും ഭയവിവശനായിരുന്നു.

അങ്ങനെയിരിക്കേയാണ് ഏലാ താഴ്‌വരയിലെ പോർമുഖത്തായിരുന്ന തന്റെ ജ്യേഷ്ഠസഹോദരർക്ക് ഭക്ഷണവുമായി ദാവീദ് എന്ന ഇടയച്ചെറുക്കൻ അവിടേക്കു കടന്നുവരുന്നത്. ഗോലിയാത്തിന്റെ പോർവിളി അവൻ കേട്ടു. ഗോലിയാത്തിന്റെ നിന്ദയും പരിഹാസവും കലർന്നവാക്കുകൾ അവനിൽ രോഷമുണർത്തി. ജീവിക്കുന്ന ദൈവത്തിന്റെ സേനകളെ നിന്ദിക്കാൻ ഈ അപരിച്ഛേദിതൻ ആരാണ് എന്നു ചോദിച്ചുകൊണ്ട് ഇടയച്ചെറുക്കനായ ദാവീദ് തന്റെ യുദ്ധസന്നദ്ധത അറിയിച്ചു. പോർമുഖത്തുള്ള അവന്റെ ജ്യേഷ്ഠൻ ഏലിയാബ് അവനെ ശകാരിച്ചു. സാവൂളും അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ദാവീദിന്റെ തീരുമാനം ഉറച്ചതായിരുന്നു. അവൻ പറഞ്ഞു, "പിതാവിന്റെ ആടുകളെ മേയിക്കുന്നവനാണ് ഈ ദാസൻ. സിംഹമോ കരടിയോ വന്ന് ആട്ടിൻ പറ്റത്തിൽ നിന്ന് ഒരാട്ടിൻകുട്ടിയെ തട്ടിയെടുത്താൽ ഞാൻ അതിനെ പിന്തുടർന്ന് ആട്ടിൻകുട്ടിയെ രക്ഷിക്കും. അത് എന്നെ എതിർത്താൽ ഞാൻ അതിന്റെ ജടയ്ക്കുപിടിച്ച് അടിച്ചുകൊല്ലും... സിംഹത്തിന്റെയും കരടിയുടെയും കൈയിൽ നിന്ന് എന്നെ രക്ഷിച്ച കർത്താവ് ഈ ഫിലിസ്ത്യന്റെ കൈയിൽ നിന്നും എന്നെ രക്ഷിക്കും" (1 സാമു 17:34–35, 37).

ആത്മവിശ്വാസം തുളുമ്പുന്ന അവന്റെ വാക്കുകൾ കേട്ടപ്പോൾ സാവൂളിൽ തെല്ല് പ്രതീക്ഷ വിടർന്നു. അയാൾ തന്റെ പടച്ചട്ടയൂരി ദാവീദിനെ അണിയിച്ചു. കൈയിൽ ഒരു വാളും കൊടുത്തു. പക്ഷേ, അവയൊന്നും ധരിച്ച് ദാവീദിന് പരിചയമില്ലാതിരുന്നതിനാൽ അവന് അവ ഒരു ഭാരമായിത്തോന്നി. അതിനാൽ അവയെല്ലാം

ഒരു ഗോലിയാത്തിനെപ്പോലും
അടിച്ചിടാത്തവർക്ക് ഒരിക്കലും ആരിലും അഗ്നിപടർത്താനാവില്ല.
അത്തരക്കാർ നേതാവിന്റെ കുപ്പായമണിഞ്ഞാൽ
ശത്രുപാളയത്തിലായിരിക്കും ജയഭേരി ഉയരുക!

അഴിച്ചുമാറ്റി വെറും വടിയും കവിണയും അഞ്ചുകല്ലുകളുമെടുത്ത് അവൻ ഗോലിയാത്തിനു നേരേ ചെന്നു. ഗോലിയാത്ത് അവനെ നോക്കി തന്റെ ദേവന്മാരുടെ പേരുചൊല്ലി കുറെ ശാപവാക്കുകൾ ഉരുവിട്ടു. ദാവീദ് തെല്ലും പതറിയില്ല. "എന്റെ കരുത്ത് വാളിലോ ചാട്ടുളിയിലോ അല്ല, സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ നാമത്തിലാണ്" എന്ന് ഉറക്കെ പ്രഖ്യാപിച്ച് ദാവീദ് സഞ്ചിയിൽനിന്ന് ഒരു കല്ലെടുത്ത് കവിണയിൽ വച്ച് ഗോലിയാത്തിന്റെ നെറ്റിക്ക് ആഞ്ഞെറിഞ്ഞു. അവൻ മുഖംകുത്തി നിലത്തുവീണു. പിന്നെ ദാവീദ് ഓടിച്ചെന്ന് ഗോലിയാത്തിന്റെ വാളൂരി അവനെ കഴുത്തു മുറിച്ചു കൊന്നു. പരിഭ്രാന്തരായ ഫിലിസ്ത്യർ നാലുപാടും ചിതറിയോടി. ഇസ്രായേലിലെയും യൂദായിലെയും ആളുകൾ അപ്പോൾ ഭീതി വെടിഞ്ഞ് ഫിലിസ്ത്യരുടെ പിന്നാലേ പാഞ്ഞുചെന്ന് അവരെ കൊലപ്പെടുത്തി; അവരുടെ പാളയം കൊള്ളയടിച്ചു.

കർത്താവിന്റെ ആത്മാവ് നഷ്ടപ്പെട്ട ഒരു അഭിഷിക്തനെ പിടികൂടുന്ന പരാജയഭീതിയും ആത്മാവാൽ നിറഞ്ഞ അഭിഷിക്തന്റെ ആവേശവും വളരെ പ്രകടമായി കാണുന്ന ഇടമാണ് ഏലാ താഴ്വരയിലെ ഈ യുദ്ധക്കളം. അവിടെ ഭീതിപൂണ്ടു നില്ക്കുന്ന സാവൂളിനെ പലരും പഴിചാരാറുണ്ട്. പഴിചാരാൻ പല കാരണവുമുണ്ട്. പടച്ചട്ടയണിഞ്ഞ് ഒന്നു പൊരുതിയിരുന്നെങ്കിൽ ഗോലിയാത്തിന്റെ കഥ കഴിയുമായിരുന്നില്ലേ എന്നാണ് ചിലരുടെ ചോദ്യം. നാല്പതു ദിനരാത്രങ്ങൾ ഒരു ജനതയെ മുഴുവൻ ഭീതിയുടെ കരിനിഴലിൽ ഒരു രാജാവ് നിർത്തരുതായിരുന്നു എന്നാണ് മറ്റൊരാക്ഷേപം. പക്ഷേ, ഇതുപോലൊരവസ്ഥയിൽ സാവൂളിന് മറ്റെന്താണ് ചെയ്യാനാവുക? ആത്മാവില്ല; ദൈവസ്വരം അറിയാൻ മാർഗമില്ല; കൂടെ നിന്നിരുന്ന പ്രവാചകൻ സാമുവൽ ഉപേക്ഷിച്ചുപോയി; മനസ്സിനെ ഇടയ്ക്കിടെ വിഷാദരോഗവും അലട്ടുന്നു (1 സാമു 16:14-16). കുതിരയോ കുതിരക്കാരനോ ഉണ്ടായിട്ട് എന്തുകാര്യം; ആത്മാവല്ലേ

വിജയം നല്കുന്നത്! വാളും പടച്ചട്ടയും കൊണ്ട് കരുത്തുകിട്ടുമോ; കരുത്തുപകരേണ്ടത് ആത്മാവല്ലേ!

ആത്മാവാൽ നിറഞ്ഞ ദാവീദ് വന്നതോടെ കാര്യങ്ങളുടെ ഗതി മാറിയത് അതുകൊണ്ടാണ്. ഗോലിയാത്തിന്റെ വലിപ്പംകണ്ട് അവൻ ഭയപ്പെട്ടില്ല. ഗോലിയാത്തിനെക്കാൾ വലിയവനാണ് തന്റെ ദൈവം എന്ന് അവനറിഞ്ഞിരുന്നു. ഗോലിയാത്തിന്റെ മാർച്ചട്ടയോ കുന്തമോ അവനിൽ ഭീതി ഉണർത്തിയതുമില്ല. കവിണയും കല്ലും തന്നെ ദൈവത്തിന് അധികമെന്ന് അവന് ഉറപ്പായിരുന്നു. "ദൈവം കൂടെയുണ്ടെങ്കിൽ ഞങ്ങൾ ധീരമായി പൊരുതും; അവിടന്നാണ് ഞങ്ങളുടെ ശത്രുക്കളെ ചവിട്ടിമെതിക്കാൻ പോകുന്നത്" (സങ്കീ 108:13) എന്ന് അവൻ പറഞ്ഞു. വിജയം ദൈവജനത്തിന്റെ അവകാശമാകയാൽ ഗോലിയാത്തിന് അതു ലഭിക്കാൻ പോകുന്നില്ലെന്ന് ആത്മാവ് അവന്റെ ആത്മാവിനോട് മന്ത്രിച്ചുകാണും.

അഞ്ചുകല്ലുമായി യുദ്ധത്തിനിറങ്ങിയ ദാവീദ് മനസ്സിൽ കരുതിയ പോലെ തന്നെ സംഭവിച്ചു. ഒരു കല്ലുമാത്രം മതിയായിരുന്നു മല്ലൻ ഗോലിയാത്ത് നിലംപതിക്കാൻ! കല്ലിന്റെ ഗുണമായിരുന്നു അതെന്നു കരുതാൻ ന്യായമില്ല. ദാവീദിന്റെ കരുത്തുമായിരുന്നില്ല അതിനു കാരണം. കല്ലിന്റെ പിന്നിലെ ഉന്നവും ഊക്കുമായി നിന്നത് അത്യുന്നതന്റെ ശക്തിയായിരുന്നു. യുദ്ധം അവന്റേതായിരുന്നു; വിജയവും അവന്റേതു തന്നെ! ആത്മാവാൽ നിറഞ്ഞ് അത്യുന്നതന്റെ യുദ്ധം നയിക്കാൻ ദാവീദ് ഒരു ഉപകരണമായെന്നേയുള്ളൂ.

ദാവീദിന്റെ കല്ലേറിൽ ഗോലിയാത്ത് വീണതറിഞ്ഞ് ഇസ്രായേൽ സൈന്യം പേടിവിട്ട് പടയ്ക്കൊരുങ്ങുന്നതാണ് പിന്നീട് നാം കാണുന്നത് (വാക്യം 52). ഒരുവന്റെ വിജയം അനേകരിൽ ആവേശമുണർത്തുകയാണ്, ഒരോളം ഒരു കുളം മുഴുവൻ ചലിപ്പിക്കുന്നതുപോലെ!

നാലുമിനിറ്റുകൊണ്ട് ഒരു മൈൽദൂരം ഓടാൻ മനുഷ്യശരീരത്തിനു സാധ്യമല്ല എന്നായിരുന്നു 1954 വരെ വൈദ്യശാസ്ത്രത്തിന്റെ നിഗമനം. എന്നാൽ 1954-ൽ റോജർ ബാനിസ്റ്റർ എന്ന ഒരു വൈദ്യശാസ്ത്ര വിദ്യാർഥി നാലുമിനിറ്റിൽ താഴെ സമയം കൊണ്ട് ഒരു മൈൽ ദൂരം ഓടി ചരിത്രം സൃഷ്ടിച്ചു. റോജർ ഉണർത്തിയ ആവേശത്തിര വളരെവേഗം ലോകം ഏറ്റെടുത്തു. രണ്ടുവർഷം കൊണ്ട് ഇരുന്നൂറ്റിപ്പതിമൂന്ന് ആളുകൾ നാലിൽ താഴെമിനിറ്റുകൾ കൊണ്ട് ഒരു മൈൽദൂരം ഓടിയത്രേ!

തന്റെ മുന്നിലെ മല്ലനെ കീഴ്പ്പെടുത്തി കരുത്തു കാണിക്കുന്ന വൻ അണികളിൽ ആത്മവിശ്വാസം വളർത്തും. ഒരു ഗോലിയാത്തിനെപ്പോലും അടിച്ചിടാത്തവർക്ക് ഒരിക്കലും ആരിലും അഗ്നിപടർത്താനാവില്ല. അത്തരക്കാർ നേതാവിന്റെ കുപ്പായമണിഞ്ഞാൽ ശത്രുപാളയത്തിലായിരിക്കും ജയഭേരി ഉയരുക!

നിരാശതയോ പാപമോ ദുശ്ശീലമോ ഒക്കെയാകാം പോർവിളി മുഴക്കി നമുക്കു മുന്നിൽ വിരിഞ്ഞു നില്ക്കുന്ന ചില ഗോലിയാത്തുകൾ. സ്വജീവിതത്തിലെ ഇത്തരം ഗോലിയാത്തുകൾക്കു മുന്നിൽ വിജയം വരിച്ചവരാണ് നേതാക്കളായി വരേണ്ടത്. അല്ലാത്തപക്ഷം, അണികൾ ദുർബലമാവുകയും ഗോലിയാത്തുകൾ എളുപ്പത്തിൽ അവരെ കീഴ്പ്പെടുത്തുകയും ചെയ്യും.

✷



9

അധികാരം ജീർണിപ്പിക്കുന്നു

1 സാമുവൽ 18-20

ഗോലിയാത്തിന്റെ വധത്തോടെ ഇസ്രായേല്യർക്കിടയിൽ ദാവീദിന്റെ പേരും പെരുമയും വർധിച്ചു. “സാവൂൾ ആയിരങ്ങളെ കൊന്നു, ദാവീദ് പതിനായിരങ്ങളെയും” (1 സാമു 18:7) എന്ന് സ്ത്രീകൾ ആർത്തുപാടി. ഇത് സാവൂളിന് ദാവീദിനോട് അസൂയ തോന്നാൻ ഇടയാക്കി. ദാവീദിനെ ഏതുവിധേനയും വകവരുത്തണം എന്നായി പിന്നെ സാവൂളിന്റെ ചിന്ത. പലവട്ടം അതിനുള്ള ശ്രമങ്ങൾ സാവൂൾ നടത്തി. പക്ഷേ, എല്ലാം പരാജയപ്പെട്ടു. ഒരിക്കൽ സാവൂളിനു മുമ്പിൽ സാരംഗിവായിച്ചുകൊണ്ടിരുന്ന ദാവീദിനെ അവൻ ഒരു കുന്തം കൊണ്ട് ചുവരോട്ചേർത്തു തറയ്ക്കാൻ ശ്രമിച്ചു. വിദഗ്ധമായി ഒഴിഞ്ഞുമാറിയതുകൊണ്ട് ദാവീദ് അന്ന് രക്ഷപ്പെട്ടു. പിന്നീട് തന്റെ മകൾ മിഖാലുമായി ദാവീദ് പ്രേമത്തിലാണ് എന്ന് സാവൂൾ അറിഞ്ഞു. അത് ഒരവസരമായി എടുത്ത് ദാവീദിനെ വകവരുത്താമെന്ന് സാവൂൾ കരുതി. മകളെ നല്കുന്നതിനു പകര

ആരും ഒരിക്കലും ഒറ്റ നിമിഷംകൊണ്ട് മോശമാവാറില്ല; ക്ഷണനേരം കൊണ്ട് ഏതുപഴമാണ് ചീഞ്ഞഴുകുക! ഒരിടത്തു തുടങ്ങി മെല്ലെ പടർന്ന് ഒടുവിൽ ഒന്നാകെ അഴുകുകയല്ലേ ചെയ്യുന്നത്?

മായി നൂറ് ഫിലിസ്ത്യരെ വധിച്ച് അവരുടെ അഗ്രചർമം കൊണ്ടു വരണം എന്ന് അവൻ ആവശ്യപ്പെട്ടു. ഇസ്രായേൽക്കാരുടെ ഇട യിൽ മണവാളൻ മണവാട്ടിയുടെ പിതാവിനാണല്ലോ സ്ത്രീധനം കൊടുക്കേണ്ടിയിരുന്നത്[1]. ഫിലിസ്ത്യർ അപരിച്ഛേദിതരായിരുന്ന തിനാൽ കൊല്ലപ്പെട്ടവർ ഫിലിസ്ത്യർ തന്നെയാണെന്ന് ഉറപ്പുവ രുത്താനാണ് അഗ്രചർമം തന്നെ ആവശ്യപ്പെട്ടത്. വളരെ ബുദ്ധി പൂർവം മെനഞ്ഞ ഒരു തന്ത്രമായിരുന്നു അത്. ശക്തരായ ഫിലി സ്ത്യരോടുള്ള യുദ്ധത്തിൽ ദാവീദ് കൊല്ലപ്പെടും എന്നായിരുന്നു സാവൂളിന്റെ കണക്കുകൂട്ടൽ. പക്ഷേ, പ്രതീക്ഷയ്ക്കു വിപരീതമായി ദാവീദ് അതിൽ വിജയിച്ചു.

അടിക്കടി വളർന്നുവന്ന ദാവീദിന്റെ പ്രശസ്തി സാവൂളിനെ കൂടുതൽ അസ്വസ്ഥനും അന്ധനുമാക്കി. അങ്ങനെയിരിക്കേ ഒരു ദിവസം, ദാവീദിനെ കൊന്നുകളയണമെന്ന തന്റെ ചിന്ത മകൻ ജോനാഥാനോടും ഭൃത്യന്മാരോടും അയാൾ പരസ്യമായി പറഞ്ഞു. അതുകേട്ട് ദാവീദിന്റെ ഉറ്റമിത്രമായിരുന്ന ജോനാഥാൻ ദാവീദി നുവേണ്ടി പിതാവിനോട് ഏറെ വാദിച്ചു. ജോനാഥാന്റെ വാക്കു കൾകേട്ട് സാവൂൾ അനുതപിച്ചു. പക്ഷേ, ആ മനംമാറ്റം ദീർഘ കാലം നീണ്ടുനിന്നില്ല. വീണ്ടും പലവട്ടം അയാൾ ദാവീദിനെ വധി ക്കാൻ ശ്രമം നടത്തി. ഒരിക്കൽ അവനെ വധിക്കാൻ ഏതാനും പടയാളികളെ സാവൂൾ അവന്റെ വീട്ടിലേക്കയച്ചു. എന്നാൽ പടയാ ളികളുടെ കൈയിൽപ്പെടാതെ ഒരു കിളിവാതിലിലൂടെ ഭാര്യ മിഖാൽ ദാവീദിനെ രക്ഷപ്പെടുത്തി.

അവിടെനിന്ന് ഓടിരക്ഷപ്പെട്ട ദാവീദ് റാമായിലെ നായോത്തിൽ പ്രവാചകനായ സാമുവലിന്റെ അടുത്ത് അഭയം പ്രാപിച്ചു. ബലി യർപ്പണത്തിനുള്ള ആലയം, വിരുന്നുശാല, പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും വസിക്കാനുള്ള വീടുകൾ തുടങ്ങിയ കെട്ടിട ങ്ങളുടെ ഒരു സമുച്ചയമാണ് നായോത്ത് എന്ന് കരുതപ്പെടുന്നു[2]. ദാവീദിനെ പിടിക്കാനായി അവിടേക്കും സാവൂൾ പടയാളികളെ അയച്ചെങ്കിലും, ഒന്നിനു പുറകെ ഒന്നായി ചെന്ന മൂന്നുഗണം പട

യാളികളെയും കർത്താവിന്റെ ആത്മാവ് നിർവീര്യമാക്കി. ഏതു വിധേനയും ദാവീദിനെ വധിക്കാൻ ദൃഢനിശ്ചയം ചെയ്തിരുന്ന സാവൂൾ ഒടുവിൽ നേരിട്ട് റാമായിലേക്കു പുറപ്പെട്ടു. പക്ഷേ, സാവൂളിനും അതു തന്നെ സംഭവിച്ചു. അങ്ങനെ അപ്രാവശ്യവും ദാവീദ് രക്ഷപ്പെട്ടു.

സാമുവലിന്റെ അടുക്കലും താൻ സുരക്ഷിതനല്ല എന്നു ബോധ്യമായ ദാവീദ് ഭാവികാര്യങ്ങളെക്കുറിച്ച് അന്തിമതീരുമാനം എടുക്കുന്നതിനുമുമ്പേ ജോനാഥാനുമായി ഒരു രഹസ്യസംഭാഷണം നടത്തി (20:1-42). ജീവാപായം കൂടാതെ ദാവീദിന് ഇനി കൊട്ടാരത്തിൽ കഴിയാൻ സാധിക്കുകയില്ലെന്ന് അവൻ വേദനയോടെ വെളിപ്പെടുത്തി. അങ്ങനെ കണ്ണീരോടെ ജോനാഥനോട് വിടപറഞ്ഞ ദാവീദ് അന്നുമുതൽ അലഞ്ഞു തിരിഞ്ഞുള്ള ഒരു ജീവിതം ആരംഭിച്ചു.

അധികാരം ദുഷിപ്പിക്കുന്നു; സമ്പൂർണാധികാരം സമ്പൂർണമായും ദുഷിപ്പിക്കുന്നു (Power corrupts; absolute power corrupts absoutely) എന്ന് ലോർഡ് ആക്ടന്റെ പ്രശസ്തമായ ഒരു നിരീക്ഷണമുണ്ട്. സാവൂളിന്റെ കാര്യത്തിൽ ഇത് നൂറ് ശതമാനവും ശരിയാണ്. കീർത്തിയോ കിരീടമോ ഒരു കാലത്ത് അവനെ ഒട്ടും മോഹിപ്പിച്ചിരുന്നില്ല. ഇസ്രായേലിന്റെ പ്രഥമരാജാവാകാൻ കുറി വീണപ്പോൾ ഭയന്ന് ഭാണ്ഡങ്ങൾക്കിടയിൽ പോയി ഒളിച്ചിരിക്കുകയാണ് സാവൂൾ ചെയ്തത്. വിനീതനും വിരക്തനുമായിരുന്ന ആ പഴയ സാവൂളാണ് പിന്നീട് അധികാരമോഹിയും അസൂയാലുവുമായി മാറിയത്. 'നിന്റെ സിംഹാസനം ഇനി ദീർഘനാൾ നിലനില്ക്കില്ല' എന്ന സാമുവലിന്റെ പ്രവചനം കേട്ടനാൾ മുതൽ അയാൾ അസ്വസ്ഥനായിരുന്നു. അടിക്കടിയുള്ള തന്റെ പരാജയവും തുടരത്തുടരേയുള്ള ദാവീദിന്റെ വിജയവും കൂടിയായപ്പോൾ അയാൾ വല്ലാതെ പരിഭ്രാന്തനായി. തനിക്കുപകരക്കാരനായി ദൈവം അഭിഷേകം ചെയ്യുന്നത് ദാവീദിനെ ആയിരിക്കുമോ എന്ന് അയാൾ സംശയിച്ചുകാണും[3]. അങ്ങനെ ഭീതിയും അസൂയയും അധികാരമോഹവും ചേർന്ന് മനസ്സ് ഒരു പോർക്കളമായപ്പോൾ സ്ഥലകാലബോധം പോലുമില്ലാതെ അയാൾ അക്രമാസക്തനായി.

ആരും ഒരിക്കലും ഒറ്റ നിമിഷംകൊണ്ട് മോശമാവാറില്ല; ക്ഷണനേരം കൊണ്ട് ഏതുപഴമാണ് ചീഞ്ഞഴുകുക! ഒരിടത്തു തുടങ്ങി

മെല്ലെ പടർന്ന് ഒടുവിൽ ഒന്നാകെ അഴുകുകയല്ലേ ചെയ്യുന്നത്? അല്പാല്പമായാണ് സാവൂളും അഴുകാൻ തുടങ്ങിയത്. അധികാരം ഒരറ്റത്തുനിന്ന് അയാളെ ദുഷിപ്പിക്കുകയായിരുന്നു. അഹമായും അസൂയയായും അത് അയാളിൽ പടർന്നു കയറി. ഒടുവിൽ ആരിലും അറപ്പുളവാകുംവിധം അയാൾ അരൂപനായി മാറി. ചുവടുകൾ പിഴയ്ക്കുന്നുണ്ടെന്ന് പലരും അയാൾക്ക് താക്കീതുനല്കിയതാണ്. സ്വപുത്രനായ ജോനാഥാൻ പോലും അയാളെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അയാൾ ആർക്കും ചെവി കൊടുത്തില്ല. മൂന്നുഗണം ഭൃത്യന്മാരെയാണ് ദാവീദിനെ വധിക്കാൻ അയാൾ ഒന്നിനു പുറകെ ഒന്നായി റാമായിലേക്ക് അയച്ചത്. മൂന്നുവട്ടവും ഭൃത്യന്മാരെ നിർവീര്യമാക്കി കർത്താവ് അയാൾക്കു താക്കീതു നല്കി. പക്ഷേ, കഴുതയ്ക്കു മുമ്പിൽ തടസ്സം നിന്ന് മൂന്നുവട്ടം മുന്നറിയിപ്പുനല്കിയിട്ടും ഒന്നും മനസ്സിലാക്കാഞ്ഞ ബാലാമിനെപ്പോലെ സാവൂളും ഒന്നും തിരിച്ചറിയാതെ മുന്നോട്ടുപോയി. അത് വിനാശത്തിലേക്കുള്ള യാത്രയായിരുന്നു.

വഴികാട്ടികളും കൈചൂണ്ടികളുമായി പലവട്ടം മുന്നിൽ അവതരിക്കുന്ന ദൈവത്തെ തിരിച്ചറിയാതെ പോകുന്നതാണ് നമ്മിൽ പലരുടെയും പതനത്തിന്റെ പ്രധാനകാരണം. കൈചൂണ്ടികൾ അവഗണിച്ച് നമുക്ക് ഏറെ ദൂരം മുന്നോട്ടു പോകാനാവില്ല. കരുതലോടെ പലരും പകരുന്ന വെട്ടത്തിൽ ശ്രദ്ധയോടെ വേണം ഓരോ ചുവടും വയ്ക്കാൻ. ഒരു ചുവടു തെറ്റിയാൽ വഴിയാകെ ഉടനടി മാറണമെന്നില്ല. പക്ഷേ, അത് പലവട്ടമായാൽ അപകടമാണ്. എത്തേണ്ടടത്തു നിന്ന് ഏറെ മാറിയാകും പിന്നെ യാത്ര അവസാനിക്കുന്നത്. ആത്മാവിൽ തുടങ്ങിയത് ശരീരത്തിൽ അവസാനിക്കുന്നതു പോലെ!

✷

പിൻകുറിപ്പ്

1. റിച്ചിയോത്തി, *ഇസ്രയേൽചരിത്രം*, നടയ്ക്കൽ തോമസ് (Ed.) (കാർമൽ പബ്ളിഷിംങ് ഹൗസ്: തിരുവനന്തപുരം, 2014) പേജ് 360.
2. കാരിമറ്റം മൈക്കിൾ, 1 സാമുവൽ, *ആൽഫാ ബൈബിൾവ്യാഖ്യാനം*, വാല്യം 2, (മീഡിയ ഹൗസ്: ഡൽഹി, 2011) പേജ് 270.
3. ദാവീദിന്റെ അഭിഷേകം അതിനകം തന്നെ കഴിഞ്ഞ കാര്യം അവൻ അറിഞ്ഞിരിക്കാനിടയില്ല.



10

ഗോലിയാത്തിന്റെ തിരുശേഷിപ്പ്

1 സാമുവൽ 21 - 22

രക്തദാഹിയായി തന്നെ പിന്തുടരുന്ന സാവൂളിന്റെ പിടിയിൽ നിന്നു രക്ഷപ്പെടാനായി നാടുവിട്ടോടുന്ന ദാവീദിന്റെ ചിത്രം ആരുടെയും മനസ്സിലയിക്കുന്നതാണ്. ആരുടെ പക്കൽ അഭയം തേടണമെന്നോ ആരെ വിശ്വസിക്കാമെന്നോ അറിയാതെ പരിഭ്രാന്തനായി അലഞ്ഞ അവൻ ഒടുവിൽ ജറുസലേമിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന നോബ് എന്ന പ്രദേശത്തെത്തി. 'പുരോഹിതരുടെ പട്ടണം' എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം ആധുനിക എത്-തോർ നഗരമാണെന്ന് കരുതപ്പെടുന്നു.[1] ഷീലോഹായിലെ വിശുദ്ധ ആലയം നശിപ്പിക്കപ്പെട്ടശേഷം ഏലി കുടുംബത്തിലെ പുരോഹിതർ അവിടേക്കു താമസം മാറുകയും പിന്നീട് മതപരമായ പ്രാധാന്യമുള്ള ഒരു പട്ടണമായി അത് വളരുകയും ചെയ്തിരുന്നു.

ഏലിയുടെ പുത്രനായ ഫിനെഹാസിന്റെ പുത്രൻ അഹിമലെക്ക് ആയിരുന്നു അക്കാലത്ത് അവിടത്തെ പുരോഹിതൻ. ആഹാരവും

ആയുധവുമില്ലാതെ വിവശനും സംഭീതനുമായ ദാവീദ് അഭയമന്വേഷിച്ച് അഹിമലെക്കിനെ സമീപിച്ചു. ഒളിച്ചോടുന്ന രാജ്യദ്രോഹിയെ സഹായിക്കുന്നത് കുറ്റകരമാണെന്ന് അറിയാമായിരുന്നതുകൊണ്ട് തന്റെ യഥാർഥ അവസ്ഥ മറച്ചുവച്ചുകൊണ്ടാണ് ദാവീദ് അവനോടു സംസാരിച്ചത്. താൻ സാവൂളിനുവേണ്ടി ഒരു രഹസ്യദൗത്യത്തിന് ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ് എന്നാണ് അവൻ അഹിമലെക്കിനോട് പറഞ്ഞത്. ദാവീദ് പറഞ്ഞതെല്ലാം അഹിമലെക്ക് വിശ്വസിച്ചു. തനിക്കും അനുചരന്മാർക്കും ഭക്ഷിക്കാൻ എന്തെങ്കിലും ഉണ്ടോ എന്നു ചോദിച്ച ദാവീദിന് ദയാലുവായ അദ്ദേഹം ദേവാലയത്തിലെ കാഴ്ചയപ്പം എടുത്ത് ഭക്ഷിക്കാൻ കൊടുത്തു.

കർത്താവ് അനുദിനം നല്കുന്ന അപ്പത്തിന് നന്ദിയർപ്പിച്ചുകൊണ്ട് സാബത്തുതോറും പുരോഹിതൻ പന്ത്രണ്ട് അപ്പം വിശുദ്ധസ്ഥലത്ത് പ്രതിഷ്ഠിക്കുമായിരുന്നു. പന്ത്രണ്ട് ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നവയായിരുന്നു ആ പന്ത്രണ്ട് അപ്പം. പുതിയതുവയ്ക്കാനായി എടുത്തുമാറ്റുന്ന പഴയ കാഴ്ചയപ്പം നിയമപ്രകാരം പുരോഹിതർക്കു മാത്രമേ ഭക്ഷിക്കാമായിരുന്നുള്ളൂ. എന്നിട്ടും, മാനുഷീകപരിഗണന മുൻനിർത്തി അഹിമലെക്ക് അവയെടുത്ത് ദാവീദിന് നല്കുകയായിരുന്നു.

അപ്പം സ്വീകരിച്ച ദാവീദ് അഹിമലെക്കിനോട് മറ്റൊരു കാര്യം കൂടി ചോദിച്ചു, "പ്രതിയോഗികളെ നേരിടാൻ എനിക്ക് ഒരായുധം വേണം." തിടുക്കത്തിൽ പുറപ്പെട്ടതുകൊണ്ട് താൻ വാളോ മറ്റായുധമോ എടുക്കാൻ വിട്ടുപോയി എന്നാണ് അവൻ പറഞ്ഞത്. പുരോഹിതന്മാർ സാധാരണ ആയുധം സൂക്ഷിക്കാറില്ല. എങ്കിലും അഹിമലെക്കിന്റെ പക്കൽ ഒരു വാൾ ഉണ്ടായിരുന്നു. ഫിലിസ്ത്യമല്ലനായ ഗോലിയാത്തിനെ ശിരച്ഛേദം ചെയ്യാൻ പണ്ട് ദാവീദ് ഉപയോഗിച്ച വാളായിരുന്നു അത്. ഒരു ശീലയിൽ പൊതിഞ്ഞ് എഫോദിനു (പുരോഹിത വസ്ത്രം/പൂജാവിഗ്രഹം) പിന്നിലായി അദ്ദേഹം അത് സൂക്ഷിക്കുകയായിരുന്നു. അതെടുത്ത് അദ്ദേഹം ദാവീദിനു നല്കി.

അഹിമലെക്കിന്റെ പക്കൽ നിന്ന് അപ്പവും വാളും സ്വീകരിച്ച് ദാവീദ് ഉടൻതന്നെ അവിടെനിന്ന് ഓടി മറഞ്ഞു. പക്ഷേ, എല്ലാറ്റിനും ദൃക്സാക്ഷിയായി ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. സാവൂളിന്റെ ഭൃത്യന്മാരിൽ ഒരാളും ഏദോമ്യനുമായ ദോയെഗ് ആയിരുന്നു അത്. അവൻ എല്ലാ കാര്യങ്ങളും സാവൂളിനെ അറിയിച്ചു. തന്റെ ശത്രുവായ ദാവീദിന് അഹിമലെക്ക് സംരക്ഷണം

ഓർമയുടെ പേടകത്തിൽ സൂക്ഷിച്ചുവയ്ക്കാൻ 'ഗോലിയാത്തിന്റെ വാൾ' പോലുള്ള ചില തിരുശേഷിപ്പുകൾ നമുക്കുണ്ടാകുന്നത് നല്ലതാണ്. ആകുലതകളുടെ കുത്തൊഴുക്കിൽ നമ്മുടെ ആത്മബലം ചോർന്നു പോകാതിരിക്കാൻ അവ നമ്മെ സഹായിക്കും.

നല്കിയെന്നറിഞ്ഞ് കുപിതനായ സാവൂൾ അവനെയും അവന്റെ പിതൃഭവനത്തിലുള്ള എല്ലാവരെയും നോബിലുള്ള എല്ലാ പുരോഹിതന്മാരെയും ആളയച്ചുവരുത്തി. തന്റെ നിരപരാധിത്വം അഹിമലെക്ക് ഏറ്റു പറഞ്ഞെങ്കിലും സാവൂൾ അതിനൊന്നും ചെവികൊടുത്തില്ല. പുരോഹിതരെ ഒന്നടങ്കം അവൻ കൊന്നൊടുക്കി. അവരുടെ പട്ടണം മുഴുവനായി നശിപ്പിച്ചു. ഇസ്രായേൽക്കാരിൽ ആരും പുരോഹിതരെ വധിക്കാൻ തയ്യാറാകാഞ്ഞതിനാൽ വിജാതീയനായ ദോയെഗ് തന്നെയാണ് ആ ഹീനകൃത്യം നിർവഹിച്ചത്.[2] ഏലി കുടുംബത്തിനെതിരേ വർഷങ്ങൾക്കു മുമ്പ് കർത്താവ് പ്രഖ്യാപിച്ച ഒരു ശിക്ഷാവിധിയുടെ പൂർത്തീകരണമാണ് യഥാർഥത്തിൽ ആ കൂട്ടക്കൊലയിലൂടെ നടന്നത്.

നോബിലെ ക്രൂരമായ ആ കൂട്ടക്കൊലയ്ക്കുശേഷം ഏലി കുടുംബത്തിൽ അവശേഷിച്ച ഏകപുരോഹിതൻ അഹിമലെക്കിന്റെ പുത്രനായ അബിയാഥർ ആയിരുന്നു. അദ്ദേഹം ദാവീദിനെ സമീപിച്ച് സംഭവിച്ചതെല്ലാം ധരിപ്പിച്ചു. തന്റെ സത്യവിരുദ്ധമായ സംസാരമാണ് ഈ വിനാശത്തിനു വഴിതെളിച്ചത് എന്നു തിരിച്ചറിഞ്ഞ ദാവീദ് തന്റെ കുറ്റം ഏറ്റുപറഞ്ഞു. മാത്രമല്ല, അബിയാഥറിനെ തന്റെ കൂടെ നിർത്തി അവനു പരിപൂർണ സംരക്ഷണവും ഉറപ്പു നല്കി.

ദാവീദിന്റെ അസത്യഭാഷണം മൂലമുണ്ടായ അനർഥങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ഭാഗത്തെ ഏറ്റവും തിളക്കമുള്ള കഥാപാത്രം അഹിമലെക്ക് എന്ന പുരോഹിതനാണ്. വിവശനായി വന്നു കയറിയ ദാവീദിന് അദ്ദേഹം ഭക്ഷിക്കാൻ കാഴ്ചയപ്പവും പൊരുതാൻ വാളും നല്കി ബലപ്പെടുത്തി അയച്ചു. ഒരു പുരോഹിതൻ എക്കാലത്തും അനുഷ്ഠിക്കേണ്ട രണ്ട് ശ്രേഷ്ഠധർമങ്ങളെക്കുറിച്ച് ഓർമപ്പെടുത്തുകയാണ് അഹിമലെക്ക് എന്നു തോന്നുന്നു. തളർന്നണയുന്ന ജനത്തിനു കരുത്തേകാൻ അപ്പവും അവരുടെ പ്രാണനെടുക്കാൻവരുന്ന ശത്രുവിനെ ചെറുക്കാൻ ആയുധവും അവൻ

നല്കണം. ഓരോ പരിശുദ്ധ കുർബാനയിലും ഈ ദ്വിവിധധർമ്മങ്ങൾ നിർവഹിക്കപ്പെടുന്നുണ്ടെന്നതാണ് വാസ്തവം. അപ്പമായ ക്രിസ്തുവിനെ പാഥേയമായും അവിടത്തെ വചനം വാളായും അവിടെ പുരോഹിതൻ ജനങ്ങൾക്ക് പകർന്നു നല്കുന്നു. അതിനാൽ, വിഷാദത്തോടെ ബലിക്കണയുന്നവരിൽ പലരും ചുണ്ടിൽ ചെറു പുഞ്ചിരിയോടെയാണ് ബലികഴിഞ്ഞു മടങ്ങിപ്പോകുന്നത്, നിരാശതയുടെ നിഴൽവീണ് വാടിയ മുഖവുമായി എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ ക്രിസ്തുവിന്റെ മേശയിൽനിന്നെഴുന്നേറ്റ് ആഹ്ളാദപൂർവം മടങ്ങിയപോലെ!

അഹിമലെക്ക് എന്ന പുരോഹിതൻ പ്രചോദനാത്മകചിന്തകൾ ഉണർത്തുന്ന ഒരു പ്രസാദാത്മകകഥാപാത്രമായി ഇവിടെ തെളിയുമ്പോൾ, ദാവീദ് നിഷേധാത്മകഭാവത്തോടെയാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. വിവശനായ ഒരു അഭയാർഥിയായി അഹിമലെക്കിന്റെ മുമ്പിൽ വന്നുനിന്ന് ഒരു വാളിനുവേണ്ടി കെഞ്ചുകയാണ് അവൻ. ആരിലും ആശ്ചര്യമുണർത്തുന്ന ഒരു കാഴ്ചയാണിത്. വാളോ പരിചയോ തനിക്കാവശ്യമില്ല, കല്ലും കവിണയും തന്നെ ധാരാളം എന്നാണ് നാളുകൾക്കുമുമ്പ് അവൻ പറഞ്ഞിരുന്നത്. മല്ലനായ ഗോലിയാത്തിന്റെ മുമ്പിൽ പതറാതെനിന്ന ആ പഴയ ദാവീദിന്റെ ഉൾക്കരുത്ത് ഇന്ന് പൂർണമായും ചോർന്നുപോയിരിക്കുന്നു! വാളില്ലെങ്കിൽ താൻ ദുർബലനാണെന്ന് എന്നു മുതലാണ് അവനു തോന്നിത്തുടങ്ങിയത് എന്നറിയില്ല. കർത്താവിന്റെ അജയ്യമായ കരുത്ത് അവൻ വിസ്മരിക്കുകയും പ്രതിയോഗി കർത്താവിനെക്കാൾ പ്രബലനാണെന്നു ചിന്തിക്കാൻ തുടങ്ങുകയും ചെയ്തതു മുതലായിരിക്കണം. ഏതായാലും അഹിമലെക്ക് കൊടുത്ത വാൾ ദാവീദിനെ ഒന്ന് ഇരുത്തിച്ചിന്തിപ്പിക്കുക തന്നെ ചെയ്തു. കാലപ്രവാഹത്തിൽ അവൻ മറന്നുപോയ ചില കാര്യങ്ങൾ അതു വീണ്ടും അവനെ ഓർമിപ്പിച്ചു. പടച്ചട്ടയോ വാളോ ഇല്ലാതെ കേവലം ഒരു കവിണയും അഞ്ചു കല്ലുകളുമായി നിന്ന തന്റെ കരങ്ങൾവഴി വിജയത്തിന്റെ വിസ്മയം വിടർത്തിയ കർത്താവിനെ അവൻ വീണ്ടും ഓർമയിൽ നിന്നു ചികഞ്ഞെടുത്തു. കരുത്തു പകരുന്ന ഒരു ഓർമപുതുക്കലായിരുന്നു അത്.

ദൈവം നല്കിയ അനുഗ്രഹങ്ങൾ പാടേ മറന്നു പോകുന്ന 'അൽഷെയ്മേഴ്സ് രോഗം' നമ്മിൽ പലരെയും ഇടയ്ക്കിടെ പിടികൂടാറുണ്ട്. തികച്ചും അപകടകരമായ ഒരു രോഗമാണത്. അനുപാതര

ഹിതവും അനാവശ്യവുമായ ഭയാശങ്കകൾ ഉണർത്തി അതു നമ്മെ തളർത്തിക്കളയും. യേശുവിന്റെ ശിഷ്യന്മാർ ഒരിക്കൽ അപ്പമില്ലാത്തതിനെക്കുറിച്ച് ആകുലപ്പെട്ടുവത്രേ! മറവിയുള്ളതുകൊണ്ടാണ് അവർ ആകുലപ്പെട്ടത് എന്നായിരുന്നു അന്ന് ക്രിസ്തുവിന്റെ നിരീക്ഷണം. അവൻ പറഞ്ഞു, "അപ്പമില്ലാത്തതിനെപ്പറ്റി നിങ്ങൾ പരസ്പരം സംസാരിക്കുന്നതെന്തിന്? നിങ്ങൾ ഗ്രഹിക്കുന്നില്ലയോ? അയ്യായിരം പേരുടെ അഞ്ചപ്പം നിങ്ങൾ ഓർമിക്കുന്നില്ലേ? എത്ര കുട്ട അപ്പക്കഷണങ്ങൾ നിങ്ങൾ ശേഖരിച്ചു? നാലായിരം പേരുടെ ഏഴപ്പവും നിങ്ങൾ ഓർമിക്കുന്നില്ലേ? അന്ന് എത്ര കുട്ടകളാണ് നിങ്ങൾ നിറച്ചത്?" (മത്താ 16:8-10). ഓർമയുടെ പുണ്യഭൂമിയിലേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി ഉള്ളിൽ പ്രതീക്ഷ ഉണർത്താൻ ശ്രമിക്കുകയായിരുന്നു ക്രിസ്തു.


ഇടയച്ചെറുക്കനായി അലഞ്ഞുനടന്നിരുന്ന കാലത്ത് തന്നെ സിംഹത്തിന്റെയും കരടിയുടെയും കയ്യിൽ നിന്നു രക്ഷിച്ച കർത്താവിനെക്കുറിച്ചുള്ള ഓർമകൾ ദാവീദിന്റെ മനസ്സിൽ പച്ചപിടിച്ചു നിന്നിരുന്നു. ആ ഓർമകളുടെ ബലത്തിലാണ് ഗോലിയാത്തിനെ നേരിടാൻ കല്ലും കവിണയുമായി അവൻ പോയത്. പക്ഷേ, മറവി അവനെ ബാധിച്ചപ്പോൾ അവന്റെ കരുത്തും മെല്ലെ ചോരാൻ തുടങ്ങി. ആ കരുത്ത് പിന്നെ വീണു കിട്ടിയത് തന്റെ പഴയ വാൾ കണ്ടെടുത്തപ്പോഴാണ്.

ഓർമയുടെ പേടകത്തിൽ സൂക്ഷിച്ചുവയ്ക്കാൻ 'ഗോലിയാത്തിന്റെ വാൾ' പോലുള്ള ചില തിരുശേഷിപ്പുകൾ നമുക്കുണ്ടാകുന്നത് നല്ലതാണ്. ആകുലതകളുടെ കുത്തൊഴുക്കിൽ നമ്മുടെ ആത്മബലം ചോർന്നു പോകാതിരിക്കാൻ അവ നമ്മെ സഹായിക്കും. നമുക്കു മാത്രമല്ല, മറ്റനേകർക്കും അവ ഉപകരിച്ചേക്കും, അഹിമലെക്ക് സൂക്ഷിച്ച തിരുശേഷിപ്പ് ദാവീദിന് ഉപകരിച്ചപോലെ!

✷

പിൻകുറിപ്പ്

1. തേറാത്ത് ആന്റണി (Ed.) *ബൈബിൾ നിഘണ്ടു* (പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം: ആലുവ, 1997) പേജ് 411.
2. ദോയെഗിന്റെ ഈ വഞ്ചനെയെക്കുറിച്ചുള്ളതാണ് 52-ാം സങ്കീർത്തനം എന്നു കരുതപ്പെടുന്നു.



11

ഹൃദയം തൊടുന്ന ഒരു വിസർജനകഥ

1 സാമുവൽ 23;24;26

ദാവീദ് സാവൂളിനെ ഭയന്ന് അലഞ്ഞു തിരിയുന്ന സമയത്ത് യൂദായിലെ കെയ്‌ലാ പട്ടണത്തിനെതിരേ ഫിലിസ്ത്യർ ഒരു ആക്രമണം അഴിച്ചുവിട്ടു. ഇസ്രായേൽക്കാർ തങ്ങളുടെ മെതിക്കളങ്ങളിൽ സംഭരിച്ചുവച്ചിരുന്ന ധാന്യങ്ങളെല്ലാം അവർ കൊള്ളയടിച്ചു കൊണ്ടുപോകാൻ തുടങ്ങി. ഫിലിസ്ത്യരുടെ ആക്രമണത്തിൽ നിന്ന് കെയ്‌ലാ നിവാസികളെ രക്ഷിക്കേണ്ടത് രാജാവെന്ന നിലയിൽ സാവൂളിന്റെ കടമയായിരുന്നു. പക്ഷേ, ദാവീദിനെതിരേയുള്ള പോരാട്ടത്തിൽ മുഴുകിയിരുന്ന സാവൂൾ അത് പാടേ അവഗണിച്ചു കളഞ്ഞു. ദാവീദാകട്ടെ, തന്റെ ജീവൻ അപകടത്തിലാണെന്നറിയാമായിരുന്നിട്ടുപോലും, സ്വയം മറന്ന് കെയ്‌ലാനിവാസികളുടെ സഹായത്തിനെത്തി. ഭയവിവശരായ അനുചരന്മാർ അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും, കർത്താവിന്റെ ഹിതമെന്തെന്ന് ഉറപ്പു ലഭിച്ചിരുന്ന

എളുപ്പമെന്നു തോന്നുന്ന വഴികളിലൂടെ എത്രയും വേഗം എത്തേണ്ടേടത്ത് എത്തിച്ചേരുക എന്നത് കേവലം യുക്തി ചിന്തയിൽ അധിഷ്ഠിതമായ ഒരു ദർശനമാണ്. എന്നാൽ എത്തേണ്ട ഇടം നല്ലതായതുകൊണ്ട് ഏതുവഴിയും തേടാൻ ആത്മദൃഷ്ടിയുള്ളവർക്ക് സാധ്യമല്ല.

ദാവീദ് അതിൽനിന്ന് അണുവിട പിൻവാങ്ങിയില്ല. അവൻ അവരെയും കൂട്ടിച്ചെന്ന് ഫിലിസ്ത്യരെ കീഴ്പ്പെടുത്തി കെയ്ലാനിവാസികളെ രക്ഷിച്ചു.

ദാവീദ് കെയ്ലായിൽ ഉണ്ടെന്നറിഞ്ഞപ്പോൾ സാവൂൾ അത്യധികം സന്തോഷിച്ചു. കാരണം, കെയ്ലാപട്ടണത്തിന് ഒരു കവാടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതടച്ചുകഴിഞ്ഞാൽ ദാവീദ് അതിൽ കുടുങ്ങുമെന്നും എളുപ്പത്തിൽ അവനെ പിടിക്കാമെന്നും സാവൂൾ കരുതി. "ദൈവം അവനെ തന്റെ കൈയിൽ ഏല്പിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞ് സാവൂൾ ഉടൻതന്നെ കെയ്ലായിലേക്ക് പുറപ്പെട്ടു (23:7). നിരപരാധനെ വധിക്കാനുള്ള തന്റെ കിരാതശ്രമം ദൈവഹിത പ്രകാരമാണെന്നു വ്യാഖ്യാനിക്കുന്ന സാവൂൾ ഏതു കുത്സിതപ്രവൃത്തിക്കും വിശുദ്ധ പരിവേഷം നല്കാൻ ദൈവത്തെ കൂട്ടുപിടിക്കുന്ന വക്രബുദ്ധികളുടെ നിത്യകാലപ്രതീകമായി മാറുകയാണിവിടെ.

സാവൂളിന്റെ കരുനീക്കങ്ങളറിഞ്ഞ ദാവീദ് പുരോഹിതനായ അബിയാഥറിന്റെ പക്കൽ ഉണ്ടായിരുന്ന എഫോദ് ഉപയോഗിച്ച് ദൈവഹിതം ആരാഞ്ഞു. നഗരത്തിൽ തങ്ങിയാൽ കെയ്ലാ നിവാസികൾ അവനെ സാവൂളിന്റെ കൈയിൽ ഏല്പിച്ചുകൊടുക്കും എന്ന് ദൈവം അവന് വെളിപ്പെടുത്തി. ദാവീദിനെ സംരക്ഷിക്കാൻ ശ്രമിച്ചാൽ നോബിലെ പുരോഹിതർക്കുണ്ടായ ദുരന്തം (22:1ff) തങ്ങൾക്കും ഉണ്ടാകുമോ എന്നവർ ഭയന്നുകാണും

അപകടം തിരിച്ചറിഞ്ഞ ദാവീദ് അറുന്നൂറോളം വരുന്ന തന്റെ കൂട്ടുകാരുമൊത്ത് സാവൂൾ വരുന്നതിനു മുമ്പുതന്നെ കെയ്ലായിൽ നിന്ന് പുറത്തുകടന്നു. ഹെബ്രോണിൽ നിന്ന് എട്ടു കിലോമീറ്റർ തെക്ക് സ്ഥിതി ചെയ്യുന്ന സിഫ് എന്ന ചെറുനഗരത്തിലേക്കാണ് അവർ പിന്നീടു പോയത്.[1] പക്ഷേ, അവിടെയും ദാവീദ് സുരക്ഷിതനായിരുന്നില്ല. ഹോറെഷിലുള്ള ഹാക്കിലാക്കുന്നിലെ സങ്കേതങ്ങളിൽ ദാവീദ് ഒളിച്ചിരിക്കുന്ന വിവരം സിഫിലെ ജനങ്ങൾ സാവൂളിനെ അറിയിച്ചു. അതറിഞ്ഞ് ദാവീദും സംഘവും മാവോൻ മരു

ഭൂമിയിലെ പാറക്കെട്ടിലേക്കു പോയി. സാവൂളും സൈന്യവും അവരെ പിന്തുടർന്ന് തൊട്ടടുത്തെത്തിയപ്പോൾ, ഫിലിസ്ത്യർ രാജ്യത്തെ ആക്രമിക്കുന്നതിനാൽ ഉടൻ തിരികെ വരണം എന്ന ഒരടിയന്തര സന്ദേശം സാവൂളിനു ലഭിച്ചു. സാവൂളും സൈന്യവും തിരികെപ്പോയി. അങ്ങനെ അപ്രാവശ്യവും ദൈവം ദാവീദിനെ രക്ഷിച്ചു.

പക്ഷേ, ഫിലിസ്ത്യരെ തുരുത്തിയശേഷം സാവൂൾ വീണ്ടും ദാവീദിനുവേണ്ടിയുള്ള തിരച്ചിൽ ആരംഭിച്ചു. എൻഗേദിയിലെ മരുഭൂമിയിൽ അവനുണ്ടെന്നറിഞ്ഞ് അങ്ങോട്ടു പുറപ്പെട്ട സാവൂൾ വഴിമധ്യേ വിസർജനത്തിനായി ഒരു ഗുഹയിൽ കടന്നു. ആ ഗുഹയിൽ ആയിരുന്നു ദാവീദും സംഘവും അഭയം തേടിയിരുന്നത്. ഇത് കർത്താവൊരുക്കിയ അവസരമാണെന്നും സാവൂളിന്റെ കഥ കഴിക്കാമെന്നും കൂടെയുള്ളവർ ഒന്നടങ്കം പറഞ്ഞെങ്കിലും ദാവീദ് അതിന് തയ്യാറായില്ല. കർത്താവിന്റെ അഭിഷിക്തനെതിരേ കരമുയർത്തരുതെന്നു പറഞ്ഞ് ദാവീദ് അവരെ പിന്തിരിപ്പിച്ചു. പിന്നീട് സാവൂളിന്റെ മേലങ്കിയുടെ ഒരറ്റം പതുക്കെ മുറിച്ചെടുത്ത് ഗുഹയിൽ നിന്ന് പുറത്തിറങ്ങിയ ദാവീദ് "എന്റെ യജമാനനായ രാജാവേ" എന്നു വിളിച്ചുകൊണ്ട് "ഞാൻ അങ്ങേ ശത്രുവല്ലെന്നും ആയിരുന്നെങ്കിൽ മേലങ്കിയുടെ അറ്റം മുറിച്ചെടുത്ത എനിക്ക് അങ്ങയെ ഗുഹയിൽ വച്ച് കൊന്നുകളയാമായിരുന്നല്ലോ" എന്നും വിളിച്ചുപറഞ്ഞു. ഹൃദയപൂർവകമായ അവന്റെ വാക്കുകൾ സാവൂളിന്റെ കണ്ണു തുറപ്പിച്ചു. "കർത്താവ് നിനക്ക് നന്മ ചെയ്യട്ടെ" എന്നു പറഞ്ഞ് ഒരു പിതാവിനെപ്പോലെ അവൻ ദാവീദിനെ അനുഗ്രഹിച്ചു.[2]

ഏറെ നാളുകളായി തന്നെ വിടാതെ വേട്ടയാടിയ ശത്രുവിനെ നിരായുധനായി ഗുഹയിൽ തനിച്ചു കിട്ടിയ ദാവീദിന് വേണമെങ്കിൽ അവനോട് നിഷ്കരുണം പകവീട്ടാമായിരുന്നു. കൂട്ടുകാരെല്ലാം അത് ആവശ്യപ്പെട്ടതുമാണ്. പക്ഷേ, അവൻ അതിനു മുതിർന്നില്ല. മിത്രങ്ങളും വികാരങ്ങളും അതിർവരമ്പുവിട്ട് അകത്തുവന്ന് തന്റെ തീരുമാനങ്ങൾ നിയന്ത്രിക്കാൻ അവൻ അനുവദിച്ചില്ല. നിർത്തേണ്ടേടത്ത് അവയെ നിർത്താൻ അവനറിയാമായിരുന്നു. സൗഹൃദങ്ങൾക്ക് അമിതപ്രാധാന്യം കൊടുത്ത് അരുതാത്തേടത്ത് 'ഇതാ ഞാൻ' എന്നു പറയാനുള്ള പ്രലോഭനം നാം അതിജീവിക്കണം എന്ന് ഓർമിപ്പിക്കുകയാണ് ദാവീദ്.

ദാവീദ് ഒരു പ്രതികാരവും ചെയ്തില്ല എന്നു പറയാനാവില്ല. തനിച്ചുകിട്ടിയ സാവൂളിനോട് അവൻ പകരം വീട്ടുകതന്നെ ചെയ്തു.

ദൈവം തരുമെന്നു പറഞ്ഞത് വഴിയിൽ കളഞ്ഞു പോകില്ലെന്ന്
ഉറപ്പുള്ളവൻ അക്ഷമനാകേണ്ട കാര്യമില്ലല്ലോ.

പക്ഷേ, അത് വാളുകൊണ്ടോ കുന്തംകൊണ്ടോ ആയിരുന്നില്ല, ശത്രുവിനെപ്പോലും അദ്ഭുതപ്പെടുത്തുംവിധം അവനോട് കരുണ കാണിച്ചുകൊണ്ടായിരുന്നു. "നിന്റെ പ്രവൃത്തികൾക്ക് ഞാൻ മാപ്പു നല്കുമ്പോൾ നീ അവയെയോർത്ത് ലജ്ജിച്ച് മൗനം ഭജിക്കും" (എസെ 16:63) എന്നൊരു തിരുമൊഴിയുണ്ടല്ലോ. അതായിരുന്നു അവിടെ സംഭവിച്ചത്. ദാവീദിന്റെ കരുണയിൽ കുളിച്ച് കയറിവന്ന സാവൂൾ വിനമ്രനായി തന്റെ കുറ്റം ഏറ്റുപറഞ്ഞ് കണ്ണീരോടെ അവനോട് മാപ്പു പറഞ്ഞു. ഹൃദയാവർജകമായിരുന്നു ആ രംഗം. വാളിനാലല്ല ശത്രുസംഹാരം നടത്തേണ്ടതെന്നും വാളിനെക്കാൾ മൂർച്ച ക്ഷമയ്ക്കാണെന്നുമുള്ള സത്യം അതിസുന്ദരമായി വെളിപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്. യുക്തികൊണ്ടളന്നാൽ ക്ഷമ അത്ര വിലപ്പെട്ടതായി തോന്നണമെന്നില്ല; ചിലപ്പോൾ അത് ഭോഷത്തമായും തോന്നാം. പക്ഷേ, യുക്തിയല്ലല്ലോ എല്ലാറ്റിന്റെയും അന്തിമ മാനദണ്ഡം. അതിനുമപ്പുറത്ത് ചില ശ്രേഷ്ഠമാനങ്ങളില്ലേ? യുക്തികൊണ്ടളന്ന് നാം ശരിയെന്നു കരുതുന്ന എത്രയെത്ര കാര്യങ്ങളാണ് പിന്നീട് നമുക്ക് വിനയായി ഭവിക്കുന്നത്! അവസാനനോട്ടം യുക്തികൊണ്ടാകുന്നത് അപകടകരമാണ്. യുക്തിയെക്കാൾ ഉന്നതമായ ആത്മദൃഷ്ടികൊണ്ടാണ് അവസാനനോട്ടം നോക്കേണ്ടത്.

എളുപ്പമെന്നു തോന്നുന്ന വഴികളിലൂടെ എത്രയുംവേഗം എത്തേണ്ടേടത്ത് എത്തിച്ചേരുക എന്നത് കേവലം യുക്തിചിന്തയിൽ അധിഷ്ഠിതമായ ഒരു ദർശനമാണ്. എന്നാൽ എത്തേണ്ട ഇടം നല്ലതായതുകൊണ്ട് ഏതുവഴിയും തേടാൻ ആത്മദൃഷ്ടിയുള്ളവർക്ക് സാധ്യമല്ല. ലക്ഷ്യം പോലെതന്നെ അവർക്ക് മാർഗവും പ്രധാനപ്പെട്ടതാണ്. ഇസ്രായേലിന്റെ രാജസ്ഥാനം തനിക്ക് അർഹതപ്പെട്ടതാണെന്നും അതിനായി താൻ അഭിഷേചിതനാണെന്നും ദാവീദിന് അറിയാമായിരുന്നു. പക്ഷേ, ഒരു കൊലപാതകത്തിലൂടെ ആ കിരീടം നേടാൻ അവൻ തയ്യാറായിരുന്നില്ല. ദൈവം തരുമെന്നു പറഞ്ഞത് വഴിയിൽ കളഞ്ഞു പോകില്ലെന്ന് ഉറപ്പുള്ളവൻ അക്ഷമനാകേണ്ട കാര്യമില്ലല്ലോ. മസിൽബലംകൊണ്ട് അത് ഉടനടി നേടേ

ണ്ടതില്ലെന്നും സമയത്തിന്റെ പൂർണതയിൽ അതു ദൈവം തനിക്കു തരുമെന്നുമായിരുന്നു ദാവീദിന്റെ വിശ്വാസം. ആ വിശ്വാസം നൂറു ശതമാനം ശരിയുമായിരുന്നു.

അധർമത്തിലൂടെ നേടുന്ന അനുഗ്രഹം അർഹതയുള്ളതാണെങ്കിൽക്കൂടി അത് തിളക്കമില്ലാത്തതാണ് എന്നു കരുതിയ ദാവീദിന്റെ ധർമബോധം ഏറെ പ്രശംസനീയമാണ്. അർഹമായതു നേടാൻ ഏത് അധർമവഴിയും തേടാൻ മടിക്കാത്ത മനുഷ്യരുടെ പ്രളയകാലമാണല്ലോ ഇത്. ഈ കാലഘട്ടത്തിൽ ദാവീദിനെപ്പോലുള്ള ധർമികളുടെ ജീവിതകഥകൾക്ക് വളരെ പ്രസക്തിയുണ്ട്. കൂരിരുട്ടിൽ കെടാവിളക്കുകൾപോലെ അവയ്ക്ക് ഇവിടെ വെളിച്ചം പരത്താനാകും.

✷

പിൻകുറിപ്പ്

1 ആധുനിക ടെൽസിഫ് നഗരമാണ് സിഫ് എന്ന് കരുതപ്പെടുന്നു.

2 ഹാക്കീലാക്കുന്നിലെ പാളയത്തിൽ കിടന്നുറങ്ങുകയായിരുന്ന സാവൂളിനെ വധിക്കാതെ അവന്റെ തലയ്ക്കൽനിന്ന് കുന്തവും കൂജയും എടുത്തുകൊണ്ടുപോകുന്ന ദാവീദിനെക്കുറിച്ച് 26-ാം അധ്യായത്തിൽ പറയുന്നു. ഇത് ഈ സംഭവത്തിന്റെതന്നെ മറ്റൊരു വിവരണമാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു- മൈക്കിൾ കാരിമറ്റം, രാജവവാഴ്ച, *ബൈബിൾ തീർഥാടനം,* വാല്യം 2, പേജ് 77.



12

അബിഗായിൽ എന്ന ദേവദൂതിക

1 സാമുവൽ 25

സാവൂളിനെ ഭയന്നുള്ള ദാവീദിന്റെ ഒളിച്ചോട്ടകാലത്താണ് ഇസ്രായേലിന്റെ അവസാനന്യായാധിപനും പ്രവാചകനുമായ സാമുവൽ മരിക്കുന്നത്. റാമായിലുള്ള സ്വന്തം ഭവനത്തിൽവച്ചു നടന്ന അദ്ദേഹത്തിന്റെ സംസ്കാരച്ചടങ്ങുകൾക്കുശേഷം ദാവീദും സംഘവും യൂദായുടെ വടക്കുഭാഗത്തുള്ള പാരാൻ മരുഭൂമിയിൽ പോയി പാർത്തു. തസ്കരസംഘങ്ങളുടെ ആക്രമണങ്ങളിൽനിന്ന് ഇസ്രായേലിലെ കർഷകരെയും ഇടയന്മാരെയും സംരക്ഷിക്കുകയും അവരിൽനിന്നു ലഭിക്കുന്ന സമ്മാനങ്ങൾ ഉപജീവനമാർഗമായി സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ് അവർ ആ മരുഭൂമിയിലും പ്രാന്തപ്രദേശങ്ങളിലും കഴിഞ്ഞിരുന്നത്.

അക്കാലത്ത് ഹെബ്രോണിൽ നിന്ന് ഏകദേശം 12 കിലോമീർ തെക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്ന കാർമൽ[1] എന്ന പട്ടണത്തിൽ ധനികനായ ഒരു ആടു വ്യാപാരി ഉണ്ടായിരുന്നു. കാലെബ് വംശജ

നായ അദ്ദേഹത്തിന്റെ പേര് നാബാൽ (വിഡ്ഢി എന്നർഥം) എന്നായിരുന്നു. സുന്ദരിയും വിവേകമതിയുമായിരുന്നു അയാളുടെ ഭാര്യ. പേര് അബിഗായിൽ (എന്റെ പിതാവ് സന്തോഷിക്കുന്നു എന്നർഥം). മൂവായിരം ചെമ്മരിയാടുകളും ആയിരം കോലാടുകളും സ്വന്തമായുണ്ടായിരുന്ന നാബാൽ ഒരിക്കൽ ഒരു വിരുന്ന് ആഘോഷിക്കുകയായിരുന്നു. ആടുകളുടെ രോമം കത്രിക്കൽ ഉത്സവത്തോടനുബന്ധിച്ചുള്ള ഒരു വിരുന്നായിരുന്നു അത്. ആണ്ടിലൊരിക്കൽ നടത്തുന്ന അത്തരം വിരുന്നിൽ ധാരാളം ആളുകൾ പങ്കെടുക്കും. വരുന്നവർക്കെല്ലാം സമൃദ്ധമായ ഭക്ഷണവും മതിവരുവോളം വീഞ്ഞും വിളമ്പും. ആഘോഷത്തെക്കുറിച്ചറിഞ്ഞ ദാവീദ് തന്റെ അനുചരന്മാരിൽ പത്തുപേരെ നാബാലിന്റെ അടുക്കലേക്ക് അയച്ചു. അവന്റെ ആടുകൾക്കും ഇടയന്മാർക്കും മരുഭൂമിയിൽ സംരക്ഷണം നല്കിയിരുന്ന തങ്ങൾക്ക് ന്യായമായും കിട്ടേണ്ടിയിരുന്ന ഓഹരി ചോദിക്കാനാണ് അയച്ചത്. പക്ഷേ, നാബാൽ അവർക്ക് ഒന്നും നല്കിയില്ല എന്നു മാത്രമല്ല, യജമാനനിൽനിന്ന് ഒളിച്ചോടി അലയുന്ന അടിമ എന്ന് ദാവീദിനെ പരിഹസിക്കുകയും ചെയ്തു.

പൊതുവേ ശാന്തശീലനായിരുന്നുവെങ്കിലും, നാബാലിന്റെ വാക്കുകൾ ദാവീദിനെ ചൊടിപ്പിച്ചു. അവനിൽ പ്രതികാരചിന്ത ഉണർന്നു.നാബാലിനെയും കുടുംബത്തെയും ഉന്മൂലനംചെയ്യാൻ നിശ്ചയിച്ചുറച്ച് നാനൂറ്പടയാളികളുമായി അവൻ പുറപ്പെട്ടു. പക്ഷേ, അതിനിടയിൽ തന്റെ ഭർത്താവിന്റെ വിഡ്ഢിത്തത്തെക്കുറിച്ചറിഞ്ഞ അബിഗായിൽ, അതിവേഗം ആയിരം പേർക്കുള്ള ഭക്ഷണവിഭവങ്ങൾ കഴുതപ്പുറത്തുകയറ്റി ചില സേവകരെയും കൂട്ടി ദാവീദിന്റെ അടുക്കലേക്ക് ഒരു നിവേദനവുമായി പുറപ്പെട്ടു. തന്റെയും കുടുംബത്തിന്റെയും ജീവനും സമ്പത്തും സംരക്ഷിക്കുക എന്നതായിരുന്നു അവളുടെ മുഖ്യ ലക്ഷ്യം.

ദാവീദിനെ കണ്ടപ്പോൾ അവൾ തിടുക്കത്തിൽ കഴുതപ്പുറത്തുനിന്നിറങ്ങി അവന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു. എല്ലാം അടിയറവച്ച് മണ്ണിൽ കമിഴ്ന്നു കിടക്കുന്ന അവളുടെ പെരുമാറ്റം ദാവീദിന്റെ ഹൃദയത്തെ സ്പർശിച്ചു. ഭർത്താവിന്റെ ഭോഷത്തവും അവിവേകവും അംഗീകരിച്ച് അതർഹിക്കുന്ന ഏതു ശിക്ഷയും ഏറ്റെടുക്കാൻ താൻ സന്നദ്ധയാണെന്ന് അവൾ അറിയിച്ചു. ചിന്തയെ തൊടുന്ന രീതിയിലായിരുന്നു പിന്നീട് അവളുടെ സംസാരം.

ഇന്നത്തെ വിശുദ്ധൻ നാളത്തെ പാപിയാകാം; ഇന്നത്തെ ജേതാവ് നാളത്തെ പരാജിതനും. അതുകൊണ്ട് ''നില്ക്കുന്നു എന്നു കരുതുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ''.

ഇസ്രായേലിന്റെ രാജാവാകാൻ നിയുക്തനായ ദാവീദിനെ ദൈവം സംരക്ഷിക്കുമെന്നും അവന്റെ ശത്രുക്കളുടെ ജീവൻ കവിണയിൽ നിന്നെന്നപോലെ അവിടന്ന് തെറിപ്പിച്ചുകളയുമെന്നും ഒരു പ്രവാചികയെപ്പോലെ അവൾ പറഞ്ഞു. ദൈവം പ്രതികാരം ചെയ്യുമെന്നിരിക്കേ സ്വന്തം കൈകൊണ്ട് പ്രതികാരം ചെയ്ത് വെറുതെ വ്യഥയും മനഃസാക്ഷിക്കുത്തും സമ്പാദിക്കരുതെന്ന് അവൾ ഓർമപ്പെടുത്തി. അവളുടെ വാക്കുകൾ ദാവീദിൽ ഒരു വീണ്ടുവിചാരം ഉണർത്തി. അവൻ തന്റെ തീരുമാനത്തിൽ നിന്ന് പിന്മാറി.

തിരികെ നാബാലിന്റെ അടുത്തെത്തിയ അബിഗായിൽ പിറ്റേ പ്രഭാതംവരെ ഭർത്താവിനോട് ഒന്നും പറഞ്ഞില്ല. കാരണം, അവൻ മദ്യലഹരിയിൽ ആയിരുന്നു. ലഹരി ഒഴിഞ്ഞപ്പോൾ അവൾ നടന്നതെല്ലാം അവനെ അറിയിച്ചു. അതുകേട്ട് ഹൃദയം മരവിച്ച് ശിലാതുല്യനായിത്തീർന്ന അവൻ പത്തുദിവസങ്ങൾ കഴിഞ്ഞ് മരണമടഞ്ഞു. പിന്നീട് നാബാലിന്റെ വിധവയായ അബിഗായിലിനെ ദാവീദ് ഭാര്യയായി സ്വീകരിച്ചു.

വികാരം അതിരു കടക്കുമ്പോൾ വിചാരം പറന്നുപോകുന്നതാണ് പലരുടെയും പതനത്തിന്റെ പ്രധാന കാരണം. നാബാൽ എന്ന വിഡ്ഢിയുടെ പരിഹാസമുനയുള്ള വാക്കുകൾ അനിയന്ത്രിതമായ കോപമാണ് ദാവീദിൽ ഉണർത്തിയത്. “അവന്റെയാളുകളിൽ ഒരുവനെയെങ്കിലും പുലരുന്നതുവരെ ജീവനോടെയിരിക്കാൻ ഞാൻ അനുവദിച്ചാൽ ദൈവം എന്റെ ജീവൻ എടുത്തുകൊള്ളട്ടെ” എന്ന് അവൻ ശപഥമെടുത്തുവത്രേ! സാവൂളിന്റെ കൊടും പീഡനങ്ങൾക്കിരയായപ്പോൾപ്പോലും ദാവീദ് ഇത്രയ്ക്ക് കോപിച്ചിട്ടില്ല. കരുത്തരായവർക്കു മുമ്പിൽ പലരും അങ്ങനെയാണല്ലോ. കോപം അതിരുവിട്ട് പ്രകടിപ്പിക്കില്ല. ചെറിയവരോട്, പക്ഷേ, പെട്ടെന്ന് ക്ഷുഭിതരാകും. കീഴ്പ്പെടുത്താമെന്നുണ്ടെങ്കിലല്ലേ കോപിച്ചിട്ട് കാര്യമുള്ളൂ? സാവൂൾ രാജാവായതുകൊണ്ട് ക്ഷമിക്കുന്നതാണ് ബുദ്ധി എന്ന്, ഒരു പക്ഷേ, ദാവീദ് കരുതിക്കാണും. പക്ഷേ, ഇസ്രായേലിന്റെ ഭാവിരാജാവാകേണ്ട തന്നെക്കാൾ താഴ്ന്നവനും തന്റെ ബന്ധു

പ്രതികാരം ദൈവത്തിന്റേതാണ് എന്ന ചിന്ത മനുഷ്യനെ ഏറെ ശാന്തനാക്കും. അതു നഷ്ടമായാലോ, പകവീട്ടലുകളും പോർവിളികളും കൊണ്ട് സംഭീതമായ ഒരു സംസ്കാരം ഇവടെ രൂപപ്പെടും.

വുമായ[2] നാബാൽ തന്നെ പരിഹസിച്ചപ്പോൾ ദാവീദിന് അത് ക്ഷമിക്കാനായില്ല. ക്ഷമ ഒരു ദൗർബല്യമല്ലെങ്കിലും, ദുർബലനാണെന്ന ചിന്തയുണ്ടെങ്കിൽ ക്ഷമ അഭ്യസിക്കാൻ എളുപ്പമാണെന്നു തോന്നുന്നു. ദാവീദ് സാവൂളിനോടു കാണിച്ച ക്ഷമയെ ഇകഴ്ത്തിക്കാണുകയല്ല, മറ്റൊരു കോണിലൂടെ അതിനെ ഒന്നു നോക്കിക്കാണാൻ ശ്രമിച്ചു എന്നുമാത്രം.

ദുഷ്ടനായ സാവൂളിനെ ഒറ്റയ്ക്കു കയ്യിൽ കിട്ടിയിട്ടും കൊല്ലാതെ വിട്ട ദാവീദിനെ ഒരു വിശുദ്ധനായിത്തന്നെ നമുക്ക് പരിഗണിക്കാം. പക്ഷേ, സാവൂളിനുമുമ്പിൽ ക്ഷമയുടെ കരുത്തുകാട്ടിയ ദാവീദ് തൊട്ടടുത്തദിനങ്ങളിൽ കോപത്തിനടിപ്പെട്ട് രുദ്രഭാവത്തോടെ പെരുമാറുന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്നു. ആത്മീയതയുടെ ഗ്രാഫിൽ ഉച്ചസ്ഥായിയിൽ എത്തിയ ഒരാൾ പിന്നെ ഒരിക്കലും അവിടെനിന്ന് താഴേക്കു പതിക്കില്ലെന്നു കരുതരുത് എന്ന ഒരോർമപ്പെടുത്തൽ ഇവിടെയുണ്ട്. ഇന്നത്തെ വിശുദ്ധൻ നാളത്തെ പാപിയാകാം; ഇന്നത്തെ ജേതാവ് നാളത്തെ പരാജിതനും. അതുകൊണ്ട് "നില്ക്കുന്നു എന്നു കരുതുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ" (1 കോറി 10:12) എന്നാണ് വിശുദ്ധ പൗലോസ് പറയുന്നത്. വിശുദ്ധിയിൽ സ്ഥൈര്യം നേടാൻ ഇടവേളയില്ലാത്ത ഒരു ആത്മീയ യുദ്ധം അത്യന്താപേക്ഷിതമാണ്. മർമമറിഞ്ഞ് അമ്പെയ്യുന്നവനാണ് സാത്താൻ. ഇടയ്ക്കിടെയുണ്ടാകുന്ന ആത്മീയനേട്ടങ്ങളിൽ മതിമറന്ന് അല്പനേരം നാം അശ്രദ്ധരായാൽമതി, അതിനിടയിൽ അവൻ അതിവിദഗ്ധമായി നമ്മെ വീഴ്ത്തിക്കളയും. അതുകൊണ്ട് ഒരു നിതാന്ത ജാഗ്രതതന്നെ നമുക്കാവശ്യമാണ്. ഉറങ്ങാതിരുന്ന് യുദ്ധം ചെയ്യുന്നവനെ തോല്പിക്കാൻ ഇതല്ലാതെ വേറെ മാർഗമില്ല.

പെട്ടെന്ന് ഒരു വികാരാവേശത്തിൽ വിചാരശൂന്യനായി ദാവീദ് ഇറങ്ങിപ്പുറപ്പെട്ടെങ്കിലും നിരപരാധരുടെ രക്തം ചിന്തി കടുത്ത പാപം ചെയ്യാൻ ദൈവം അവനെ അനുവദിച്ചില്ല. ഒരു ദൂതികയെപ്പോലെ അവിടന്നയച്ച അബിഗായിൽ അവന്റെ ചിന്ത മാറ്റി മറിച്ചു. ദൈവം നിനക്കുവേണ്ടി പൊരുതുമ്പോൾ നീ എന്തിന് നിന്റെ കരം

രക്തപങ്കിലമാക്കണം എന്ന അവളുടെ ചോദ്യം അവനെ ചിന്തിപ്പിച്ചു. വൈരനിര്യാതനബുദ്ധി വെടിഞ്ഞ് അവൻ പ്രതികാരം ദൈവത്തിനു വിട്ടുകൊടുത്തു. പത്തുദിവസങ്ങൾ കഴിഞ്ഞപ്പോൾ നാബാൽ ഹൃദയാഘാതത്താൽ മരിച്ചു. അവന്റെ സമ്പത്തും സുന്ദരിയും വിവേകിയുമായ ഭാര്യയും ദാവീദിന് സ്വന്തമായിത്തീർന്നു.

പ്രതികാരം ദൈവത്തിന്റേതാണ് എന്ന ചിന്ത മനുഷ്യനെ ഏറെ ശാന്തനാക്കും. അതു നഷ്ടമായാലോ, പകവീട്ടലുകളും പോർവിളികളും കൊണ്ട് സംഭീതമായ ഒരു സംസ്കാരം ഇവടെ രൂപപ്പെടും. തനിക്കേറ്റ ക്ഷതത്തിന് താൻ തന്നെ പ്രതികാരം ചെയ്യണം എന്നു കരുതിയാൽ കൈപ്പിടിയിൽ എപ്പോഴും നാം ആയുധം കരുതി വയ്ക്കേണ്ടിവരും. മറിച്ചായാൽ ആയുധം മാറ്റി വയ്ക്കാം. നമ്മെക്കാൾ നന്നായി നമ്മെ കരുതുന്നവൻ കൂടെയുള്ളപ്പോൾ ആയുധം നമുക്ക് ആവശ്യമില്ലല്ലോ. വേണ്ടതു വേണ്ടവർക്ക് അവൻ വേണ്ട രീതിയിൽ കൊടുത്തുകൊള്ളും. വിപഥഗാമികൾക്ക് താഡനവും, സുമനസ്സുകൾക്ക് സമ്മാനവും അവൻ നല്കും. നിഗൂഢമായി കരുക്കൾ നീക്കി അവൻ ദുഷ്ടരെ തകർക്കുമെന്നു മാത്രമല്ല അവരുടെ ധനംകൊണ്ട് തന്റെ ശിഷ്യരെ സമ്പന്നരാക്കുകയും ചെയ്യും. നാബാലിൽ നിന്നെടുത്ത് ദാവീദിനെ സമ്പന്നനാക്കിയപോലെ! സകല സമ്പത്തിന്റെയും ഉടയവൻ അവനായതുകൊണ്ട് ആരിൽ നിന്നെടുത്ത് ആർക്കു കൊടുക്കണമെന്ന് അവന് തീരുമാനിക്കാമല്ലോ!

പിൻകുറിപ്പ്

1 പാലസ്തീനായുടെ വടക്കു പടിഞ്ഞാറു ഭാഗത്തുള്ള കാർമൽ മലയല്ല ഇവിടെ വിവക്ഷിക്കുന്നത്.

2 കാലെബ്വംശജനായ നാബാലും ദാവീദിനെപ്പോലെ യൂദാഗോത്രത്തിൽ നിന്നുള്ളവനായിരുന്നല്ലോ.



13

അക്കീഷിന്റെ അതിഥിയാകരുത്

1 സാമുവൽ 27;29;30

സിഫ് മരുഭൂമിയിലെ ഗുഹയിൽവച്ച് തന്നെ വധിക്കാൻ അവസരം കിട്ടിയിട്ടും ഒന്നും ചെയ്യാതെ വെറുതെ വിട്ട ദാവീദിന്റെ ഔദാര്യം സാവൂളിന്റെ മനസ്സിനെ സ്പർശിച്ചു. ഇത്രനാൾ ദാവീദിനെ വേട്ടയാടിയത് തെറ്റായിപ്പോയെന്നു തിരിച്ചറിഞ്ഞ് അയാൾ ദാവീദിനെതിരേയുള്ള പോരാട്ടം അവസാനിപ്പിക്കാൻ തീരുമാനിച്ചു. ദാവീദിനെ അനുഗ്രഹിച്ച് സമാധാനത്തിലാണ് സാവൂൾ അവിടെ വച്ച് പിരിഞ്ഞതെങ്കിലും, മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ ദാവീദ് അയാളെ പൂർണമായും വിശ്വസിക്കാൻ തയ്യാറായില്ല. നിരന്തരമായ ഒളിച്ചോട്ടംകൊണ്ട് മടുത്തും ഏതു നിമിഷവും താൻ സാവൂളിന്റെ കൈകളിൽ അകപ്പെടുമെന്നു ഭയന്നും അവൻ നാടുവിടാൻ തീരുമാനിച്ചു. വിദേശത്തു വസിക്കുന്നത് കർത്താവിന്റെ അവകാശത്തിൽനിന്ന് പുറന്തള്ളപ്പെടുന്നതിനു തുല്യമാണെന്ന് (26:19) അവ

നറിയാമായിരുന്നെങ്കിലും ഫിലിസ്ത്യരുടെ നാട്ടിലേക്ക് രക്ഷപ്പെടാനായിരുന്നു അവന്റെ തീരുമാനം.

ഫിലിസ്ത്യരുടെ അധീനതയിൽ അന്ന് അഞ്ച് നഗരരാഷ്ട്രങ്ങളാണ് ഉണ്ടായിരുന്നത്-ഗാസ, അഷ്ദോദ്, അഷ്കെലോൻ, ഗത്ത്, എക്രോൺ. അവയിലൊന്നായ ഗത്തിലേക്കാണ് ദാവീദ് കുടിയേറിയത്. ഫിലിസ്ത്യമല്ലനായ ഗോലിയാത്തിന്റെ ജന്മസ്ഥലമായിരുന്നു അത്. ദാവീദിനൊപ്പം അറുനൂറ് അനുചരന്മാരും അവരുടെ കുടുംബങ്ങളും ഉൾപ്പെടെ വലിയൊരു സംഘവും ഉണ്ടായിരുന്നു. തങ്ങളുടെ നഗരാതിർത്തിക്കുള്ളിൽ ആരെല്ലാം താമസിക്കണം എന്നു തീരുമാനിക്കാനുള്ള അധികാരം അതതിടങ്ങളിലെ രാജാക്കന്മാർക്കുണ്ടായിരുന്നതുകൊണ്ട് ഗത്തിലെ രാജാവായ അക്കീഷ് അവർക്ക് അവിടെ താമസിക്കാനുള്ള അനുമതി നല്കി. പയറ്റിത്തെളിഞ്ഞ അറുനൂറ് പടയാളികളുമായി വന്ന ദാവീദ്, സാവൂളിന്റെ ശത്രുവായിരുന്നതിനാൽ അവനെ ഇസ്രായേൽക്കാർക്കെതിരേ ഉപയോഗിക്കാം എന്നായിരുന്നു അക്കീഷിന്റെ പ്രതീക്ഷ.

ദാവീദിന്റെ പ്രത്യേക അഭ്യർഥനപ്രകാരം സിക്ലാഗ് എന്ന ഒരു കൊച്ചുപട്ടണംതന്നെ അക്കീഷ് അവർക്കായി വിട്ടുകൊടുത്തു. ഇസ്രായേലിനും ഫിലിസ്ത്യദേശത്തിനും ഇടയിലുള്ള അതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശമായിരുന്നു അത്. അതിർത്തിപ്രദേശമായിരുന്നതുകൊണ്ട് തന്റെ ജനമായ ഇസ്രായേലിനോടുള്ള ബന്ധം മുറിയാതെ സൂക്ഷിക്കാൻ ദാവീദിനു കഴിഞ്ഞിരുന്നു.

ഇസ്രായേൽക്കാർക്കെതിരേ ഉപയോഗിക്കാം എന്ന പ്രതീക്ഷയിലാണ് അക്കീഷ് തങ്ങളെ സ്വീകരിച്ചത് എന്നറിയാമായിരുന്നതിനാൽ വളരെ കരുതലോടെയാണ് ദാവീദും സംഘവും അവിടെ ജീവിച്ചത്. താൻ ഇസ്രായേൽക്കാരുടെ ശത്രുവാണ് എന്ന ധാരണ ജനിപ്പിക്കുന്ന വിധത്തിലായിരുന്നു അവന്റെ പ്രവർത്തനങ്ങൾ. യഥാർഥത്തിൽ ഇസ്രായേലിന്റെ ശത്രുക്കളായിരുന്ന ഗഷൂര്യർ, ഗിർസ്യർ, അമലേക്യർ എന്നിവരെ ആക്രമിച്ച് നശിപ്പിക്കുന്നതിലായിരുന്നു അവന്റെ ശ്രദ്ധ. എന്നാൽ അത് ഫിലിസ്ത്യർ അറിയാതിരിക്കാൻ തോല്പിക്കപ്പെട്ടവരെ മുഴുവൻ ദാവീദ് അവിടെ വച്ചുതന്നെ കൊന്നൊടുക്കിയിരുന്നു. മാത്രമല്ല കൊള്ളമുതൽ കാഴ്ചവച്ചും തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ നല്കിയും (27,10) അവൻ അക്കീഷിനെ പ്രീതിപ്പെടുത്തിക്കൊണ്ടുമിരുന്നു.

സ്വന്തം മിടുക്കുകൊണ്ടല്ല നാം വിശുദ്ധി നേടുന്നത് എന്ന് അറിഞ്ഞിരിക്കുന്നതു നല്ലതാണ്. കരുണയോടെ അവിടന്ന് കരം പിടിക്കുന്നതുകൊണ്ടാണ് പലപ്പോഴും നാം ഇടറിവീഴാത്തത്.

നാളുകൾ കഴിയുന്തോറും അക്കീഷിന് ദാവീദിലുള്ള വിശ്വാസം വർധിച്ചുവന്നു. ഏതാണ്ട് പതിനാറു മാസങ്ങൾ പിന്നിട്ടു. അഞ്ചു ഫിലിസ്ത്യനഗരരാഷ്ട്രങ്ങളും ഒരുമിച്ച് ഇസ്രായേലിനെതിരേ ഒരു അസാധാരണ യുദ്ധത്തിന് ഒരുങ്ങി. ഫിലിസ്ത്യ അതിർത്തിയിലോ തെക്കേ ഇസ്രായേലിലോ ഉള്ള ചില മലഞ്ചെരിവുകളിൽ വച്ച് പലപ്പോഴും ഫിലിസ്ത്യർ ഇസ്രായേൽക്കാരുമായി ഏറ്റുമുട്ടിയിരുന്നെങ്കിലും, ഇത്തവണ ഇസ്രായേൽരാജ്യത്തിന്റെ മധ്യഭാഗത്തുതന്നെ തമ്പടിച്ച് അവർക്കെതിരേ അതിശക്തമായി ആഞ്ഞടിക്കാനാണ് അവർ തീരുമാനിച്ചത്. നിർണായകമായ ആ യുദ്ധത്തിന് ഫിലിസ്ത്യരാഷ്ട്രങ്ങളിലുള്ള സകലരുടെയും പിന്തുണ അവർക്ക് ആവശ്യമായിരുന്നു. യുദ്ധത്തിൽ തങ്ങളെ പിന്തുണയ്ക്കണമെന്ന് അക്കീഷ് തന്റെ വിശ്വസ്തനായ ദാവീദിനോട് അഭ്യർഥിച്ചു. ശത്രുപക്ഷത്തോടു ചേർന്ന് സ്വന്തം ജനത്തിനെതിരേ പോരാടേണ്ടിവരുക എന്ന ഒരു വിഷമഘട്ടത്തിൽ അങ്ങനെ അവൻ എത്തിച്ചേർന്നു.

യുദ്ധത്തിനുള്ള സേനാവിന്യാസം ആരംഭിച്ചു. അഞ്ചു നഗരരാഷ്ട്രങ്ങളിൽ നിന്നുമുള്ള സൈന്യങ്ങൾ അഫെക്ക് നഗരത്തിൽ ഒരുമിച്ചുകൂടി; ഇസ്രായേൽ സൈന്യം ജസ്രേലിലുള്ള നീർച്ചാലിനടുത്തും. ഫിലിസ്ത്യസൈന്യം നൂറുനൂറായും ആയിരമായിരമായും മുമ്പോട്ടുനീങ്ങി. മൂന്നുദിവസത്തെ യാത്രചെയ്ത് ദാവീദും തന്റെ സൈനികരോടൊപ്പം യുദ്ധമുഖത്തെത്തിയിരുന്നു. പോർമുഖത്ത് അക്കീഷിനോടൊപ്പം മുന്നേറുന്ന ദാവീദിനെക്കണ്ട് മറ്റു നഗരരാഷ്ട്രങ്ങളിൽ നിന്നുള്ള സൈന്യാധിപന്മാർ അമ്പരന്നു. ഹെബ്രായനായ ദാവീദ് ശത്രുപക്ഷത്തോടു ചേർന്ന് നമുക്കെതിരേ പോരാടും എന്നുപറഞ്ഞ് അവർ അക്കീഷിനോട് കോപിച്ചു. അവനെ തിരിച്ചയയ്ക്കാൻ അവർ ആവശ്യപ്പെട്ടു. ഗത്തിന്റെ പരമാധികാരം അക്കീഷിനായിരുന്നെങ്കിലും പൊതുയുദ്ധം വരുമ്പോൾ അണിനിരത്തേണ്ട സൈന്യത്തിന്റെ കാര്യത്തിൽ അവന് മറ്റു രാജാക്കന്മാരുടെ അഭിപ്രായങ്ങൾകൂടി പരിഗണിക്കേണ്ടിയിരുന്നതിനാൽ അവ

രുടെ സമ്മർദത്തിനു വഴങ്ങി ഏറെ വിഷമത്തോടെ അക്കീഷ് ദാവീദിനെ സിക്‌ലാഗിലേക്ക് തിരിച്ചയച്ചു. സ്വരാജ്യത്തിനെതിരേയും അഭിഷിക്തനെതിരേയും പോരാടുക എന്ന വൻതിന്മയിൽ നിന്ന് അവനെ രക്ഷിക്കുന്ന ദൈവപരിപാലനത്തിന്റെ ഭാഗമായിരുന്നു ഒരർഥത്തിൽ ആ തിരസ്കരണം.

യുദ്ധമുഖത്തുനിന്നു മടങ്ങിയ ദാവീദും സംഘവും സിക്‌ലാഗിൽ തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. പുരുഷന്മാർ ആരും ഇല്ലാതിരുന്ന അവസരം മുതലെടുത്ത് അമലേക്യർ സിക്‌ലാഗ് ആക്രമിച്ച് അഗ്നിക്കിരയാക്കുകയും തങ്ങളുടെ ഭാര്യമാരെയും മക്കളെയും അപഹരിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് താങ്ങാവുന്നതിനുമപ്പുറമായിരുന്നു അത്. കുപിതരായ ജനം ഇതിനെല്ലാം കാരണക്കാരൻ ദാവീദാണെന്നുപറഞ്ഞ് അവനെ കല്ലെറിയാൻ ഒരുങ്ങി. ഹൃദയംതകർന്ന ദാവീദ് കർത്താവിൽ ശരണപ്പെട്ടു. പുരോഹിതനായ അബിയാഥറിനെ വിളിച്ച് എഫോദിലൂടെ അവൻ ദൈവഹിതം ആരാഞ്ഞു. അമലേക്യരെ പിന്തുടർന്ന് അവരെ പിടികൂടാനും സ്വജനങ്ങളെ തിരിച്ചുപിടിക്കാനുമാണ് ദൈവം അവനോട് ആവശ്യപ്പെട്ടത്. അവൻ ഉടൻ തന്നെ തന്റെ അറുനൂറ് അനുചരന്മാരോടുകൂടെ അമലേക്യർക്കെതിരേ യുദ്ധത്തിനിറങ്ങി. ബസോർ നീർച്ചാലിനരികിലെത്തിയപ്പോൾ ഇരുനൂറുപേർ ക്ഷീണിച്ചവശരായി, മുന്നോട്ടുപോകാനാവാതെ അവിടെ തങ്ങി. ബാക്കി നാനൂറ് പേരോടൊത്തായിരുന്നു പിന്നീട് അവന്റെ മുന്നേറ്റം.

ഇടയ്ക്കൊരിടത്തുവച്ച് അവശനായി വഴിയിൽ കിടക്കുന്ന ഒരു ഈജിപ്തുകാരൻ അടിമയെ അവർ കണ്ടുമുട്ടി. അതിയായ കാരുണ്യത്തോടെ അവർ അവനോടു പെരുമാറി. കുടിക്കാൻ വെള്ളവും അടയും ഉണക്കമുന്തിരിയും നല്കി. സിക്‌ലാഗ് നശിപ്പിക്കാൻ വന്ന അമലേക്യരുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരു അടിമയാണ് താനെന്നും രോഗിയായതിനാൽ തന്റെ യജമാനൻ തന്നെ വഴിയിലുപേക്ഷിച്ചു പോയതാണെന്നും അവൻ വെളിപ്പെടുത്തി. അവശനായ ആ മനുഷ്യനോടുകാണിച്ച കാരുണ്യം പിന്നീടവർക്ക് ഒരനുഗ്രഹമായി മാറി. അവൻ അവരെ അമലേക്യരുടെ പാളയത്തിലേക്കു നയിച്ചു. അവിടെ തിന്നും കുടിച്ചും നൃത്തം ചെയ്തും വിഹരിക്കുകയായിരുന്ന അമലേക്യരെ ദാവീദും സംഘവും കൊന്നൊടുക്കി. അമലേ

ക്യർ പലേടങ്ങളിൽ നിന്നായി തട്ടിയെടുത്ത് സംഭരിച്ചുവച്ചിരുന്ന കൊള്ളവസ്തുക്കൾ മുഴുവൻ അവർ കൈക്കലാക്കി. ഭാര്യമാരെയും പുത്രീപുത്രന്മാരെയും വീണ്ടെടുത്തു.

സാവൂളിന്റെ പിടിയിലകപ്പെടുമെന്നു ഭയന്ന് ദീർഘനാൾ മരുഭൂമിയിലെ ഒളിയിടങ്ങളിലും ഗുഹകളിലും വസിച്ച് മനംമടുത്തിട്ടാണ് ദാവീദും അനുചരന്മാരും ഗത്തിൽ അഭയം തേടിയത്. ഗത്തിലെത്തിയതോടെ അവർക്ക് വലിയ ആശ്വാസവും പ്രതീക്ഷയും കൈവന്നു. അവിടെ അവർക്ക് നിർഭയം അന്തിയുറങ്ങാമായിരുന്നു; ഉപജീവനത്തിനുള്ള വകയും മുടക്കമില്ലാതെ ലഭിച്ചിരുന്നു. മാത്രമല്ല, ഭാര്യമാരോടും മക്കളോടുമൊത്ത് സ്വസ്ഥമായ ഒരു ജീവിതവും അവിടെ സാധ്യമായിരുന്നു. ഇതൊക്കെയായിരുന്നെങ്കിലും ഹെബ്രായരായ അവർ വാഗ്ദത്തനാടായ ഇസ്രായേൽവിട്ട് ഗത്തിൽ വാസമുറപ്പിച്ചത് ഗൗരവതരമായ ഒരു തെറ്റുതന്നെയായിരുന്നു. അധർമികളുടെയും വിഗ്രഹാരാധകരുടെയും നാട്ടിൽ സാത്താന്റെ അതിഥിയായുള്ളൊരു ജീവിതമായിരുന്നു അത്.

ദൈവം നല്കിയ ഇടം വെടിഞ്ഞ് സാത്താന്റെ ആതിഥ്യം സ്വീകരിക്കുന്നത് എന്തു ന്യായത്താലായാലും അരുതാത്തതാണ്. അവന്റെ ആതിഥ്യം അതിഹൃദ്യമായി തോന്നിയേക്കാം. സുഖകരമെന്നും സുരക്ഷിതമെന്നും തോന്നാം. പക്ഷേ, നിലനില്ക്കുന്ന നന്മയൊന്നും അവനിൽ നിന്ന് ഉണ്ടാകാറില്ല. കൊച്ചുകൊച്ചു സുഖങ്ങൾ കൊണ്ട് ഇരയെ ആകർഷിച്ച് അപകടത്തിലാക്കുകയാണ് അവന്റെ തന്ത്രം. ചെറുമീൻ കോർത്ത കൊളുത്തെറിഞ്ഞ് ചൂണ്ടക്കാരൻ വലിയ മത്സ്യങ്ങളെ പിടിക്കുന്നപോലെ. രുചിയറിഞ്ഞു തീരും മുമ്പേ മരണത്തിന്റെ കൊളുത്ത് നമ്മുടെ തൊണ്ടയിൽ കുരുങ്ങിയിട്ടുണ്ടാവും. അതുകൊണ്ട് അതിഹ്രസ്വമായ ചില സുഖങ്ങൾക്കുവേണ്ടി അവന്റെ അതിഥിയാകാതിരിക്കുന്നതാണ് ബുദ്ധി.

അക്കീഷിന്റെ സാമന്തനായി ഗത്തിലെ സിക്ലാഗിൽ കഴിഞ്ഞ നാളുകളിൽ ദാവീദ് ഏതാണ്ട് ഒരടിമയെപ്പോലെ ആയിരുന്നു എന്നതാണു സത്യം. അക്കീഷിന് അപ്രീതികരമായതൊന്നും അവൻ ചെയ്യുമായിരുന്നില്ല. ഇടയ്ക്കിടെ കാഴ്ചകൾനല്കി അവനെ പ്രസാദിപ്പിക്കും; അവനിഷ്ടമാകുന്ന രീതിയിൽ മാത്രം സംസാരിക്കും; അവനാവശ്യപ്പെട്ടാൽ അരുതാത്ത കാര്യമാണെങ്കിൽപ്പോലും ചെയ്തുകൊടുക്കും. അഭിഷിക്തനെതിരായി കരമുയർത്തില്ലെന്ന്

സ്വയം ഉരുകിത്തീരുമ്പോഴും അതിരുകളിലെവിടെയോ പിടയുന്ന ഒരുവനുവേണ്ടി ഒരിറ്റു കണ്ണീർ പൊഴിക്കാനാവുന്നത് ചെറിയ കാര്യമല്ല. സ്വന്തം മുറിവുകൾ മാത്രം സദാ ധ്യാനിച്ചു കഴിയുന്നത് മനസ്സിനെ കൂടുതൽ ഭാരപ്പെടുത്തുകയേ ഉള്ളൂ.

പലവട്ടം ശപഥം ചെയ്ത ദാവീദ് അക്കീഷിന്റെ അപ്രീതി ഭയന്ന് അഭിഷിക്തനെതിരേ പോരാട്ടത്തിന് അണിനിരന്നത് അതുകൊണ്ടാണ്.

'സാത്താന്റെ അതിഥിയാകാം, പക്ഷേ, അടിമയാകാതെ നോക്കിയാൽ മതി' എന്നതാണ് ഇന്ന് എവിടെയും മുഴങ്ങുന്ന ജ്ഞാനസൂക്തം. 'ഇടയ്ക്കിടെ എല്ലാം അല്പമാകാം, അമിതമാകാതെ സൂക്ഷിച്ചാൽ മതി' എന്നത് ഇതിന്റെ ലളിതഭാഷ്യം. വളരെ അപകടം പിടിച്ചൊരു നയമാണിത്. അല്പംനേടി തൃപ്തിയടയുന്നവനല്ലല്ലോ സാത്താൻ. അശമ്യമായ വിശപ്പാണവന്. പെരുവിരലിൽ തുടങ്ങി പിന്നെ, പതിയെപ്പതിയെ മുടിയിഴയുടെ അറ്റംവരെ അവൻ ഗ്രസിച്ചുകളയും.

അക്കീഷിന്റെ അതിഥിയായിത്തുടങ്ങി ഒടുവിൽ അവന്റെ അടിമയായിത്തീർന്ന ദാവീദിനെ കർത്താവിന്റെ കരുണയാണ് പിന്നെ വീണ്ടെടുത്തത്. കരുണയോടെ കർത്താവ് കരുതിയില്ലായിരുന്നെങ്കിൽ അഭിഷിക്തനെതിരേയുള്ള യുദ്ധത്തിൽ ഒരു മുൻനിരപ്പോരാളിയായി അവന് നില്ക്കേണ്ടിവന്നേനേ! ഫിലിസ്ത്യ പ്രഭുക്കന്മാരുടെ ഹൃദയം അവനെതിരേ തിരിച്ച് യുദ്ധമുഖത്തുനിന്ന് അവിടന്ന് അവനെ തിരിച്ചുവിളിക്കുകയായിരുന്നു. സ്വന്തം മിടുക്കുകൊണ്ടല്ല നാം വിശുദ്ധി നേടുന്നത് എന്ന് അറിഞ്ഞിരിക്കുന്നതു നല്ലതാണ്. കരുണയോടെ അവിടന്ന് കരം പിടിക്കുന്നതുകൊണ്ടാണ് പലപ്പോഴും നാം ഇടറിവീഴാത്തത്. അതിനാൽ വിശുദ്ധിയേറും തോറും അഹങ്കാരമല്ല ഋണബോധമാണ് നമ്മിൽ വർധിക്കേണ്ടത്. 'സ്നേഹത്തോടെയുള്ള കരുതലിന് കോടാനുകോടി നന്ദി' എന്നു പറഞ്ഞ് ഒരു കടക്കാരനെപ്പോലെ നാം അവിടത്തെ മുമ്പിൽ ശിരസ്സുനമിക്കണം.

അമലേക്യരുടെ ആക്രമണത്തിനിടയിലും ദൈവത്തിന്റെ കരുതലും കാവലും ഇസ്രായേൽക്കാർക്ക് ഉണ്ടായിരുന്നു എന്നതാണ് സത്യം. ആക്രമിക്കുന്നേടത്തെ സ്ത്രീകളെയും കുട്ടികളെയും കൂട്ടത്തോടെ കൊന്നൊടുക്കുകയായിരുന്നു ക്രൂരരായ അമലേക്യരുടെ

രീതി. പക്ഷേ, സിക്‌ലാഗിലെ ആക്രമണത്തിനുശേഷം അവിടെയുള്ള ഒരാളെപ്പോലും അപായപ്പെടുത്താതെ അവർകൂടെ കൊണ്ടുപോയി. ഒരു മുറിവോ ചതവോ പോലും ഏല്ക്കാതെ ഒടുവിൽ അവരെ ദാവീദ് വീണ്ടെടുക്കുകയും ചെയ്തു. ശത്രുവിന്റെ ചിന്തകളെപ്പോലും സ്വാധീനിച്ച്, പരിചയിച്ച വഴികളിൽ നിന്ന് അവരെ വ്യതിചലിപ്പിച്ച് പരിപാലനത്തിന്റെ കുടനിവർത്തുന്ന കർത്താവ് ഇവിടെ നമ്മെ വിസ്മയിപ്പിക്കുന്നു!

വഴിയിൽക്കണ്ട ഒരു ദുർബലനോട് ദാവീദ് കാണിച്ച കരുണയാണ് ഈ പരിപാലനത്തിലേക്ക് അവന് വഴിതുറന്നത് എന്നതുകൂടി ഒരു ധ്യാനവിഷയമാണ്. അടിമയായ ഒരുവനോട് അലിവുകാണിക്കേണ്ട ഒരു കാര്യവും ദാവീദിനപ്പോൾ ഉണ്ടായിരുന്നില്ല; പ്രത്യേകിച്ച് സർവവും നഷ്ടപ്പെട്ട് അതിവിവശനായി പായുന്ന സമയത്ത്. എന്നിട്ടും അവനവിടെ സ്വയം മറന്നുനിന്ന് അവശനായ അടിമയെ ആർദ്രമായി പരിചരിച്ചു. സ്വർഗം ആ പ്രവൃത്തി കാര്യമായെടുത്ത് അവനെ അനുഗ്രഹിക്കുകയും ചെയ്തു. കരുണയുടെ ഒരു നുറുങ്ങുപ്രവൃത്തിപോലും സ്വർഗം കാണാതെപോകുകയില്ല എന്ന് നാം ഓർക്കണം. സ്വയം ഉരുകിത്തീരുമ്പോഴും അതിരുകളിലെവിടെയോ പിടയുന്ന ഒരുവനുവേണ്ടി ഒരിറ്റു കണ്ണീർ പൊഴിക്കാനാവുന്നത് ചെറിയ കാര്യമല്ല. സ്വന്തം മുറിവുകൾ മാത്രം സദാ ധ്യാനിച്ചു കഴിയുന്നത് മനസ്സിനെ കൂടുതൽ ഭാരപ്പെടുത്തുകയേ ഉള്ളൂ. മുറിവേറ്റു നില്ക്കുമ്പോഴും അപരനെ കരുതാൻ കഴിഞ്ഞാൽ നമുക്കേറെ ആശ്വാസം ലഭിക്കും. അലിവാണ് ബലിയെക്കാൾ ശ്രേഷ്ഠമെന്നു കരുതുന്നവൻ അതിന് വലിയ പ്രതിഫലം നല്കി നമ്മെ ആദരിക്കുകയും ചെയ്യും.



14

മരിച്ചവർ സംസാരിക്കുമോ?

1 സാമുവൽ 28

ഫിലിസ്ത്യനഗരരാഷ്ട്രങ്ങളിൽ നിന്നുള്ള വൻസൈന്യവ്യൂഹം ഇസ്രായേലിനെതിരേ ആഞ്ഞടിക്കാൻ ജസ്രേൽതാഴ്വരയിൽ അണിനിരന്നതറിഞ്ഞ് സാവൂൾ രാജാവ് പരിഭ്രാന്തനായി. ഇസ്രായേലിന്റെ മധ്യഭാഗത്തുള്ള ജസ്രേൽ താഴ്വര തന്ത്രപരമായ സൈനിക മുന്നേറ്റത്തിന് പറ്റിയ നിർണായകമായ ഭൂപ്രദേശമായിരുന്നു. ഇസ്രായേലിനെ രണ്ടായി വെട്ടിമുറിച്ചുകൊണ്ട് അവിടെ താവളമടിച്ചിരിക്കുന്ന ഫിലിസ്ത്യരെ ഒരു മിന്നലാക്രമണത്തിലൂടെ തോല്പിക്കാൻ സാധ്യമല്ലെന്ന് സാവൂളിനു മനസ്സിലായി. അവർക്കെതിരേ നിന്നു പോരാടാൻ ഉചിതമായ ഒരു യുദ്ധസ്ഥലം തിരഞ്ഞെടുക്കാൻ അവനു കഴിഞ്ഞതുമില്ല. എങ്കിലും ജസ്രേലിൽ നിന്ന് ഏകദേശം പത്തു കിലോമീറ്റർ തെക്കുള്ള ഗിൽബോവാ കുന്നിൽ സാവൂളും സൈന്യവും പാളയമടിച്ചു.

ദൈവത്തോട് മറുതലിച്ചായിരുന്നു ഇതുവരെയുള്ള തന്റെ ജീവിതമെങ്കിലും ഇങ്ങനെയൊരു ദുർഘടഘട്ടത്തിൽ ദൈവഹിതം എന്തെന്നറിയാൻ സാവൂൾ ആഗ്രഹിച്ചു. സ്വപ്നത്തിലൂടെയോ പ്രവാചകരിലൂടെയോ ഉറീം തുമ്മീം എന്നിവ ഉപയോഗിച്ചോ ഒക്കെയാണ് ഇസ്രായേൽരാജാക്കന്മാർ സാധാരണഗതിയിൽ ദൈവഹിതം അറിഞ്ഞിരുന്നത്. ഈ രീതികളിലൂടെയൊന്നും അവന് ഒരുത്തരവും ലഭിച്ചില്ല. ഒടുവിൽ അറ്റകൈക്കെന്നപോലെ, മരിച്ചുപോയ സാമുവലിനെ വിളിച്ചുവരുത്തി ഉപദേശം തേടാൻ അവൻ തീരുമാനിച്ചു. മരിച്ചവരുടെ ആത്മാക്കളുമായി ബന്ധപ്പെട്ട് അവരിൽ നിന്ന് സന്ദേശങ്ങൾ സ്വീകരിച്ച് ആവശ്യക്കാരെ അറിയിക്കാൻ സാധിക്കുമെന്ന് അവകാശപ്പെട്ടിരുന്ന മൃതസന്ദേശവാഹക (Medium) രിൽ ഒരാളെ സമീപിക്കാനായിരുന്നു അവന്റെ ഉദ്ദേശ്യം. പക്ഷേ, മന്ത്രവാദികളെയും ആഭിചാരകന്മാരെയും അവൻ നേരത്തേ നാട്ടിൽ നിന്ന് പുറത്താക്കിയിരുന്നതിനാൽ അത് അത്ര എളുപ്പമായിരുന്നില്ല. അവിടവിടെയായി ചില മന്ത്രവാദികൾ ഉണ്ടായിരുന്നെങ്കിലും, പ്രാണഭയംകൊണ്ട് അതീവരഹസ്യമായാണ് അവർ പ്രവർത്തിച്ചിരുന്നത്. ഒടുവിൽ, ഫിലിസ്ത്യർ പാളയമടിച്ചിരുന്ന ഷുനേമിൽ നിന്ന് ഏകദേശം ആറുകിലോമീറ്റർ അകലേയുള്ള എൻദോർ എന്നസ്ഥലത്ത് ഒരു മൃതസന്ദേശവാഹികയുണ്ടെന്നറിഞ്ഞ് സാവൂൾ അങ്ങോട്ടു പുറപ്പെട്ടു. വേഷപ്രച്ഛന്നനായി രണ്ട് സഹായികളോടൊത്താണ് അവൻ അവിടെയെത്തിയത്. അവന്റെ അഭ്യർഥന പ്രകാരം മന്ത്രവിധികൾ ആരംഭിച്ച മന്ത്രവാദിനി, അപ്രതീക്ഷിതമായി തനിക്കുമുന്നിൽ പ്രത്യക്ഷപ്പെട്ട സാമുവലിനെ കണ്ട് ഭയന്നു നിലവിളിച്ചു. ഒരുപക്ഷേ, ഇങ്ങനെയൊരു കാര്യത്തിന് അവൾ ഇതിനുമുൻപ് സാക്ഷിയാകുകയോ ഇതുപോലൊരു കാര്യം സാധ്യമാണെന്ന് സ്വയം വിശ്വസിക്കുകയോ ചെയ്തിരുന്നില്ലായിരിക്കാം. ഏതായാലും സാമുവൽ അവിടെ പ്രത്യക്ഷനായെന്നും അവനുമായി സംസാരിക്കാനുള്ള അവസരം അവിടെവച്ച് സാവൂളിനു ലഭിച്ചെന്നും വേണം കരുതാൻ.

സുവാർത്തകേൾക്കാൻ ആഗ്രഹിച്ചാണ് സാവൂൾ ഈ ശ്രമം നടത്തിയതെങ്കിലും താൻ ആഗ്രഹിച്ചതിനു കടകവിരുദ്ധമായ സന്ദേശമാണ് സാമുവൽ അവനു നല്കിയത്. കർത്താവിന്റെ ഹിതം അനുസരിക്കാതെ നിരന്തരം അവിശ്വസ്തത കാട്ടിയതിനാൽ

കാലാന്തരം കൊണ്ടല്ല, മാനസാന്തരം കൊണ്ടാണ് പാപങ്ങൾ ക്ഷമിക്കപ്പെടുന്നത്. കാലമെത്ര പിന്നിട്ടാലും മനസ്സ് അതുപടി തന്നെയെങ്കിൽ ഒരിളവും ദൈവം അനുവദിക്കാറില്ല.

അനർഥങ്ങൾ അവനെ വിട്ടുപിരിയുകയില്ലെന്നും അവനും അവന്റെ പുത്രന്മാരും തൊട്ടടുത്ത നാളിൽത്തന്നെ മരണശിക്ഷ ഏറ്റുവാങ്ങുമെന്നും സാമുവൽ വെളിപ്പെടുത്തി. അതികഠിനമായ ഈ ദൂതു കേട്ട് ഭയവിവശനായ സാവൂൾ നെടുനീളത്തിൽ നിലംപതിച്ചു. അന്നുമുഴുവൻ ഭക്ഷണമൊന്നും കഴിക്കാതിരുന്നതിനാൽ ശക്തി ചോർന്ന് അവശനായ അവനുവേണ്ടി ആ മന്ത്രവാദിനി ഒരു പശുക്കിടാവിനെ കൊന്ന് ഭക്ഷണമൊരുക്കി. അവിടെ നിന്ന് അത്താഴവും കഴിച്ച് അവനും ഭൃത്യന്മാരും ആ രാത്രിയിൽത്തന്നെ തിരിച്ചു പോയി. അത് സാവൂളിന്റെ അന്ത്യഅത്താഴമായിരുന്നു!

മരിച്ചവരെ മാന്ത്രികശക്തിയാൽ തിരിച്ചു കൊണ്ടുവരാൻ സാധിക്കുമോ, മരിച്ചവരിൽ നിന്ന് ജീവിച്ചിരിക്കുന്നവർക്ക് സന്ദേശം ലഭിക്കുമോ എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് ഈ വിവരണത്തിൽ നിന്ന് നമുക്ക് ഉത്തരം ലഭിക്കുന്നില്ല. ഇതൊക്കെ സാധ്യമാണെന്ന് അക്കാലത്തു ജീവിച്ചിരുന്നവരിൽ ചിലർ വിശ്വസിച്ചിരുന്നു. ഇന്നും അങ്ങനെ വിശ്വസിക്കുന്നവരുണ്ട്. പക്ഷേ, ഇത് നിന്ദ്യവും ദൈവകല്പനയ്ക്ക് വിരുദ്ധവുമാണെന്ന് വിശുദ്ധഗ്രന്ഥം ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട് (ലേവ്യ 19:31; 20:6; 20:27; നിയ 18:10-14)

അബോധമനസ്സിന്റെ പ്രവർത്തനമാണ് പലപ്പോഴും മരിച്ചവരുടെ സന്ദേശമായി അവതരിപ്പിക്കപ്പെടുന്നത്. ചിലപ്പോൾ അത് പൈശാചിക പ്രവർത്തനവുമാകാം. പൈശാചിക ഇടപെടലിലൂടെയാണ് ഇവിടെ സാമുവൽ പ്രത്യക്ഷപ്പെട്ടത് എന്ന് നമുക്കു സ്ഥാപിക്കാൻ സാധ്യമല്ല. കാരണം, വെളിപ്പെടുത്തപ്പെട്ട കാര്യങ്ങൾ ദൈവസന്ദേശങ്ങൾ തന്നെയായിരുന്നല്ലോ. മൃതസന്ദേശവാഹികയുടെ ശക്തിയാലാണ് അതു സംഭവിച്ചത് എന്നു വിചാരിക്കാനും പ്രയാസമുണ്ട്. അവൾതന്നെ അങ്ങനെയൊരുകാര്യം പ്രതീക്ഷിച്ചിരുന്നില്ല എന്നാണല്ലോ അവളുടെ പ്രതികരണത്തിൽ നിന്ന് വ്യക്തമാകുന്നത്. അവൾ വിളിച്ചതുകൊണ്ടോ സാത്താനിടപെട്ടതുകൊണ്ടോ അല്ല, ദൈവം ആഗ്രഹിച്ചതുകൊണ്ടാണ് സാമുവൽ അവിടെ പ്രത്യക്ഷപ്പെട്ടത് എന്നു പറയാനേ നിവൃത്തിയുള്ളൂ. സ്വപ്നങ്ങളിലൂടെയും

ദർശനങ്ങളിലൂടെയും തന്റെ സന്ദേശം മനുഷ്യനെ അറിയിക്കുന്ന ദൈവം സാവൂളിന്റെ അവിശ്വസ്തതയ്ക്കുള്ള ശിക്ഷയെക്കുറിച്ച് അവനെ അറിയിക്കാൻ നിർണായകമായ ഈ അവസരം ഉപയോഗിച്ചു എന്നേ കരുതാനാകൂ[1].

ഏതാണ്ട് പത്തോ പതിനഞ്ചോ വർഷങ്ങൾക്കുമുൻപ് അമലേക്യർക്കെതിരേ നടത്തിയ യുദ്ധത്തെത്തുടർന്ന് അതികഠിനമായ ഒരു ശിക്ഷാവിധി സാവൂൾ ഏറ്റുവാങ്ങിയിരുന്നു. ഇസ്രായേലിന്റെ രാജത്വം അവനിൽ നിന്ന് വേർപെടുത്തി ഉത്തമനായ ഒരു അയല്ക്കാരനുകൊടുക്കും എന്നായിരുന്നു ആ ശിക്ഷാവിധി. പ്രവാചകനായ സാമുവലിലൂടെയാണ് ദൈവം അതവനു വെളിപ്പെടുത്തിയത്. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിനു തയ്യാറെടുക്കവേ പരിഭ്രാന്തനായ സാവൂൾ, വീണ്ടും സാമുവലിനെ കണ്ട് സന്ദേശം സ്വീകരിക്കാൻ ആഗ്രഹിക്കുന്നതിന്റെ പിന്നിൽ ഇങ്ങനെയൊരു പശ്ചാത്തലമുണ്ട്. പ്രവചനമുണ്ടായി ഒരു ദശകം പിന്നിട്ടസ്ഥിതിക്ക് ശിക്ഷാവിധിയിൽ എന്തെങ്കിലും ഇളവ് വന്നിരിക്കുമോ എന്നറിയാൻ അവൻ ആഗ്രഹിച്ചുകാണും. പക്ഷേ, ഹൃദയഭേദകമായിരുന്നു സാമുവലിന്റെ വാക്കുകൾ: "എന്നിലൂടെ അരുൾചെയ്തപോലെ കർത്താവ് പ്രവർത്തിച്ചിരിക്കുന്നു. അവിടന്ന് രാജ്യം നിന്നിൽ നിന്നെടുത്ത് നിന്റെ അയല്ക്കാരനായ ദാവീദിനു കൊടുത്തിരിക്കുന്നു" എന്നാണ് അവൻ വെളിപ്പെടുത്തിയത്.

പാപത്തിന്റെ ഫലമായ ശിക്ഷയിൽ നിന്ന് കാലാന്തരത്തിൽ നമുക്ക് ഇളവുലഭിക്കും എന്നു കരുതുന്നതു മൗഢ്യമാണ്. കാലാന്തരം കൊണ്ടല്ല, മാനസാന്തരം കൊണ്ടാണ് പാപങ്ങൾ ക്ഷമിക്കപ്പെടുന്നത്. കാലമെത്ര പിന്നിട്ടാലും മനസ്സ് അതുപടി തന്നെയെങ്കിൽ ഒരിളവും ദൈവം അനുവദിക്കാറില്ല. പക്ഷേ, മനസ്സൊന്നുരുകി അവനെ വിളിച്ച് 'മാപ്പ്' എന്നുപറഞ്ഞാൽ അണുവിടപോലും വൈകാതെ അവൻ എല്ലാം ഇളച്ചുതരും. അനുതാപത്തിന്റെ കണികപോലും സാവൂളിനുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ശിക്ഷിക്കുമോ എന്ന ഭയവും അതോർത്തുള്ള ദുഃഖവും അവനുണ്ടായിരുന്നു എന്നതുശരി. പക്ഷേ, അപരാധമോർത്ത് ഒരിറ്റു കണ്ണീർപോലും അവൻ പൊഴിച്ചില്ല. അതുകൊണ്ട് അനുതപിക്കാത്തവരോട് അനുകമ്പ കാട്ടുന്നത് അപകടമാണെന്നറിയാവുന്ന ദൈവം ഒരു വാക്കുപോലും മയപ്പെടുത്താതെ പഴയവിധിതന്നെ

ജീവിതാന്തത്തിൽ അതിവിഷാദത്തോടെ വിടപറയുന്ന ദുരന്തകഥാ പാത്രമായി മാറാതിരിക്കാൻ നമുക്ക് അതിവേഗം അനുതപിച്ച് മടങ്ങണം. കരുണ വറ്റുംമുമ്പേ അതിൽ സ്നാനമേറ്റാൽ അന്ത്യവിധി നാം ഭയപ്പെടേണ്ടതില്ല.

അവനോട് ആവർത്തിച്ചു. മാത്രമല്ല തൊട്ടടുത്തനാളിൽത്തന്നെ അവനും അവന്റെ പുത്രന്മാരും മരണമടയും എന്നുകൂടെ അവിടന്നു വെളിപ്പെടുത്തി.

അനുതപിക്കാൻ ഒരവസരം കൂടി സാവൂളിനു നല്കാമായിരുന്നില്ലേ എന്നു ചിലപ്പോൾ നാം ചോദിച്ചേക്കും. അനുതപിക്കാനുള്ള അവസരങ്ങൾ ദൈവമാർക്കും അനന്തമായി നല്കാറില്ല എന്നതാണ് അതിനുത്തരം. ചുവടിളക്കി, വളമിട്ട് വർഷങ്ങൾ കാത്തിരുന്നിട്ടും ഫലം തരുന്നില്ലെങ്കിൽ അത്തിവൃക്ഷം ചുവടോടെ വെട്ടിനീക്കപ്പെടും എന്ന് ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ടല്ലോ (ലൂക്കാ 13:9). അവിടന്ന് കരുണയുള്ളവനാണ് എന്നതു ശരിതന്നെ. പക്ഷേ, അവിടന്ന് കാരുണ്യവാൻ മാത്രമല്ലല്ലോ; നീതിമാൻ കൂടിയല്ലേ; അതുകൊണ്ട് അനീതിപൂർവം അവന് ആരോടെങ്കിലും കരുണകാണിക്കാനാവുന്നതെങ്ങനെ? "ദൈവത്തിന്റെ നീതിയുക്തമായ വിധി വെളിപ്പെടുന്ന ക്രോധത്തിന്റെ ദിനത്തിൽ അനുതപിക്കാൻ മനസ്സുകാണിക്കാത്ത കഠോരഹൃദയരെല്ലാം ശിക്ഷിക്കപ്പെടും" എന്ന് വിശുദ്ധ പൗലോസ് ഓർമിപ്പിക്കുന്നത് അതുകൊണ്ടാണ് (റോമാ 2:5).


"ഇന്നു നീ കർത്താവിന്റെ സ്വരം ശ്രവിക്കുമെങ്കിൽ നീ ഹൃദയം കഠിനമാക്കരുത്" എന്ന് വചനം പറയുന്നത് വെറുതെയല്ല. നൂറു വയസ്സുവരെ ജീവിക്കും എന്ന മട്ടിലാണ് ഇന്നു പലരും മുന്നോട്ടു പോകുന്നത്. പക്ഷേ, നൂറുപോയിട്ട് അടുത്ത നിമിഷത്തെക്കുറിച്ചു പോലും നമുക്കൊന്നും അറിയില്ല എന്നതാണ് വാസ്തവം. എത്ര കാലമാണ് നമുക്ക് അനുവദിച്ചിരിക്കുന്നത് എന്നറിയാത്തതുകൊണ്ട് എത്രയും വേഗം അനുതപിക്കുന്നതാണ് ബുദ്ധി. നാളെ നാളെ എന്ന് നീട്ടിവച്ചാൽ നാളെയെന്നൊന്ന് നമുക്കില്ലെങ്കിൽ ജീവിതം മഹാദുരന്തത്തിൽ കലാശിക്കില്ലേ!

ഈജിപ്തിലുണ്ടായ പത്തു മഹാമാരികളിലൊന്ന് തവളകൾ പെരുകിയതായിരുന്നല്ലോ. നദികളും കുളങ്ങളും വീടുകളും കൊട്ടാരവും തവളകളെക്കൊണ്ടു നിറഞ്ഞു. അടുക്കളയിൽ തവള, കിട

പ്പറയിൽ തവള, അടുപ്പിൽ തവള, മാവുകുഴയ്ക്കുന്ന പാത്രത്തിൽ തവള, സകലയിടത്തും തവള! തവളകളെക്കൊണ്ട് പൊറുതിമുട്ടി ഫറവോ മോശയെയും അഹറോനെയും വിളിപ്പിച്ചുപറഞ്ഞു, "എന്നിൽ നിന്നും എന്റെ ജനത്തിൽ നിന്നും തവകളെ അകറ്റിക്കളയുന്നതിന് കർത്താവിനോട് നിങ്ങൾ അപേക്ഷിക്കുവിൻ." മോശ ഫറവോയോടു ചോദിച്ചു, പ്രാർഥിക്കാം, പക്ഷേ, എപ്പോഴാണ് പ്രാർഥിക്കേണ്ടത്? "ഉടൻതന്നെവേണം, ഉടൻതന്നെവേണം" എന്ന് ഫറവോ ഉറക്കെ വിളിച്ചുപറയും എന്നു നാം കരുതും. പക്ഷേ, വിചിത്രമായിരുന്നു ഫറവോയുടെ പ്രതികരണം. അവൻ പറഞ്ഞു, "നാളെ പ്രാർഥിച്ചാൽ മതി". തവളകൾ ദുസ്സഹനീയമാംവിധം പെരുകി ജീവിതം ദുരിതപൂർണമാക്കിയിരിക്കുകയാണ്. എന്നിട്ടും അവൻ പറയുന്നു, 'ഇന്നത്തേക്കുകൂടി അവ അവിടെയിരിക്കട്ടെ!' പാപത്തിൽ മൂക്കറ്റം മുങ്ങി, മുഖപ്രസാദം മങ്ങി, മനശ്ശാന്തി പോയി, സർവബന്ധങ്ങളും മുറിഞ്ഞ് അസ്വസ്ഥതയുടെ നെരിപ്പോടിൽ എരിയുമ്പോഴും, ഇന്നുകൂടി ഇങ്ങനെ പോകട്ടെ, നാളെ എല്ലാം വെടിഞ്ഞു തിരിച്ചുവരാം എന്ന് മൂഢന്മാരെപ്പോലെ പുലമ്പുകയാണ് നമ്മിൽ പലരും. ദൈവകരുണയിലേക്കു മടങ്ങാൻ കാലവിളംബം വരുത്തരുതെന്നാണ് വചനം പറയുന്നത്. കാലമേറെകഴിഞ്ഞിട്ടും മടങ്ങിവരാഞ്ഞ സാവൂൾ പൊടുന്നനേ കേട്ട മരണദൂതിന്റെ മുമ്പിൽ പകച്ചുനിന്നത് നമുക്കൊരു പാഠമാണ്. ജീവിതാന്തത്തിൽ അതിവിഷാദത്തോടെ വിടപറയുന്ന ദുരന്തകഥാപാത്രമായി മാറാതിരിക്കാൻ നമുക്ക് അതിവേഗം അനുതപിച്ച് മടങ്ങണം. കരുണ വറ്റുംമുമ്പേ അതിൽ സ്നാനമേറ്റാൽ അന്ത്യവിധി നാം ഭയപ്പെടേണ്ടതില്ല.

പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, രാജവാഴ്ച, *ബൈബിൾ തീർഥാടനം,* വാല്യം 2, പേജ് 83.



15

ആത്മഹത്യയും ദയാവധവും

1 സാമുവൽ 31; 2 സാമുവൽ 1

സാവൂളിന്റെ നേതൃത്വത്തിൽ ഇസ്രായേൽ ഫിലിസ്ത്യരുമായി നടത്തിയ അവസാനയുദ്ധം അവരുടെ ചരിത്രത്തിലെ ഏറ്റവും ദൗർഭാഗ്യകരമായ യുദ്ധങ്ങളിൽ ഒന്നായിരുന്നു. യുദ്ധം തുടങ്ങുന്നതിനുമുമ്പേ ഫലം നിർണയിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പരാജയവും മരണവും തന്നെ കാത്തിരിക്കുന്നു എന്നറിഞ്ഞുകൊണ്ടുതന്നെയാണ് സാവൂൾ പടക്കളത്തിലേക്കു പോയത്. എങ്കിലും അവൻ ഉഗ്രമായി പൊരുതി; അവനോടൊപ്പം അവന്റെ സൈന്യവും. എന്നാൽ യുദ്ധം കൊടുമ്പിരിക്കൊണ്ടപ്പോൾ ഫിലിസ്ത്യശക്തിയെ ചെറുക്കാനാവാതെ അവരുടെ മനസ്സും ശരീരവും തളരാൻ തുടങ്ങി. ഗിൽബോവാക്കുന്നുകൾ കടന്ന് അവർ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. പക്ഷേ, ഫിലിസ്ത്യരുടെ ശരമുനയേറ്റ് പലരും പിടഞ്ഞുവീണു. ജോനാഥാനടക്കം സാവൂളിന്റെ മൂന്നുപുത്രന്മാരും അക്കൂട്ടത്തിൽ കൊല്ലപ്പെട്ടു.

ഇസ്രായേൽജനം പരാജയത്തിന്റെ വക്കിലാണെന്നറിഞ്ഞ ഫിലിസ്ത്യസൈന്യം രാജാവായ സാവൂളിനെ വധിച്ച് അവരെ നിശ്ശേഷം നശിപ്പിക്കാൻ ശ്രമം തുടങ്ങി. അവനു ചുറ്റുമുള്ള രക്ഷാനിര ഭേദിച്ച് അകത്തുകടന്ന അവർ അവനെ മാരകമായി മുറിവേല്പിച്ചു. മുറിവേറ്റ് മരണം കാത്ത് രണഭൂമിയിൽ കിടക്കവേ, ഫിലിസ്ത്യരുടെ കൈയിൽ ജീവനോടെ അകപ്പെട്ടാലുണ്ടായേക്കാവുന്ന പീഡനങ്ങളോർത്ത് സാവൂൾ പരിഭ്രാന്തനായി. അംഗഭംഗംവരുത്തി അവർ തന്നെ ആക്ഷേപിക്കുമെന്നും തെരുവീഥിയിലൂടെ നഗ്നനാക്കി വലിച്ചിഴയ്ക്കുമെന്നും അവൻ ഭയപ്പെട്ടു. വിജാതീയ ശത്രുക്കളുടെ കരങ്ങളാൽ വധിക്കപ്പെട്ടു എന്ന ദുഷ്കീർത്തി ഒഴിവാക്കാനാഗ്രഹിച്ച സാവൂൾ തന്റെ ആയുധവാഹകനോട് വാളൂരി തന്നെ കൊലപ്പെടുത്താൻ ആവശ്യപ്പെട്ടു. പക്ഷേ, രാജഹത്യനടത്തി, അഭിഷിക്തനെ കൊന്നുവെന്ന അപരാധമേറ്റുവാങ്ങാൻ അവൻ തയ്യാറായില്ല. ഒടുവിൽ സ്വയം തന്റെ വാളിലേക്കു വീണ് വീരചരമമടയാൻ അവൻ ശ്രമിച്ചു. സാവൂൾ മരിച്ചെന്നു കരുതിയ ആയുധവാഹകൻ സ്വയം വാളിന്മേൽ വീണ് മരണം വരിച്ചു. പരിഭ്രാന്തരായ ഇസ്രായേൽജനം തങ്ങളുടെ നഗരങ്ങൾ വിട്ട് ഓടിപ്പോയി.

സാവൂൾ മരിച്ചു എന്നുകരുതിയാണ് എല്ലാവരും ഓടിപ്പോയതെങ്കിലും, അവൻ സത്യത്തിൽ അപ്പോൾ മരിച്ചിരുന്നില്ല. വാളിന്മേൽ ഉടൽകോർത്ത് അതിഘോരമായ വേദനയോടെ മരണാസന്നനായി കിടന്നിരുന്ന സാവൂളിനെ ഒരു അമലേക്യനാണ് പിന്നീട് കൊലപ്പെടുത്തിയത്[1]. പ്രാണൻ പിരിയാതെ പിടഞ്ഞ സാവൂൾ “എന്നെക്കൊല്ലുക” എന്ന് അയാളോട് കെഞ്ചിയപ്പോളാണ് അയാൾ അങ്ങനെ ചെയ്തത്. വധിച്ചശേഷം സാവൂളിന്റെ കിരീടവും തോൾവളയും അവൻ ഊരിയെടുത്തു. അവയുമായി സിക്ലാഗിൽ താമസിച്ചിരുന്ന ദാവീദിന്റെ അടുക്കലേക്കു പോയി. ദാവീദ് ഇസ്രായേലിന്റെ അടുത്ത രാജാവാകുമെന്ന് അയാൾ വിശ്വസിച്ചിരുന്നു. തന്നെ ശത്രുവായിക്കരുതി പീഡിപ്പിച്ചിരുന്ന സാവൂളിന്റെവധം ദാവീദിനെ പ്രീതിപ്പെടുത്തുമെന്നും തനിക്ക് ഉചിതമായ പാരിതോഷികം ലഭിക്കുമെന്നും അയാൾ പ്രതീക്ഷിച്ചുകാണും. പക്ഷേ, സമ്മാനം കൊതിച്ചുവന്ന അമലേക്യന് തികച്ചും അപ്രതീക്ഷിതമായ പ്രതിഫലമാണു ലഭിച്ചത്. സാവൂളിനെ ശത്രുവായല്ല, ദൈവത്തിന്റെ അഭിഷിക്തനായ ഇസ്രായേൽരാജാവായാണ് ദാവീദ്

കണ്ടിരുന്നത്. അതിനാൽ അയാളെ വധിച്ചത് രാജ്യദ്രോഹവും ദൈവദ്രോഹവുമായി കണക്കാക്കി അവൻ അമലേക്യന് വധശിക്ഷ വിധിച്ചു.

കൊല്ലപ്പെട്ടവരുടെ വസ്ത്രമുരിയാൻ ഫിലിസ്ത്യർ പിറ്റേന്ന് പോർക്കളത്തിൽ വന്നപ്പോൾ സാവൂളും പുത്രന്മാരും ഗിൽബോവാക്കുന്നിൽ മരിച്ചുകിടക്കുന്നതു കണ്ടു. അവരുടെ തല അവർ വെട്ടിയെടുത്തു; ആയുധങ്ങൾ അഴിച്ചെടുത്തു; കബന്ധങ്ങൾ നഗരഭിത്തിയിൽ കെട്ടിത്തൂക്കി; ശിരസ്സുകൾ വിജയസ്മാരകമായി ദാഗോന്റെ ക്ഷേത്രത്തിൽ തൂക്കിയിട്ടു (1 ദിന 10.10); ആയുധങ്ങൾ അസ്താർത്തെ ദേവതകളുടെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് വിജയം ആഘോഷിച്ചു. ഫിലിസ്ത്യർ സാവൂളിനോടു ചെയ്ത കാര്യങ്ങളെക്കുറിച്ചറിഞ്ഞ യാബെഷ് ഗിലയാദിലെ യുദ്ധവീരന്മാർ ജീവൻ തൃണവൽഗണിച്ച് രാത്രിമുഴുവൻ നടന്നുവന്ന് സാവൂളിന്റെയും പുത്രന്മാരുടെയും മൃതദേഹങ്ങൾ എടുത്തുകൊണ്ടുപോയി ദഹിപ്പിച്ചു; അവരുടെ അസ്ഥികൾ യാബെഷിലെ പിചുലവൃക്ഷത്തിന്റെ ചുവട്ടിൽ സംസ്കരിച്ചു. മൃതശരീരങ്ങൾ ദഹിപ്പിക്കുകയെന്ന പതിവ് ഇസ്രായേൽക്കാരുടെ ഇടയിൽ ഇല്ലായിരുന്നു. സാവൂളിന്റെയും പുത്രന്മാരുടെയും ഭൗതികാവശിഷ്ടങ്ങൾ പിന്നീട് അവിടെനിന്ന് നീക്കം ചെയ്യാൻ ഉദ്ദേശിച്ചിരുന്നതുകൊണ്ടാവാം, അവർ മൃതശരീരങ്ങൾ ദഹിപ്പിക്കുകയും അസ്ഥികൾ സംസ്കരിക്കുകയും ചെയ്തത്. മൃതശരീരങ്ങൾ മണ്ണിൽ നിന്നുമാന്തിയെടുത്ത് നീക്കം ചെയ്യുന്നതിനെക്കാൾ സൗകര്യം, അസ്ഥികളടങ്ങുന്ന പേടകം കൊണ്ടുപോകുന്നതാണല്ലോ. പിന്നീട്, ഈ അസ്ഥികൾ പിതാക്കന്മാരുടെ ശവകുടീരങ്ങളിലേക്കു നീക്കം ചെയ്തതായി സാമുവലിന്റെ രണ്ടാം പുസ്തകത്തിൽ നാം വായിക്കുന്നു. (2 സാമു 21:12-14)[2]

സാവൂളിന്റെ മരണം ഒരു വീരമൃത്യുവായാണ് ഇസ്രായേൽക്കാർ പൊതുവേ കരുതുന്നത്. പക്ഷേ, അത് എത്രമാത്രം ശരിയാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അപരിച്ഛേദിതരുടെ കരങ്ങളാൽ വധിക്കപ്പെട്ട് അവഹേളിതനാകാതിരിക്കാൻ തന്നെ വധിക്കുക എന്നാണ് സാവൂൾ തന്റെ ആയുധവാഹകനോട് ആവശ്യപ്പെട്ടതെങ്കിലും

ഉടനടിയുള്ള മരണം അവൻ ആഗ്രഹിച്ചത് സത്യത്തിൽ അതു കൊണ്ടായിരുന്നോ എന്നു സംശയമാണ്. കാരണം, സ്വയംഹത്യ യ്ക്കു ശ്രമിച്ചു പരാജയപ്പെട്ട് ഒടുവിൽ വാൾമുനയിൽ പ്രാണൻ പിരിയാതെ പിടയുന്നനേരത്ത്, വന്ന് എന്നെ കൊല്ലുക എന്ന് അവൻ ആവശ്യപ്പെട്ടത് ഒരു അമലേക്യനോടായിരുന്നു. അമലേ ക്യർ അപരിച്ഛേദിതരായിരുന്നല്ലോ! അപ്പോൾ സാവൂൾ മരണം ആഗ്രഹിച്ചതും അതിനായി ഉദ്യമിച്ചതുമെല്ലാം ദുസ്സഹമായ വേദന യിൽ നിന്നു രക്ഷപ്പെടാൻ ആയിരുന്നുവെന്നുവേണം വിചാരി ക്കാൻ. അത്തരമൊരു പ്രവൃത്തി ന്യായീകരിക്കാവുന്നതാണെന്നും കരുതാനാവില്ല. സഹനം ദൈവഹിതമാണെങ്കിൽ അതൊഴിവാ ക്കുന്നത് പാപമാണ്, സ്വീകരിക്കുന്നതാണ് രക്ഷാകരം.

വേദനകൾക്ക് വിരാമമിടാൻ ആത്മഹത്യ, ദയാവധം തുടങ്ങിയ അപകൃഷ്ടമാർഗങ്ങൾ സ്വീകരിക്കുന്നവരുടെ സംഖ്യ ഭയജനകമാം വിധം പെരുകിക്കൊണ്ടിരിക്കുന്ന കാലമാണിത്. ആത്മഹത്യ സിവിൽ നിയമമനുസരിച്ചുതന്നെ കുറ്റകരമായ പ്രവൃത്തിയാണ് (IPC 309-ാം വകുപ്പ്). ജീവൻ പരിരക്ഷിക്കുക എന്ന സ്വാഭാവിക നിയമത്തിനു വിരുദ്ധവും ജീവിക്കാനുള്ള മനുഷ്യന്റെ പ്രകൃതിപരമായ അവകാ ശത്തിന്റെ നിരാസവുമാണ് അത്. അതിനെക്കാളുപരി, ജീവന്റെ ദാതാവ് ദൈവമായതിനാൽ ജീവനുമേലുള്ള ദൈവത്തിന്റെ അധി കാരത്തിൽ കൈകടത്തലാണ് ആത്മഹത്യ. അതുകൊണ്ട് ക്രൈ സ്തവ ദർശനത്തിൽ ഒരിക്കലും നീതിമത്കരിക്കാനാവാത്ത പാപ മാണ് അത്. ഹൈന്ദവദർശനവും ആത്മഹത്യയെ പാപമായാണ് ചിത്രീകരിക്കുന്നത്. ആത്മഹത്യയ്ക്ക് ഒരുമ്പെടുന്ന അർജുനനോട് ഭ്രാതൃഘാതകനുള്ളതിനെക്കാൾ ഘോരമായ നരകമാണ് ആത്മ ഘാതകന് എന്നാണ് ശ്രീകൃഷ്ണൻ പറയുന്നത്[3].

ആത്മഹത്യയെപ്പോലെതന്നെ അതിമാരകമായ തിന്മയാണ് ദയാവധവും. രോഗിയുടെയും ബന്ധുക്കളുടെയും വേദനയ്ക്കും സഹനത്തിനും വിരാമമിടുക എന്ന ഉദ്ദേശ്യത്തോടെ പ്രത്യക്ഷമാ യോ പരോക്ഷമായോ ജീവനുമേൽ കൈകടത്തുകയാണ് ദയാ വധത്തിൽ ചെയ്യുന്നത്. സാവൂളിന്റെ വേദനയ്ക്കറുതിവരുത്താൻ അവനെ വധിച്ച അമലേക്യന്റെ പ്രവൃത്തി ദയാവധത്തിന്റെ പരിധി യിൽവരുന്ന ഒരു തിന്മയാണ്. മാരകമായ ശിക്ഷയാണ് അവനതിന് ഏറ്റുവാങ്ങിയത്. ദയാവധത്തെപ്പറ്റിയുള്ള സഭയുടെ പഠനരേഖയിൽ

ആരുതന്നെ ആവശ്യപ്പെട്ടാലും എത്രയേറെ വേദനയുണ്ടായാലും
ജീവൻ നശിപ്പിക്കുക എന്നത് കൊടിയപാപം തന്നെയാണ്.
വേദനകൾ ഒഴിവാക്കുകയല്ല, നന്ദിയോടെ
ഏറ്റെടുക്കുകയാണു വേണ്ടത്.

ഇപ്രകാരം പറയുന്നു, "ക്രിസ്തീയാധ്യാപനമനുസരിച്ച് സഹനത്തിന്, പ്രത്യേകമായി ജീവിതത്തിന്റെ അവസാനനിമിഷങ്ങളിലെ സഹനത്തിന് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഒരു പ്രത്യേക സ്ഥാനമുണ്ട്. പിതാവിന്റെ ഇഷ്ടമനുസരിച്ച് ക്രിസ്തുനാഥനർപ്പിച്ച രക്ഷാകരമായ ബലിയിലും അവിടത്തെ പീഡാനുഭവത്തിലുമുള്ള ഭാഗഭാഗിത്വമാണത്"[4]. അതുകൊണ്ട് അതു നിരസിക്കുന്നതും മരണം അഭിലഷിക്കുന്നതും രക്ഷയുടെ തിരസ്കരണം തന്നെയാണ്. അതികഠിനമായ വേദനയനുഭവിക്കുന്ന ഘട്ടത്തിൽ ചില ആളുകൾ മരണം ആവശ്യപ്പെട്ടേക്കാം. പക്ഷേ, അതു പലപ്പോഴും അവർ മരണം ആഗ്രഹിക്കുന്നതുകൊണ്ടാകണമെന്നില്ല. കൂടുതൽ സ്നേഹത്തിനും സഹായത്തിനും കരുതലിനും വേണ്ടിയുള്ള കരച്ചിലായിരിക്കാം അത്. അതു മനസ്സിലാക്കി നാം അവർക്ക് കൂടുതൽ ഊഷ്മളമായ പരിചരണം കൊടുക്കുകയാണു വേണ്ടത്, ദയാവധത്തിന് ശ്രമിക്കുകയല്ല.

ദയാവധം പാടില്ല എന്നു പറയുമ്പോൾ അസാധാരണമായ രീതികളാൽ ജീവിതം സംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണെന്ന് സഭ അർഥമാക്കുന്നില്ല. ജീവൻ നിലനിർത്താൻ അസാധാരണ മാർഗങ്ങൾ അവംലബിക്കുന്നത് വ്യക്തിയുടെ അന്തസ്സിന് എതിരുനില്ക്കുന്നതാണ് എന്നതാണ് സഭയുടെ ദർശനം. യഹൂദമതവും ഇതിനോട് സമാനമായ നിലപാടാണ് കൈക്കൊള്ളുന്നത്. "ഹലാച്ച" എന്ന യഹൂദനിയമസംഹിതയിലെ വ്യവസ്ഥ പറയുന്നത്, ഒരുവൻ ജീവനോടെയിരിക്കാൻ ഉപയോഗിക്കുന്ന സംവിധാനങ്ങൾ, അവയില്ലെങ്കിൽ അവൻ തീർച്ചയായും മരിച്ചുപോകുമെങ്കിൽ, മാറ്റുന്നത് അനുവദനീയമാണ് എന്നാണ്. അതായത്, ഒരുവന്റെ തലയ്ക്കടിയിൽ വച്ചിട്ടുള്ള തലയണമാത്രമാണ് അവനെ മരിക്കുന്നതിൽ നിന്നു തടയുന്നതെങ്കിൽ അത് ദൂരെക്കളയുക, നാവിനടിയിലെ ഉപ്പാണെങ്കിൽ അത് എടുത്തുകളയുക"[5]. എന്നുകരുതി അസാധാരണമാർഗങ്ങൾ ഒരിക്കലും ഉപയോഗിക്കേണ്ടതില്ല എന്ന് ഇതിനർഥമില്ല.

ആരോഗ്യലബ്ധിയുടെ പ്രതീക്ഷയുള്ളപ്പോൾ അസാധാരണരീതികൾ ഉപയോഗിക്കാവുന്നതാണ്.

ജീവൻ അമൂല്യമാണെന്നും അതിന്റെ ഉടയവൻ ദൈവമാണെന്നുമുള്ള അടിസ്ഥാനബോധ്യത്തിൽ നിന്നുകൊണ്ടാണ് നാം ഇതു സംബന്ധമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. ആരുതന്നെ ആവശ്യപ്പെട്ടാലും എത്രയേറെ വേദനയുണ്ടായാലും ജീവൻ നശിപ്പിക്കുക എന്നത് കൊടിയപാപം തന്നെയാണ്. വേദനകൾ ഒഴിവാക്കുകയല്ല, നന്ദിയോടെ ഏറ്റെടുക്കുകയാണു വേണ്ടത്. വേദനയകറ്റാൻ സ്വന്തം വാളിൽ വീണ് ആത്മഹത്യയ്ക്കു മുതിർന്ന സാവൂളും "എന്നെ കൊല്ലുക" എന്ന കരച്ചിൽകേട്ട് അവനെ വധിച്ച അമലേക്യനും അരുതായ്മകളുടെ അപകൃഷ്ടമാതൃകകളാണ്. മരണംകൊണ്ട് മരണത്തെ കൊയ്ത അവരുടെ ദുർഗതി, താക്കീതുയർത്തുന്ന ദുഷിച്ച ദുഷ്ടാന്തമായി എക്കാലത്തും എണ്ണപ്പെടുക തന്നെചെയ്യും.

✷

പിൻകുറിപ്പ്

1 താനാണ് സാവൂളിനെ വധിച്ചത് എന്ന അമലേക്യന്റെ അവകാശവാദം നുണയായിരുന്നുവെന്നും സാവൂൾ സ്വയം വാളിൽ വീണ് മരിക്കുകയാണുണ്ടായതെന്നുമുള്ള വ്യാഖ്യാനം ഉണ്ടെന്നത് വിസ്മരിക്കുന്നില്ല.

2 കയ്യാലപ്പറമ്പിൽ തോമസ്, *ബൈബിളിന് ഒരു വ്യാഖ്യാനം,* വാല്യം 1 (ഏഷ്യൻ പബ്ലിഷിങ് സൊസൈറ്റി: കോട്ടയം) പേജ് 241.

3 കോയിക്കക്കുടി ജോസഫ്, *ക്രൈസ്തവധാർമികത*, KCBC സാമൂഹിക സമ്പർക്ക മാധ്യമകമ്മീഷൻ, പേജ് 20.

4 വിശ്വാസസംരക്ഷണ തിരുസംഘത്തിന്റെ ദയാവധത്തെപ്പറ്റിയുള്ള പ്രമാണരേഖ, *ക്രൈസ്തവധാർമികത*, പേജ് 48.

5 ജോർജ് മാരിയോ ബെർഗോല്ല്യോ, അബ്രാഹാം സ്കോർക്ക, *സ്വർഗത്തെയും ഭൂമിയെയുംകുറിച്ച്* (മേഘ ബുക്സ്: ചാലക്കുടി) പേജ് 105.



16

നീതിയില്ലാത്ത ചൂതാട്ടക്കാർ

2 സാമുവൽ 2; 3; 4; 5: 1 - 5

സാവൂളിന്റെ മരണത്തോടെ ദാവീദിനുനേരേയുള്ള വധഭീഷണി അവസാനിച്ചു. ഇസ്രായേലിന്റെ രാജത്വം ഏറ്റെടുക്കാൻ അവനുണ്ടായിരുന്ന പ്രധാന തടസ്സവും അതോടെ മാറി. എങ്കിലും സ്വമേധയാ രാജത്വം ഏറ്റെടുക്കാൻ അവൻ ആഗ്രഹിച്ചില്ല. പകരം, ദൈവഹിതം അന്വേഷിച്ചറിഞ്ഞു നിറവേറ്റാനാണ് അവൻ ശ്രമിച്ചത്. പുരോഹിതനായ അബിയാഥർ തന്റെ എഫോദ് ഉപയോഗിച്ച് അതിനവനെ സഹായിച്ചുകാണും. യൂദായിലെ ഹെബ്രോണിൽ പോയി വാസമുറപ്പിക്കുക എന്നതായിരുന്നു അവനു വെളിപ്പെട്ടു കിട്ടിയ ദൈവഹിതം. അതനുസരിച്ച് അവൻ കുടുംബാംഗങ്ങളോടും അനുചരന്മാരോടുമൊത്ത് ഹെബ്രോണിലേക്കു പുറപ്പെട്ടു. പൂർവപിതാക്കന്മാരുടെ ശവകുടീരം സ്ഥിതിചെയ്തിരുന്ന ഹെബ്രോൺ (ഉത്പ 23:19, 35:27) യൂദാ ഗോത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നഗരമായിരുന്നു. അവിടെവച്ച് യൂദാഗോത്രക്കാർ ചേർന്ന് ദാവീദിനെ

രാജാവായി അഭിഷേകം ചെയ്തു. എന്നാൽ മറ്റു ഗോത്രക്കാർ അവന്റെ രാജത്വം അംഗീകരിച്ചില്ല. സാവൂളിന്റെ സൈന്യാധിപനായിരുന്ന അബ്നേർ സാവൂളിന്റെ പുത്രനായ ഇഷ്ബോഷെത്തിനെ ഇതര ഗോത്രക്കാരുടെ രാജാവായി അവരോധിച്ചു. സത്യത്തിൽ ഇഷ്ബോഷെത്ത് പേരിൽ മാത്രമായിരുന്നു രാജാവ്. യഥാർഥ അധികാരം കൈയാളിയിരുന്നത് അബ്നേർ ആയിരുന്നു.

ഇഷ്ബോഷെത്തിന്റെ അവരോധത്തോടെ ഇസ്രായേലിൽ രണ്ട് രാജാക്കന്മാർ ഉണ്ടായി. ദാവീദിനെ രാജാവാക്കിയ യൂദാഗോത്രത്തെ മുഴുവൻ കലാപകാരികളായി കണക്കാക്കി അബ്നേറിന്റെ നേതൃത്വത്തിലുള്ള ഇതര ഗോത്രങ്ങൾ (ഉത്തര ഇസ്രായേൽ) അവർക്കെതിരേ സംഘടിച്ചു. അങ്ങനെ ഇരുപക്ഷവും തമ്മിൽ യുദ്ധമാരംഭിച്ചു. ദാവീദിന്റെ സഹോദരിയായ സെരൂയയുടെ മകൻ യോവാബായിരുന്നു ദാവീദിന്റെ സൈന്യാധിപൻ; അബ്നേർ ഉത്തര ഇസ്രായേലിന്റെയും. ഇരുഭാഗങ്ങളും തമ്മിലുള്ള സംഘട്ടനത്തിനിടയ്ക്ക് അബ്നേർ യോവാബിന്റെ സഹോദരനായ അസഹേലിനെ കൊലപ്പെടുത്തി. ഇത് യോവാബും അബ്നേറും തമ്മിലുള്ള ശത്രുത ആഴപ്പെടുത്തി. ഏതുവിധേനയും അബ്നേറിനെ കൊലപ്പെടുത്തണമെന്നായിരുന്നു പിന്നീട് യോവാബിന്റെ ചിന്ത.

അങ്ങനെയിരിക്കേ, അബ്നേറും ഇഷ്ബോഷെത്തും തമ്മിൽ കലഹത്തിലായി. സാവൂളിന്റെ ഉപനാരിയായ റിസ്പായെ അബ്നേർ സ്വന്തമാക്കാൻ ശ്രമിച്ചതായിരുന്നു കാരണം. അതിനു പിന്നിൽ രാഷ്ട്രീയമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. മരിച്ച രാജാവിന്റെ ഭാര്യയെ പരിഗ്രഹിക്കുന്നത് സിംഹാസനത്തിനുമേൽ അവകാശം സ്ഥാപിക്കുന്നതിനുള്ള മാർഗമായിരുന്നു (2 സാമു 16:20-23, 1 രാജാ 2:22). റിസ്പായെ സ്വന്തമാക്കുകവഴി ഇഷ്ബോഷെത്തിനെ പുറംതള്ളി രാജസ്ഥാനം കൈക്കലാക്കാനുള്ള അബ്നേറിന്റെ മോഹമാണ് വെളിപ്പെട്ടത്. ഇതു മനസ്സിലാക്കിയ ഇഷ്ബോഷെത്ത് അബ്നേറിനോടു കയർത്തു. തന്റെ പദ്ധതി വിജയിക്കുകയില്ലെന്നു മനസ്സിലാക്കിയ അബ്നേർ ഇഷ്ബോഷെത്തിനെ ഉപേക്ഷിച്ച് ദാവീദുമായി സഖ്യം ചെയ്യാൻ തീരുമാനിച്ചു. ഇസ്രായേൽ മുഴുവന്റെയും രാജാവാകാൻ ദാവീദിനെ താൻ സഹായിക്കാം എന്ന് അവൻ വാഗ്ദാനം ചെയ്തു. സന്ധിയുറപ്പിക്കുന്നതിനു

കുടിലചിന്തകൊണ്ട് അധികകാലം ആർക്കും പിടിച്ചുനില്ക്കാനാകില്ല.
കുതന്ത്രം കൊണ്ട് ഒന്നും എന്നേക്കും വെട്ടിപ്പിടിക്കാനുമാവില്ല.
നീതിയോടെ നേടുന്ന അല്പമാണ് കള്ളച്ചൂതിലൂടെ
നേടുന്ന അധികത്തെക്കാൾ മെച്ചം.

മുമ്പ്, തന്റെ ഭാര്യയായിരുന്ന മിഖാലിനെ (സാവൂളിന്റെ മകൾ) തിരിച്ചുകിട്ടണം എന്നൊരു നിബന്ധന ദാവീദ് അവനു മുമ്പിൽ വച്ചു. മിഖാലിനോടുള്ള സ്നേഹമല്ല, രാഷ്ട്രീയ ലക്ഷ്യമായിരുന്നു ഈ വ്യവസ്ഥയുടെ പിന്നിലുണ്ടായിരുന്നത്. സാവൂളിന്റെ മകളെ തന്റെ ഭാര്യയായി വീണ്ടും ലഭിക്കുന്നതു വഴി, ഇസ്രായേൽ ജനങ്ങളുടെ പിന്തുണയും രാജാവാകാനുള്ള അവകാശവും തനിക്കു ലഭിക്കുമെന്ന് ദാവീദിനറിയാമായിരുന്നു[1]. ദാവീദ് സാവൂളിൽ നിന്ന് ഒളിച്ചോടി പ്രവാസിയായിക്കഴിയുന്ന സമയത്ത് സാവൂൾ അവളെ ഫൽതിയേൽ എന്നയാൾക്ക് വിവാഹം ചെയ്തുകൊടുത്തിരുന്നു (1 സാമു. 25:44). അയാൾ അവളെ ഗാഢമായി സ്നേഹിക്കുകയും ചെയ്തിരുന്നു. ദാവീദ് ആവശ്യപ്പെട്ടപ്രകാരം മിഖാലിനെ ഫൽതിയേലിൽനിന്നു വേർപെടുത്തി വീണ്ടും അവനു നല്കാൻ അബ്നേർ സഹകരിച്ചു. മാത്രമല്ല, നയപരമായ നീക്കങ്ങളിലൂടെ ദാവീദിനുവേണ്ടി ഇസ്രായേൽ ശ്രേഷ്ഠന്മാരുടെ പിന്തുണയും അയാൾ സമ്പാദിച്ചു. തുടർന്ന് ഹെബ്രോണിൽ ചെന്ന് അയാൾ ദാവീദുമായി സമാധാന ഉടമ്പടി ഉറപ്പിച്ചു. ദാവീദ് അബ്നേറുമായി സമാധാനസന്ധി ചെയ്തത് യോവാബിന് ഇഷ്ടമായില്ല. തന്റെ സഹോദരന്റെ ഘാതകനാണ് അബ്നേർ എന്നതു മാത്രമായിരുന്നില്ല അതിനുകാരണം. അബ്നേർ ദാവീദിനോടു ചേർന്നാൽ തന്റെ സൈന്യാധിപസ്ഥാനം നഷ്ടപ്പെടുമെന്ന് അയാൾ ഭയന്നിരുന്നു. അയാൾ ഉടൻതന്നെ തന്റെ സേവകരെവിട്ട് അബ്നേറിനെ വിളിപ്പിച്ച് അവനെ ചതിയിൽ കൊന്നുകളഞ്ഞു. അബ്നേർ തന്റെ സഹോദരനെ കൊലപ്പെടുത്തിയ അതേരീതിയിൽ വയറുപിളർത്തിയാണ് യോവാബും അവനെ കൊലപ്പെടുത്തിയത്.

ഉത്തരഇസ്രായേലിന്റെ ഉരുക്കുമനുഷ്യനായ അബ്നേറിന്റെ കൊലപാതകം ഇസ്രായേലിന്റെ ഏകീകരണത്തിന് വലിയ തിരിച്ചടിയായിരുന്നു. വടക്കൻ ഗോത്രങ്ങളുടെ പ്രതിനിധിയെ ദാവീദിന്റെ സൈന്യാധിപൻ രാജകൊട്ടാരത്തിന്റെ പടിവാതില്ക്കൽ

വച്ചു വധിച്ചത് ദാവീദിന്റെ അറിവും സമ്മതവും കൂടാതെയാണെന്നു വിശ്വസിക്കുക എളുപ്പമായിരുന്നില്ല. തന്റെ നിരപരാധിത്വം തെളിയിക്കാൻ ദാവീദിന് നന്നേ പണിപ്പെടേണ്ടിവന്നു. യോവാബിന്റെ കുടുംബത്തിന്റെ മേൽ ശാപവർഷം ചൊരിഞ്ഞും പരസ്യമായ ദുഃഖാചരണം നടത്തിയും ദിവസം മുഴുവൻ ഉപവസിച്ചും രാജകീയ ബഹുമതികളോടെ മൃതശരീരം സംസ്കരിച്ചുമെല്ലാം തന്റെ നിരപരാധിത്വം വെളിപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചു. ഒരേ സമയം ആത്മാർഥവും തന്ത്രപരവുമായിരുന്നു ഈ പ്രവൃത്തികളെല്ലാം.

അബ്നേറിന്റെ അപ്രതീക്ഷിതമായ മരണം ഇഷ്ബോഷെത്തിനെ കൂടുതൽ നഷ്ടധൈര്യനാക്കി. എങ്കിലും അവൻ രാജസ്ഥാനം ഉപേക്ഷിക്കാൻ തയ്യാറായില്ല. അബ്നേർ വഴി ദാവീദുരാജാവിന് പിന്തുണ പ്രഖ്യാപിച്ചിരുന്ന ജനങ്ങൾ ആശയക്കുഴപ്പത്തിലായി. ഈ പ്രതിസന്ധി പരിഹരിക്കാൻ ഇഷ്ബോഷെത്തിന്റെ രണ്ട് പടത്തലവന്മാർ മുമ്പോട്ടുവന്നു. അവർ ഇഷ്ബോഷെത്തിന്റെ ഉറക്കറയിൽ പ്രവേശിച്ച് നിദ്രയിലാണ്ടിരുന്ന അവനെ വെട്ടിക്കൊലപ്പെടുത്തി; അവന്റെ ശിരസ്സറുത്ത് ദാവീദിനു കാഴ്ച വച്ചു. ഇഷ്ബോഷെത്തിന്റെ മരണം ദാവീദിനെ പ്രസാദിപ്പിക്കും എന്നായിരുന്നു അവരുടെ പ്രതീക്ഷ. പക്ഷേ, ദാവീദ് അത്യന്തം കുപിതനാകുകയാണു ചെയ്തത്. “സ്വഭവനത്തിൽ ഉറങ്ങിക്കിടന്ന ഒരു നീതിമാനെ കൊന്നുകളഞ്ഞ ദുഷ്ടന്മാർ'' എന്നുവിളിച്ച് അവൻ അവർക്ക് വധശിക്ഷ വിധിച്ചു. പിന്നീട് ഇഷ്ബോഷെത്തിന്റെ ശിരസ്സ് ഹെബ്രോണിൽ അബ്നേറിന്റെ കല്ലറയിൽ അടക്കം ചെയ്തു.

ഇഷ്ബോഷെത്തിന്റെ മരണത്തോടെ ദാവീദിന്റെ മുമ്പിലുള്ള പ്രതിബന്ധങ്ങളെല്ലാം അവസാനിച്ചു. സമ്പൂർണ ഇസ്രായേലിന്റെ രാജാവാകാനുള്ള സന്ദർഭം വന്നുചേർന്നു. ഇസ്രായേലിലെ ശ്രേഷ്ഠന്മാർ ഹെബ്രോണിൽ സമ്മേളിച്ച് ദാവീദുമായി സന്ധി ചെയ്തു. മൂന്നു കാരണങ്ങളാണ് സന്ധിചെയ്യുന്നതിന് ഉപോദ്ബലകമായി അവർ ചൂണ്ടിക്കാണിച്ചത്. ഒന്ന്, ദാവീദിന് അവരുമായി രക്തബന്ധമുണ്ട്. രണ്ട്, സാവൂളിന്റെ സൈന്യാധിപനെന്ന നിലയിൽ അദ്ദേഹം അവരെ നയിക്കുകയും കഴിവു തെളിയിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന്, രാജത്വം സംബന്ധിച്ച ദൈവികവാഗ്ദാനം അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്.

അങ്ങനെ തന്നിൽനിന്നു വിഘടിച്ചു നിന്നിരുന്ന പതിനൊന്നു ഗോത്രങ്ങളുമായി ദാവീദ് ഉടമ്പടി ഉറപ്പിച്ചതോടെ ഇസ്രായേലിലെ ആഭ്യന്തര കലാപങ്ങളെല്ലാം അവസാനിച്ചു. ജനം വീണ്ടും ഒറ്റക്കെട്ടായി. ഏകഭരണാധികാരിയുടെ കീഴിൽ അവിഭക്ത ഇസ്രായേൽ രാജ്യം രൂപംകൊണ്ടു.

രാഷ്ട്രീയമായ ഒട്ടനവധി ചതുരംഗക്കളികളും ചതിപ്രയോഗങ്ങളും നിറഞ്ഞുനില്ക്കുന്ന ഒരു ചരിത്രമാണ് ഇവിടെ ചിന്താവിഷയമായിവരുന്നത്. സാവൂളിനുശേഷം ആരാണ് രാജാവ് എന്നതിന്, ദാവീദ് എന്നായിരുന്നു ദൈവത്തിന്റെ ഉത്തരം. പക്ഷേ, ആ ദൈവികപദ്ധതി പൂർത്തിയാകുന്നതിനുമുമ്പ് ഒരുപാട് കടമ്പകൾ കടക്കേണ്ടിയിരുന്നു. പലതും അധികാരമോഹികളായ ചില മനുഷ്യരുടെ കുത്സിതപ്രവൃത്തികളിലൂടെ രൂപപ്പെട്ടവയായിരുന്നു. സാവൂളിന്റെ സൈന്യാധിപനായിരുന്ന അബ്നേർ ആയിരുന്നു അധികാരമോഹികളിൽ പ്രധാനി. അടുത്തരാജാവായി കർത്താവ് അഭിഷേകം ചെയ്തിരിക്കുന്നത് ദാവീദിനെയാണെന്ന് അറിയാത്തവനായിരുന്നില്ല അബ്നേർ. എന്നിട്ടും അവൻ അതിനു വിഘാതമായി നിന്നു. ദാവീദിനു ബദലായി അവൻ ഇഷ്ബോഷെത്തിനെ അവരോധിക്കുകയും പിന്നെ ഇഷ്ബോഷെത്തിനെ പിന്തള്ളി സ്വയം രാജാവാകാൻ ശ്രമിക്കുകയും ചെയ്തു. ഏഴരവർഷക്കാലം ദാവീദിന്റെ അധികാരം യൂദാഗോത്രത്തിൽ മാത്രമായി പരിമിതപ്പെട്ടത് അബ്നേറിന്റെ കുടിലതന്ത്രങ്ങൾ മൂലമായിരുന്നു. ഒടുവിൽ, തന്റെ ശ്രമങ്ങൾ പരാജയപ്പെടുമെന്നുറപ്പായപ്പോൾ അവൻ ദാവീദിന്റെ പക്ഷംചേരാൻ തുടങ്ങി. ദാവീദിനെ രാജാവായി ഉയർത്തുകയാണ് തന്റെ ലക്ഷ്യമെന്നു പറഞ്ഞാണ് അവൻ ദാവീദിനോടു ചേർന്നതെങ്കിലും സ്വാർഥമോഹങ്ങൾ തന്നെയാണ് അപ്പോഴും അവനെ നയിച്ചിരുന്നത്. സമ്പത്തും സ്ഥാനമാനങ്ങളും നേടാൻ അധാർമികതയുടെ ഏതറ്റംവരെയും പോകാൻ അവന് മടിയില്ലായിരുന്നു. ആരെ തകർത്തിട്ടായാലും, ദൈവേഷ്ടം തകിടംമറിച്ചുകൊണ്ടായാലും ചുവടുറപ്പിക്കാൻ ഒരിടം കണ്ടെത്തുകയായിരുന്നു അവന്റെ ഏകലക്ഷ്യം. സത്യനീതിധർമങ്ങളൊന്നും അവനൊരു വിഷയമേ ആയിരുന്നില്ല. ദുർമോഹത്തിന്റെ അധമവഴികളിലൂടെ ചരിച്ച അവന്, പക്ഷേ, ഏറെച്ചെല്ലുംമുൻപ് മറ്റൊരധർമിയുടെ കൈകളാൽ ദുർമൃതിയടയേണ്ടിവന്നു എന്നതാണ് ചരിത്രം.

സാമ്രാജ്യം ഉയർത്തേണ്ടത് നിരപരാധരുടെ ജീവിതം ഹോമിച്ചല്ല, സ്വജീവിതം ബലിയായർപ്പിച്ചാണ് എന്നതാണ് അധികാരകാമികൾ നെഞ്ചിലേറ്റേണ്ട നീതിശാസ്ത്രം.

അധികാരമോഹത്തെ തൃപ്തിപ്പെടുത്താൻ കുതന്ത്രങ്ങൾ മെനഞ്ഞ അബ്നേറിന്റെ ജീവിതം പാതിവഴിയിൽ അതിദാരുണമായി തകർന്നടിഞ്ഞത് സകലദുർമോഹികൾക്കും പാഠമാകേണ്ടതാണ്. കുടിലചിന്തകൊണ്ട് അധികകാലം ആർക്കും പിടിച്ചുനില്ക്കാനാകില്ല. കുതന്ത്രം കൊണ്ട് ഒന്നും എന്നേക്കും വെട്ടിപ്പിടിക്കാനുമാവില്ല. നീതിയോടെ നേടുന്ന അല്പമാണ് കള്ളച്ചൂതിലൂടെ നേടുന്ന അധികത്തെക്കാൾ മെച്ചം.

നീതിബോധം ലവലേശമില്ലാതുള്ള എത്രയെത്ര ചൂതാട്ടങ്ങൾക്കാണ് ഇക്കാലത്ത് നാം സാക്ഷികളാകുന്നത്! കുടില നീക്കങ്ങളിലൂടെ വെട്ടിക്കയറി, കളംപിടിച്ചടക്കി, വിജയം നേടാൻ മാത്രം ശ്രമിക്കുന്ന രാഷ്ട്രീയചൂതാട്ടക്കാർ അറപ്പുളവാക്കുംവിധം നമുക്കുമുമ്പിൽ നഗ്നവിളയാട്ടം നടത്തിക്കൊണ്ടിരിക്കുന്നു. അവരുടെ കളിക്കിടയിൽ വെട്ടിനീക്കപ്പെടുന്ന കരുക്കൾ നിരവധിയാണ്. ആ പതിതർക്കായി വാദിക്കാനാകട്ടെ, ആളുകൾ തീരെ ചുരുക്കവും. ആരെങ്കിലും മുമ്പോട്ടുവന്നാൽത്തന്നെ, അവർ വസ്തുതാബോധമില്ലാത്ത മൂഢരെന്ന് അപഹസിക്കപ്പെടുന്നു. "കളിക്കിടയിൽ വെട്ടിനിരത്തൽ സ്വാഭാവികം; വിദഗ്ധർ അവിദഗ്ധന്റെ മേൽ വിജയം വരിക്കും; മിടുക്കൻ എപ്പോഴും ജയിക്കും; ഇതു കഴിവിന്റെയും വൈദഗ്ധ്യത്തിന്റെയും പരീക്ഷണം മാത്രമാണ്; ഇവിടെ ശരിതെറ്റുകൾക്ക് പ്രസക്തിയില്ല'' എന്ന് മഹാഭാരതത്തിലെ ശകുനിയെപ്പോലെ ന്യായം നിരത്തി മുന്നേറുകയാണ് ചതുരംഗവിദഗ്ധർ.

അബ്നേർ മാത്രമല്ല, ദാവീദും യോവാബും ഇഷ്ബോഷെത്തും പടത്തലവന്മാരുമെല്ലാം ഒരു തരത്തിൽ ചതുരംഗബുദ്ധിയോടെ കരുനീക്കി കളംപിടിച്ചടക്കാൻ നോക്കിയവരാണ്. അതിനിടയിൽ ചൂഷിതരാകുകയോ തകർക്കപ്പെടുകയോ ചെയ്ത നിരവധി നിരപരാധജന്മങ്ങളുണ്ട്. മിഖാലും ഫൽതിയേലും റിസ്പായുമൊക്കെ ആ പട്ടികയിൽ വരും. തങ്ങളുടെ രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി ചൂതാട്ടവിദഗ്ധർ അവരുടെ ജീവിതങ്ങൾ ഉപയോ

ഗിച്ചു. രാജാധികാരം ഉറപ്പിക്കാൻ അബ്നേർ റിസ്പായെ പരിഗ്രഹിച്ചു. അതേ ലക്ഷ്യത്തോടെ തന്നെ മിഖാലിന്റെ രണ്ടാം ഭർത്താവായ ഫൽതിയേലിന്റെ വികാരങ്ങൾ തെല്ലും മാനിക്കാതെ ദാവീദ് അവളെ അവനിൽ നിന്ന് വേർപെടുത്തി. ചൂതാട്ടബുദ്ധി കൊണ്ടല്ലാതെ ഏതു നീതിപീഠത്തിന്റെ മുമ്പിലാണ് ഈ പ്രവൃത്തികൾ നമുക്ക് ന്യായീകരിക്കാനാവുക?

സാമ്രാജ്യം ഉയർത്തേണ്ടത് നിരപരാധരുടെ ജീവിതം ഹോമിച്ചല്ല, സ്വജീവിതം ബലിയായർപ്പിച്ചാണ് എന്നതാണ് അധികാരകാമികൾ നെഞ്ചിലേറ്റേണ്ട നീതിശാസ്ത്രം. ദാവീദും അബ്നേറുമെല്ലാം മരിച്ച് കാലമേറെക്കഴിഞ്ഞിട്ടും ആരും ഈ നീതിശാസ്ത്രം ഏറ്റെടുക്കുന്നില്ല എന്നത് നമ്മെ നൊമ്പരപ്പെടുത്തുന്നു. ആത്മയാഗത്തിന്റെ ബലിക്കല്ലിൽ സ്നേഹസാമ്രാജ്യം പടുത്തുയർത്തിയ ക്രിസ്തുവിന്റെ ദർശനം വിസ്മരിക്കപ്പെടുകയും ചൂതാട്ടക്കാരുടെ പഴയപ്രത്യയശാസ്ത്രം തന്നെ ആദരിക്കപ്പെടുകയും ചെയ്യുന്ന ഈ ദുരവസ്ഥയ്ക്ക് ഒരു മാറ്റം വന്നേ മതിയാകൂ. ക്രിസ്തുവിനെ നെഞ്ചിലേറ്റുന്നവർ പതറി പിൻമാറാതെ ഉണർന്നു മുന്നേറുകയാണ് ഇതിനൊരു പ്രതിവിധി. ഉള്ളിൽ ക്രിസ്തുവുള്ളവർ അരങ്ങുവിട്ടുനിന്നാൽ, ഉള്ളിൽ കൗടില്യമുള്ളവർ അരങ്ങു വാഴുകതന്നെ ചെയ്യും. അതാണിതുവരെ സംഭവിച്ചത്. അതിനിയും സംഭവിക്കാതിരിക്കാൻ ക്രിസ്തുദാസന്മാർ പറയുടെ അടിയിൽ നിന്ന് വിളക്കുകൾ പുറത്തെടുത്ത് മേശമേൽ വയ്ക്കട്ടെ.

പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, രാജവാഴ്ച, *ബൈബിൾ തീർഥാടനം*, വാല്യം 2, പേജ് 98.



17

അമിതബുദ്ധിയുടെ മറക്കുട മാറ്റാം

2 സാമുവൽ 5: 6- 25

അവിഭക്ത ഇസ്രായേലിന്റെ രാജാവായി സ്ഥാനമേറ്റ ദാവീദ് ആദ്യം ശ്രമിച്ചത് രാജ്യത്തിന് ഒരു പുതിയ തലസ്ഥാനം കണ്ടെത്താനാണ്. യൂദാഗോത്രത്തിന്റെ മാത്രം രാജാവായിരുന്ന കാലത്ത് ഹെബ്രോണിലാണ് അദ്ദേഹം താമസിച്ചിരുന്നത്. പക്ഷേ, ഏകീകൃതഇസ്രായേലിന്റെ സിരാകേന്ദ്രമാകാൻ ഹെബ്രോൺ പറ്റിയ സ്ഥലമായിരുന്നില്ല. ഒന്നാമതായി, അത് രാജ്യത്തിന്റെ മധ്യഭാഗത്തായിരുന്നില്ല. കൂടാതെ, അതൊരു സുരക്ഷിതനഗരവുമായിരുന്നില്ല. തെക്കുള്ളവർക്കും വടക്കുള്ളവർക്കും സ്വീകാര്യമായതും സുരക്ഷിതവും ഇസ്രായേൽദേശത്തിന്റെ കേന്ദ്രഭാഗത്തുള്ളതുമായ ഒരു സ്ഥലം തലസ്ഥാനനഗരിയാക്കാനാണ് ദാവീദ് ആഗ്രഹിച്ചത്. ജറുസലേം ഈ സവിശേഷതകളെല്ലാമുള്ള ഒരു പട്ടണമായിരുന്നു.

കാനാൻകാരിൽപ്പെട്ട ജബൂസ്യരായിരുന്നു അക്കാലത്ത് ജറുസലേം കൈയടക്കിയിരുന്നത്. പട്ടണത്തിന്റെ മൂന്നുവശവും കീഴ്ക്കാംതൂക്കായ പാറക്കെട്ടുകളും ഒരുവശത്ത് കനത്തമതിലും ഉണ്ടായിരുന്നതിനാൽ അത്, പിടിച്ചെടുക്കാൻ പറ്റാത്തവിധം അപ്രവേശ്യമായി കരുതപ്പെട്ടിരുന്നു. അതുകൊണ്ട് അതിനെ സംരക്ഷിക്കാൻ അന്ധരും മുടന്തരും മതി എന്ന് ജബൂസ്യർ വീമ്പിളക്കുമായിരുന്നു. പക്ഷേ, തന്റെ ധീരവും തന്ത്രപരവുമായ നീക്കത്തിലൂടെ ദാവീദ് ജറുസലേം കീഴടക്കി. നഗരം കീഴടക്കിയെങ്കിലും നഗരവാസികളായ ജബൂസ്യരെ അദ്ദേഹം ഉന്മൂലനം ചെയ്തില്ല. അവരെ അവിടെത്തന്നെ വസിക്കാൻ അനുവദിച്ചു (2 സാമു 24:18).

ദാവീദ് പിടിച്ചടക്കി തലസ്ഥാനമാക്കിയ നഗരം എന്ന നിലയിൽ ജറുസലേമിനെ ദാവീദിന്റെ നഗരം എന്നു വിളിക്കാറുണ്ട്. സിയോൻ അഥവാ സെഹിയോൻ എന്ന പേരും ജറുസലേമിന്റെ പര്യായമായി ചില സ്ഥലങ്ങളിൽ ഉപയോഗിച്ചുകാണുന്നു. വാസ്തവത്തിൽ ജറുസലേംനഗരം സ്ഥിതിചെയ്തിരുന്ന കുന്നിന്റെ ഏറ്റവും ഉയർന്ന ഭാഗമാണ് സിയോൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. അവിടെയായിരുന്നു ജബൂസ്യരുടെ കോട്ട. ജബൂസ്യരിൽ നിന്നു പിടിച്ചെടുത്ത സിയോൻകോട്ടയിലാണ് ദാവീദ് ആദ്യം വാസമുറപ്പിച്ചത്. പിന്നീട് ടയിർ രാജാവായ ഹീരാമിന്റെ സഹായത്തോടെ അദ്ദേഹം പുതിയ കൊട്ടാരം പണികഴിപ്പിച്ചു. കാനാൻദേശത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തുള്ള ഒരു തുറമുഖ നഗരമായിരുന്നു ടയിർ. ദേവദാരുവൃക്ഷങ്ങൾ നിറഞ്ഞ ലെബനോൻ കാടുകൾ അക്കാലത്ത് ടയിറിന്റെ ആധിപത്യത്തിലായിരുന്നു. വിദഗ്ധരായ ശില്പികളും അവിടെ ഉണ്ടായിരുന്നു. ദാവീദുമായി സഖ്യത്തിലായിരുന്നതുകൊണ്ട് ടയിർരാജാവായ ഹീരാം കൊട്ടാരനിർമിതിക്കാവശ്യമായ ദേവദാരുവൃക്ഷങ്ങളും വിദഗ്ധ ശില്പികളുടെ സേവനങ്ങളും നല്കി അദ്ദേഹത്തെ നിർലോപം സഹായിച്ചു.

ദാവീദിന്റെ ആധിപത്യം സമ്പൂർണഇസ്രായേലിലേക്ക് വ്യാപിച്ചതും അദ്ദേഹം അടിക്കടി ശക്തിപ്പെടുന്നതും കണ്ട് ഫിലിസ്ത്യർ അസ്വസ്ഥരായി. എത്രയും വേഗം ഉന്മൂലനം ചെയ്യേണ്ട ഒരു ശത്രുവായി അവർ ദാവീദിനെ കണ്ടു. അവർ ഒന്നടങ്കം ദാവീദിനെതിരേ പുറപ്പെട്ട് റഫായിം താഴ്വരയിൽ പാളയമടിച്ചു. ദാവീദിനെ സംബ

ബുദ്ധിയിലൂന്നി അതിസാമർത്ഥ്യം കാട്ടുന്ന പലർക്കും പിടികിട്ടാതെ
പോകുന്ന ചില ജ്ഞാനസർഗങ്ങളുണ്ട്. ബുദ്ധിക്കുമപ്പുറം
ചില മണ്ഡലങ്ങളുണ്ടെന്നറിയുന്നവർക്കേ അതു മനസ്സിലാക്കാനാവൂ.

ഡിച്ചേടത്തോളം ഏറെ നിർണായകമായിരുന്നു ആ സന്ദർഭം. തന്റെ രാജത്വം മാത്രമല്ല, ഇസ്രായേലിന്റെ ഐക്യവും നിലനില്പുതന്നെയും അപകടത്തിലായിരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. എന്തുചെയ്യണമെന്നറിയാനായി അദ്ദേഹം ദൈവഹിതമാരാഞ്ഞു. ഫിലിസ്ത്യരെ കർത്താവ് തന്റെ കൈയിൽ ഏല്പിക്കും എന്നായിരുന്നു അദ്ദേഹത്തിനു കിട്ടിയ ഉറപ്പ്. പിന്നെ മറ്റൊന്നും ആലോചിച്ചില്ല. ദാവീദ് യുദ്ധത്തിനിറങ്ങി. ഫിലിസ്ത്യർ തങ്ങളുടെ വിഗ്രഹങ്ങൾ ഉപേക്ഷിച്ച് നാലുപാടും ചിതറിയോടി. ദാവീദും ആളുകളും ചെന്ന് വിഗ്രഹങ്ങളെടുത്ത് തീയിൽ ചുട്ടുകരിച്ചു (1 ദിന 14:12). തന്റെ കരുത്തോ സാമർഥ്യമോ അല്ല, കർത്താവിന്റെ കരങ്ങളാണ് ഫിലിസ്ത്യരെ ചിതറിച്ചത് എന്നു വിശ്വസിച്ച ദാവീദ്, ഫിലിസ്ത്യർ ചിതറിയോടിയ ആ സ്ഥലത്തിന് ബാൽ പെരാസിം എന്നു പേരിട്ടു. ചിതറിക്കുന്ന നാഥൻ എന്നാണ് ആ പേരിന്റെ അർഥം.

പരാജിതരായ ഫിലിസ്ത്യർ ഇസ്രായേലിനെ വെറുതെ വിടാൻ തീരുമാനിച്ചിരുന്നില്ല. അവർ രണ്ടാമതും വന്ന് റഫായിം താഴ്വരയിൽ പാളയമടിച്ചു. പഴയസ്ഥലത്തുവച്ച് വീണ്ടും പഴയരീതിയിലുള്ള ഒരു പടപ്പുറപ്പാടായി മാത്രം അതിനെ കരുതി ആദ്യരീതിയിൽത്തന്നെ പ്രതിരോധിക്കാൻ ദാവീദ് ശ്രമിച്ചില്ല. അദ്ദേഹം വീണ്ടും ചെന്ന് ദൈവത്തോട് ആരാഞ്ഞു. പഴയപോലെ നേരേ ചെന്ന് ആക്രമിക്കാതെ വളഞ്ഞുചെന്ന് ബാൾസാ വൃക്ഷങ്ങൾക്കെതിരേ വച്ച് പിന്നിലൂടെ ആക്രമിക്കാൻ ദൈവം അദ്ദേഹത്തോടാവശ്യപ്പെട്ടു. ബാൾസാ വൃക്ഷങ്ങളുടെ ചില്ലകളിൽ കാറ്റടിച്ചുണ്ടാകുന്ന ശബ്ദം യുദ്ധം തുടങ്ങാനുള്ള അടയാളമായി കർത്താവ് നല്കി. കർത്താവ് തന്നെയാണ് യുദ്ധം നയിക്കുന്നതും വിജയം നല്കുന്നതും എന്നാണ് ഈ അടയാളം സൂചിപ്പിക്കുന്നത്[1]. കർത്താവിന്റെ നിർദേശമനുസരിച്ചുതന്നെ അദ്ദേഹം പ്രവർത്തിച്ചു. ഫിലിസ്ത്യർ ആ യുദ്ധത്തിൽ പാടേ പരാജയപ്പെട്ടു. പിന്നീടൊരിക്കലും അവർ ദാവീദിനെതിരേ യുദ്ധത്തിനു വന്നിട്ടില്ല.

ഫിലിസ്ത്യപ്പടയോടുള്ള പോരാട്ടത്തിൽ അതീവവിവേകമാണ് ദാവീദ് പ്രകടിപ്പിച്ചത് എന്നു പറയാം. സ്വന്തം ബുദ്ധിയിൽ ആശ്രയിക്കാതെ എല്ലാം ദൈവത്തോടാരാഞ്ഞു ചെയ്യുക എന്നതാണല്ലോ വിവേകത്തിന്റെ പ്രധാനലക്ഷണം. അതാണ് ദാവീദ് ചെയ്തത്. താൻ ഒരിക്കൽ പൊരുതി തോല്പിച്ച ശത്രുക്കൾ വീണ്ടും യുദ്ധത്തിനണഞ്ഞപ്പോൾ, പൂർവവിജയം നല്കിയ ആത്മവിശ്വാസത്തോടെ അദ്ദേഹം എടുത്തുചാടിയില്ല. താൻ എത്രവട്ടം അവരെ തോല്പിച്ചിരിക്കുന്നുവെന്നു പറഞ്ഞ് മുൻയുദ്ധത്തിൽ പരീക്ഷിച്ചുവിജയിച്ച തന്ത്രങ്ങൾ തന്നെ വീണ്ടും പ്രയോഗിക്കാനുള്ള 'സാമാന്യബുദ്ധി' അവൻ കാണിച്ചുമില്ല. മറിച്ച്, അവൻ ദൈവത്തോട് ആലോചന ചോദിച്ചു. ശത്രുക്കൾ പഴയതുതന്നെ, പോർമുഖത്തിനു മാറ്റവുമില്ല. പിന്നെ 'ബുദ്ധിയുള്ള' ആർക്കാണ് യുദ്ധതന്ത്രത്തെക്കുറിച്ച് അങ്കലാപ്പുണ്ടാകുക! പണ്ടത്തെപ്പോലെ തന്നെ പൊരുതിയാൽ പോരേ! അതു ദൈവത്തോടു ചോദിക്കേണ്ടതുണ്ടോ? ദാവീദിന്, പക്ഷേ, ആ ബുദ്ധിയില്ലാതെ പോയി. അതുകൊണ്ട് ഉപായമറിയാൻ അവൻ അത്യുന്നതനെ നോക്കി. അത്യുന്നതൻ അവനോടു പറഞ്ഞതാകട്ടെ, ബുദ്ധിക്കു നിരക്കാത്തെ ചില കാര്യങ്ങളും! മരച്ചില്ലകളിൽ കാറ്റടിക്കുന്ന സ്വരം കേൾക്കുമ്പോൾ ഫിലിസ്ത്യരെ പിന്നിൽ നിന്ന് ആക്രമിക്കണം പോലും! മരച്ചില്ലയിൽ കാറ്റടിക്കുന്നതും യുദ്ധവും തമ്മിലെന്തു ബന്ധമെന്ന് അവന് ചോദിക്കാമായിരുന്നു. അതും അവൻ ചെയ്തില്ല. കാറ്റടിക്കുന്നതുവരെ കാത്തുനില്ക്കാൻ തന്നെയായിരുന്നു അവന്റെ തീരുമാനം. സമയം കളയാതെ അങ്കം തുടങ്ങരുതോയെന്ന് 'ബുദ്ധിമാന്മാർ' പലരും ചോദിച്ചുകാണും. പക്ഷേ, അങ്ങനെ ചിന്തിക്കാനുള്ള ബോധം പാവം ദാവീദിനില്ലായിരുന്നു. അവൻ കാത്തിരുന്നു. ഒടുവിൽ പറഞ്ഞപോലെ, ചില്ലകളിൽ കാറ്റടിച്ചു. അവനും സൈന്യവും ഉടൻ ചാടിയെഴുന്നേറ്റ് വളഞ്ഞുവന്ന് ഫിലിസ്ത്യരെ പിന്നിൽ നിന്ന് ആക്രമിച്ചു കീഴ്പ്പെടുത്തി. അദ്ഭുതകരമായ ആ വിജയം കണ്ട് ബുദ്ധിമാന്മാർ പലരും അന്ധാളിച്ചു. ബുദ്ധിയില്ലാത്ത ദാവീദിനുമാത്രം, പക്ഷേ, അദ്ഭുതമുണ്ടായില്ല. കാരണം, വിജയത്തിന്റെ രഹസ്യം അവന് പിടികിട്ടിയിരുന്നു. ബാൾസാ മരങ്ങളെ തഴുകിയൊഴുകിയത് വെറും കാറ്റായിരുന്നില്ലെന്നും അത് തനിക്കുമുമ്പേ പടയ്ക്കിറങ്ങിയ ദൈവത്തിന്റെ പടവാദ്യമായിരുന്നെന്നും അവനറിയാമായിരുന്നു.


പണ്ടെങ്ങോ കൂടിയൊരു ധ്യാനത്തിന് 'ആജീവനാന്ത വാലിഡിറ്റി' ഉണ്ടെന്നമട്ടിലാണ് ചിലരുടെ ജീവിതം. അന്നൊരുപക്ഷേ, ദൈവം നമ്മോട് ഏറെക്കാര്യങ്ങൾ പറഞ്ഞുകാണും. എന്നുകരുതി ഇനിയൊന്നും പറയാനില്ലെന്ന് അതിനർഥമില്ല.

ബുദ്ധിയിലൂന്നി അതിസാമർഥ്യം കാട്ടുന്ന പലർക്കും പിടികിട്ടാതെ പോകുന്ന ചില ജ്ഞാനസർഗങ്ങളുണ്ട്. ബുദ്ധിക്കുമപ്പുറം ചില മണ്ഡലങ്ങളുണ്ടെന്നറിയുന്നവർക്കേ അതു മനസ്സിലാക്കാനാവൂ. ബുദ്ധിമാന്മാർക്ക് അർഥശൂന്യമായ ചില ദലമർമരങ്ങൾ പോലും അത്തരക്കാർക്ക് അതിവിശിഷ്ടമായ ചില ദിവ്യദൂതുകൾ കൈമാറും. ബുദ്ധിമാന്മാരിൽ നിന്നു മറച്ചുവച്ച് ഭോഷർക്കാണല്ലോ ദൈവം തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത്. അതുകൊണ്ട് അമിതബുദ്ധിയുടെ മറക്കുട ഒന്നു മാറ്റിപ്പിടിക്കുന്നത് നല്ലതാണ്. അല്ലെങ്കിൽ അത്യുന്നതന്റെ ജ്ഞാനവർഷത്തിൽ നമുക്കൊരിക്കലും സ്നാനമേല്ക്കാൻ പറ്റിയില്ലെന്നു വരും.

അനുഭവപാഠങ്ങൾ അവിടെ നില്ക്കട്ടെ. പുതുതായെന്തെങ്കിലും ചെയ്യേണ്ടതുണ്ടോയെന്ന് നാം നിരന്തരം ദൈവത്തോടാരായണം. പഴഞ്ചൻ രീതിയിൽത്തന്നെ പതിവായി പൊരുതുന്നവനല്ലല്ലോ സാത്താൻ. പുതുപുതുരീതിയിൽ അതിബുദ്ധിയോടെയാണ് അവൻ വല വിരിക്കുന്നത്. കാലത്തിനനുസരിച്ച് അവൻ തന്റെ രീതികളും പരിഷ്കരിക്കുന്നു. അതനുസരിച്ച് അവനെ നേരിടാൻ പുതിയ തന്ത്രങ്ങൾ പഠിക്കേണ്ടതുണ്ട്. ഇടമുറിയാത്തൊരു ധ്യാനം തന്നെ നമുക്കതിനാവശ്യമുണ്ട്. പണ്ടെങ്ങോ കൂടിയൊരു ധ്യാനത്തിന് 'ആജീവനാന്ത വാലിഡിറ്റി' ഉണ്ടെന്നമട്ടിലാണ് ചിലരുടെ ജീവിതം. അന്നൊരുപക്ഷേ, ദൈവം നമ്മോട് ഏറെക്കാര്യങ്ങൾ പറഞ്ഞുകാണും. എന്നുകരുതി ഇനിയൊന്നും പറയാനില്ലെന്ന് അതിനർഥമില്ല. പ്രതിദിനം അവനോട് നാം ഭാഷണം ചെയ്യേണ്ടത് അതിജീവനത്തിന് അത്യാവശ്യമാണ്. അല്ലെങ്കിൽ പഴയ തന്ത്രം കൊണ്ട് പുത്തനാക്രമണം തടയാനാവാതെ നാം സാത്താനുമുമ്പിൽ പറ്റേപരാജയപ്പെട്ടുപോകും.

പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, രാജവാഴ്ച, *ബൈബിൾ തീർഥാടനം,* വാല്യം 2, പേജ് 107.



18

ഫിലിസ്ത്യരീതികൾ അനുകരിക്കരുത്

2 സാമുവൽ 6

ഭൂമിശാസ്ത്രപരമായ സവിശേഷതകൾകൊണ്ടു സുരക്ഷിതവും അജയ്യവുമായ ജറുസലേംനഗരം, രാജ്യത്തിന്റെ തലസ്ഥാനമാകുകയും ഫിലിസ്ത്യരെപ്പോലുള്ള ബാഹ്യശത്രുക്കൾ തകർക്കപ്പെടുകയും ചെയ്തതോടെ ദാവീദിന്റെ രാജത്വം സുഭദ്രമായി. പരസ്പരം മത്സരിച്ചു കഴിഞ്ഞിരുന്ന ഇസ്രായേൽഗോത്രങ്ങളെ ഒരുമിപ്പിച്ച് രാജ്യത്തിന്റെ ആഭ്യന്തരഐക്യം ശക്തമാക്കുക എന്ന കൃത്യമാണ് ദാവീദ് ഇനി അടിയന്തരമായി ചെയ്യേണ്ടിയിരുന്നത്. ദൈവസാന്നിധ്യത്തിന്റെ സജീവസ്മാരകവും പുറപ്പാട് സംഭവത്തിന്റെ ഓർമയുണർത്തുന്നതുമായ വാഗ്ദാനപേടകം ജറുസലേമിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുന്നത് അതിനു സഹായകമാകും എന്ന് കർതൃഭക്തനായ ദാവീദിനുതോന്നി. മരുഭൂമിയാത്രയിലുടനീളം ഇസ്രായേൽ ജനത്തെ നയിച്ച ദൈവസാന്നിധ്യത്തിന്റെ ആ പേടകം അവരിൽ നിന്നകന്നിട്ട് അനേകവർഷ

ങ്ങളായിരുന്നു. ഇസ്രായേൽജനം കാനാൻനാട്ടിൽ സ്ഥിരതാമ സമാരംഭിച്ചകാലത്ത് ഷീലോയിലാണ് അവർ പേടകം സ്ഥാപി ച്ചിരുന്നത്. പിന്നീട് എബ്നേസറിൽവച്ച് ഇസ്രായേലിനെ തോ ല്പിച്ച ഫിലിസ്ത്യർ അവരിൽ നിന്ന് പേടകം തട്ടിയെടുക്കുക യും അഷ്ദോദിലെ ദാഗോന്റെ ക്ഷേത്രത്തിൽ വിജയസ്മാരകമാ യി പ്രതിഷ്ഠിക്കുകയും ചെയ്തു. ബാൽ ദേവന്റെ പിതാവെന്ന് ഫിലിസ്ത്യർ വിശ്വസിച്ചിരുന്ന ദാഗോൻ, ഫലഭൂയിഷ്ഠാവസ്ഥയു ടെ (Fertility) ദേവനായിരുന്നു.

വാഗ്ദാനപേടകം തട്ടിയെടുത്തതോടെ ഫിലിസ്ത്യർക്കിടയിൽ രോഗങ്ങളും അപമൃത്യുവും പെരുകി. ഭയവിവശരായ അവർ പേടകം ഒരു കാളവണ്ടിയിൽ കയറ്റി ഇസ്രായേൽ ദേശത്തേക്ക് തിരി ച്ചയച്ചു. ബെത്ഷെമെഷ് പട്ടണത്തിൽ പേടകമെത്തിയപ്പോൾ ഒരു ദുരന്തമുണ്ടായി. ആദരം കൂടാതെ പേടകത്തിലേക്ക് എത്തിനോ ക്കിയ എഴുപതു ബെത്ഷെമെഷുകാർ തൽക്ഷണം മരിച്ചുവീണു. പരിഭ്രാന്തരായ ജനം കൂടുതൽ അപകടം ഒഴിവാക്കാനായി പേട കം കിരിയാത്ത് യയാറിമിലേക്ക് കൊടുത്തുവിട്ടു. യൂദായുടെയും ബെഞ്ചമിന്റെയും അതിർത്തിയിലുള്ള ഒരു നഗരമായിരുന്നു കിരി യാത്ത് യയാറിം. അവിടെ അബിനാദാബിന്റെ ഭവനത്തിൽ അത് സൂക്ഷിക്കപ്പെട്ടു. പിന്നീടുള്ള വർഷങ്ങളിൽ ആളുകൾ ഏതാണ്ട് പേടകത്തെ വിസ്മരിച്ചമട്ടായിരുന്നു.

ദൈവസ്മരണ കെട്ടുപോയ ആ കാലയളവിലാണ് പേടകം ജറുസലേമിലേക്കു കൊണ്ടുവരണമെന്ന ആഗ്രഹം ദാവീദിന്റെ മനസ്സിൽ ഉണരുന്നത്. അബിനാദാബിന്റെ ഭവനത്തിൽ സൂക്ഷിച്ചി രുന്ന വാഗ്ദാനപേടകം സിയോനിലേക്കു കൊണ്ടുവരാനുള്ള എല്ലാ സജ്ജീകരണങ്ങളും അവൻ നടത്തി. പുതിയ കാളവണ്ടി യിൽ കയറ്റി, പതിനായിരക്കണക്കിന് യോദ്ധാക്കളുടെയും ജന ങ്ങളുടെയും അകമ്പടിയോടെ മലമുകളിലുള്ള അബിനാദാബി ന്റെ വീട്ടിൽ നിന്ന് പേടകം കൊണ്ടുവന്നു. അബിനാദാബിന്റെ മക്കളായ ഉസ്സായും അഹിയോയുമാണ് പേടകമിരുന്ന വണ്ടി തെളിച്ചത്. നാക്കോന്റെ മെതിക്കളത്തിലെത്തിയപ്പോൾ കാളവിര ണ്ടതുകൊണ്ട് വണ്ടി ചരിഞ്ഞു. പേടകം വീഴാതിരിക്കാൻ ഉസ്സാ അതു പിടിച്ചു. പേടകത്തിനു നേരേ കൈനീട്ടി അനാദരം കാണി ച്ച ഉസ്സാ തത്ക്ഷണം അവിടെ മരിച്ചുവീണു. അതുവരെ ഉയർന്നു

എങ്ങനെയെങ്കിലും ചെയ്യുന്നതിലല്ല, ദൈവഹിതപ്രകാരം ചെയ്യുന്നതിലാണ് നന്മയിരിക്കുന്നത്. ലക്ഷ്യംപോലെതന്നെ മാർഗവും പ്രധാനപ്പെട്ടതാണ്.

കേട്ട ആനന്ദാരവങ്ങൾ അതോടെ നിലച്ചു. വാഗ്ദാനപേടകം സിയോനിലെത്തിയാൽ എന്തു സംഭവിക്കും എന്ന ചിന്ത ദാവീദിനെ ഭയപ്പെടുത്തി. പേടകം സിയോനിലേക്കു കൊണ്ടുവരാതെ അവനത് ഗിത്യനായ[1] ഓബെദ് ഏദോമിന്റെ വീട്ടിൽ സ്ഥാപിച്ചു. കർത്താവിന്റെ പേടകം അവിടെ മൂന്നുമാസമിരുന്നു. പേടകത്തിന് ഇടം കൊടുത്ത ഓബെദ് ഏദോമിനെയും കുടുംബത്തെയും കർത്താവ് അനുഗ്രഹിച്ചു. ദൈവത്തിന്റെ സാന്നിധ്യം അനുഗ്രഹദായകമാണെന്നു തിരിച്ചറിഞ്ഞ ദാവീദ് മൂന്നുമാസങ്ങൾക്കുശേഷം പേടകം സിയോനിലേക്കു കൊണ്ടുവന്നു. ഇത്തവണ കാളവണ്ടിയിലല്ല, ലേവ്യരുടെ ചുമലിൽ വച്ചാണ് പേടകം കൊണ്ടുവന്നത്. ഘോഷയാത്രയ്ക്കു മുന്നിൽ അരക്കച്ച മാത്രം ചുറ്റി അവൻ ആനന്ദനൃത്തം ചവിട്ടി. ഭാര്യയായ മിഖാലിന് അതിഷ്ടമായില്ല. പാട്ടുകേൾക്കാനാവാത്തവർക്ക് നൃത്തം ഒരു കിറുക്കാണെന്നേ തോന്നൂ എന്നൊരു പഴമൊഴിയുണ്ടല്ലോ. ദിവ്യസംഗീതം ഉള്ളിലില്ലാത്ത മിഖാലിന് ദാവീദിന്റെ നൃത്തം ഇഷ്ടപ്പെടുന്നതെങ്ങനെ? അവൾ അതിനെക്കുറിച്ചു നിന്ദയോടെ സംസാരിച്ചു. അതിനാൽ അവൾ മരണംവരെയും സന്താനരഹിതയായിരുന്നു. ദാവീദാകട്ടെ, കർത്താവിനെപ്രതി നിന്ദിക്കപ്പെട്ടതിൽ സന്തോഷിച്ചു. സിയോനിലെത്തിയ പേടകത്തെ അവൻ താൻ പ്രത്യേകം നിർമിച്ച കൂടാരത്തിൽ പ്രതിഷ്ഠിച്ച് ദഹനബലികളും സമാധാനബലികളും അർപ്പിച്ചു.

എല്ലാവരും പേടകത്തെ മറന്നപ്പോൾ ദാവീദ് അതിനെ അനുസ്മരിച്ചതും സിയോനിലേക്ക് തിരിച്ചുകൊണ്ടുവന്നതും അദ്ദേഹത്തിന്റെയുള്ളിലെ നന്മ വെളിപ്പെടുത്തുന്നു. എന്നാൽ അമിത ആവേശവും ആലോചനയില്ലായ്മയും ആദ്യഘട്ടത്തിൽ അദ്ദേഹത്തെ അപകടത്തിലേക്കു നയിച്ചു. സിയോനിലേക്കു പേടകം കൊണ്ടുവരാൻ അദ്ദേഹം ഫിലിസ്ത്യമാർഗങ്ങൾ തേടി! ഫിലിസ്ത്യർ ബേത്ഷെമെഷിലേക്കു പേടകം കയറ്റിവിട്ട വണ്ടിപോലൊന്ന് അദ്ദേഹവും പണികഴിപ്പിച്ചു. എന്നിട്ട് അതിൽ വാഗ്ദാ

നപേടകം കയറ്റി കാളകളെക്കൊണ്ട് അതു വലിപ്പിച്ചു. ലേവി ഗോത്രത്തിൽപ്പെട്ട കൊഹാത്യർ മാത്രമേ പേടകം എടുക്കാവൂ എന്നും അതും പേടകത്തിന്റെ നാലുമൂലയിലുമുള്ള വളയത്തിലൂടെ തണ്ടിട്ട് ചുമലിൽ വേണം സംവഹിക്കാനെന്നുമായിരുന്നു ദൈവത്തിന്റെ കല്പന (സംഖ്യ 4:5-15). പേടകത്തെ ഒരു കാരണവശാലും സ്പർശിക്കരുത് എന്നും നിബന്ധനയുണ്ടായിരുന്നു. ഇതെല്ലാം വിസ്മരിച്ചുകൊണ്ടുള്ള ആവേശമാണ് ദാവീദിനെ അപകടത്തിലേക്കു നയിച്ചത്. എങ്ങനെയെങ്കിലും ചെയ്യുന്നതിലല്ല, ദൈവഹിതപ്രകാരം ചെയ്യുന്നതിലാണ് നന്മയിരിക്കുന്നത്. ലക്ഷ്യംപോലെതന്നെ മാർഗവും പ്രധാനപ്പെട്ടതാണ്. തെറ്റായ മാർഗത്തിലൂടെ നേടുന്ന നന്മപോലും അന്തിമവിശകലനത്തിൽ തിന്മയായി മാറും.

ഉസ്സാ ചെയ്തത് പ്രഥമദൃഷ്ടിയിൽ നന്മയായി നമുക്കു തോന്നാം. വീണുപോകുമായിരുന്ന പേടകം അവൻ താങ്ങിനിർത്തിയത് നല്ലതല്ലേ? ഞാനില്ലായിരുന്നെങ്കിൽ ദൈവം താഴെ വീണേനേ എന്നു പറയുന്നതിൽ ഒരല്പത്തമുണ്ട്. ആരുമില്ലാതിരുന്ന കാലം മുതൽ തന്നെ അസ്തിത്വമുള്ളവനെ താങ്ങാൻ, സത്യത്തിൽ ഉസ്സായുടെ കരങ്ങൾ ആവശ്യമുണ്ടായിരുന്നോ? പേടകത്തോട് ആദരമുണ്ടാവുക എന്നതായിരുന്നു പ്രധാനം. ഉസ്സായ്ക്കില്ലാതെ പോയതും അതായിരുന്നു. അനാദരത്തോടെ പേടകത്തിനു നേരേ അവൻ കൈനീട്ടി എന്നാണ് വചനം പറയുന്നത് (2 സാമു 6:7). ഇരുപതു വർഷം പേടകം അവന്റെ വീട്ടിലിരുന്നതുകൊണ്ട് അമിതപരിചയത്തിലൂടെ വന്ന അനാദരമായിരിക്കാം അത്. ഏതായാലും ദൈവികമായവയോടുള്ള അനാദരം ഗുരുതരമായ പ്രത്യാഘാതങ്ങൾക്കു വഴിതെളിക്കും എന്ന പാഠം ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്.

പ്രദക്ഷിണവഴികളിൽ രൂപങ്ങൾ ചുമക്കാനും അലങ്കാരങ്ങൾ മനോഹരമാക്കാനുമൊക്കെമാത്രം വർഷത്തിലൊരിക്കൽ പ്രത്യക്ഷപ്പെടുന്ന ചിലരെ ഉസ്സാ ഓർമപ്പെടുത്തുന്നുണ്ട്. ദൈവവചനത്തെക്കാളും ജീവിതവിശുദ്ധിയെക്കാളും അവർക്കു പ്രധാനം രൂപത്തിന്റെ ചരിവും കോട്ടവുമാണ്. രൂപങ്ങൾ ചരിഞ്ഞാലും പ്രദക്ഷിണവഴികളിൽ അലങ്കാരം കുറഞ്ഞാലും ദൈവം പരിഭവിക്കുമെന്നു തോന്നുന്നില്ല. പക്ഷേ, ജീവിതങ്ങൾ ചാഞ്ഞും ചരിഞ്ഞും തുടങ്ങിയാൽ അവൻ അക്ഷമനാകാതിരിക്കുകയില്ല.

ഫിലിസ്ത്യപാളയങ്ങളിലും ബേത്ഷെമെഷിലും നാക്കോന്റെ മെതിക്കളത്തിലുമെല്ലാം അനർഥങ്ങൾ വിതച്ചത് പേടകമാണെന്നാണ് പലരും പറഞ്ഞത്. പക്ഷേ, സത്യമതായിരുന്നില്ലെന്ന് ആത്മദൃഷ്ടിയുള്ളവർക്കറിയാം. അനർഥകാരണം പേടകമായിരുന്നെങ്കിൽ ഓബെദ് ഏദോമിന്റെ വീട്ടിൽ അത് അനുഗ്രഹം വിതച്ചതെങ്ങനെ? ഒരേപേടകം ചിലർക്ക് അനർഥത്തിനും മറ്റുചിലർക്ക് അനുഗ്രഹത്തിനും കാരണമായെങ്കിൽ പരിശോധിക്കേണ്ടത് പേടകത്തെയോ പേടകം ചുമന്ന മനുഷ്യരെയോ? വളവും കളവുമുള്ളവർക്കെപ്പോഴും പേടകം അനർഥകാരണമാണ്; നേരും നെറിവുമുള്ളവർക്ക് അനുഗ്രഹകാരണവും. അതിനാൽ, അപകടം പേടിച്ച് പേടകത്തെ ഒഴിവാക്കേണ്ടതില്ല. വക്രതമാറ്റി അതിന് ആതിഥ്യമരുളിയാൽ മതി.

പിൻകുറിപ്പ്

1 ഹിത്യൻ എന്ന പി.ഒ.സി. വിവർത്തനം അക്ഷരപ്പിശകാണ്. ഗത്തുകാരൻ എന്നാണ് ഗിത്യൻ എന്നതിന്റെ അർഥം. ഒബെദ് ഏദോം ഗത്തിൽ വസിച്ചിരുന്ന ഒരു ലേവായനായിരുന്നു എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു – *ആൽഫാ ബൈബിൾ വ്യാഖ്യാനം*, വാല്യം 2, പേജ് 312.



19

ദൈവത്തെക്കാൾ വലിയ ദേവാലയങ്ങൾ

2 സാമുവൽ 7

സമ്പൂർണ ഇസ്രായേലിന്റെ രാജാവായി പുതിയ തലസ്ഥാന നഗരിയിൽ ദേവദാരുകൊണ്ടുള്ള പ്രൗഢിയാർന്ന കൊട്ടാരത്തിൽ ദാവീദ് തന്റെ വാഴ്ചയാരംഭിച്ച കാലം. ബാഹ്യശത്രുക്കളുടെ ആക്രമണങ്ങൾ അവസാനിച്ചതുകൊണ്ട് രാജ്യം ശാന്തമായിരുന്നു. ദാവീദ് ഇങ്ങനെ ചിന്തിച്ചു: 'ഞാൻ അതിബൃഹുത്തും പ്രൗഢവുമായ കൊട്ടാരത്തിൽ വസിക്കുന്നു, ദൈവത്തിന്റെ വാഗ്ദാനപേടകമാകട്ടെ, താത്കാലികകൂടാരത്തിലും. അതിമനോഹരമായ ഒരാലയം ദൈവത്തിനായി പണിയണം.' കൊട്ടാരംപ്രവാചകനായ നാഥാനോട് അവൻ തന്റെ ആഗ്രഹം വെളിപ്പെടുത്തി. കേട്ടപ്പോൾ നല്ലൊരാശയമായി തോന്നിയതുകൊണ്ടാകാം, നാഥാൻ മറ്റൊന്നും ആലോചിച്ചില്ല. അതിനെ പിന്താങ്ങി. പക്ഷേ, അന്നു രാത്രിയിൽ നാഥാന് കർത്താവിന്റെ അരുളപ്പാടുണ്ടായി. പുറപ്പാടുമുതൽ

ഇ

ന്നോളം അലയുന്നവർക്കാലംബമേകി കൂടെ നടന്ന തനിക്ക്, കൊട്ടാരം കണക്ക് ഒരാലയം ഇപ്പോൾ ആവശ്യമില്ല. ദാവീദിനുശേഷം അവന്റെ പുത്രൻ സോളമൻ അതു പണിതുകൊള്ളും എന്നായിരുന്നു ആ അരുളപ്പാട്. ദേവാലയം പണിയുന്നതിൽ നിന്ന് കർത്താവ് ദാവീദിനെ വിലക്കിയതിന് ചില കാരണങ്ങൾ ഉണ്ടായിരുന്നു. അനേകം രക്തരൂഷിതയുദ്ധങ്ങൾ നയിച്ച ദാവീദിന്റെ കരങ്ങൾ പങ്കിലമായിരുന്നു എന്നതാണ് ഒരു കാരണം (1 ദിന 28:3, 22:6-10). മാത്രമല്ല, ഇടയച്ചെറുക്കനായ ദാവീദിനെ ദൈവം വിളിച്ചതിന്റെ പ്രഥമ ഉദ്ദേശ്യം നിർമാണജോലിയിൽ മുഴുകുക എന്നതിനെക്കാൾ, നല്ലിടയനെപ്പോലെ നാടിനും ജനത്തിനും സംരക്ഷണമേകി അവരെ നയിക്കുക എന്നതായിരുന്നല്ലോ.

ദേവാലയം പണിയാൻ ദൈവം ദാവീദിനെ അനുവദിച്ചില്ലെങ്കിലും അതിനായാഗ്രഹിച്ച അവന്റെ നല്ല മനസ്സിനെ അവിടന്ന് അനുഗ്രഹിക്കുക തന്നെ ചെയ്തു. "നീ എനിക്കായി ഭവനം പണിയുകയില്ല. പകരം ഞാൻ നിനക്കൊരു ഭവനം പണിയും. ആ ഭവനം (രാജവംശം) ശാശ്വതമായിരിക്കും'' എന്ന് അവിടന്ന് വാഗ്ദാനം ചെയ്തു. അത് അവിടന്ന് പൂർത്തീകരിക്കുകയും ചെയ്തു. ദാവീദിന്റെ രാജ്യം കെട്ടുപോകാൻ അവിടന്ന് അനുവദിച്ചില്ല. അവന്റെ ഭൗതികരാജത്വം ബാബിലോൺ പ്രവാസത്തോടെ അവസാനിച്ചെങ്കിലും അഭൗമികമായ ഒരു രാജത്വം അവന്റെ പരമ്പരയിൽ ശാശ്വതമായി തുടരാൻ അവിടന്നിടയാക്കി. അനശ്വരരാജാവായ ക്രിസ്തുവിലൂടെയാണ് അതു സംഭവിച്ചത്. "അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു നല്കും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാകുകയില്ല'' (ലൂക്കാ 1:32-33) എന്ന മറിയത്തോടുള്ള ദൈവദൂതന്റെ വാക്കുകൾ ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തെയാണ് വിളിച്ചറിയിക്കുന്നത്. ദാവീദിന്റെ പുത്രനെന്നാണല്ലോ പുതിയനിയമത്തിലുടനീളം ക്രിസ്തു പ്രകീർത്തിക്കപ്പെടുന്നത്.

പ്രതീക്ഷിച്ചപോലെ ഒരു ദേവാലയം പണിയാൻ തനിക്കായില്ലെങ്കിലും ദാവീദ് അതിൽ വിഷാദം പൂണ്ടില്ല. തന്നെ വിലക്കിയ ദൈവത്തോടൊട്ട് പരിഭവം കാണിച്ചതുമില്ല. വളരെ പ്രസാദാത്മകമായിരുന്നു അവന്റെ പ്രതികരണം. പുത്രനുപകരിക്കുമെന്നു

പറഞ്ഞ് ദേവാലയനിർമിതിക്കായി കുറെ മുന്നൊരുക്കങ്ങൾ അവൻ പൂർത്തിയാക്കി. അൻപതു ഷെക്കൽ വെള്ളികൊടുത്ത് മോറിയാമലയിലുള്ള അര്വനായുടെ മെതിക്കളം അവൻ വാങ്ങിച്ചു. സ്വർണം, വെള്ളി, പിച്ചള, ഇരുമ്പ്, തടി, ഗോമേദകം, അഞ്ജനക്കല്ല്, അമൂല്യരത്നങ്ങൾ, വെണ്ണക്കല്ല് തുടങ്ങി ഒട്ടനവധി വസ്തുക്കൾ പലരിൽ നിന്നായി അവൻ ശേഖരിച്ചു. അതിനെല്ലാം പുറമേ, സ്വന്തം ഭണ്ഡാരത്തിൽ നിന്ന് അതിരറ്റ സമ്പാദ്യം അവനതിനായി മാറ്റിവയ്ക്കുകയും ചെയ്തു (1 ദിന 29:2-9).

തനിക്കാകാത്ത കാര്യത്തിനായി കിണഞ്ഞധ്വാനിക്കേണ്ടതില്ലെന്നു പറഞ്ഞ് അവനു വേണമെങ്കിൽ നിഷ്ക്രിയനായിരിക്കാമായിരുന്നു. അല്ലെങ്കിൽ, തനിക്കാകാത്തത് മറ്റാരും ചെയ്യേണ്ടതില്ലെന്നു പറഞ്ഞ് എല്ലാം നശിപ്പിക്കാമായിരുന്നു. പക്ഷേ, അതൊന്നും അവൻ ചെയ്തില്ല. ഉദാത്തമായിരുന്നു അവന്റെ പ്രതികരണം. തനിക്കാകാത്തത് തന്റെ പുത്രൻ ചെയ്യണമെന്ന് അവൻ ആഗ്രഹിച്ചു. താൻ നേടാത്ത കാര്യം തന്റെ പിൻഗാമി നേടണമെന്ന് ആഗ്രഹിക്കുന്നത് വലിയമനസ്സിന്റെ ലക്ഷണമാണ്. അധികം പേർക്ക് അതുണ്ടാകണമെന്നില്ല. താനിറങ്ങാത്ത ഖനിയിൽ മറ്റാരും ഇറങ്ങേണ്ടെന്നു കരുതുന്നവരാണധികവും. അത്തരം അസൂയാലുക്കളുടെ ആധിക്യമാണ് നമ്മുടെ അധോഗതിയുടെ പ്രധാന കാരണം. പ്രതിയോഗികൾ ഒന്നും പ്രവർത്തിക്കാതിരിക്കാൻ വേണ്ടി പ്രതിപക്ഷം പ്രതിദിനം ഉണ്ടാക്കുന്ന ബഹളങ്ങളിൽപ്പെട്ട് ഊർധ്വശ്വാസം വലിക്കുകയാണല്ലോ നമ്മുടെ നാട്. അവൻ വളരുകയും ഞാൻ കുറയുകയും വേണമെന്ന് ഉയർന്നുചിന്തിക്കാൻ കഴിയുന്നയാളുകൾ നായകരായാലേ നാടിന് അഭ്യുന്നതിയുണ്ടാകൂ.

ഭക്തനായ ദാവീദ് ദൈവത്തിനായി ഒരാലയം പണിയാൻ ആഗ്രഹിച്ചത് തികച്ചും സ്വാഭാവികമാണ്. പ്രേമികൾ പ്രിയഭാജനങ്ങൾക്ക് അനശ്വരകൂടാരം പണിയാറുണ്ടല്ലോ. മുഗൾചക്രവർത്തിയായ ഷാജഹാൻ തന്റെ പ്രാണപ്രേയസിയായ മുംതാസിന്റെ ഓർമയ്ക്ക് യമുനാതീരത്ത് പണിത മാർബിൾകുടീരം - ടാജ്മഹൽ - എത്ര ചേതോഹരമാണ്! ഇരുപത്തി രണ്ടായിരത്തോളം തൊഴിലാളികളും ആയിരം ഗജവീരന്മാരും ഇരുപത്തിരണ്ടോളം വർഷങ്ങൾ രാവും പകലും പണിയെടുത്താണ് ആ സ്മൃതി മണ്ഡപം ഉയർത്തിയതത്രേ! തന്റെ ദൈവത്തിന് ഒരു ഉജ്ജ്വല ഭവ

അഷ്ടിക്കുവകയില്ലാതെ അലയുന്ന ജനത്തെ മറന്ന് അനേക
കോടികൾകൊണ്ട് ദേവാലയം തീർത്താൽ
അവിടന്ന് അതിൽ വസിക്കുമെന്നു കരുതാനാവില്ല. അചേതനമായ
ഭവനത്തെക്കാൾ അവിടത്തേക്കു പ്രധാനം, ചേതനയുള്ള
തന്റെ ആലയങ്ങളാണല്ലോ. പണക്കൊഴുപ്പു കാണിക്കാൻ ദൈവത്തെ
കൂട്ടുപിടിക്കുന്നവർ അറിയാതെ പോകുന്ന ഒരു സത്യമുണ്ട്;
ദൈവം അവശന്റെ കൂടെയാണ്.

നം പണിത് അവിടത്തെ മഹിമയുയർത്താൻ ഭക്തനായ ദാവീദ് ആഗ്രഹിച്ചപ്പോൾ പ്രവാചകനായ നാഥാൻ അതിൽ അപാകമൊന്നും കണ്ടില്ല. ഉടനടി അദ്ദേഹം അത് അംഗീകരിക്കുകയും ചെയ്തു. പക്ഷേ, ദൈവമതാഗ്രഹിക്കുന്നില്ലെന്ന് പിന്നീടാണ് നാഥാനു മനസ്സിലായത്. ഒറ്റനോട്ടത്തിൽ നന്മയെന്നു തോന്നുന്ന ചില കാര്യങ്ങൾ സത്യത്തിൽ നന്മയാകണമെന്നില്ല എന്നതാണ് ഇതു നല്കുന്ന സൂചന. കേൾക്കുമ്പോൾ ചില ആശയങ്ങൾ ഉദാത്തമെന്നു തോന്നും. പക്ഷേ, അവധാനപൂർവം നിന്ന് ആത്മദൃഷ്ടി കൊണ്ടളന്നാൽ അവ അങ്ങനെയല്ലെന്നു മനസ്സിലാകും. അതുകൊണ്ട് മിന്നുന്നതെല്ലാം ഉടൻ പൊന്നെന്നു പറയാതെ, ധ്യാനപൂർവം വിവേചിച്ചറിയുകയാണു വേണ്ടത്.

ദേവാലയനിർമാണം മോശമാണെന്നോ അതിനാഗ്രഹിച്ചത് അപരാധമാണെന്നോ ഇതിനർഥമില്ല. ആര് എപ്പോൾ അതു ചെയ്യണമെന്ന ദൈവഹിതം മാനിക്കണമെന്നേയുള്ളൂ. ദൈവജനത്തെ വിസ്മരിച്ചുകൊണ്ട് ആരും അത് പണിയുകയുമരുത്. അഷ്ടിക്കുവകയില്ലാതെ അലയുന്ന ജനത്തെ മറന്ന് അനേകകോടികൾ കൊണ്ട് ദേവാലയം തീർത്താൽ അവിടന്ന് അതിൽ വസിക്കുമെന്നു കരുതാനാവില്ല. അചേതനമായ ഭവനത്തെക്കാൾ അവിടത്തേക്കു പ്രധാനം, ചേതനയുള്ള തന്റെ ആലയങ്ങളാണല്ലോ. പണക്കൊഴുപ്പു കാണിക്കാൻ ദൈവത്തെ കൂട്ടുപിടിക്കുന്നവർ അറിയാതെ പോകുന്ന ഒരു സത്യമുണ്ട്; ദൈവം അവശന്റെ കൂടെയാണ്. പണം കൊണ്ട് നാമിവിടെ കാട്ടിക്കൂട്ടുന്ന അർഥമില്ലാത്ത വിക്രിയകൾക്ക് ഒടുവിൽ നാം അവനോട് ഉത്തരം പറയേണ്ടിവരും. അവശന്റെ ദൈവം അവനനുകൂലമായി വിധിക്കുമ്പോൾ കെടാത്ത അഗ്നിയല്ലാതെ മറ്റെന്താണ് നമുക്ക് കിട്ടാൻ സാധ്യത!

“കാരുണ്യം കാണിക്കാത്തവന്റെ മേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും'' (യാക്കോ 2:13) എന്നാണല്ലോ വിശുദ്ധ യാക്കോബ് പറയുന്നത്. വൈകാതെ അതു നാം തിരിച്ചറിഞ്ഞാൽ നന്ന്.

തനിക്കായി നാം ഒരു ഭവനം പണിയണമെന്നതിനെക്കാൾ അവിടന്നാഗ്രഹിക്കുന്നത് നമുക്കെല്ലാവർക്കും ശാശ്വതഭവനം ലഭിക്കണമെന്നാണ്. 'നിനക്കൊരു ഭവനം ഞാൻ പണിയാം' എന്നു പറഞ്ഞ ദാവീദിനോട് 'വേണ്ടാ, പകരം ഒരു ശാശ്വതഭവനം ഞാൻ നിനക്കായി പണിയാം' എന്ന് അവിടന്നു പറഞ്ഞതിന്റെ ആന്തരാർഥം അതായിരിക്കാം. അതു വിസ്മരിച്ച് നാം മുന്നോട്ടു പോയാൽ അപകടമാണ്. നമുക്കൊരു ഭവനം ലഭിക്കുകയില്ലെന്നു മാത്രമല്ല, നാമിവിടെ ഉയർത്തുന്ന ഭവനം അവനുപേക്ഷിച്ചുപോവുകയും ചെയ്യും. കോടികൾ മുടക്കി നാം ഉയർത്തുന്ന പള്ളികൾ അപ്പോൾ വെറും കിളിയൊഴിഞ്ഞ കൂടുപോലെയാകും!



20

മുടന്തനു കിട്ടിയ സൗഭാഗ്യം

2 സാമുവൽ 8; 9; 10

ജറുസലേംനഗരത്തെ ഇസ്രായേൽരാജ്യത്തിന്റെ മതപരവും രാഷ്ട്രീയവുമായ സിരാകേന്ദ്രമാക്കി സുഭദ്രമായ ഭരണത്തിന് ആരംഭംകുറിച്ച ദാവീദ് പിന്നീട്, രാജ്യത്തിന്റെ അതിർത്തികൾ സുരക്ഷിതമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ചുറ്റുപാടുമുള്ള ജനതകളെയെല്ലാം യുദ്ധത്തിൽ പരാജയപ്പെടുത്തി അതിർത്തികൾ വിശാലമാക്കുകയും അവരിൽ നിന്നു സമ്പാദിച്ച കൊള്ളമുതലും കപ്പവും കൊണ്ട് രാജ്യത്തെ സമ്പന്നമാക്കുകയും ചെയ്തു. യുദ്ധങ്ങളും സഖ്യങ്ങളും വഴി, ഈജിപ്തിനെയും മെസപ്പെട്ടോമിയയെയും ബന്ധിപ്പിക്കുന്ന രാജപാതകൾ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായതോടെ രാജ്യത്തിന്റെ വ്യാപാരബന്ധങ്ങളും വിപുലമായി.

സാമ്പത്തിക കാര്യങ്ങൾക്കു പുറമേ നാട്ടിൽ നീതി നടപ്പിലാക്കുന്ന കാര്യത്തിലും അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു. സുഗമമായ രാജ്യപാലനത്തിനാവശ്യമായ കെട്ടുറപ്പുള്ള ഭരണ

സംവിധാനങ്ങൾ അദ്ദേഹം ഏർപ്പെടുത്തിയിരുന്നു. സഹോദരീ പുത്രനായ യോവാബായിരുന്നു സർവസൈന്യാധിപൻ, സാദോക്ക്, അബിയാഥർ എന്നിവർ പുരോഹിതന്മാരും. ഇവരെക്കൂടാതെ കാര്യദർശിയായി സെരായിയയും മുഖ്യഉപദേഷ്ടാവായി യഹോഷാഫാത്തും ഉണ്ടായിരുന്നു. സുസജ്ജമായ ഒരു സൈന്യം രാജ്യത്തിനുണ്ടായിരുന്നെങ്കിലും, അതിനുപുറമേ 'ക്രേത്യരും പെലേത്യരും' എന്നറിയപ്പെട്ടിരുന്ന ഒരു സ്വകാര്യ സൈന്യത്തെക്കൂടി ദാവീദ് നിലനിർത്തിയിരുന്നു. ക്രേത്യദ്വീപിൽ നിന്നും ഫിലിസ്ത്യദേശത്തുനിന്നും അദ്ദേഹം കൂലിക്കെടുത്തതായിരുന്നു ഈ സൈന്യത്തെ. ബനാനിയ ആയിരുന്നു അതിന്റെ അധിപതി.

രാജ്യത്തിന്റെ സുരക്ഷയും പുരോഗതിയും ലക്ഷ്യമാക്കി യുദ്ധങ്ങളും ദിഗ്‌വിജയങ്ങളുമായി വളരെ തിരക്കുപിടിച്ചു നടന്ന ആ കാലഘട്ടത്തിലും തന്റെ ഗതകാലജീവിതത്തെക്കുറിച്ച് ദാവീദ് വിസ്മരിച്ചില്ല എന്നത് ശ്രദ്ധേയമാണ്. പ്രാണരക്ഷാർഥം പലായനം ചെയ്ത് അന്യനാട്ടിൽ അലഞ്ഞുതിരിയുന്ന കാലത്ത് സാവൂളിനോടും തന്റെ ആത്മമിത്രമായ ജോനാഥാനോടും താൻ ഒരു ഉടമ്പടി ചെയ്തിരുന്ന കാര്യം അവൻ അനുസ്മരിച്ചു. തന്റെ സന്തതിയെ നിർമൂലമാക്കി പിതൃഭവനത്തിൽ നിന്ന് സാവൂളിന്റെ നാമം നീക്കം ചെയ്യുകയില്ലെന്നും (1 സാമു 24:21-22) ജോനാഥാനോടും കുടുംബത്തോടും കർതൃനാമത്തിൽ എന്നേക്കും കാരുണ്യം കാണിക്കുമെന്നുമായിരുന്നു ആ ഉടമ്പടി (1 സാമു 20:12-17). അത് ഓർമയിൽ വന്നയുടനേ കർതൃനാമത്തിൽ കാരുണ്യം കാണിക്കേണ്ടതിന് സാവൂളിന്റെ കുടുംബത്തിൽപ്പെട്ട ആരെങ്കിലും ജീവിച്ചിരിക്കുന്നുണ്ടോ എന്ന് ദാവീദ് അന്വേഷിച്ചു. സാവൂളിന്റെ സേവകനായിരുന്ന സീബാ പറഞ്ഞു: ജോനാഥാന്റെ മകനായ മെഫിബോഷെത്ത് എന്നൊരാൾ ജീവിച്ചിരിപ്പുണ്ട്. പക്ഷേ, അവൻ ഇരുകാലുകൾക്കും മുടന്തുള്ളവനാണ്.

ജസ്രേൽ താഴ്‌വരയിൽ വച്ച് ഫിലസ്ത്യരുമായുള്ള യുദ്ധത്തിൽ സാവൂളും ജോനാഥാനും വധിക്കപ്പെടുന്ന സമയത്ത് മെഫിബോഷെത്തിന് അഞ്ചുവയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ മരണവാർത്തയറിഞ്ഞ് ഭയംപൂണ്ട വളർത്തമ്മ കുഞ്ഞിനെയുമെടുത്തുകൊണ്ട് തിടുക്കത്തിൽ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഓട്ടത്തിനിടയ്ക്ക് അവളുടെ കൈയിൽ നിന്ന് തെറിച്ചു താഴെ

വാക്കല്ലേ മാറ്റാനാവൂ എന്ന് ഒരു സങ്കോചവും കൂടാതെ
പറഞ്ഞു കൈയൊഴിയാൻ ആർക്കും ഇന്നൊരു മടിയുമില്ല.
വാക്കിനും പ്രവൃത്തിക്കുമിടയിലെ വിടവിനകത്തുവീണ് സത്യധർമങ്ങൾ
പിടഞ്ഞുമരിക്കുന്നത് ആരെയും അസ്വസ്ഥപ്പെടുത്തുന്നുമില്ല.

വീണാണ് അവനു മുടന്തുണ്ടായത് (2 സാമു 4:4). മുടന്തനായ അവൻ ഫിലിസ്ത്യരെ ഭയന്ന് ഗാദ്ഗോത്രത്തിന്റെ അവകാശഭൂമിയായ ഗിലെയദു പ്രദേശത്തുള്ള ലോദേബാർ (അപ്പമില്ലാത്ത നാട് എന്നർഥം) എന്ന ഒരൊറ്റപ്പെട്ട നഗരത്തിൽ പോയി ഒളിച്ചുപാർക്കുകയായിരുന്നു. ദാവീദ് അവനെ അന്വേഷിച്ചു കണ്ടെത്തി, കൊട്ടാരത്തിലേക്കു വിളിപ്പിച്ചു. പിതാവായ ജോനാഥാനോടുള്ള സ്നേഹത്തെപ്രതി അവൻ മൂന്നുകാര്യങ്ങൾ മെഫിബോഷെത്തിനു ചെയ്തുകൊടുത്തു. ഒന്ന്, സാവൂളിന്റെ കുടുംബസ്വത്തുമുഴുവനും അവനു തിരികെ നല്കി. രണ്ട്, എന്നും തന്നോടൊപ്പം കൊട്ടാരത്തിൽ വസിക്കാനും തനിക്കൊപ്പം മേശയിൽ നിന്ന് ഭക്ഷിക്കാനും അനുവദിച്ചു. മൂന്ന്, സീബയെയും അവന്റെ പതിനഞ്ചു പുത്രന്മാരെയും ഇരുപതു ദാസന്മാരെയും അവന്റെ സേവകരായി നിയമിച്ചു. അങ്ങനെ ജോനാഥാനോടും സാവൂളിനോടും ചെയ്ത വാഗ്ദാനം ദാവീദ് നിറവേറ്റി.

മെഫിബോഷെത്തിനോടുള്ള ദാവീദിന്റെ പെരുമാറ്റത്തിലൂടെ അവന്റെ വ്യക്തിമാഹാത്മ്യമാണ് നമുക്കു വെളിപ്പെടുന്നത്. അധികാരവും പ്രൗഢിയും കൈവരുകയും ചോദ്യം ചെയ്യാൻ ആരുമില്ലാതിരിക്കുകയും ചെയ്യുമ്പോൾ ഒരാൾ എന്തുചെയ്യാൻ തീരുമാനിക്കുന്നു എന്നത് അയാളുടെ സ്വഭാവത്തിന്റെ മാറ്റുതെളിയിക്കുന്ന കാര്യമാണല്ലോ. ഇതുവരെ ദാവീദ് വിപ്രവാസിയും അധികാരമില്ലാത്തവനുമായിരുന്നു. എന്നാൽ ഇന്ന് അയാൾക്ക് എല്ലാമുണ്ട്. വേണമെങ്കിൽ, പഴയകടപ്പാടുകളെല്ലാം വിസ്മരിച്ച് സാവൂളിനോടു പകതീർക്കാമായിരുന്നു. പക്ഷേ, ദാവീദ് അതുചെയ്തില്ല. ചോദിക്കാനാരുമില്ലാഞ്ഞിട്ടും ഉടമ്പടിയും കടപ്പാടുകളുമെല്ലാം അയാൾ പൂർത്തീകരിച്ചു.


അധികാരം കിട്ടിയാൽ പിന്നെ സർവനീതിയും വിസ്മരിക്കുന്ന ധർമഘ്നർക്ക് ദാവീദ് എന്നും തിളക്കമുള്ള ഒരു മാതൃകയാണ്. സമയവും സന്ദർഭവും നോക്കി വാക്കുകൊടുക്കുകയും സൗകര്യ

അപ്പമന്വേഷിച്ച് ഇനി നാം ഒരിടത്തും അലയേണ്ടതില്ല.
അപ്പമായവന്റെ മേശയിൽ നാം ഇനിമുതൽ നിത്യക്ഷണിതാക്കളാണ്.

പൂർവം അവ വിസ്മരിക്കുകയും ചെയ്യുന്ന അവസരവാദികൾ അരങ്ങുവാഴുന്ന ഈ കാലത്ത് അദ്ദേഹത്തെപ്പോലൊരു നേതാവിനെ മരുന്നിനുപോലും കിട്ടാനില്ല എന്നതാണ് വാസ്തവം. വാക്കല്ലേ മാറ്റാനാവൂ എന്ന് ഒരു സങ്കോചവും കൂടാതെ പറഞ്ഞു കൈയൊഴിയാൻ ആർക്കും ഇന്നൊരു മടിയുമില്ല. വാക്കിനും പ്രവൃത്തിക്കുമിടയിലെ വിടവിനകത്തുവീണ് സത്യധർമങ്ങൾ പിടഞ്ഞുമരിക്കുന്നത് ആരെയും അസ്വസ്ഥപ്പെടുത്തുന്നുമില്ല. വാക്ക് വാക്കായിത്തന്നെ മരിക്കരുതെന്നും അത് മാംസം ധരിച്ചവതരിക്കണമെന്നും പറഞ്ഞ ക്രിസ്തുവും അവിടത്തെ പൂർവികനായ ദാവീദുമെല്ലാം എന്നാണിനി നമ്മിൽ ഒരാവേശമായി പടരുകയെന്നറിയില്ല. ഏതായാലും ഒന്നുറപ്പാണ്, വാക്കിനു വിലകല്പിക്കുന്ന ധർമികൾ അധികാരമേറ്റാലേ മുടന്തരായ മെഫിബോഷെത്തുമാർക്ക് ഇവിടെ നല്ല കാലം പിറക്കൂ.

മുടന്തനായ മെഫിബോഷെത്ത് ഒരു ചരിത്രപുരുഷനാണെന്നത് ശരിതന്നെ. എങ്കിലും ഏറെ ആത്മീയമാനങ്ങളുള്ള ഒരു പ്രതികാത്മക കഥാപാത്രം കൂടിയാണവൻ. അവനെപ്പോലെയല്ലാത്ത ആരാണ് ഈ ഭൂമിയിലുള്ളത്? വളർത്തമ്മയുടെ കൈയിൽനിന്നുവീണു മുടന്തനായ മെഫിബോഷെത്തിനെപ്പോലെ ആദിയിലെ ഒരു വീഴ്ചയുടെ ഫലമായി മുടന്തരായിത്തീർന്നവരാണല്ലോ നമ്മൾ! എന്നിട്ട്, അപ്പമൊന്നുമില്ലാത്ത നാട്ടിൽ (ലോ ദേബാർ) മെഫിബോഷെത്തിനെപ്പോലെ നാം ഭയാധീനരായി കഴിയുകയും ചെയ്യുന്നു. അവിടെനിന്ന് നമ്മെ അടുത്തു വിളിച്ച് അനുഗ്രഹം ചൊരിയുന്ന കരുണയുള്ള ദൈവത്തിന്റെ മുഖമാണ് കഥയിലെ ദാവീദിനുള്ളത്. അപ്പമില്ലാത്തേടത്തുനിന്ന് തിരികെവിളിച്ച്, നഷ്ടപ്പെട്ട കുടുംബസ്വത്തു മുഴുവൻ നല്കി, രാജഭവനത്തിലെ വിഭവസമൃദ്ധമായ മേശയിൽനിന്ന് എന്നേക്കും വിരുന്നുണ്ണാൻ അവൻ മെഫിബോഷെത്തിനെ അനുവദിച്ചു! പാപത്തിന്റെ വരണ്ടഭൂമിയിൽ പോയൊളിച്ച് ഏറെ അനുഗ്രഹങ്ങൾ നഷ്ടമാക്കിയവരാണ് നാം. പക്ഷേ, അനന്തകരുണയുടെ ദൈവം നമ്മെ അവിടെനിന്ന് വീണ്ടെടുക്കുകയും എല്ലാം തിരിച്ചുനല്കി അനുഗ്രഹിക്കുകയും ചെയ്തു. അതുകൊണ്ട് അപ്പ

മന്വേഷിച്ച് ഇനി നാം ഒരിടത്തും അലയേണ്ടതില്ല. അപ്പമായവന്റെ മേശയിൽ നാം ഇനിമുതൽ നിത്യക്ഷണിതാക്കളാണ്. മുടന്തരാണെന്ന കോംപ്ലക്സുകൊണ്ട് അതു വേണ്ടെന്നു വയ്ക്കാനുള്ള പ്രലോഭനം ചിലപ്പോൾ നമുക്കുണ്ടാകാം. 'താൻ ചത്തനായ്ക്കു തുല്യനാണെന്ന്' വിതുമ്പിക്കരഞ്ഞ മെഫിബോഷെത്തിനെപ്പോലെ. പക്ഷേ, കരുണയുടെ മുമ്പിൽ കോംപ്ലക്സുകൾക്ക് സ്ഥാനമില്ലെന്നോർക്കണം. മുടന്തരാണെന്നറിഞ്ഞു കൊണ്ടുതന്നെയാണ് അവിടന്ന് നമ്മെ വിളിച്ചത്. അതിനാൽ വിനയപൂർവം ചെന്ന് അരികേ ഇരുന്ന് വിരുന്നുണ്ടാൽ മതി. ഇനി, വിരുന്നുണ്ട് ഏറെ നാൾ കഴിയുമ്പോൾ ഇതെന്റെ അവകാശമാണെന്ന് വീമ്പിളക്കിക്കളയരുത്. എല്ലാം കരുണയാണെന്നറിഞ്ഞ് എളിമയോടെ വേണം അതാസ്വദിക്കാൻ. അല്ലെങ്കിൽ, ഒരുപക്ഷേ, ഊട്ടുമേശ നമുക്ക് നഷ്ടമാകും. അപ്പത്തിന്റെ നാട്ടിലും പിന്നെ കൊടുംപട്ടിണികിടക്കേണ്ടിവരും.



21

ബത്ഷെബാമാർ കുളിച്ചുകൊള്ളട്ടെ

2 സാമുവൽ 11; 12

ഇസ്രായേല്യരും അമ്മോന്യരും തമ്മിൽ യുദ്ധം നടക്കുന്ന സമയം. അമ്മോന്യരുടെ തലസ്ഥനമായ റബ്ബാ നഗരം[1] ഉപരോധിച്ചുകൊണ്ട് ഇസ്രായേൽസൈന്യം പോർമുഖത്ത് പടപൊരുതുകയാണ്. സാധാരണഗതിയിൽ സൈന്യത്തിന്റെ മുൻനിരയിൽ നിന്ന് യുദ്ധം നയിച്ചുകൊണ്ടിരുന്ന ദാവീദ്, ഇത്തവണ പതിവു തെറ്റിച്ച് രാജകൊട്ടാരത്തിൽത്തന്നെ കഴിഞ്ഞു. മരണം മുന്നിൽ കണ്ടുകൊണ്ട് സൈന്യം പടക്കളത്തിൽ പോരാടുമ്പോൾ അയാൾ മൃഷ്ടഭോജനവും കഴിച്ച് അലസമായി കിടന്നുറങ്ങി. സായാഹ്നമായപ്പോൾ എഴുന്നേറ്റ് മട്ടുപ്പാവിൽ ഉലാത്താനിറങ്ങി. അപ്പോഴാണ് താഴെ കുളിച്ചുകൊണ്ടിരുന്ന സുന്ദരിയായ ബത്ഷെബായെ അയാൾ കണ്ടത്. അയാളുടെ വീരയോദ്ധാക്കളിൽ ഒരാളായ ഊറിയായുടെ ഭാര്യയായിരുന്നു അവൾ. ഗിത്യനെങ്കിലും യാഹ്വെ

യിൽ വിശ്വസിക്കുന്നവരിൽ നിന്നു ജനിക്കുകയും ആ വിശ്വാസ ത്തിൽ പങ്കുചേരുകയും ചെയ്ത ഊറിയാ ദാവീദിനുവേണ്ടി ജീവൻപോലും ത്യജിക്കാൻ സന്നദ്ധനായ ഒരു പോരാളിയാ യിരുന്നു.

ബത്ഷെബായെ കണ്ട് ആകൃഷ്ടനായ ദാവീദിന്റെ മനസ്സിൽ കാമവികാരം ആളിക്കത്തി. ഋതുശുദ്ധയായ അവളെ അയാൾ കൊട്ടാരത്തിലേക്കു വിളിപ്പിച്ച് അവളുമായി വ്യഭിചാരം ചെയ്തു. അവൾ ഗർഭിണിയായി. അതറിഞ്ഞതുമുതൽ അയാൾ കുറ്റമൊളി ക്കാനുള്ള കുടിലതന്ത്രങ്ങൾ മെനയാൻ തുടങ്ങി. ശിശുവിന്റെ പിതൃത്വം ഊറിയായുടെമേൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് ആദ്യം നടത്തിയത്. അതിനായി അവനെ പടക്കളത്തിൽ നിന്ന് തിരികെ വിളിച്ച് ഉപായപൂർവം വീട്ടിലേക്കു പറഞ്ഞയച്ചു. പക്ഷേ, ഊറിയാ വീട്ടിൽ പോകാതെ കൊട്ടാരം കാവല്ക്കാരോടൊപ്പം പടിപ്പുരയിൽ കിടന്നുറങ്ങി. പിറ്റേദിവസം ഊറിയായെ കുടിപ്പിച്ച് മത്തനാക്കിയശേഷം വീണ്ടും അയാളെ വീട്ടിലേക്കയയ്ക്കാൻ ശ്രമിച്ചു. എന്നാൽ അന്നും അയാൾ വീട്ടിൽ പോയില്ല. വാഗ്ദാന പേടകവും സൈന്യവും യുദ്ധമുഖത്തായിരിക്കുകയും തന്റെ നായ കനും സഹസൈനികരും പടക്കളത്തിൽ കിടക്കുകയും ചെയ്യു മ്പോൾ വീട്ടിൽ പോയി ഭാര്യയുമൊത്ത് രമിക്കാൻ മദ്യലഹരിയിൽ പ്പോലും അയാളുടെ മനസ്സ് അയാളെ അനുവദിച്ചില്ല. രാജാവിന്റെ അനുവാദവും പ്രേരണയും ഉണ്ടായിട്ടുപോലും, യുദ്ധം ചെയ്യുന്ന പടയാളികൾ ലൈംഗിക ബന്ധത്തിൽ നിന്നൊഴിഞ്ഞുനിന്ന് ശുദ്ധ രായിരിക്കണം എന്ന ഇസ്രായേൽ നിയമം (1 സാമു 21:4-5) പാലി ക്കാനുള്ള തന്റെ നിശ്ചയത്തിൽ അയാൾ ഉറച്ചുനിന്നു. താൻ വിചാ രിച്ചപോലെ കാര്യങ്ങൾ നടക്കുന്നില്ലെന്നറിഞ്ഞ ദാവീദ് ഒടു വിൽ ഊറിയായെ കൊന്നുകളയാൻ തീരുമാനിച്ചു. സൈന്യാ ധിപനായ യോവാബിന്റെ സഹായത്തോടെ അയാൾ അതിനുള്ള കരുക്കൾ നീക്കി. യുദ്ധക്കളത്തിൽ ഉഗ്രയുദ്ധം നടക്കുന്നേടത്ത് ഊറിയായെ മുന്നണിയിൽ നിർത്തിയിട്ട് അവൻ വെട്ടേറ്റ് മരി ക്കാൻ വേണ്ടി മറ്റെല്ലാവരും പിന്മാറിക്കളഞ്ഞു. അങ്ങനെ അയാൾ പോർക്കളത്തിൽ പിടഞ്ഞുമരിച്ചു.

ഊറിയായുടെ മരണവാർത്തയറിഞ്ഞപ്പോൾ ഉള്ളിൽ ഒരു ഗൂഢ സന്തോഷം ഉണ്ടായിരുന്നെങ്കിലും, അത് വിദഗ്ധമായി മറച്ചു പിടിച്ച് തികച്ചും നിർവികാരതയോടെ ഒരുസാധാരണസംഭവം

സൈബർയുഗത്തിലെ മലിനാകാശത്തിൽ നിന്ന് അശ്ലീലക്കാഴ്ചകളുടെ കുത്തൊഴുക്കു നിലച്ചിട്ട് ഞാൻ എന്റെ കണ്ണിന്റെ നൈർമല്യം കാക്കാം എന്നുപറയുന്നതിൽ അർഥമില്ല. കണ്ണിനുവിരുന്നേകാൻ അത്തരം കാഴ്ചകൾ മാടിവിളിക്കുമ്പോഴും, ''ഇല്ല, ഞാനെന്റെ കണ്ണുകളുമായി ഒരു സന്ധി ചെയ്തിട്ടുണ്ടെന്ന്'' പറയാനുള്ള ദൃഢതയാണ് നാം ആർജിക്കേണ്ടത്.

കേൾക്കുന്ന മട്ടിലാണ് ദാവീദ് പ്രതികരിച്ചത്. "ആരൊക്കെ യുദ്ധത്തിൽ മരിക്കുമെന്ന് മുൻകൂട്ടി പറയാൻ ആർക്കുമാവില്ല''[2] എന്ന് ഒരൊഴുക്കൻ മട്ടിൽ പറഞ്ഞ് അയാൾ ആ മരണവാർത്ത അവഗണിച്ചു. സാവൂളിന്റെയും ജോനാഥാന്റെയും അബ്നേറിന്റെ പോലും മരണത്തിൽ വിലപിക്കുകയും ഉപവസിക്കുകയും ചെയ്ത ദാവീദ് ഊറിയായുടെ മരണത്തിൽ ഒരിറ്റു കണ്ണീർപോലും പൊഴിച്ചില്ല.

ഭർത്താവിന്റെ മരണവാർത്തയറിഞ്ഞ ബത്ഷെബായാകട്ടെ, ഹൃദയംപൊട്ടിക്കരഞ്ഞു. അവൾ ഊറിയായെച്ചൊല്ലി വിലപിച്ചു. വിലാപകാലം കഴിഞ്ഞപ്പോൾ ദാവീദ് അവളെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി, അവന്റെ ഭാര്യമാരിലൊരാളായി സ്വീകരിച്ചു.

കാര്യങ്ങൾ ഇത്രയുമായതോടെ കർത്താവ് സംഭവങ്ങളുടെ നായകത്വം ഏറ്റെടുത്തു. പ്രവാചകനായ നാഥാനെ അവിടന്ന് കൊട്ടാരത്തിലേക്ക് അയച്ചു. അളന്നു തൂക്കി പറഞ്ഞ അതിരൂക്ഷമായ ഒരു ഉപമയിലൂടെ നാഥാൻ ദാവീദറിയാത്ത ദാവീദിലേക്കു വിരൽ ചൂണ്ടി. വളരെയേറെ ആടുമാടുകളുള്ള ഒരു ധനവാൻ, ഒരു ദരിദ്രന്റെ ഏക പെണ്ണാട്ടിൻകുട്ടിയെ അപഹരിച്ച് തന്റെ അതിഥിക്ക് വിരുന്നൊരുക്കിയ കഥയാണ് അവൻ പറഞ്ഞത്. കഥപറഞ്ഞവസാനിച്ചതോടെ അതിരൂക്ഷമായ ധാർമികരോഷത്തോടെ ദാവീദ് പറഞ്ഞു, "ഇതു ചെയ്തവൻ മരിക്കണം. അവൻ നിർദയം ഇതുചെയ്തതുകൊണ്ട് നാലുമടങ്ങ് മടക്കിക്കൊടുക്കണം." ഉടൻ നാഥാൻ അവനു നേരേ കൈചൂണ്ടി പറഞ്ഞു, "ആ മനുഷ്യൻ നീ തന്നെ!" ഇടിത്തീപോലെ ഹൃദയത്തിൽ പതിച്ച ആ വാക്കുകൾ ദാവീദിനെ അടിമുടി പിടിച്ചുലച്ചു. അതിന്റെ ആഘാതത്തിൽ നിന്നു മുക്തി നേടുന്നതിനു മുമ്പേ വിധിയുടെ വിശദാംശങ്ങൾ അവനെ വിറകൊള്ളിച്ചുകൊണ്ട് അവന്റെ കാതിൽ പതിച്ചു, "നിന്റെ ഭവനത്തിൽ നിന്ന് വാൾ ഒഴിയു

കയില്ല; നിന്റെ ഭവനത്തിൽ നിന്നുതന്നെ നിനക്ക് ഞാൻ ഉപദ്രവം ഉണ്ടാക്കും; നിന്റെ കൺമുൻപിൽ വച്ച് ഞാൻ നിന്റെ ഭാര്യമാരെ അന്യന് (നിന്നോട് അടുത്തുള്ളവന് എന്ന് ഹീബ്രുമൂലം) കൊടുക്കും."

താൻ ചെയ്ത തെറ്റിന്റെ കാഠിന്യം മനസ്സിലാക്കിയപ്പോൾ ദാവീദ് ഹൃദയം പൊട്ടിക്കരഞ്ഞു, "ഞാൻ കർത്താവിനെതിരായി പാപം ചെയ്തുപോയി!" ഒരുവിധ നീതിമത്കരണത്തിനും ശ്രമിക്കാതെ വിനയപൂർവം അവൻ തന്റെ കുറ്റങ്ങൾ ഏറ്റുപറഞ്ഞു. ഈ ഏറ്റുപറച്ചിലിന്റെ വിശദരൂപമാണ് 51-ാം സങ്കീർത്തനത്തിൽ നാം കാണുന്നത്. കുറ്റമേറ്റുപറഞ്ഞ ദാവീദിന്റെ ഉരുകിയ മനസ്സും നുറുങ്ങിയ ഹൃദയവും കർത്താവ് സ്വീകരിച്ചു. അവന്റെ പാപങ്ങൾ ക്ഷമിച്ച് അവന്റെ മേലുള്ള മരണശിക്ഷ ഇളവുചെയ്തു. പക്ഷേ, മറ്റു ശിക്ഷകൾ ഇളവു ചെയ്തില്ല. വ്യഭിചാരത്തിലൂടെ പിറന്ന കുഞ്ഞ് മരിക്കും എന്ന് അവിടന്നു പറഞ്ഞു.

നാളുകൾ കഴിഞ്ഞു. ബത്ഷെബാ പ്രസവിച്ചു. പക്ഷേ, കുഞ്ഞിന് കർത്താവിന്റെ പ്രഹരമേറ്റു. അതിനു രോഗം പിടിപെട്ടു. രാത്രി മുഴുവൻ നിലത്തുകിടന്നും ഉപവസിച്ചും ദാവീദ് കർത്താവിന്റെ കരുണയ്ക്കായി പ്രാർഥിച്ചു. പക്ഷേ, മാറ്റമില്ലാത്ത ആ വിധി നടപ്പിലാകുക തന്നെചെയ്തു. രോഗം ബാധിച്ച് ഏഴാംദിവസം ശിശു മരിച്ചു. നിഷ്കളങ്കനായ ആ ശിശുവിനെ ലോകത്തിന്റെ മാലിന്യങ്ങളിൽ നിന്നും ക്ലേശങ്ങളിൽ നിന്നും കർത്താവ് മോചിപ്പിച്ചു. എല്ലാവരും ദുരന്തമായിക്കരുതിയ ആ മരണത്തെ ദാവീദ് ശരിയായിത്തന്നെ മനസ്സിലാക്കി. കുഞ്ഞ് ദൈവകരങ്ങളിലേക്ക് എടുക്കപ്പെട്ടുവെന്നും ഇനി അവന് തന്റെ അടുക്കൽ വരാനാവില്ലെങ്കിലും, തനിക്ക് അവന്റെയടുക്കൽ ചെല്ലാനാവുമെന്നും അവൻ പ്രത്യാശിച്ചു (12:23).

കുഞ്ഞിന്റെ മരണശേഷം ഉപവാസമവസാനിപ്പിച്ച് സാധാരണ ജീവിതത്തിലേക്കു മടങ്ങിയ ദാവീദ്, ഭാര്യ ബത്ഷെബായുമായി ചേർന്നു. അവർക്ക് രണ്ടാമതൊരു കുഞ്ഞു പിറന്നു. കുഞ്ഞിനവൻ സോളമൻ എന്നു പേരിട്ടു. സോളമൻ എന്ന പേരിന്റെ ഹീബ്രുമൂലമായ 'ശ്ലോമോ', സമാധാനം എന്നർഥമുള്ള 'ശാലോം' എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. അനുതപിച്ചു തിരിച്ചുവന്ന താനുമായി ദൈവം രമ്യതയിലെത്തിയെന്ന ദാവീദിന്റെ ഉറച്ചബോധ്യമാണ് ഈ നാമകരണത്തിലൂടെ വെളിവാകുന്നത്. ദാവീദു സോള

മൻ എന്നു വിളിച്ച ആ കുഞ്ഞിന്, കർത്താവിന്റെ നിർദേശമനുസ രിച്ച് നാഥാൻ പ്രവാചകൻ യദീദിയ എന്നു പേരിട്ടു. യാഹ്വെ യുടെ പ്രീതിപാത്രം എന്നാണ് ആ പേരിന്റെ അർഥം. പാപത്തിന്റെ ഫലമായി ദൈവം ദാവീദിനെ എന്നന്നേക്കുമായി ഉപേക്ഷിച്ചിട്ടി ല്ലെന്നും അവന്റെ മകനിൽ അവിടന്ന് പ്രസാദിച്ചിരിക്കുന്നു എന്നു മുള്ള സന്തോഷവാർത്തയാണ് നാഥാനിലൂടെ കർത്താവ് വെളി പ്പെടുത്തിയത്.

ദാവീദ്-ബെത്ഷെബാ സംഭവം പഴയനിയമത്തിലെ ഏറ്റവും ഹൃദയസ്പർശിയായ ഒരു വീഴ്ചയുടെയും തിരിച്ചുവരവിന്റെയും കഥയാണ്. അധികാരവും സമ്പത്തുമേറിയപ്പോൾ അറിയാതെ കടന്നുകൂടിയ അലസതയുടെ അനന്തരഫലമാണ് ദാവീദിന്റെ പതനം. ഉണർന്നിരുന്നു യുദ്ധം ചെയ്യേണ്ട സമയത്ത് അയാൾ അലസമായി ഉറങ്ങി വിശ്രമിച്ചു. ഊണും ഉറക്കവും ഉലാത്തലും മാത്രമായി അയാളുടെ ജീവിതം ചുരുങ്ങാൻ തുടങ്ങി. അപ്പോഴാ ണ് അരുതാത്ത കാഴ്ചകൾ തേടി അയാളുടെ കണ്ണുകൾ അല ഞ്ഞത്. ആദ്യം യദൃച്ഛയാ കണ്ട ഒരു നഗ്നദൃശ്യം അയാൾ വീണ്ടും വീണ്ടും നോക്കുകയും അതിനെ മനസ്സിലിട്ടോമനിക്കുകയും ചെയ്തപ്പോൾ ഉള്ളിൽ കാളിയ കാമാഗ്നിയിൽ അയാളുടെ അതു വരെയുള്ള ആത്മബലം മുഴുവൻ എരിഞ്ഞുപോയി. പിന്നീടങ്ങോട്ട് അയാളുടെ വീഴ്ചകൾ വളരെവേഗത്തിലായിരുന്നു. ഒരു തെറ്റുമറ യ്ക്കാൻ മറ്റൊന്ന്, അതിനെ മറയ്ക്കാൻ വേറൊന്ന്, അങ്ങനെ അങ്ങനെ അതു മുന്നോട്ടുപോയി. ഒടുവിൽ അതിക്രൂരമായ ഒരു കൊലപാതകം വരെ അതെത്തി. ഒന്നിനുപുറകെ മറ്റൊന്നായി അയാൾ ചെയ്തുകൂട്ടിയ പാപങ്ങൾ അയാളുടെ മനസ്സാക്ഷിയെ ത്തന്നെ മരവിപ്പിച്ചു കളഞ്ഞു. ഊറിയായുടെ മരണവാർത്ത കേട്ടിട്ട് ഒരു വികാരവും അയാളിൽ ഉണരാഞ്ഞത് അതുകൊണ്ടാണ്.

പാപം അല്പാല്പമായി നമ്മെ മരവിപ്പിലേക്കു നയിക്കുമെ ന്നത് അനുഭവങ്ങൾ തന്നെ നമ്മെ പഠിപ്പിക്കുന്ന സത്യമാണ്. ആദ്യ മായി ഒരു തെറ്റുചെയ്യുമ്പോൾ മനസ്സാക്ഷി നമ്മെ അതിശക്തമായി കുറ്റപ്പെടുത്തും. പക്ഷേ, അത് പലവട്ടമാകുമ്പോൾ ആ സ്വരം നേർത്തു നേർത്ത് ഒടുവിൽ അശ്രവ്യമാം വിധം ദുർബലമാകും. പിന്നെ ഒരു തെറ്റും നമ്മെ അലോസരപ്പെടുത്തുകയില്ല. കൈ യിൽ ഒരു ബക്കറ്റുവെള്ളമെടുത്തുയർത്തിയാലുള്ള ഭാരം, വെള്ള

അഭിഷേകം ഉണ്ടെന്നതുകൊണ്ട് ഒരാൾ എല്ലാവരെയുംകാൾ വിശുദ്ധനാകണമെന്നില്ല. അഭിഷിക്തരെ ലജ്ജിപ്പിക്കുംവിധം വിശുദ്ധജീവിതം നയിക്കുന്ന എത്രയോ സാധാരണക്കാരാണ് നമുക്കുചുറ്റുമുള്ളത്!

ത്തിനടിയിലായിരിക്കുമ്പോൾ നമുക്ക് തോന്നുകയില്ലല്ലോ. വെള്ള മില്ലാഞ്ഞിട്ടോ ഭാരമില്ലാഞ്ഞിട്ടോ അല്ല അത്. ആകെ മുങ്ങി നില്ക്കുന്നതുകൊണ്ട് അറിയാത്തതാണ്.

നഗ്നത കാണിക്കുംവിധം അശ്രദ്ധയോടെ കുളിക്കാനിറങ്ങിയത് ബത്ഷെബായുടെ വീഴ്ചയാണെന്ന് സമ്മതിക്കാതിരിക്കാൻ വയ്യാ. പക്ഷേ, അതുകൊണ്ട് ദാവീദ് ചെയ്തത് ശരിയായിത്തീരുന്നില്ല. കാണുന്ന കാഴ്ചകൾക്കൊപ്പം തന്റെ വികാരങ്ങൾ അയാൾ അഴിച്ചുവിടരുതായിരുന്നു. മാത്രമല്ല, അബദ്ധത്തിൽ കണ്ടതിനെ ബോധപൂർവം ആവർത്തിച്ചുനോക്കി എരിതീയിൽ എണ്ണ പകരുകയും ചെയ്യരുതായിരുന്നു. കണ്ണിനെ നിയന്ത്രിക്കാനറിയാത്തവന് ഉടലിനെയും മെരുക്കാൻ പ്രയാസമാണ്.

അശ്ലീലക്കാഴ്ചകൾക്ക് ഒരു ക്ഷാമവും ഇല്ലാത്ത കാലത്താണ് നാം ജീവിക്കുന്നത്. വിരൽത്തുമ്പിൽ തെളിയുന്ന നഗ്നചിത്രങ്ങൾക്കു മുമ്പിൽ തപസ്സിരുന്ന് അഞ്ചുവയസ്സുകാർ മുതൽ പിഴച്ചുപോകുന്നു. സൈബർയുഗത്തിലെ മലിനാകാശത്തിൽ നിന്ന് അശ്ലീലക്കാഴ്ചകളുടെ കുത്തൊഴുക്കു നിലച്ചിട്ട് ഞാൻ എന്റെ കണ്ണിന്റെ നൈർമല്യം കാക്കാം എന്നുപറയുന്നതിൽ അർഥമില്ല. അവ ഇനി പെരുകിവരുകയേ ഉള്ളൂ. കണ്ണിനുവിരുന്നേകാൻ അത്തരം കാഴ്ചകൾ മാടിവിളിക്കുമ്പോഴും, "ഇല്ല, ഞാനെന്റെ കണ്ണുകളുമായി ഒരു സന്ധി ചെയ്തിട്ടുണ്ടെന്ന്'' പഴയനിയമത്തിലെ ജോബിനെപ്പോലെ പറയാനുള്ള ദൃഢതയാണ് നാം ആർജിക്കേണ്ടത്. ബത്ഷെബാമാർ കുളിച്ചുകൊള്ളട്ടെ, പക്ഷേ, നമുക്കൊരു കണ്ണടക്കം പാലിക്കേണ്ടതുണ്ട്.

കണ്ണടക്കം ഇല്ലാതെപോയി വ്യഭിചാരത്തിൽ വീണ ദാവീദ്, പിന്നീടതു മറച്ചുവയ്ക്കാൻ നോക്കിയതാണ് കാര്യങ്ങൾ കൂടുതൽ വഷളാക്കിയത്. അനുതപിച്ചേറ്റുപറഞ്ഞിരുന്നെങ്കിൽ അധികം ക്ഷതമേല്ക്കാതെ രക്ഷപ്പെടാമായിരുന്നു. പക്ഷേ, ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്തോറും അയാൾ കൂടുതൽ കൂടുതൽ ആഴങ്ങളിലേക്കു പതിക്കുകയായിരുന്നു. ഒടുവിൽ ഒരഗ്നിച്ചീളുപോലെ വന്ന

നാഥാന്റെ വാക്കുകളാണ് അയാളിൽ അനുതാപമുണർത്തിയത്. തുടർന്ന് അയാൾ നടത്തിയ ഏറ്റുപറച്ചിൽ അതീവഹൃദ്യമാണ് (51-ാം സങ്കീർത്തനം). 'എന്നെ കഴുകണമേ, ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും' എന്നാണ് അയാൾ കരഞ്ഞു പ്രാർഥിച്ചത്. മുഖം കഴുകുന്നതുപോലൊരു കഴുകലിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്. കല്ലിലിട്ടടിച്ച് അലക്കുക എന്ന അർഥത്തിലുള്ള ഹീബ്രു പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് എന്നാണ് ഭാഷാപണ്ഡിതന്മാർ പറയുന്നത്. ശുദ്ധീകരിക്കപ്പെടുന്ന പ്രക്രിയയിൽ ഏതു വേദനയും സഹിക്കാനുള്ള സന്നദ്ധതയാണ് അയാൾ ഏറ്റുപറഞ്ഞത്. ആത്മാർഥമായ ആ കരച്ചിലിനു ഫലമുണ്ടായി. എല്ലാം ക്ഷമിച്ച് അവിടന്നയാളെ ചേർത്തുനിർത്തി.

നമ്മുടെ പാപങ്ങളല്ല യഥാർഥത്തിൽ നമ്മെ നാശത്തിലേക്കു നയിക്കുന്നത്, അനുതാപമില്ലായ്മയാണ്. അനുതപിച്ചണയുന്നവർക്ക് ദൈവം എപ്പോഴും സമീപസ്ഥനാണ്. 'പഴയ പാപികളായല്ല', വിശുദ്ധരായാണ് അവിടന്നവരെ സ്വീകരിക്കുന്നത്. ചരിത്രം നോക്കി നമ്മെ വിധിക്കാത്ത ദൈവത്തിന്റെ ആ ദയാവായ്പാണ് സത്യത്തിൽ നമ്മുടെയല്ലാം മഹത്ത്വത്തിന്റെ ആധാരം.

പാപമോചനം കിട്ടിയെങ്കിലും ചില താത്കാലികശിക്ഷകൾ ദാവീദിന് അനുഭവിക്കേണ്ടിവന്നു എന്നത് ഒരു യാഥാർഥ്യമാണ്. കരുണ കാണിക്കുമ്പോൾപ്പോലും അത് നീതിപൂർവമാകണമെന്നതുകൊണ്ടാകാം അത്. നീതിബോധമുള്ള ഒരു ന്യായാധിപനെപ്പോലെ ദാവീദ് തന്നെയാണ് ഇവിടെ അവന് ശിക്ഷാവിധി പ്രഖ്യാപിച്ചത്. നാഥാന്റെ കഥകേട്ട് ധാർമികരോഷംപൂണ്ട അവൻ, ദരിദ്രന്റെ കുഞ്ഞാടിനെ വധിച്ച ധനവാന്റെ നാലുകുഞ്ഞാടുകൾ വധിക്കപ്പെടണം എന്നു വിധിച്ചു. അത് ഒടുവിൽ അവന്റെ മേൽ തന്നെയുള്ള ശിക്ഷാവിധിയായിമാറി. നാലുകുഞ്ഞാടുകളുടെ മരണത്തിന് അവൻ സാക്ഷിയായി. വ്യഭിചാരത്തിൽ പിറന്ന കുഞ്ഞായിരുന്നു വധിക്കപ്പെട്ട ആദ്യകുഞ്ഞാട്; പിന്നെ അവന്റെ മറ്റു പുത്രന്മാരായ അമ്നോൻ, അബ്സലോം, അദോനിയ എന്നിവരും.

വസ്തുവിന്റെ യഥാർഥവില മറച്ചുപിടിച്ച് മോഹനമായവ മാത്രം പറഞ്ഞ് ഉപഭോക്താവിനെ വലയിൽ വീഴ്ത്തുന്ന ചില വില്പനക്കാരുണ്ട്. അവർ പറഞ്ഞതുമുഴുവൻ വിശ്വസിച്ച് വസ്തുവാങ്ങി പണമടയ്ക്കുമ്പോഴായിരിക്കും അതിന്റെ വിലയറിഞ്ഞ് നാം അമ്പരക്കുന്നത്. സാത്താൻ ഏതാണ്ടിതുപോലെയാണ്. പാപത്തിന്റെ

സുഖങ്ങളെക്കുറിച്ചു മാത്രം അവൻ സംസാരിക്കും. വശീകരിക്കപ്പെട്ട് വലയിൽ വീണുകഴിയുമ്പോളാണ് അതിന്റെ വില നമ്മിൽ ഞെട്ടലുളവാക്കുന്നത്. അതാണിവിടെ ദാവീദിനും സംഭവിച്ചത്. പാപത്തിന്റെ സുഖങ്ങളെക്കുറിച്ചുമാത്രം അയാൾ ചിന്തിച്ചു. ഒടുവിൽ അതിൽ വീണുപോയപ്പോൾ കനത്തവിലതന്നെ അയാൾക്ക് പകരം കൊടുക്കേണ്ടിവന്നു.

വികാരങ്ങൾ നിയന്ത്രിക്കുന്നതിൽ രാജാവായ ദാവീദിനെക്കാൾ പക്വതയാണ് ഈ കഥയിലെ ദുരന്തകഥാപാത്രമായ ഊറിയാ കാണിച്ചത്. ഗിത്യനായിരുന്നെങ്കിലും ദൈവത്തോടവൻ ദാവീദിനെക്കാൾ വിശ്വസ്തനായിരുന്നു. മദ്യലഹരിയിൽപ്പോലും ദാവീദിനെക്കാൾ ധർമബോധത്തോടെയാണ് അവൻ പെരുമാറിയത്. "ദാവീദ് ആയിത്തീരേണ്ടിയിരുന്ന ദാവീദായിരുന്നു ഊറിയ" എന്നാണ് ബോബ് ഡെഫിൻബോഗ് എന്ന ഗ്രന്ഥകാരൻ ഊറിയായെക്കുറിച്ചു പറയുന്നത്. അത്രയ്ക്ക് ഉദാത്തമായിരുന്നു അയാളുടെ വാക്കും പെരുമാറ്റവും.

അഭിഷേകം ഉണ്ടെന്നതുകൊണ്ട് ഒരാൾ എല്ലാവരെയുംകാൾ വിശുദ്ധനാകണമെന്നില്ല. അഭിഷിക്തരെ ലജ്ജിപ്പിക്കുംവിധം വിശുദ്ധജീവിതം നയിക്കുന്ന എത്രയോ സാധാരണക്കാരാണ് നമുക്കുചുറ്റുമുള്ളത്! ദാവീദിന്റെ അപഥയാത്രയ്ക്കിടയ്ക്ക് ഒരു ചോദ്യചിഹ്നം പോലെ പ്രത്യക്ഷപ്പെട്ട ഊറിയായെപ്പോലെ അവർ അഭിഷിക്തർക്കു മുമ്പിൽ ഒരു വെല്ലുവിളിയായി ഉയർന്നുനില്ക്കുന്നു. അവരെ ആദരിക്കാനും അവരിൽ നിന്ന് പാഠം പഠിക്കാനുമായാൽ അഭിഷിക്തവഴികളിൽ ഏറെ അദ്ഭുതങ്ങൾ വിരിയും എന്നതിൽ സംശയമില്ല.

പിൻകുറിപ്പ്

1 ജറുസലേമിൽ നിന്ന് ഏകദേശം 80 കി.മി വടക്കാണ് റബ്ബാ നഗരം. ഇന്ന് ആ പട്ടണം ആധുനിക ജോർദാൻ രാജ്യത്തിന്റെ തലസ്ഥാനമായ അമ്മാൻ എന്നാണ് അറിയപ്പെടുന്നത്.

2 ആരൊക്കെയുദ്ധത്തിൽ മരിക്കും എന്ന് മുൻകൂട്ടി പറയാൻ ആർക്കുമാവില്ല (2 സാമു 11:25) എന്നതിന്റെ ഹീബ്രുമൂലം "വാൾ ഒരുവനെയെന്നപോലെ അപരനെയും വിഴുങ്ങുന്നു" എന്നാണ്. ഒരു പൊതുതത്ത്വം എന്ന നിലയിൽ ദാവീദ് പറഞ്ഞ ഈ വാക്കുകൾ ഭീതിദമായ ധ്വനികൾ ഉൾക്കൊള്ളുന്ന ഒരു പ്രവചനമായിത്തീർന്നു. ഊറിയായെ വധിച്ച വാൾ പിന്നീട് ദാവീദിന്റെ കുടുംബത്തെയും വിഴുങ്ങിക്കളഞ്ഞു.



22

സുഹൃത്തുക്കളെ സൂക്ഷിക്കുക

2 സാമുവൽ 13

ജസ്രീൽക്കാരിയായ അഹിനോവാമിൽ നിന്ന് ദാവീദിനു ജനിച്ച പുത്രനാണ് അമ്നോൻ. ആദ്യജാതനായിരുന്നതിനാൽ അടുത്ത കിരീടാവകാശിയായാണ് അയാൾ പൊതുവേ പരിഗണിക്കപ്പെട്ടിരുന്നത്. പിതാവായ ദാവീദിനെപ്പോലെ അമ്നോനും ജഡികവിഷയങ്ങളിൽ അല്പം ദുർബലനായിരുന്നു. ഗഷൂർരാജാവിന്റെ പുത്രിയായ മാഖായിൽ നിന്ന് ദാവീദിനു ജനിച്ച താമാർ എന്ന ഒരു അർധസഹോദരി അയാൾക്കുണ്ടായിരുന്നു. അബ്സലോം ആയിരുന്നു അവളുടെ രക്തസഹോദരൻ. താമാറിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായ അമ്നോൻ ഏതുവിധേനയും അവളെ പ്രാപിക്കണമെന്ന് ആഗ്രഹിച്ചു. പക്ഷേ, കന്യകമാരായ രാജകുമാരിമാർക്ക് കൊട്ടാരത്തിൽ ശക്തമായ സംരക്ഷണം ഏർപ്പെടുത്തിയിരുന്നതിനാൽ അത് അത്ര എളുപ്പമല്ലായിരുന്നു.

അങ്ങനെയിരിക്കേ, കാമാതുരനായ അമ്നോന്റെ ആഗ്രഹം നിറവേറ്റാൻ സ്നേഹിതനായ യോനാദാബ് അയാൾക്കൊരു കൗശലം പറഞ്ഞുകൊടുത്തു. രോഗം നടിച്ചു കിടക്കാനും പിതാവായ ദാവീദ് അയാളെ കാണാൻ വരുമ്പോൾ, സഹോദരിയായ താമാറിന്റെ കൈയിൽ നിന്ന് ഭക്ഷണം വാങ്ങിക്കഴിക്കണം എന്ന തന്റെ ആഗ്രഹം പിതാവിനെ അറിയിക്കാനുമാണ് അവൻ ഉപദേശിച്ചത്. യോനാദാബ് പറഞ്ഞപോലെ തന്നെ അമ്നോൻ പ്രവർത്തിച്ചു. താമാറിനെ തന്റെ അടുക്കലേക്ക് അയയ്ക്കണമെന്ന അമ്നോന്റെ ആഗ്രഹത്തിൽ ഒരപാകതയും ദാവീദ് കണ്ടില്ല. അതിൽ ദുരുദ്ദേശ്യമുണ്ടെന്ന് ചിന്തിച്ചതുമില്ല. അയാൾ താമാറിനെ അമ്നോന്റെ അടുക്കലേക്ക് പറഞ്ഞയച്ചു. ഭക്ഷണവുമായി കടന്നുവന്ന താമാറിനെ അവളുടെ വിരോധമോ വിലാപമോ പരിഗണിക്കാതെ അമ്നോൻ മാനഭംഗപ്പെടുത്തി. അനന്തരം നിർദയം പുറന്തള്ളി. തന്റെ കാമപൂർത്തിക്കായുള്ള ഉപകരണം മാത്രമായിരുന്നു അവന് താമാർ.

അമ്നോന്റെ ദുഷ്ടതയെക്കുറിച്ചു കേട്ടപ്പോൾ ദാവീദ് അത്യന്തം കോപിച്ചു. എന്നാൽ അമ്നോനെ ശാസിക്കാനോ ശിക്ഷിക്കാനോ അയാൾ മുതിർന്നില്ല. സപ്തതി വിവർത്തകൻ കൂട്ടിച്ചേർക്കുന്നതനുസരിച്ച് തന്റെ മൂത്തമകനായിരുന്ന അമ്നോനെ ദാവീദ് അത്യധികം സ്നേഹിച്ചിരുന്നതുകൊണ്ടാണ് അയാൾ അവനെ ശാസിക്കാതിരുന്നത്. പക്ഷേ, സ്നേഹിച്ചിരുന്നതുകൊണ്ട് ശാസിച്ചില്ല എന്നു പറയുന്നതിനെക്കാൾ, തിരുത്താനുള്ള ധാർമികബലം ഇല്ലാതിരുന്നതുകൊണ്ട് അതുചെയ്തില്ല എന്നു പറയുന്നതാകും കൂടുതൽ ശരി. ബലാത്സംഗത്തിന്റെ ഒരു പൂർവചരിത്രം അവനും ഉണ്ടായിരുന്നല്ലോ.

സഹോദരിക്കു സംഭവിച്ച ദുരന്തത്തെക്കുറിച്ചറിഞ്ഞ അബ്സലോം താമാറിനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അമ്നോനോട് അവൻ ഉടൻ പ്രതികരിച്ചില്ലെങ്കിലും അതിരൂക്ഷമായ വെറുപ്പോടെ പ്രതികാരത്തിനുള്ള അവസരവും കാത്ത് അവനിരുന്നു. രണ്ടുവർഷങ്ങൾ പിന്നിട്ടു. എഫ്രായിം പട്ടണത്തിനടുത്തുള്ള ബാൽഹസോറിൽ വച്ച് അബ്സലോമിന്റെ ആടുകളുടെ 'രോമം കത്രിക്കൽ ഉത്സവം' നടക്കുന്ന സമയം. രാജകുമാരന്മാരെയെല്ലാം അവൻ വിരുന്നിനുക്ഷണിച്ചു. പിതാവായ ദാവീദും സേവകന്മാരും അതിൽ സംബന്ധിക്കണമെന്നാണ് തന്റെ ആഗ്രഹം എന്ന് അവൻ ദാവീദിനെ അറിയിച്ചു.

ശ്രേഷ്ഠസുന്ദരങ്ങളായ അഭിധാനങ്ങൾ പലതും അലങ്കാരങ്ങളെന്നു കരുതി നാം ചുമക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. നമുക്കിണങ്ങുന്ന പേരാണോ നമുക്കുള്ളതെന്ന് ഇനിയെങ്കിലും നാം ഒരു ആത്മപരിശോധന നടത്തണ്ടേ?

അവൻ പ്രതീക്ഷിച്ചപോലെ തന്നെ ദാവീദ് അതിനു വിസമ്മതിച്ചു. രാജാവിന്റെ പ്രതിനിധിയായി മൂത്തപുത്രനും കിരീടാവകാശിയുമായ അമ്നോനെ അവിടേക്ക് അയയ്ക്കണമെന്നായി അപ്പോൾ അവന്റെ അഭ്യർഥന. കരുതിക്കൂട്ടിയുള്ള കരുനീക്കമായിരുന്നു അത്. സഹോദരിയെ മാനഭംഗപ്പെടത്തിയതിനു പ്രതികാരം വീട്ടാനും കിരീടാവകാശിയെ വധിച്ച് രാജാധികാരം ഉറപ്പിക്കാനുമുള്ള ഉദ്ദേശ്യമായിരുന്നു അവന്[1]. അഭ്യർഥനയുടെ പിന്നിലെ ദുരുദ്ദേശ്യമറിയാതെ ദാവീദ് അമ്നോനെയും മറ്റു രാജകുമാരന്മാരെയും വിരുന്നിനുപോകാൻ അനുവദിച്ചു. വിരുന്നിനിടെ വീഞ്ഞുകുടിച്ചു മത്തനായ അമ്നോനെ അബ്സലോമിന്റെ ആജ്ഞാനുസാരം അവന്റെ ഭൃത്യന്മാർ കൊന്നുകളഞ്ഞു.

അമ്നോൻ വധിക്കപ്പെട്ടതോടെ രാജകുമാരന്മാർ പരിഭ്രാന്തരായി ഓടിപ്പോയി. രാജകോപം ഭയന്ന് അബ്സലോമും ഓടിരക്ഷപ്പെട്ടു. തന്റെ മാതൃപിതാവും ഗഷൂർ രാജാവുമായ താൽമായിയുടെ അടുക്കലേക്കാണ് അവൻ പോയത്. മൂന്നുവർഷം അവൻ അവിടെ താമസിച്ചു. മരിച്ച അമ്നോനെപ്രതി ദാവീദ് വിലപിച്ചെങ്കിലും അബ്സലോം കുറ്റക്കാരനല്ലെന്ന മട്ടിലാണ് അയാൾ പ്രതികരിച്ചത്. അവനെതിരേ ഒരു ശിക്ഷാനടപടിയും സ്വീകരിച്ചില്ലെന്നു മാത്രമല്ല, അമ്നോന്റെ വേർപാടിലുള്ള ദുഃഖം ശമിച്ചപ്പോൾ അബ്സലോമിനെ കാണാൻ അയാൾ അതിയായി ആഗ്രഹിക്കുകയും ചെയ്തു.

നീചമായ കുറ്റകൃത്യങ്ങൾ ചെയ്യാൻ ഒരു മടിയുമില്ലാത്ത കഥാപാത്രങ്ങൾ ഒന്നിനുപുറകെ ഒന്നായി അണിനിരക്കുന്ന ഒരു വചനഭാഗമാണിത്. അമ്നോന്റെ ബലാൽസംഗത്തോടെയാണ് ദുരന്തനാടകത്തിന്റെ തിരശീല ഉയരുന്നത്. താമാർ സ്വന്തം സഹോദരിയാണെന്നോ വ്യഭിചാരം അതിനിന്ദ്യമാണെന്നോ പരിഗണിക്കാതെ ഒരു മൃഗത്തെപ്പോലെ അയാൾ തന്റെ കാമവെറിക്കടിപ്പെടുകയായിരുന്നു. ദൈവത്തോടോ കുടുംബബന്ധങ്ങളോടോ തെല്ലും വിശ്വസ്തത കാണിക്കാതെ, അധർമത്തിന്റെ വഴിയിൽ ചരിച്ച അയാളുടെ

പേര് അമ്നോൻ എന്നായിരുന്നു എന്നത് ഒരു വിരോധാഭാസമാണ്. 'അമ്നോൻ' എന്ന പേരിന്റെ അർഥം 'വിശ്വസ്തൻ' എന്നാണല്ലോ! പേരിനിണങ്ങാത്ത വ്യക്തിത്വവുമായിനില്ക്കുന്ന അമ്നോന് സത്യത്തിൽ നമ്മിൽ പലരുടെയും മുഖച്ഛായയുണ്ട്. ശ്രേഷ്ഠസുന്ദരങ്ങളായ അഭിധാനങ്ങൾ പലതും അലങ്കാരങ്ങളെന്നു കരുതി നാം ചുമക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. നമുക്കിണങ്ങുന്ന പേരാണോ നമുക്കുള്ളതെന്ന് ഇനിയെങ്കിലും നാം ഒരു ആത്മപരിശോധന നടത്തണ്ടേ? ക്രിസ്ത്യാനി, പുരോഹിതൻ, അധ്യാപകൻ, അച്ഛൻ, അമ്മ എന്നൊക്കെ ആളുകൾ പലരും നമ്മെ വിളിക്കുന്നുണ്ട്. എന്താണവയുടെ അർഥമെന്ന് ഒരിക്കൽപ്പോലും നാം ചിന്തിച്ചിട്ടുണ്ടോ എന്നു സംശയമാണ്. അർഥമറിഞ്ഞ് അവയോട് നീതി പുലർത്താനായില്ലെങ്കിൽ ലേബലഴിച്ചുവച്ച് അരങ്ങൊഴിയുന്നതല്ലേ നല്ലത്!

മഹാനായ അലക്സാണ്ടർ ചക്രവർത്തി ഒരിക്കൽ തന്റെ സൈനികരുടെ പരേഡ് വീക്ഷിക്കുകയായിരുന്നു. അക്കൂട്ടത്തിൽ, വൃത്തിഹീനനായി നില്ക്കുന്ന ഒരു സൈനികനെ അദ്ദേഹം കണ്ടു. ചക്രവർത്തി അയാളോടു ചോദിച്ചു, "നിന്റെ പേരെന്താണ്?" അയാൾ പറഞ്ഞു, "അലക്സാണ്ടർ." കേട്ടതു ശരിയോ എന്നറിയാൻ ചക്രവർത്തി ചോദ്യം ആവർത്തിച്ചു. അയാൾ വീണ്ടും പറഞ്ഞു, "അലക്സാണ്ടർ." കുപിതനായി ചക്രവർത്തി പറഞ്ഞു, "നിന്റെ പേര് അലക്സാണ്ടർ എന്ന് നീ പറയുന്നു. എന്നിട്ട് വൃത്തിയില്ലാതെ നടക്കുകയും ചെയ്യുന്നു. അലക്സാണ്ടർ എന്ന പേരുമിട്ട് നിനക്കിങ്ങനെ ജീവിക്കാൻ സാധ്യമല്ല. ഒന്നുകിൽ നീ നിന്റെ പേരുമാറ്റണം, അല്ലെങ്കിൽ സ്വഭാവം മാറ്റണം."

ഉന്നതമായ നാമവും പേറി നാം അധമവഴികളിൽ നടന്നാൽ ലോകം നമ്മെ പരിഹസിക്കും. പേരിൽ കാര്യമില്ലെന്നു പറഞ്ഞ് മാനമില്ലാത്തവർക്ക് വേണമെങ്കിൽ ഒഴിഞ്ഞുമാറാം. പക്ഷേ, അതല്ലല്ലോ വേണ്ടത്. പേരിനൊത്തുയരാൻ വേണ്ടി ഒന്നു വഴിമാറിനടക്കുകയെങ്കിലും വേണ്ടേ?

അമ്നോന്റെ നിന്ദ്യമായ പതനം ധ്യാനിക്കുമ്പോൾ അവന്റെ കുബുദ്ധിയായ സുഹൃത്ത് യോനാദാബിനെ നമുക്ക് മാറ്റിനിർത്താനാവില്ല. അവന്റെ കൗശലമാണ് അമ്നോന്റെ വീഴ്ചയ്ക്ക് ഗതിവേഗം കൂട്ടിയത്. "എല്ലാവരോടും എല്ലാം തുറന്നുപറയരുത്; അതു

ആത്മസംഘർഷങ്ങളും മനശ്ചാഞ്ചല്യങ്ങളുമുണ്ടാകുമ്പോൾ അറിവും ആത്മബലവുമുള്ളവരോടാണ് നാം അതു പങ്കുവയ്ക്കേണ്ടത്. തമോമയരോട് ഉപദേശം ചോദിച്ചാൽ അവർ നമ്മെ ഇരുളിലേക്കേ നയിക്കൂ.

നിന്റെ സന്തോഷം കെടുത്തിയേക്കു"മെന്നും (8:19) "എല്ലാവരിലും നിന്ന് സൗഹൃദം സ്വീകരിച്ചുകൊള്ളുക; എന്നാൽ ആയിരത്തിൽ ഒരുവനിൽ നിന്നേ ഉപദേശം സ്വീകരിക്കാവൂ" (6:6) എന്നും പ്രഭാഷകൻ മുന്നറിയിപ്പു നല്കിയിട്ടുണ്ട്. തന്റെ വികാരങ്ങളും പ്രലോഭനങ്ങളും യോനാദാബിന്റെ മുമ്പിൽ തുറന്നുവച്ചു എന്നതാണ് അമ്നോനു പറ്റിയ ആദ്യത്തെ തെറ്റ്. കുടിലബുദ്ധിയായ യോനാദാബിന്റെ ഉപദേശം കേട്ടു പ്രവർത്തിച്ചു എന്നത് അവന്റെ രണ്ടാമത്തെ തെറ്റും. ആത്മസംഘർഷങ്ങളും മനശ്ചാഞ്ചല്യങ്ങളുമുണ്ടാകുമ്പോൾ അറിവും ആത്മബലവുമുള്ളവരോടാണ് നാം അതു പങ്കുവയ്ക്കേണ്ടത്. തമോമയരോട് ഉപദേശം ചോദിച്ചാൽ അവർ നമ്മെ ഇരുളിലേക്കേ നയിക്കൂ. സഹായിക്കാനെന്ന വ്യാജേന അവർ പറയുന്ന കാര്യങ്ങൾ അനുസരിച്ചാൽ പിന്നെ, അബദ്ധങ്ങൾ നമ്മെ വിട്ടൊഴിയുകയുമില്ല.

ഏറെപ്പേർ ഇന്നു തകർന്നടിയുന്നത് സുഹൃത്തുക്കളുടെ ദുരുപദേശങ്ങൾക്കു വഴിപ്പെട്ടാണ്. സന്തോഷപ്രദവും സുഖകരവുമായ വഴികളാണ് സുഹൃത്തുക്കൾ പൊതുവേ പറഞ്ഞു തരുന്നത്. പക്ഷേ, ശരിതെറ്റുകൾ പലപ്പോഴും അവർ പരിഗണിക്കാറില്ല. മനസ്സിനെ സന്തോഷിപ്പിക്കുമെന്നു കരുതി അവർ പറയുന്നത് അന്ധമായി ആശ്ലേഷിച്ചാൽ അത് അപകടം ക്ഷണിച്ചുവരുത്തും. സന്തോഷമല്ല, ദൈവഹിതമാണ് നാം ലക്ഷ്യമായി സ്വീകരിക്കേണ്ടത്.

സന്തോഷം കിട്ടുന്ന വഴികളിലൂടെ നടന്ന ദാവീദിനെപ്പോലെ തന്നെ അവന്റെ പുത്രൻ അമ്നോനും പെരുമാറി എന്നത് സ്വാഭാവികം മാത്രമാണ്. മാതാപിതാക്കന്മാരുടെ ജീവിതം മക്കൾക്ക് പാഠ്യപുസ്തകമാണെന്നല്ലേ പറയുന്നത്? പുസ്തകത്തിലുള്ളതേ അവർ പഠിക്കൂ. അതിലില്ലാത്തത് എത്ര തന്നെ ചൊല്ലിക്കൊടുത്താലും മനസ്സിലുറയ്ക്കണമെന്നില്ല. മക്കൾക്കു കാലിടറുന്നുവെന്നറിഞ്ഞിട്ടും ദാവീദിന് ഒരുപദേശവും അവർക്കു നല്കാനാ

യില്ലെന്നു പറയുന്നത് ഒരു ദുരന്തമാണ്. തിരുത്താനുള്ള ധാർമിക ബലം നഷ്ടപ്പെട്ടാൽ പിന്നെ മക്കൾക്കു മുമ്പിൽ ശിരസ്സു താഴ്ത്തി കോമാളികളെപ്പോലെ നില്ക്കാനേ മാതാപിതാക്കന്മാർക്കാവൂ.

പിതാവെന്ന നിലയിൽ അമ്പേപരാജയപ്പെട്ട ഒരു മനുഷ്യനാണ് ദാവീദ്. ഭക്ഷണമൊരുക്കി തന്നെ പരിചരിക്കാൻ താമാറിനെ വിടണമെന്ന് അമ്നോൻ പറഞ്ഞപ്പോൾ അതിലെ അപകടമറിഞ്ഞ് വിവേകപൂർവം അവനതു വിലക്കണമായിരുന്നു. രോമം കത്രിക്കൽ വിരുന്നിൽ പങ്കെടുക്കാൻ അമ്നോനെ വിടണമെന്ന് അവന്റെ പ്രതിയോഗിയായ അബ്സലോം വാശിപിടിച്ചപ്പോൾ അതിലെ കുടിലത മനസ്സിലാക്കി അതും അവൻ സമ്മതിക്കരുതായിരുന്നു. പക്ഷേ, ഒന്നിനും അവൻ എതിരുനിന്നില്ല. എന്തുചോദിച്ചാലും അനുവദിക്കുന്ന അവന്റെ ഈ ദൗർബല്യമാണ് പിന്നീട് അനേകം വിനകൾക്കു വഴിയൊരുക്കിയത്.

തിരുത്തലോ വിലക്കോ ഇല്ലാതെ ചോദിക്കുന്നതെല്ലാം സാധിച്ചുകൊടുക്കുന്ന മാതാപിതാക്കന്മാർ മക്കളുടെ നാശത്തിനു വിത്തു പാകുകയാണു ചെയ്യുന്നത്. സ്നേഹം എന്നാൽ സർവസ്വാതന്ത്ര്യമാണെന്നാണ് ചില ആധുനിക മാതാപിതാക്കന്മാരുടെ ന്യായവാദം. നിയന്ത്രണമില്ലാതെ അഴിച്ചുവിട്ട് ഒടുവിൽ അവിടെയുമിവിടെയും ഇടിച്ചുതകരുന്ന അനേകം മക്കളുടെ ജീവിതങ്ങൾ അവർ കാണുന്നില്ലേ ആവോ! അതോ, കണ്ടിട്ടും കണ്ണടച്ച് സ്വന്തം മനസ്സാക്ഷിയെ കബളിപ്പിക്കുകയാണോ? ഒരു പക്ഷേ, കുത്തഴിഞ്ഞ സ്വന്തം ജീവിതത്തിനു മറപിടിക്കാൻ അത്തരം ചില നൂതന സിദ്ധാന്തങ്ങളുടെ കുട അവർക്കാവശ്യമായിരിക്കാം!

പിൻകുറിപ്പ്

1 ദാവീദിന്റെ രണ്ടാമത്തെപുത്രൻ ഖിലെയാബ് ആയിരുന്നെങ്കിലും അവൻ നേരത്തേ മരിച്ചു പോയതുകൊണ്ട് അടുത്ത കിരീടാവകാശി മൂന്നാമത്തെ പുത്രനായ അബ്സലോം ആയിരുന്നു.



23

മുൾപ്പടർപ്പിനെ രാജാവാക്കരുത്

2 സാമുവൽ 14:1-15:6; 16:15-23

അമ്നോന്റെ വധത്തിനുശേഷം മൂന്നുവർഷം വിപ്രവാസത്തിൽ കഴിഞ്ഞ അബ്സലോമിനോടുള്ള ദാവീദിന്റെ പ്രതികരണം സമ്മിശ്ര സ്വഭാവമുള്ളതായിരുന്നു. അയാൾക്ക് അബ്സലോമിനോട് വലിയ സ്നേഹമുണ്ടായിരുന്നു; അവനെ കാണണമെന്ന് തീവ്രമായി ആഗ്രഹിക്കുകയും ചെയ്തിരുന്നു. അതേസമയം, അമ്നോനോടു കാണിച്ച ക്രൂരതയോർക്കുമ്പോൾ അയാൾ അവനെ വെറുത്തിരുന്നു. മാറിമാറിയുണരുന്ന ഈ ദ്വന്ദ്വഭാവങ്ങൾക്കിടയിൽ തീരുമാനമെടുക്കാൻ പ്രയാസപ്പെട്ടിരുന്ന ദാവീദിന്റെ ഈ സന്ദിഗ്ധാവസ്ഥയ്ക്കു വിരാമമിട്ടത് അയാളുടെ സൈന്യാധിപനായ യോവാബാണ്. അയാളുടെ നിർദേശാനുസാരം ദാവീദിനെ സമീപിച്ച തെക്കോവാക്കാരിയായ ഒരു അഭിനേത്രി, തന്റെ ചതുരമായ കഥാവതാരണത്തിലൂടെ അബ്സലോമിന് അനുകൂലമായ

ഒരു തീരുമാനമെടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചു (2 സാമു 14: 4-21). അങ്ങനെ ശിക്ഷാവിധികൂടാതെതന്നെ അയാൾ അബ്സലോമിനെ തന്റെ രാജ്യത്തിലേക്കു സ്വീകരിച്ചു. സർവസൈന്യാധിപനായ യോവാബ് തന്നെയാണ് അവനെ ഗഷൂറിൽ നിന്ന് ജറുസലേമിലേക്ക് കൂട്ടിക്കൊണ്ടുവന്നത്.

അബ്സലോമിനെ തിരികെക്കൊണ്ടുവരാൻ യോവാബ് ഇത്രയ്ക്കു താത്പര്യം കാണിച്ചതിന് രണ്ടു കാരണങ്ങൾ ഉണ്ടായിരുന്നു. തന്റെ യജമാനനായ ദാവീദിന്റെ മനസ്സിന് സ്വസ്ഥത നല്കുകയായിരുന്നു പ്രത്യക്ഷത്തിൽ അവന്റെ ലക്ഷ്യം. എന്നാൽ രാജ്യത്തിന്റെ പൊതുനന്മയാണ് അതിനെക്കാൾ പ്രധാനമായി അവൻ കണ്ടിരുന്നത്. ആകാരസൗഷ്ഠവവും ജനസമ്മതിയും നിശ്ചയദാർഢ്യവുമുള്ള അബ്സലോം ദാവീദിനുശേഷം രാജ്യം ഭരിക്കാൻ അവകാശവും യോഗ്യതയും ഉള്ളവനാണെന്ന് യോവാബ് കരുതിയിരുന്നിരിക്കാം.

യോവാബിന്റെ നയപരമായ ഇടപെടലിലൂടെ അബ്സലോം തലസ്ഥാന നഗരിയിൽ തിരിച്ചെത്തിയെങ്കിലും അവനെക്കാണാൻ ദാവീദുരാജാവ് താത്പര്യം കാണിച്ചില്ല. "അവൻ സ്വഭവനത്തിൽ താമസിക്കട്ടെ. എനിക്ക് അവനെ കാണേണ്ടാ'' എന്ന് അയാൾ കല്പിച്ചു. അങ്ങനെ ഒരേ നഗരത്തിൽ അരികിലരികിൽ രണ്ടു വർഷം താമസിച്ചിട്ടും അവർ പരസ്പരം കാണുകയോ സംസാരിക്കുകയോ ചെയ്തില്ല. അബ്സലോമിന്റെ തിരിച്ചുവരവിന് മുൻകൈയെടുത്ത യോവാബാകട്ടെ, അതിനൊരു പരിഹാരം കാണാൻ ശ്രമിച്ചതുമില്ല. അബ്സലോമിനെ തിരികെ കൊണ്ടുവരാൻ ആവേശംകാണിച്ച യോവാബ് എന്തുകൊണ്ട് അതിനുശ്രമിച്ചില്ല എന്നത് ആശ്ചര്യകരമാണ്. ഒരുപക്ഷേ, തന്റെ പ്രവൃത്തി വിവേകപൂർണമായിരുന്നോ എന്ന് പിന്നീട് അയാൾക്ക് സംശയം തോന്നിയിരിക്കാം[1].

തന്നെ രാജസന്നിധിയിലേക്കു കൊണ്ടുപോകണം എന്നാവശ്യപ്പെട്ട് അബ്സലോം രണ്ടുപ്രാവശ്യം യോവാബിന് ആളയച്ചുവെങ്കിലും, അവൻ അതിനോട് പ്രതികരിച്ചില്ല. കുപിതനായ അബ്സലോം, യോവാബിന്റെ യവംവയലിന് തീവെച്ചുകൊണ്ട് സത്വരനടപടിക്കായി അയാളിൽ സമ്മർദംചെലുത്തി. അങ്ങനെ യോവാബ് രാജസന്നിധിയിലെത്തി അയാൾക്കു വേണ്ടി വീണ്ടും

അനുതപിക്കാത്തവരോടു ക്ഷമിക്കാതിരിക്കുന്നത് ക്രൂരതയല്ല, സ്നേഹത്തിന്റെ ലക്ഷണമാണ്. മാത്രമല്ല അതാണ് വിവേകപൂർവകമായ പ്രവൃത്തിയും.

മാധ്യസ്ഥ്യം വഹിച്ചു. അത് വിജയം കണ്ടു. ദാവീദ് അബ്സലോമിനെ സ്വീകരിച്ച് അനുരഞ്ജനത്തിന്റെ അടയാളമായി അയാളെ ചുംബിച്ചു.

പുത്രൻ പ്രണമിക്കുകയും പിതാവ് ചുംബിക്കുകയും ചെയ്തുവെങ്കിലും ഇരുവരും തമ്മിൽ ഒരുവാക്കുപോലും സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അനുരഞ്ജനം ബാഹ്യമായ ചടങ്ങിൽ മാത്രം ഒതുങ്ങിനിന്നെന്നും ഇരുവരുടെയും ഹൃദയങ്ങൾ പരസ്പരം അകന്നുതന്നെ ഇരുന്നുവെന്നുമാണ് ഇതുനല്കുന്ന സൂചന.

രാജ്യം സ്വന്തമാക്കുക എന്നതായിരുന്നു അനുരഞ്ജനത്തിനു പിന്നിലുള്ള അബ്സലോമിന്റെ പ്രധാനഉദ്ദേശ്യം. അടുത്ത കിരീടാവകാശി താനാണെന്നും പിതാവ് അതു പ്രഖ്യാപിക്കുന്നതുവരെ കാത്തുകഴിയാമെന്നും അയാൾ ചിന്തിച്ചില്ല. കണിശമായ കണക്കുകൂട്ടലുകളിലൂടെ രാജാധികാരം പിടിച്ചെടുക്കാൻ അയാൾ തന്ത്രപൂർവം കരുക്കൾ നീക്കി.

ജനങ്ങളെ തനിക്ക് അനുകൂലമായി തിരിക്കാനാണ് അയാൾ ആദ്യം ശ്രമിച്ചത്. മൂന്നടവുകളാണ് അയാൾ അതിനായി പ്രയോഗിച്ചത്. ഇസ്രായേൽരാജാവും രാജകുമാരന്മാരും കോവർകഴുതയുടെ പുറത്തു സഞ്ചരിച്ചിരുന്ന അക്കാലത്ത്, വിജാതീയ രാജാക്കന്മാരെപ്പോലെ (ഉത്പ 41:43, 1 സാമു 8:11) സ്വന്തമായി ഒരു രഥവും കുതിരകളെയും സംഘടിപ്പിച്ച് അയാൾ ആദ്യം തന്നെ ജനശ്രദ്ധയാകർഷിച്ചു. രഥത്തിൽ വരുന്ന സുന്ദരനായ അബ്സലോമിനെക്കണ്ട് വിസ്മയംകൊണ്ട ജനങ്ങൾ, അയാൾ തങ്ങളുടെ രാജാവാകാൻ യോഗ്യനാണെന്ന് മനസ്സിൽ വിധിയെഴുതി. ജനപ്രീതി വർധിക്കാനുള്ള അടുത്ത അടവായി അയാൾ ദാവീദുരാജാവിനെ ഇടിച്ചു കാണിക്കാൻ തുടങ്ങി. അതിനായി, പരാതിപരിഹാരംതേടി ദേശത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുവന്ന് ദീർഘനേരം കാത്തുനില്ക്കുകയും നിരാശപ്പെട്ടു മടങ്ങുകയും ചെയ്തിരുന്നവരെ സന്ദർശിച്ച് അയാൾ സഹതാപപ്രകടനം നടത്തുകയും അവരുടെ മുമ്പിൽവച്ച് ദാവീദിനെ ഇകഴ്ത്തി സംസാ

രിക്കുകയും ചെയ്തു. അവസാനമായി, പുറമേ കാണുന്നവരെയെല്ലാം തടഞ്ഞുനിർത്തി കുശലാന്വേഷണം നടത്തുകയും ദീനാനുകമ്പയുടെയും വിനയത്തിന്റെയും മൂർത്തരൂപമായി തന്നത്തന്നെ അയാൾ അവതരിപ്പിക്കുകയും ചെയ്തു. ഇത്രയുമായതോടെ അബ്സലോം ജനത്തിന്റെ മുഴുവൻ പ്രീതിപാത്രവും ആരാധനാപുരുഷനുമായി മാറി.

അങ്ങനെ നാലുവർഷങ്ങൾകഴിഞ്ഞു. അമ്നോന്റെ വധത്തിൽ തന്നോട് എതിർപ്പുണ്ടായിരുന്നവരുടെ വിരോധം കെട്ടടങ്ങുകയും ദാവീദിനെതിരേ താൻ ജനങ്ങളിൽ വിതച്ച അതൃപ്തിയുടെ വിത്തുകൾ മുളപൊട്ടുകയും ചെയ്തു എന്ന് അബ്സലോമിനു മനസ്സിലായി. ദാവീദിനെതിരേ വിപ്ലവം ആരംഭിക്കാൻ ഉചിതമായ സമയമാണതെന്ന് അവൻ തിരിച്ചറിഞ്ഞു. കർത്താവ് തന്നെ ജറുസലേമിലേക്കു തിരികെ കൊണ്ടുവന്നാൽ ഹെബ്രോണിൽ ചെന്ന് അവിടത്തെ ആരാധിച്ചുകൊള്ളാമെന്ന് താൻ നേർച്ചനേർന്നിരുന്നെന്നും അതുനിറവേറ്റാൻ തന്നെ അനുവദിക്കണമെന്നും അവൻ ദാവീദിനോട് അഭ്യർഥിച്ചു. നിർദോഷമെന്നു തോന്നുന്ന ആ അഭ്യർഥന ദാവീദ് അംഗീകരിച്ചു. അങ്ങനെ പിതാവിന്റെ സമാധാനാശംസകൾ സ്വീകരിച്ച് അവൻ ഹെബ്രോണിലേക്കു പോയി. ദാവീദിനെതിരേ കലാപം ആരംഭിക്കുകയാണ് അബ്സലോമിന്റെ ഉദ്ദേശ്യമെന്നറിയാതെ അയാളെ അനുഗമിച്ച ശുദ്ധഗതിക്കാരായ ഇരുനൂറ് ജറുസലേം നിവാസികളും കൂടെയുണ്ടായിരുന്നു.

തന്റെ കലാപം തുടങ്ങാൻ ഹെബ്രോൺ നഗരം തന്നെ അബ്സലോം തിരഞ്ഞെടുത്തതിനു പിന്നിൽ പലകാരണങ്ങൾ ഉണ്ടാകാം. അത് അവന്റെ ജന്മസ്ഥലമായിരുന്നു എന്നതാകാം ഒന്നാമത്തെ കാരണം (2 സാമു 3:2-3). കൂടാതെ, ദാവീദ് തന്റെ ആസ്ഥാനം ജറുസലേമിലേക്കു മാറ്റിയതിനാൽ കലാപപ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കാൻ പറ്റിയ സുരക്ഷിതമായ സ്ഥലമാണ് ഹെബ്രോൺ എന്ന് അവൻ കരുതിയിരിക്കാം. ഇതിനെല്ലാം പുറമേ, ദാവീദ്, രാജാവായി പ്രഖ്യാപിക്കപ്പെട്ട ചരിത്രപ്രധാനമായ ഹെബ്രോണിൽ വച്ചുതന്നെ തന്റെ രാജപദപ്രഖ്യാപനവും നടത്താൻ അവൻ ആഗ്രഹിച്ചു കാണും.

ഹെബ്രോണിലെത്തിയ അബ്സലോം ഇസ്രായേലിലെ എല്ലാ ഗോത്രങ്ങളിലേക്കും രഹസ്യത്തിൽ ദൂതന്മാരെ അയച്ചുകൊണ്ട്

കലാപത്തിനുവേണ്ട ഒരുക്കങ്ങൾ നടത്തി. കാഹളം മുഴങ്ങുമ്പോൾ, അബ്സലോം ഹെബ്രോണിൽ രാജാവായിരിക്കുന്നു എന്നു വിളിച്ചു പറയാനായിരുന്നു അവൻ ഗോത്രങ്ങൾക്കു നല്കിയ രഹസ്യ നിർദേശം.

അഹിഥോഫെൽ എന്നയാളായിരുന്നു കലാപപ്രവർത്തനങ്ങൾക്കെല്ലാം അബ്സലോമിന്റെ മുഖ്യ ഉപദേഷ്ടാവ്. അയാൾ ബത്ഷെബായുടെ പിതാമഹനായിരുന്നു. അഹിഥോഫെൽ എങ്ങനെ അബ്സലോമിന്റെ പക്ഷത്തെത്തി എന്നു നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ, ദാവീദിന്റെ പ്രവൃത്തികൾ അയാൾ മനസ്സുകൊണ്ട് എതിർക്കുകയും വെറുക്കുകയും ചെയ്തിരുന്നിരിക്കാം.

പുത്രനായ അബ്സലോം തനിക്കെതിരേ നടത്തിയ അപ്രതീക്ഷിതമായ വിപ്ലവം പ്രതിരോധിക്കാനോ അക്രമികളെ കീഴടക്കാനോ ദാവീദ് ശ്രമിച്ചില്ല എന്നത് ശ്രദ്ധേയമാണ്. തന്ത്രപരമായി അവിടെനിന്നു പിന്മാറാനാണ് അയാൾ ശ്രമിച്ചത്. തന്റെ അംഗരക്ഷകരെയും ജറുസലേമിൽ നിന്നുള്ള യുദ്ധവീരന്മാരെയും വിദേശസേനാനികളായിരുന്ന 'ക്രേത്യരെയും പെലാത്യരെയും' കൂട്ടി അയാൾ മരുഭൂമിയിലേക്കു പലായനം ചെയ്തു. താൻ തിരിച്ചുവരുംവരെ രാജകൊട്ടാരം സൂക്ഷിക്കാൻ പത്ത് ഉപനാരിമാരെ അവിടെ നിർത്തുകയും ചെയ്തു.

ദാവീദ് ഒളിച്ചോടിയതോടെ ശൂന്യമായ ജറുസലേം നഗരത്തെ ആക്രമണമൊന്നും കൂടാതെതന്നെ അബ്സലോം കീഴടക്കി. പിന്നീട് രാജസിംഹാസനം കൈവശപ്പെടുത്തിയെന്നു തെളിയിക്കാൻ പൗരസ്ത്യരീതിയനുസരിച്ച്[2] അയാൾ തന്റെ പിതാവിന്റെ ഉപഭാര്യമാരെ പരസ്യമായി ബലാൽസംഗം ചെയ്തു. നാഥാൻ പ്രവാചകനിലൂടെ ദൈവം പ്രഖ്യാപിച്ച ശിക്ഷാവിധിയുടെ പൂർത്തീകരണമാണ് വാസ്തവത്തിൽ അതിലൂടെ സംഭവിച്ചത്. അബ്സലോം ചെയ്ത ആ നീചപ്രവൃത്തിയുടെ ഗൗരവം, പൗരസ്ത്യ ആചാരങ്ങൾ ഉയർത്തിക്കാട്ടി എത്രതന്നെ ലഘൂകരിക്കാൻ ശ്രമിച്ചാലും അത് കടുത്ത അപരാധം തന്നെയായിരുന്നു. ആദ്യജാതന്റെ അവകാശം പോലും നഷ്ടപ്പെടുത്താൻ പോരുന്ന തിന്മയായിരുന്നു അത് (ഉത്പ 35:22, 49:3-4).

അബ്സലോമിന്റെ തിരിച്ചുവരവും തുടർന്നുള്ള സംഭവങ്ങളും ഗൗരവമേറിയ ചിലകാര്യങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ആത്മാർഥമായി അനുതപിക്കാത്തവർക്ക് മാപ്പുനല്കുന്നത് അപ

പാത്രമറിയാതെയുള്ള ഏത് ഔദാര്യവും ഉപകാരത്തെക്കാൾ കൂടുതൽ ഉപദ്രവമാണ് ഉളവാക്കുന്നത്. അനുതാപം ഉണരാത്തേടത്ത് ശിക്ഷ ഒഴിവാക്കി സ്നേഹം കാണിക്കുന്ന മാതാപിതാക്കന്മാർ കുഞ്ഞുങ്ങളുടെ വിനാശത്തിന് വഴിമരുന്നിടുകയാണ്.

കടമാണ് എന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അനുതപിക്കാത്തവരിൽ മാപ്പ് വിപരീതഫലങ്ങൾ ഉളവാക്കും. അനുതാപികളിലാകട്ടെ, അത് അദ്ഭുതകരമായ മാറ്റങ്ങളും സൃഷ്ടിക്കും.

വീട്ടിൽ നിന്ന് ആരുമറിയാതെ പണം മോഷ്ടിച്ച കുട്ടി, പിന്നീട് കുറ്റബോധം തോന്നി ഓടിവന്ന് അമ്മയെ കെട്ടിപ്പിടിച്ചുകരഞ്ഞാൽ, അമ്മ സാധാരണഗതിയിൽ കുഞ്ഞിനെ വാത്സല്യത്തോടെ ചേർത്തുനിർത്തി ആശ്വസിപ്പിക്കും. ആ ക്ഷമ അവനെ വിശുദ്ധീകരിക്കാൻ ഉപകരിക്കുകയും ചെയ്യും. നേരേമറിച്ച്, മോഷണം നടത്തുകയും അത് ഒളിച്ചുവയ്ക്കുകയും ചെയ്ത ഒരു കുട്ടി പിടിക്കപ്പെടുമ്പോൾ ക്ഷുഭിതനായി, "ഞാൻ മോഷ്ടിച്ചു; ഇനിയും മോഷ്ടിക്കും" എന്ന് ഉറക്കെ വിളിച്ചു പറയുന്നു എന്നിരിക്കട്ടെ. ക്ഷമയല്ല, ശിക്ഷണമാണ് ഇവിടെ കുട്ടിക്കു നല്കേണ്ടത്. കാരണം, അനുതാപമില്ലാത്ത ആ കുട്ടിക്ക് നിരുപാധികം മാപ്പുനല്കിയാൽ അവൻ ഭാവിയിൽ പെരുംകള്ളനായി വളർന്നുവരാനിടയാകും.

അനുതപിക്കാത്തവരോടു ക്ഷമിക്കാതിരിക്കുന്നത് ക്രൂരതയല്ല, സ്നേഹത്തിന്റെ ലക്ഷണമാണ്. മാത്രമല്ല, അതാണ് വിവേകപൂർവകമായ പ്രവൃത്തിയും. ഈ വിവേകമാണ് ദാവീദിന് ഇല്ലാതെ പോയത്. ഒരു അനുതാപവുമില്ലാതെ കടന്നുവന്ന അബ്സലോമിനെ അവൻ ആശ്ലേഷിച്ചു സ്വീകരിച്ചു. പേരിനുപോലും ഒരു ശിക്ഷാനടപടി അവനെതിരായി കൈക്കൊണ്ടതുമില്ല. ദൂരവ്യാപകമായിരുന്നു, അതിന്റെ പ്രത്യാഘാതങ്ങൾ. ഉള്ളിൽ കുടിലതയും കനൽ കെടാത്ത വെറുപ്പുമായി നടന്നിരുന്ന അവൻ ദാവീദിനെതിരായി തലയുയർത്തി. ഒടുവിൽ പ്രാണരക്ഷാർഥം നാടുവിടേണ്ട ഗതികേട് ദാവീദിനുണ്ടായി. അവന്റെ പത്ത് ഉപനാരിമാർ മാനഭംഗത്തിനിരയായി. അബ്സലോമിന്റെ ആത്മനാശത്തിനും മൃത്യുവിനുതന്നെയും അത് പിന്നീട് കാരണമായി.

സ്നേഹം ഉദാരതയുള്ളതാണെന്നു കരുതി പാത്രമറിയാതെ ഔദാര്യം കാണിക്കുന്നതാണ് ഇന്ന് പലേടങ്ങളിലും വിനാശം വിത

യ്ക്കുന്നത്. പാത്രമറിയാതെയുള്ള ഏത് ഔദാര്യവും ഉപകാരത്തെ ക്കാൾ കൂടുതൽ ഉപദ്രവമാണ് ഉളവാക്കുന്നത്. അനുതാപം ഉണ രാത്തോടത്ത് ശിക്ഷ ഒഴിവാക്കി സ്നേഹം കാണിക്കുന്ന മാതാപി താക്കന്മാർ കുഞ്ഞുങ്ങളുടെ വിനാശത്തിന് വഴിമരുന്നിടുകയാണ്. മക്കളെ സ്നേഹിക്കുന്നതിന്റെയല്ല, വെറുക്കുന്നതിന്റെ അടയാള മാണ് ശിക്ഷണം ഒഴിവാക്കുക എന്നത്. "കുട്ടിയെ ശിക്ഷിക്കാൻ മടിക്കേണ്ടാ, വടികൊണ്ട് അടിച്ചെന്നുവച്ച് അവൻ മരിച്ചുപോവുക യില്ല. അടിക്കുമ്പോൾ നീ അവന്റെ ജീവൻ പാതാളത്തിൽനിന്ന് രക്ഷിക്കുകയാണ്" (സുഭാ 23.13-14) എന്ന ദൈവവചനം നാം വിസ്മരിക്കരുത്. ദൈവവചനം മാറ്റിവച്ച്, വികലമായ മനശ്ശാസ്ത്ര ദർശനങ്ങൾ മാനദണ്ഡമാക്കിയാൽ അപകടം വാതില്ക്കൽത്തന്നെ പതിയിരിപ്പുണ്ട് എന്ന് ഓർക്കണം. വീട്ടിൽ നിന്നും നാട്ടിൽനിന്നും നിഷ്കാസിതനായി ഉറക്കം പോലും നഷ്ടപ്പെട്ട് അലഞ്ഞുതിരി ഞ്ഞ ദാവീദിനെപ്പോലെ മക്കളെ ഭയന്ന് പരിഭ്രാന്തരായി പെരുവഴി യിൽ ഉഴറേണ്ട ദൗർഭാഗ്യം ഒടുവിൽ മാതാപിതാക്കന്മാർക്ക് വന്നു ചേരും. അതിനുമുമ്പ്, അനുതപിക്കാത്തവനോട് അനുരഞ്ജന പ്പെട്ട് അരുതാത്ത ഔദാര്യം കാണിക്കുന്ന അവിവേകം അവർ കൈവെടിഞ്ഞാൽ നന്ന്.

അബ്സലോമിന്റെ ആകാരഭംഗിയും ജനസമ്മതിയും കണ്ട് അവൻ രാജാവാകാൻ യോഗ്യനാണെന്നു കരുതിയാണ് യോവാ ബ് അയാൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചതെന്നാണ് ബൈബിൾ വ്യാഖ്യാതാക്കൾ പറയുന്നത്. കുതിരപ്പുറത്തുപായുന്ന അബ്സ ലോമിന്റെ സൗന്ദര്യവും അവന്റെ കപടമായ മധുരഭാഷണവു മാണ് ജനങ്ങളെയും അവനിലേക്ക് ആകർഷിച്ചത്. പക്ഷേ, അവന്റെ സുന്ദരമായ രൂപത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്നത് ഒരു കുടില ഹൃദയമാണെന്ന് അവർ തിരിച്ചറിഞ്ഞപ്പോൾ വൈകിപ്പോയി. തന്റെ കപടമായ പെരുമാറ്റത്തിലൂടെ അത് ഏറെക്കാലം മറച്ചു പിടിക്കുന്നതിൽ അവൻ വിജയിക്കുകയും ചെയ്തു.

പുറമേയുള്ള സൗന്ദര്യവും പുറംമോടിയുള്ള പെരുമാറ്റവും കണ്ട് ആളുകളെ തരംതിരിക്കുന്നത് പലപ്പോഴും നമ്മെ അബദ്ധ ങ്ങളിലേക്കു നയിക്കാറുണ്ട്. ചിലേടങ്ങളിലെങ്കിലും നല്ലയാളു കൾ അരികിലേക്കു തഴയപ്പെടാനും ദുർമതികൾ നടുത്തളം കയ്യ ടക്കാനും അതിടയാക്കിയിട്ടുമുണ്ട്. സുന്ദരന്മാരും മധുരഭാഷികളും

എന്നുകണ്ട് ദുഷ്ടർക്കു കിരീടം ചാർത്തിയാൽ, മുൾപ്പടർപ്പിനെ രാജാവാക്കിയ നെൽച്ചെടികളെപ്പോലെ ജീവരസം വറ്റി നാം ഞെരിഞ്ഞമർന്നുപോകും. ആകാരഭംഗിയല്ല, ആത്മീയശക്തിയാണ് ഒരു നേതാവിന് അവശ്യം ഉണ്ടാകേണ്ടത്. ആകാരഭംഗികൊണ്ട് ആർക്കും ആരെയും ഉയർത്താനാകില്ല. ആത്മശക്തികൊണ്ടേ അതു സാധ്യമാകൂ. സുന്ദരാംഗന്മാരായ നിരവധി സിനിമാതാരങ്ങൾ ഇന്നു പലേടങ്ങളിലും സ്ഥാനാർഥികളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഗ്ലാമർതാരങ്ങളെ തിരഞ്ഞെടുപ്പിന് അണിനിരത്താൻ രാഷ്ട്രീയപ്പാർട്ടികൾ പരസ്പരം മത്സരിക്കുകയുമാണ്. അഴകിനെ ആരാധിക്കുന്നവരുടെ ബലത്തിൽ അവിടെയുമിവിടെയുമായി ചിലർ വിജയിച്ചു സാരഥികളായി വരുന്നുമുണ്ട്. പക്ഷേ, എത്രപേർ നാടിനെ നന്മയിലേക്കു നയിക്കുന്നു എന്ന് പരിശോധിക്കേണ്ടതാണ്. ആകാരഭംഗിയിൽ ഏറെ മുന്നിലായിരുന്നില്ലെങ്കിലും ആത്മപ്രകാശം നിറഞ്ഞുനിന്നിരുന്ന അബ്ദുൾകലാമിനെപ്പോലെ നന്മയുടെ ഒരു തിരയിളക്കം സൃഷ്ടിക്കാൻ ഏതുസുന്ദരനാണ് ഇന്നുവരെ കഴിഞ്ഞിട്ടുള്ളത്? സുന്ദരന്മാർക്ക് അതു കഴിയുകയില്ലെന്നല്ല ഇതിനർഥം. പുറമേയുള്ള തിളക്കം അകത്തും ഉണ്ടെങ്കിലേ അത് സാധ്യമാകൂ എന്നാണ്. അകമേ ചീഞ്ഞളിഞ്ഞിരിക്കേ പുറമേ പൂക്കൾവച്ചലങ്കരിച്ച് ആകർഷകമാക്കിയ ശവക്കുഴികണക്കേയുള്ളവർ അധികാരമേറ്റാൽ അവർ നാടിനെ ദുരിതക്കയത്തിലാഴ്ത്തുകയേ ഉള്ളൂ.

പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, രാജവാഴ്ച, *ബൈബിൾ തീർഥാടനം,* വാല്യം 2, പേജ് 172.

2 റിച്ചിയോത്തി, *ഇസ്രായേൽ ചരിത്രം*, നമ്പർ 378.



24

ദാവീദിന്റെ വിലാപയാത്ര

2 സാമുവൽ 15:13-16:14; 18:16-23

അബ്സലോം തനിക്കെതിരേ ഗൂഢമായി നടത്തിയ നീക്കങ്ങളൊന്നും മുൻകൂട്ടി മനസ്സിലാക്കാൻ ദാവീദിനു കഴിഞ്ഞില്ല. അറിഞ്ഞപ്പോഴേക്കും ഏറെ വൈകിപ്പോയിരുന്നു. ജറുസലേം ലക്ഷ്യമാക്കിയുള്ള അവന്റെ മുന്നേറ്റം പ്രതിരോധിക്കാനുള്ള സമയം ഇല്ലായിരുന്നു. താനും തന്റെ സഹായികളും ബന്ധനസ്ഥരാകാതിരിക്കാൻ നഗരത്തിൽ നിന്ന് ഉടനടി പലായനം ചെയ്യുന്നതാണു നല്ലതെന്ന് ദാവീദിനു മനസ്സിലായി. അങ്ങനെ, തന്റെ അംഗരക്ഷകരോടും ജറുസലേംകാരായ യുദ്ധവീരന്മാരോടും ക്രേത്യരോടും പെലാത്യരോടുമൊപ്പം ദാവീദ് മരുഭൂമിയിലേക്ക് ഓടി രക്ഷപ്പെട്ടു.

തന്റെയും അനുയായികളുടെയും ജീവൻ രക്ഷിക്കാൻവേണ്ടി മാത്രമായിരുന്നില്ല ദാവീദ് നഗരംവിട്ട് ഒളിച്ചോടിയത്. വലിയൊരു കൂട്ടക്കൊലയിൽ നിന്ന് നഗരത്തെ രക്ഷിക്കുക എന്ന ഉദ്ദേശ്യം

കൂടി അയാൾക്കുണ്ടായിരുന്നു (15:14). വേണമെങ്കിൽ നഗരത്തിൽ ഒരു പ്രതിരോധനിരതീർത്ത് ഒരപകടവും പിണയാതെ അയാൾക്ക് അവിടെ ഒളിച്ചിരിക്കാമായിരുന്നു. പക്ഷേ, അങ്ങനെ ചെയ്താൽ നഗരത്തിനകത്തുവച്ച് ഒരു ഉഗ്രയുദ്ധം നടക്കാൻ അത് ഇടയാക്കുമായിരുന്നു. യുദ്ധക്കളങ്ങളിൽ വച്ച് യുദ്ധം ചെയ്യുന്നതും നഗരവീഥികളിൽ വച്ച് പോരാടുന്നതും നമ്മിൽ വലിയ വ്യത്യാസമുണ്ട്. നഗരവീഥികളിൽ യുദ്ധമുണ്ടായാൽ സാധാരണക്കാരായ അനേകം ജനങ്ങൾക്ക് ജീവഹാനിയുണ്ടാകാൻ കാരണമാകും. ഒരു നല്ലയിടയൻ എന്ന നിലയിൽ തന്റെ ജീവന്റെ സുരക്ഷയെക്കാൾ ജനങ്ങളുടെ ജീവനുവിലകല്പിച്ച ദാവീദ് ജറുസലേമിൽനിന്നു മരുഭൂമിയിലേക്ക് ഒളിച്ചോടി.

ജറുസലേം വിട്ട ദാവീദും അനുചരന്മാരും കെദ്രോൺ താഴ്വരയിലൂടെ നീങ്ങി, ഒലിവു മലയും കടന്ന് ജോർദാനിലേക്കു യാത്ര ചെയ്തു. ഹൃദയം തകർന്ന ഒരു പിതാവിനെപ്പോലെ, അനുതപിക്കുന്ന പാപിയെപ്പോലെ, നഗ്നപാദനായി, തലമൂടി, കരഞ്ഞുകൊണ്ട്, ആരോടും ഒരു വിരോധവുമില്ലാതെ, ആരെക്കുറിച്ചും പരാതികളില്ലാതെ ദാവീദു നടത്തുന്ന ഈ പലായനം ഹൃദയസ്പർശിയായ ഒരു വിലാപയാത്രതന്നെയാണ്. യാത്രയ്ക്കിടയിൽ അയാൾ കണ്ടുമുട്ടുന്ന പല വ്യക്തികളും പങ്കുവയ്ക്കുന്ന ചിന്തകളും ഏറെ ധ്യാനത്തിന് വകനല്കുന്നതാണ്.

വിലാപയാത്ര നഗരത്തിന്റെ പ്രാന്തപ്രദേശത്തെത്തിയപ്പോൾ തന്റെ ഫിലിസ്ത്യപ്പടയാളികളിൽ ഒരാളായ ഗത്തിൽനിന്നുള്ള ഇത്തായിയോട് ദാവീദുപറഞ്ഞു, "നീ നിന്റെ സഹോദരന്മാരെയും കൂട്ടി തിരിച്ചുപൊയ്ക്കൊള്ളുക. ഇന്നലെമാത്രം എത്തിയ നീ, എങ്ങോട്ടുപോകുന്നു എന്നുപോലും അറിയാത്ത എന്നോടൊപ്പം അലഞ്ഞുതിരിയേണ്ടതില്ല. തിരിച്ചുചെന്ന് പുതിയ രാജാവിനോടു ചേർന്ന് നീ ജീവിതം സുരക്ഷിതമാക്കുക'' (15:19-20). തന്നെക്കുറിച്ചെന്നതിനെക്കാൾ തന്റെ പടയാളികളുടെ ജീവിതത്തെക്കുറിച്ച് ആകുലനാവുകയാണ് ദാവീദിവിടെ. ഉത്തമനായ ഒരു നേതാവിനുമാത്രമേ അങ്ങനെ ചിന്തിക്കാനാവൂ. തിരിച്ചുപോയി തന്റെ ജീവിതം സുരക്ഷിതമാക്കാൻ അനുവാദം കിട്ടിയിട്ടും ദാവീദിനോടും അവന്റെ ദൈവത്തോടും അന്ത്യം വരെ വിശ്വസ്തതപുലർത്താനായിരുന്നു, പക്ഷേ, ഇത്തായിയുടെ തീരുമാനം. ഗോലിയാത്തിന്റെ

ക്രിസ്തു നേരിട്ടുപറഞ്ഞാലേ സത്യം സത്യമാകൂ എന്നില്ലല്ലോ. ബാലാമിന്റെ കഥയിലെന്നപോലെ, ചില കഴുതകൾക്കും സത്യം പറയാമല്ലോ.

നാട്ടിൽ നിന്നുള്ളവനായിരുന്നതു കൊണ്ട് ദാവീദിന്റെയും അവന്റെ ദൈവത്തിന്റെയും മഹത്ത്വത്തെക്കുറിച്ച് മറ്റാരും പറയാതെ തന്നെ അവനറിയാമായിരുന്നു.

ദാവീദിന്റെ തളർച്ചയുടെ ഘട്ടത്തിൽ ജീവൻപോലും തൃണവൽഗണിച്ച് അവനു പിൻബലമേകി കൂടെനില്ക്കാൻ ഇത്തായി എന്നൊരു വിജാതീയൻ ഇവിടെ തീരുമാനിക്കുമ്പോൾ, സ്വജാതിയിൽപ്പെട്ട അഹിഥോഫെൽ എന്നൊരാൾ ആ ദുർഘടഘട്ടത്തിൽ ദാവീദിനെവിട്ട് ശത്രുപാളയത്തിൽ ചേക്കേറുകയായിരുന്നു. ബത്ഷെബായുടെ പിതാമഹനായിരുന്ന അഹിഥോഫെൽ ഉള്ളുകൊണ്ട്, ഒരുപക്ഷേ, ദാവീദിനെ വെറുത്തിരുന്നിരിക്കാം.

അഹിഥോഫെൽ നല്കിയിരുന്ന ഏത് ഉപദേശവും ദൈവവെളിപാടുപോലെ സ്വീകരിച്ചിരുന്ന ദാവീദിനെ (16.23) അയാളുടെ കൂറുമാറ്റം ഏറെ വേദനിപ്പിച്ചു. ശത്രുപാളയത്തിലെ അയാളുടെ സാന്നിധ്യം അപടകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്ന് ദാവീദ് വിചാരിച്ചു. അതുകൊണ്ട് അയാൾ തന്ത്രപൂർവം ഒരു കരുനീക്കം നടത്തി. തന്റെ സുഹൃത്തും അർഖ്യനുമായ ഹൂഷായിയെ ചാരവൃത്തിക്കായി അബ്സലോമിന്റെ പാളയത്തിലേക്കയച്ചു. പുരോഹിതന്മാരായ സാദോക്ക്, അബിയാഥർ എന്നിവരെയും സാദോക്കിന്റെ മകൻ അഹിമാസ്, അബിയാഥറിന്റെ മകൻ ജോനാഥാൻ എന്നിവരെയും തന്റെ ചാരന്മാരായി നേരത്തെതന്നെ ദാവീദ് അവിടേക്ക് അയച്ചിരുന്നു. കെദ്രോൺ താഴ്‌വര വരെ വാഗ്ദാന പേടകവുമായി ദാവീദിനെ അനുഗമിച്ചിരുന്നവരാണ് ആ പുരോഹിതന്മാർ. അവിടെവച്ച് ദാവീദ് അവരെ തിരിച്ചയയ്ക്കുകയായിരുന്നു. വാഗ്ദാനപേടകം ജറുസലേം നഗരത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് അവരോട് അവിടെത്തന്നെ തുടരാനാണ് ദാവീദ് ആവശ്യപ്പെട്ടത്. ജറുസലേമിൽ ഒരിക്കൽ തിരികെയെത്തി അവിടത്തെ പേടകവും കൂടാരവും കാണാൻ കർത്താവ് തനിക്ക് ഇടവരുത്തും എന്നായിരുന്നു അയാളുടെ വിശ്വാസം.

അങ്ങനെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും, തന്ത്രപൂർവം പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടും ദാവീദ് തന്റെ വിലാ

പയാത്ര തുടർന്നു. ജറുസലേമിൽ നിന്ന് ഏകദേശം രണ്ടര കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ബഹൂറിം എന്ന ഗ്രാമത്തിൽ എത്തിയപ്പോൾ ദാവീദിനെതിരേ ശാപവർഷങ്ങൾ ചൊരിഞ്ഞു കൊണ്ട് ഷിമെയി എന്നൊരാൾ പ്രത്യക്ഷപ്പെട്ടു. സാവൂളിന്റെ ബന്ധുവായ ഗേരയുടെ മകനായിരുന്നു അയാൾ. സാവൂളിന്റെ കുടുംബാംഗങ്ങളെ കൊന്നതിനുള്ള ശിക്ഷയാണ് ദാവീദ് അനുഭവിക്കുന്നതെന്നും രക്തക്കൊതിയനായ അവന്റെ നാശമടുത്തു എന്നുമാണ് അവൻ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നത്. അടിസ്ഥാനരഹിതമായ ഒരു ആരോപണമായിരുന്നു അത്. നിർത്താതെയുള്ള അവന്റെ പുലഭ്യം കേട്ട് ദാവീദിന്റെ അംഗരക്ഷകരിൽ ഒരാളായ അബിഷായി അത്യന്തം കുപിതനായി, ഷിമെയിയുടെ തല കൊയ്യാനൊരുങ്ങി. പക്ഷേ, ദാവീദ് അവനെ വിലക്കിക്കൊണ്ടു പറഞ്ഞു, “അവനെ വെറുതെ വിട്ടേക്കൂ. ദാവീദിനെ ശപിക്കുക എന്ന് കർത്താവ് കല്പിച്ചിട്ടാണ് അവനതു ചെയ്യുന്നതെങ്കിൽ അരുതെന്നു പറയാൻ ആർക്കുകഴിയും? അവൻ ശപിച്ചുകൊള്ളട്ടെ. കർത്താവ് കല്പിച്ചതുകൊണ്ടത്രേ അവൻ ശപിക്കുന്നത്. കർത്താവ് എന്റെ കഷ്ടതകണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും.''

അബ്സലോമിന്റെ വിപ്ലവവും തന്റെ കഷ്ടതയുമെല്ലാം താൻ ചെയ്ത പാപത്തിന്റെ അനന്തരഫലങ്ങളാണെന്ന് അനുതാപപൂർവം ദാവീദ് അംഗീകരിക്കുകയാണ്. കല്ലും മണ്ണും വാരിയെറിയുകയും ശപിക്കുകയും ചെയ്തുകൊണ്ട് തനിക്കു സമാന്തരമായി യാത്ര ചെയ്ത ഷിമെയിയെ അവൻ ഒന്നും ചെയ്യുകയോ ചെയ്യാൻ ആരെയും അനുവദിക്കുകയോ ചെയ്തില്ല. അവന്റെ ശാപവാക്കുകളും കേട്ട് നിശ്ശബ്ദനായി അവൻ നടന്നു. യാത്രയുടെ ഒടുവിൽ അവർ ജോർദാന്റെ പടിഞ്ഞാറെക്കരയിൽ എത്തിച്ചേർന്നു. ഏറെ ക്ഷീണിതരായിരുന്ന അവർ അവിടെ വിശ്രമിച്ചു.

ദാവീദിന്റെ വ്യക്തിത്വത്തിലെ ചില തിളക്കമാർന്ന വശങ്ങൾ അനുവാചകർക്കു വെളിപ്പെടുന്ന സന്ദർഭമാണ് അയാളുടെ വിലാപയാത്ര. തന്നെക്കാൾ മുകളിൽ തന്റെ ജനത്തെയും സേവകരെയും പ്രതിഷ്ഠിക്കുന്ന ഒരു രാജാവായാണ് അയാൾ ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ജനങ്ങൾക്ക് അപകടം സംഭവിക്കാതിരിക്കാൻ വേണ്ടി കൊട്ടാരത്തിന്റെ സുരക്ഷിതത്വവും സിംഹാസനത്തിന്റെ

സുഖവും വിട്ട് മരുഭൂമിയിലേക്ക് ഓടിയൊളിക്കാൻ അയാൾ തയ്യാറായി. തന്റെ സേവകർക്ക് പ്രയാസം നേരിടാതിരിക്കാൻ, തന്നെ വിട്ട് തിരിച്ചുപൊയ്ക്കൊള്ളാൻ അയാൾ അനുവാദം നല്കി. താൻമൂലം ആരും വേദനിക്കാൻ ഇടവരരുതെന്നും തനിക്ക് അപകടമുണ്ടായാലും തന്റെ ജനം സുരക്ഷിതരായിരിക്കണമെന്നുമാണ് അയാളുടെ ആഗ്രഹം. അങ്ങനെ ചിന്തിക്കുന്ന നേതാക്കൾ ഇന്നു വളരെ ദുർലഭമാണ്. എല്ലാക്കാലത്തും അത് അങ്ങനെതന്നെയായിരുന്നു എന്നുപറയുന്നതാണ് കൂടുതൽ ശരി. “എന്റെ ഇടയന്മാർ എന്റെ ആടുകളെ അന്വേഷിച്ചില്ല; അവയെ പോറ്റാതെ അവർ തങ്ങളെത്തന്നെ പോറ്റി'' (എസെ 34:8) എന്നായിരുന്നല്ലോ എസെക്കിയേൽ പ്രവാചകനിലൂടെ ദൈവത്തിന്റെയും ആരോപണം.

രാജഭരണം മാറി ഇവിടെ ജനാധിപത്യം വന്നപ്പോൾ കാര്യങ്ങൾ ഭേദപ്പെടുമെന്നായിരുന്നു പലരുടെയും ധാരണ. ജനങ്ങൾക്കുവേണ്ടി ജനങ്ങളിൽനിന്ന്, ജനങ്ങൾതന്നെ തിരഞ്ഞെടുക്കുന്ന നേതാക്കന്മാർ ജനപക്ഷത്തോട് കുറച്ചുകൂടി കൂറുപുലർത്തും എന്നു കരുതിയവർക്ക്, പക്ഷേ, തെറ്റുപറ്റിയെന്നാണ് കാലം തെളിയിക്കുന്നത്. ജനപക്ഷചിന്തകൾ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിലും വിജ്ഞാപനങ്ങളിലും മാത്രമായൊതുക്കി നേതാക്കൾ ജനങ്ങളെ ഇളിഭ്യരാക്കിക്കൊണ്ടിരിക്കുകയാണ്. വികസനം വിരുന്നുവരും എന്നുകരുതി ജനം വെറുതെ കാത്തിരുന്നു കണ്ണുകഴയ്ക്കുന്നു. വികസനമാകട്ടെ, നേതൃനിരയിലെ ചില വിരുതരുടെ വീട്ടുമുറ്റങ്ങളിൽ മാത്രം സംഭവിക്കുന്നു. കസേരവിട്ടൊഴിയുന്നതിനുമുൻപ് പരമാവധി സംഭരിക്കാനുള്ള തത്രപ്പാടിലാണ് ഓരോ നേതാവും. അതിനിടയ്ക്ക് ചവിട്ടിയരയ്ക്കപ്പെടുന്ന ജീവിതങ്ങളോ തകർന്നടിയുന്ന മൂല്യങ്ങളോ അവർ പരിഗണിക്കുന്നുപോലുമില്ല. ആർക്കെല്ലാം ഉടവുപറ്റിയാലും തങ്ങൾക്കു ക്ഷതമേല്ക്കരുത് എന്നു മാത്രമാണ് അവരുടെ ചിന്ത. പ്രജാക്ഷേമം പ്രഥമമായെടുത്ത ദാവീദിനെപ്പോലെ, തനിക്കല്പം ക്ഷീണമേറ്റാലും ജനത്തിനു നന്മവരണം എന്നു ചിന്തിക്കുന്ന നേതാക്കൾ ഭരണമേറ്റാലേ നാടു പുരോഗമിക്കൂ.

യാത്രയ്ക്കിടയ്ക്ക് ശാപവാക്കുകൾ ചൊരിഞ്ഞ്, കല്ലും മണ്ണും വാരിയെറിഞ്ഞ് തന്നെ അനുഗമിച്ച ഷിമെയിയോടുള്ള ദാവീദിന്റെ പ്രതികരണം അനുകരണാർഹമാണ്. ഷിമെയി വിളിച്ചുപറഞ്ഞ

വിമർശകർ ഇല്ലാത്തേടത്ത് വികസനവും ഉണ്ടാകില്ല.
വിമർശകരെ വെറുക്കുന്ന മനസ്സിടുക്കമുള്ള അബിഷായിമാർ
രംഗമൊഴിയുകയും വിമർശകരെ ദൈവതുല്യം കാണുന്ന ദാവീദുമാർ
വാഴുകയും ചെയ്താലേ വികസനത്തിന്റെ വഴികൾ തുറക്കൂ.

കാര്യങ്ങൾ വസ്തുതാവിരുദ്ധമായിരുന്നെങ്കിലും കർത്താവിന്റെ ഒരുപകരണമായാണ് ദാവീദ് അവനെ കണ്ടത്. അതുകൊണ്ട് അവനെ ശിക്ഷിക്കാനോ ഒഴിവാക്കാനോ അയാൾ ശ്രമിച്ചില്ല. പകരം തന്നിലേക്കുതന്നെ തിരിഞ്ഞ് ഒരു ആത്മശോധനയ്ക്കു ശ്രമിക്കുകയാണു ചെയ്തത്.

അകാരണമായി നമ്മെ പീഡിപ്പിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന അനേകരെ ജീവിതയാത്രയ്ക്കിടയ്ക്ക് നാം കണ്ടുമുട്ടും. വെറുപ്പോടും പകയോടും കൂടെ അവരോട് പോരടിക്കാൻ ശ്രമിക്കുന്നത് ഭോഷത്തമാണ്. ദൈവം കല്പിച്ചിട്ടാണ് അവർ നമ്മുടെ വഴിയിൽ വിഘ്നാതമായി നില്ക്കുന്നതെങ്കിൽ അവരോട് മല്പിടിത്തം നടത്തിയിട്ട് എന്തുകാര്യം? നമ്മുടെ നന്മയ്ക്കുവേണ്ടി ദൈവം മെനഞ്ഞ പദ്ധതിയിലെ പങ്കുകാർ മാത്രമല്ലേ അവർ! ശത്രുക്കളെന്ന് തോന്നാമെങ്കിലും സത്യത്തിൽ അവർ വേഷപ്രച്ഛന്നരായെത്തുന്ന സ്നേഹിതന്മാർ തന്നെയാണ്. അതുകൊണ്ട് ശാപോക്തികളുമായി വന്ന് നമ്മെ അലട്ടുന്ന ഷിമെയിമാരോട് നമുക്ക് പരിഭവം വേണ്ടാ. ഷിമെയിമാരേ, നിങ്ങൾ കൂട്ടം കൂട്ടമായിവന്ന് ഇനിയും ഞങ്ങളെ അസ്വസ്ഥപ്പെടുത്തുക എന്നു പ്രാർഥിച്ചാൽ മതി.

വിമർശനങ്ങൾ ഭയന്ന് ഷിമെയിമാരുടെ വായടപ്പിക്കാനും അവരെ നിർമൂലനം ചെയ്യാനുമാണ് ഇന്ന് പലരും ശ്രമിക്കുന്നത്, പ്രത്യേകിച്ച് അതിനുള്ള അധികാരവും സ്വാധീനവുമുള്ളപ്പോൾ. സത്യത്തിൽ വിമർശനങ്ങൾ നമുക്ക് അനുഗ്രഹപ്രദമാണ്. സുമനസ്സോടെ സ്വീകരിച്ചാൽ അവ നമ്മെ വളർത്തുകയും നവീകരിക്കുകയും ചെയ്യും. മറിച്ച്, അസഹിഷ്ണുതയോടെയാണ് സ്വീകരിക്കുന്നതെങ്കിൽ അവ നമ്മെ കൂടുതൽ മോശമാക്കും. ആരാണ് വിമർശിക്കുന്നത് എന്നു നോക്കിയാണ് ചിലർ അവ തള്ളുകയോ കൊള്ളുകയോ ചെയ്യുന്നത്. വിമർശനത്തിന്റെ ഉറവിടം നാം നോക്കേണ്ടതില്ല. വിമർശന

ത്തിൽ കാമ്പുണ്ടോ എന്നു പരിശോധിച്ചാൽ മതി. ക്രിസ്തു നേരിട്ടു പറഞ്ഞാലേ സത്യം സത്യമാകൂ എന്നില്ലല്ലോ. ബാലാമിന്റെ കഥയി ലെന്നപോലെ, ചില കഴുതകൾക്കും സത്യം പറയാമല്ലോ. ഒരു ഭ്രാന്തന്റെ പുലമ്പലിൽപ്പോലും ദൈവഹിതം ഉണ്ടെന്നാണ് ദാവീദ് പറയുന്നത്. അങ്ങനെയെങ്കിൽ, ആദരപൂർവ്വം വേണം നാം ആരുടെ വിമർശനത്തെയും സ്വീകരിക്കാൻ.

വിമർശകനായ ഷിമെയിയെ കൊന്നുകളയട്ടേ എന്നാണ് അംഗ രക്ഷകനായ അബിഷായി ദാവീദിനോടു ചോദിച്ചത്. ഒന്നല്ല, രണ്ടു വട്ടം അവനങ്ങനെ ചോദിച്ചു. രണ്ടാമതവൻ ചോദിച്ചത്, അബ് സലോമിന്റെ മരണശേഷം ജറുസലേമിലേക്കു തിരികെവന്ന ദാവീ ദിനോട് മാപ്പിരക്കുന്ന ഷിമെയിയെ കണ്ടപ്പോളാണ്. അവനെ വില ക്കിക്കൊണ്ട് അപ്പോൾ ദാവീദ് പറഞ്ഞകാര്യം ശ്രദ്ധേയമാണ്. അയാൾ പറഞ്ഞു, “സെരൂയപുത്രന്മാരേ, നിങ്ങൾക്ക് എന്തുകാര്യം? നിങ്ങൾ എനിക്കു ശല്യം ഉണ്ടാക്കാൻ നോക്കുന്നുവോ? ഇസ്രായേലിൽ ആരെയെങ്കിലും ഇന്നു വധിക്കുകയോ? ഞാനിന്ന് ഇസ്രായേലി ന്റെ രാജാവാണ്.”

“അങ്ങ് ഇസ്രായേലിന്റെ രാജാവായതുകൊണ്ട് ഞങ്ങൾ ഷിമെ യിയെ വധിക്കട്ടേ” എന്ന് ചോദ്യം. “ഞാൻ ഇസ്രായേലിന്റെ രാജാ വായതുകൊണ്ട് ഷിമെയിയെ വധിക്കാൻ പാടില്ല” എന്ന് ഉത്തരം. വധിക്കാൻ അബിഷായി കണ്ടെത്തിയ ന്യായം തന്നെ, വധിക്കാതിരി ക്കാൻ ദാവീദും കണ്ടെത്തുന്നു. ഒരാൾ അധികാരത്തെ, കൊല്ലാ നുള്ള ലൈസൻസ് ആയി കരുതുന്നു. മറ്റെയാൾ, അധികാരത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമായി പരിഗണിക്കുന്നു. ആരാണ് ശരി എന്നതിനെക്കുറിച്ച് എതിരഭിപ്രായത്തിനു സാധ്യതയില്ല. നൂറിൽ നൂറുപേരും ചിലപ്പോൾ ദാവീദിനെ പിന്തുണച്ചേക്കും. പക്ഷേ, അധികാരം കിട്ടിയാൽ പിന്നെ നിലപാടുകൾ മാറിമറിയും. പലരും ദാവീദിനെ കൈവെടിയുകയും അബിഷായിയെ പുണരുകയും ചെയ്യും. പിന്നെ പ്രതിയോഗികളെ വെട്ടിനിരത്താനുള്ള ഭ്രമമാകും അവരെ ആവേശിക്കുന്നത്. ചിലരെ കള്ളക്കേസിൽ കുടുക്കി മയ ത്തിൽ ഒതുക്കും; മറ്റുചിലരെ കൊന്നും അംഗവിച്ഛേദം ചെയ്തും അവസാനിപ്പിക്കും.

പ്രതികാരദാഹികൾ ഭരണമേല്ക്കുന്നതുകൊണ്ട് ഇന്ന് പലേട ങ്ങളിലും കൊലപാതകങ്ങൾ പെരുകുന്നു എന്നത് ഒരു വാസ്ത

വമാണ്. നേതാക്കൾ സംഹാരചിന്തയിൽ മഗ്നരായതുകൊണ്ട് ഭരണകാര്യങ്ങൾ താറുമാറാകുകയും ചെയ്യുന്നു. സംഹാരമല്ല, സംരക്ഷണമാണ് തങ്ങളുടെ ധർമമെന്ന് അറിയുന്നവർക്കേ ക്രിയാത്മകമായി ഭരണം നടത്താനാവൂ. അവരുടെ കീഴിലേ ജനങ്ങൾക്കു സ്വസ്ഥത കൈവരൂ. രക്തദാഹികളായ അബിഷായിമാർ ഭരണം ഏറ്റെടുത്താൽ ജനങ്ങൾക്ക് ഭീതിയുടെ കാലം പിറക്കും. വിമർശകർക്കോ എതിരാളികൾക്കോ സ്വതന്ത്രമായി സംസാരിക്കാൻ പോലും ആവാതെവരും. വിമർശകർ ഇല്ലാത്തേടത്ത് വികസനവും ഉണ്ടാകില്ല. വിമർശകരെ വെറുക്കുന്ന മനസ്സിടുക്കമുള്ള അബിഷായിമാർ രംഗമൊഴിയുകയും വിമർശകരെ ദൈവതുല്യം കാണുന്ന ദാവീദുമാർ വാഴുകയും ചെയ്താലേ വികസനത്തിന്റെ വഴികൾ തുറക്കൂ. അതുകൊണ്ട്, ദാവീദിന്റെ പുത്രാ, കനിയണമേ എന്ന് നാം ഉറക്കെ പ്രാർഥിക്കുക.



25

മുടിയിൽ കുരുങ്ങിയ ജീവിതം

2 സാമുവൽ 17:1 -19:8

ദാവീദ് ജറുസലേംവിട്ട് പലായനംചെയ്തതോടെ അബ്സലോം നഗരം കൈയടക്കുകയും പിതാവിന്റെ ഉപനാരിമാരെ പരസ്യമായി ബലാൽസംഗം ചെയ്തുകൊണ്ട്, താൻ രാജസിംഹാസനം കൈവശപ്പെടുത്തിയിരിക്കുന്നുവെന്ന് പരോക്ഷമായി പ്രഖ്യാപിക്കുകയും ചെയ്തു. അഹിഥോഫെൽ എന്ന തന്ത്രജ്ഞനായ മന്ത്രിയുടെ ഉപദേശമനുസരിച്ചാണ് അബ്സലോം ഇതെല്ലാം ചെയ്തത്. ദാവീദിനെ അതിവേഗം കീഴടക്കാനും നിർമൂലനം ചെയ്യാനുമുള്ള ഉപായങ്ങളും അഹിഥോഫെൽ അവനുമായി പങ്കുവച്ചു. ദാവീദ് ക്ഷീണിച്ച് ധൈര്യംകെട്ടിരിക്കുന്ന സമയത്ത്, പന്തീരായിരം പേരെയും കൂട്ടിച്ചെന്ന് അപ്രതീക്ഷിതമായി അവനെ ആക്രമിച്ചുകൊലപ്പെടുത്താനാണ് അഹിഥോഫെൽ നിർദേശിച്ചത്. പന്തീരായിരം പടയാളികളുടെ സൈന്യത്തെക്കണ്ട് ദാവീദിന്റെ അനുചരന്മാർ ഓടിയൊളി

ക്കുമെന്നും പിന്നെ ദാവീദിനെ മാത്രം കൊലപ്പെടുത്തി വലിയ രക്തച്ചൊരിച്ചിൽ കൂടാതെതന്നെ വിജയം കൈവരിക്കാമെന്നുമായിരുന്നു അയാളുടെ കണക്കുകൂട്ടൽ. രാജാവ് മരിച്ചുകഴിഞ്ഞാൽ അവന്റെ സേവകരെല്ലാം നിരുപാധികം കീഴടങ്ങി അബ്സലോമിന്റെ പക്ഷംചേരുമെന്നും അയാൾ കരുതിയിരുന്നു. ചതുരംഗ ബുദ്ധിയോടെ, വസ്തുതകൾ പരിശോധിച്ചും വരുംവരായ്കകൾ മുന്നിൽക്കണ്ടും അഹിഥോഫെൽ മുമ്പോട്ടുവച്ച ഈ നിർദേശം തികച്ചും തന്ത്രപരമായിരുന്നെങ്കിലും അതു നടപ്പിലാക്കുന്നതിനു മുമ്പ് ഹൂഷായിയുടെ അഭിപ്രായം കൂടി ആരായാം എന്ന് അബ്സലോം തീരുമാനിച്ചു. വിനാശകാലത്തുദിച്ച ഒരു വിപരീതബുദ്ധി ആയിരുന്നു അത്.

ദാവീദിന്റെ ചാരനായിരുന്ന ഹൂഷായി, അഹിഥോഫെലിന്റെ പദ്ധതി ഇടിച്ചുതാഴ്ത്തുകയും വിപുലമായ മറ്റൊരു യുദ്ധതന്ത്രം അവതരിപ്പിക്കുകയും ചെയ്തു. യുദ്ധത്തിനു തയ്യാറെടുക്കാൻ ദാവീദിന് അവസരം കിട്ടത്തക്കവിധം തന്ത്രപൂർവം മെനഞ്ഞ ഒരു പദ്ധതിയായിരുന്നു അത്. അതു മനസ്സിലാക്കാതെ അബ്സലോം, അഹിഥോഫെലിന്റെ നിർദേശം തള്ളിക്കളഞ്ഞ് ഹൂഷായിയുടെ പദ്ധതി സ്വീകരിച്ചു. അബ്സലോമിനു പിണഞ്ഞ ഈ അബദ്ധത്തിനു പിന്നിൽ ദൈവത്തിന്റെ ഇടപെടലുണ്ടായിരുന്നു എന്ന കാര്യം വ്യക്തമാണ്. “കർത്താവേ, അഹിഥോഫെലിന്റെ ആലോചന വ്യർഥമാക്കണമേ” (2 സാമു 15:31) എന്ന ദാവീദിന്റെ മനമുരുകിയുള്ള പ്രാർഥനയ്ക്ക് അവിടന്ന് ഉത്തരം നല്കുകയായിരുന്നു. ദാവീദിനെ രക്ഷിക്കാനും അബ്സലോമിന് അനർഥം വരുത്താനും അവിടന്നു നിശ്ചയിച്ചിരുന്നതുകൊണ്ടാണ് അഹിഥോഫെലിന്റെ വിദഗ്ധോപദേശം വേണ്ടെന്നു വയ്ക്കാനുള്ള ‘ബുദ്ധിശൂന്യത’ അബ്സലോം കാണിച്ചതെന്നാണ് വചനം നല്കുന്ന വ്യാഖ്യാനം (2 സാമു 17:14).

ഹൂഷായിയുടെ തന്ത്രത്തെക്കുറിച്ച് ചാരന്മാരിലൂടെ അറിഞ്ഞ ദാവീദ്, പയറ്റിത്തെളിഞ്ഞ തന്റെ പടയാളികളോടൊപ്പം രാത്രിയിൽ ത്തന്നെ ജോർദാൻനദി കടന്ന് തിടുക്കത്തിൽ യാത്ര തുടർന്നു. ജോർദാനിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ കിഴക്കുള്ള മഹനായിം നഗരത്തിൽ അവർ പാളയമടിച്ചു. ചരിത്രപ്രാധാന്യമുള്ള ആ നഗരത്തിന് മഹനായിം എന്ന പേരു നല്കിയത് യാക്കോബാണ്. ‘സൈനികപാളയം’ എന്നാണ് പേരിന്റെ അർഥം. താൻ വഞ്ചിച്ച സഹോ

ദരൻ ഏസാവിനെ വീണ്ടും കണ്ടുമുട്ടുമ്പോൾ എന്തു സംഭവിക്കും എന്ന ഉത്കണ്ഠയോടെ ഹാരാനിൽ നിന്നു കാനാനിലേക്കു മടക്ക യാത്ര ചെയ്ത യാക്കോബ്, വഴിമധ്യേ ദൈവദൂതരുമായി സന്ധിച്ച ഇടമാണത്. മാലാഖമാരെക്കണ്ട്, ഇതു ദൈവത്തിന്റെ സൈന്യ മാണെന്ന് ആശ്ചര്യപൂർവം വിളിച്ചുപറഞ്ഞുകൊണ്ടാണ് അയാൾ ആ സ്ഥലത്തിന് മഹനായിം എന്നു പേരിട്ടത് (ഉത്പ 32:2). ദൈവി കസൈന്യത്തിന്റെ സംരക്ഷണത്തെക്കുറിച്ച് ഓർമപ്പെടുത്തുന്ന ആ സ്ഥലത്തുവച്ച് അദ്ഭുതകരമായ ദൈവപരിപാലനമാണ് ദാവീദ് അനുഭവിച്ചത്. അമ്മോന്യനായ ഷോബി, ലോദേബാറിൽ നിന്നുള്ള മാക്കിർ, ഗിലയാദുകാരൻ ബർസില്ലായി എന്നിവർ ദൈവദൂതന്മാ രെപ്പോലെ അപ്രതീക്ഷിതമായി അവിടെയെത്തി, സൈന്യത്തിനാ വശ്യമായ ഭക്ഷണവും ഉപകരണങ്ങളും നല്കി അവരെ പിന്തു ണച്ചു.

തന്റെ ഉപദേശം അബ്സലോം സ്വീകരിച്ചില്ലെന്നു കണ്ട അഹി ഥോഫെൽ, കഴുതയ്ക്കു ജീനിയിട്ട് തന്റെ പട്ടണത്തിലേക്കു പോയി, വീട്ടുകാര്യങ്ങളെല്ലാം ക്രമപ്പെടുത്തിയശേഷം തൂങ്ങിമരിച്ചു. ഒരു പക്ഷേ, യുദ്ധത്തിൽ ജയിച്ചു ദാവീദ് വീണ്ടും രാജസ്ഥാനമേറ്റെടു ക്കുമ്പോൾ, തനിക്കു വധശിക്ഷ നല്കും എന്ന് അയാൾ കരുതിയി ട്ടുണ്ടാകും. കർത്താവിന്റെ അഭിഷിക്തനായ ദാവീദിനെ ഒറ്റിക്കൊ ടുത്ത അഹിഥോഫെലിന്റെ അന്ത്യം, ദാവീദിന്റെ പുത്രനായ യേശു വിനെ ഒറ്റിക്കൊടുത്ത യൂദാസിന്റെ അന്ത്യത്തെ (മത്താ 27:5) മുൻ കൂട്ടി പ്രതിഫലിപ്പിക്കുന്നതാണ്[1].

മുഖ്യ ഉപദേഷ്ടാവായിരുന്ന അഹിഥോഫെലിന്റെ ആത്മഹത്യ അബ്സലോമിനെ കൂടുതൽ ദുർബലനാക്കി. ഹൂഷായിയുടെ ഉപ ദേശമനുസരിച്ച് അവൻ ഇസ്രായേൽസൈന്യത്തെ നയിച്ച് ജോർ ദാൻ കടന്നു, ഗിലയാദുദേശത്തു താവളമടിച്ചു. ദാവീദിന്റെ പാളയ ത്തിൽ നിന്ന് അധികം ദൂരെയായിരുന്നില്ല ഈ പ്രദേശം. മകനുമായി ഒരു യുദ്ധത്തിനു വിസമ്മതിച്ച് ദീർഘകാലമായി പിൻവലിഞ്ഞുനി ന്നിരുന്ന ദാവീദ്, സമയം നിർണായകമാണെന്നു തിരിച്ചറിഞ്ഞ് സൈന്യത്തെ മൂന്നായി തിരിച്ച്, പ്രഗല്ഭരും വിശ്വസ്തരുമായ യോ വാബ്, അബിഷായി, ഇത്തായി എന്നീ സേനാധിപന്മാരുടെ നേതൃ ത്വത്തിൽ അവരെ വിന്യസിച്ചു. താനും അവരോടൊപ്പം വരുന്നു എന്നു പറഞ്ഞ ദാവീദിനെ അവർ ആദരപൂർവം പിന്തിരിപ്പിച്ചു പാള യത്തിൽത്തന്നെ നിർത്തി. യുദ്ധത്തിനുപോകുംമുമ്പ് ദാവീദ് അവ

തുടക്കത്തിൽ കിട്ടുന്ന ചില സുഖാനുഭവങ്ങളും ആദ്യശ്രമത്തിലെ വിജയങ്ങളുമാണ് പലരെയും ഇന്ന് അബ്സലോമിന്റെ വഴിയിൽ നടക്കാൻ പ്രേരിപ്പിക്കുന്നത്. അവസാനംവരെ അവ അങ്ങനെതന്നെയായിരിക്കും എന്നാണ് അവരുടെ ധാരണ.

രോട് ഒരു കാര്യം ആവശ്യപ്പെട്ടു, "യുവാവായ അബ്സലോമിനോട് തന്നെപ്രതി മയമായി പെരുമാറണം" (2 സാമു. 18:5). പക്ഷേ, രാജ്യ നന്മയെക്കരുതി അവർ ആ നിർദേശം കാര്യമായെടുത്തില്ല. അബ്സ ലോമിനും അവന്റെ സേനയ്ക്കുമെതിരേ അതിശക്തമായിത്തന്നെ അവർ ആഞ്ഞടിച്ചു. എഫ്രായിം വനത്തിൽ വച്ചുള്ള ആ ഏറ്റുമുട്ട ലിൽ ഇസ്രായേലിന്റെ ഇരുപതിനായിരം പടയാളികളെ അവർ വക വരുത്തി. വനത്തിൽ വച്ചുള്ള യുദ്ധം, ഇസ്രായേൽസേനയ്ക്ക് അപ രിചിതമായിരുന്നതിനാൽ വാളിനിരയായവരെക്കാൾ കൂടുതൽ ആളു കൾ വനത്തിൽ വഴിതെറ്റി അലഞ്ഞ് ചതുപ്പിൽ താണും വന്യമൃഗ ങ്ങൾക്കിരയായും വിശന്നുവലഞ്ഞുമൊക്കെ മരണമടഞ്ഞു. ഒടുവിൽ പരാജിതനായ അബ്സലോം പ്രാണഭീതിയോടെ ഒരു കോവർ കഴുതപ്പുറത്ത് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. വലിയ ഒരു ഓക്കുമര ത്തിന്റെ അടിയിലൂടെ കടന്നുപോകുമ്പോൾ, അവന്റെ നീണ്ട തല മുടി മരക്കൊമ്പിൽ ഉടക്കുകയും അവന്റെ കീഴിൽ നിന്നു കോവർ കഴുത ഓടിയകലുകയും ചെയ്തു. രാജകീയമൃഗമായിരുന്ന കോവർ കഴുത അബ്സലോമിനെ വിട്ടോടിയത്, ഒരുപക്ഷേ, അവനു രാജത്വം നഷ്ടപ്പെട്ടു എന്നതിന്റെ അടയാളമായിരിക്കാം.

മുടിയുടക്കി മരത്തിൽ തൂങ്ങിയാടിയ അബ്സലോമിനെ വധി ക്കാൻ പടയാളികൾ ആരും തയ്യാറായില്ല. കാരണം, ദാവീദു കുപിത നായി തങ്ങളെ വധിക്കുമെന്ന് അവർ ഭയപ്പെട്ടിരുന്നു. പക്ഷേ, സേനാ ധിപനായ യോവാബ് ദാവീദിന്റെ അപ്രീതി ഭയക്കാതെ, രാജ്യരക്ഷ യെക്കരുതി അബ്സലോമിനെ വധിക്കാൻ മുൻകൈയെടുത്തു. അങ്ങനെ അബ്സലോമിന്റെ തിരിച്ചുവരവിന് വഴിയൊരുക്കിയവൻ തന്നെ അവന്റെ വധത്തിനും നേതൃത്വം നല്കി.

അബ്സലോമിന്റെ മരണത്തോടെ യുദ്ധം അവസാനിച്ചു. പടയാ ളികൾ അവന്റെ മൃതദേഹം എടുത്ത് വനത്തിലെ ഒരു വലിയ കുഴിയിലേക്ക് എറിഞ്ഞുകളഞ്ഞു. എന്നിട്ട് അവിടെ വലിയൊരു കല്ക്കൂമ്പാരം കൂട്ടിവച്ചു.

യുദ്ധത്തിൽ താൻ വിജയിച്ചു എന്ന വാർത്ത കേട്ടിട്ട് ദാവീദിന് അല്പംപോലും സന്തോഷം തോന്നിയില്ല. കാരണം, അബ്സലോമിന്റെ മരണത്തെക്കുറിച്ചറിഞ്ഞ അയാൾ അതീവ ദുഃഖിതനായിരുന്നു. വികാരാധീനനായ അയാൾ, "എന്റെ മകനേ, അബ്സലോമേ, എന്റെ മകനേ, എന്റെ മകനേ, അബ്സലോമേ, നിനക്കുപകരം ഞാൻ മരിച്ചിരുന്നെങ്കിൽ..." എന്ന് ആവർത്തിച്ചു പറഞ്ഞു വിലപിച്ചുകൊണ്ടിരുന്നു.

അബ്സലോമിനേക്കുറിച്ച് രാജാവ് വിലപിക്കുന്നതായി കേട്ട പടയാളികൾ, പരാജിതരെപ്പോലെ തലതാഴ്ത്തിയാണ് പട്ടണത്തിൽ പ്രവേശിച്ചത്. യുദ്ധത്തിൽ വിജയിച്ചുവന്ന തങ്ങളെ നന്ദിപൂർവം അനുമോദിക്കേണ്ടതിനുപകരം, ശത്രുവിനെയോർത്തു വിലപിക്കുന്ന രാജാവിന്റെ പ്രവൃത്തി അവരിൽ അസ്വസ്ഥതയും അസംതൃപ്തിയും ഉളവാക്കി. അവർ ഒന്നടങ്കം രാജാവിനെതിരേ തിരിയാനും മറ്റൊരു കലാപം പൊട്ടിപ്പുറപ്പെടാനും അതു വഴിയൊരുക്കും എന്നു മനസ്സിലാക്കിയ യോവാബ്, ദാവീദിനെ സന്ദർശിച്ചു കാര്യങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്തി. ശാസനയും ഭീഷണിയുമെല്ലാം അവന്റെ വാക്കുകളിൽ ഉണ്ടായിരുന്നു. ഒടുവിൽ അവന്റെ നിർബന്ധത്തിനുവഴങ്ങി, ദാവീദ് തന്റെ സൈന്യത്തിന്റെ മഹാസേവനം അംഗീകരിക്കുകയും ജറുസലേമിലേക്കു തിരികെപ്പോകാൻ സമ്മതിക്കുകയും ചെയ്തു.

അബ്സലോമിന്റെ പരാജയവും ദാരുണമായ അന്ത്യവും അത്യന്തം നാടകീയമായാണ് വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നത്. എല്ലാം കണക്കുകൂട്ടി കണിശമായി ചെയ്തിരുന്ന അബ്സലോമിന് ഒടുവിൽ തന്റെ കണക്കുകൂട്ടലുകളെല്ലാം പിഴച്ചു. തന്ത്രജ്ഞനായ അഹിഥോഫെൽ മുന്നോട്ടുവച്ച ബുദ്ധിപൂർവകമായ പദ്ധതികൾ തള്ളിക്കളഞ്ഞ്, ദാവീദിന്റെ ചാരനായ ഹൂഷായിയുടെ വാക്കുകൾ കേട്ട് അവൻ അബദ്ധം പ്രവർത്തിച്ചു. അത്രയുംകാലം അഹിഥോഫെലിനെ ദൈവദൂതനെപ്പോലെ കരുതി അനുസരിച്ചിരുന്ന അബ്സലോം, ഹൂഷായി ദാവീദിന്റെ വിശ്വസ്തനാണെന്ന് അറിഞ്ഞിരുന്നിട്ടും അവന്റെ നിർദേശം സ്വീകരിച്ച് യുദ്ധത്തിനിറങ്ങി, ഒടുവിൽ കാട്ടിൽവച്ച് ദാരുണമായി കൊല്ലപ്പെട്ടു.

'ഒരു അഹങ്കാരിക്കു സംഭവിച്ച അനിവാര്യമായ ദുരന്തം' എന്നേ അബ്സലോമിന്റെ കഥയ്ക്ക് നമുക്ക് അടിക്കുറിപ്പെഴുതാനാകൂ.

വയോധികരായ മാതാപിതാക്കന്മാർക്ക് അറിവും കഴിവുമില്ലെന്ന പുച്ഛത്തോടെ അവരെ വീടിന്റെ ഒഴിഞ്ഞ കോണിലേക്കു വകഞ്ഞുമാറ്റുന്ന മക്കൾ അറിയാതെ പോകുന്ന ഒരു സത്യമുണ്ട്: പ്രായംകൊണ്ട് മാതാപിതാക്കന്മാർ നേടിയ അറിവിന്റെ അരികിൽ വയ്ക്കാൻ പോലും പര്യാപ്തമല്ല, പുസ്തകം വായിച്ച് മക്കൾ നേടുന്ന അക്കദമിക പരിജ്ഞാനം.

കേശഭംഗിയിലും മേനിയഴകിലുമാണല്ലോ അവൻ അഹങ്കരിച്ചിരുന്നത്. അവകൊണ്ടുതന്നെയാണല്ലോ അവൻ ആളുകളെ വശീകരിച്ച് പക്ഷംചേർത്തിരുന്നതും. വർഷത്തിലൊരിക്കൽ അവന്റെ മുടി മുറിച്ചുമാറ്റുമ്പോൾ രാജതൂക്കത്തിന് 200 ഷെക്കെൽ ഭാരം അതിനുണ്ടാകുമായിരുന്നു എന്നാണ് അവന്റെ കേശസൗന്ദര്യത്തെക്കുറിച്ച് ബൈബിൾ പറയുന്നത് (2 സാമു 14:26). അവന്റെ അഹന്തയുടെ കാരണമായ കേശംതന്നെ ഒടുവിൽ അവന്റെ അന്ത്യത്തിനും കാരണമായി. "പിതാവിനെതിരേ കലഹിക്കാൻ തന്റെ നീണ്ട മുടികൊണ്ട് ആളെക്കുടുക്കിയ അബ്സലോം, ഒടുവിൽ ആ മുടിയിൽത്തന്നെ കുടുങ്ങി ശത്രുക്കൾക്കിരയായി" എന്നാണ് റബ്ബിനിക് മിഷ്നായിൽ പറയുന്നത്[2].

സൗന്ദര്യം നല്ലതല്ലെന്നോ അത് വിനാശകരമാണെന്നോ അല്ല പറഞ്ഞുവരുന്നത്, സൗന്ദര്യത്തിൽ അഹങ്കരിക്കുകയോ അതുപയോഗിച്ചു ആളുകളെ ചൂഷണം ചെയ്യുകയോ ചെയ്യുന്നത് ആപത്കരമാണെന്നാണ്. സുന്ദരന്മാരും സുന്ദരിമാരും സൗന്ദര്യം ആയുധമാക്കി അനേകരെ മുതലെടുക്കുന്നതിന്റെയും അഴകിന്റെ ആകാശക്കെണിതീർത്ത് അനേകരെ കുടുക്കുന്നതിന്റെയും കഥകൾ ഈ സൈബർയുഗത്തിൽ പെരുകിവരുകയാണ്. "തന്റെ അടുത്തുവന്നു വണങ്ങുന്ന ആളുകളെ അബ്സലോം കൈനീട്ടി പിടിച്ചു ചുംബിക്കുകയും അങ്ങനെ അവരുടെ ഹൃദയം വശീകരിക്കുകയും ചെയ്തിരുന്നു" (2സാമു 15:16) എന്നു പറയുന്നത് ഇത്തരം ചൂഷണങ്ങളുടെ ഒരു പൂർവരൂപമായി വ്യാഖ്യാനിച്ചെടുക്കാവുന്നതാണ്.

ശരീരംകൊണ്ട് ആളുകളെ മുതലെടുത്ത അബ്സലോമിന്റെ വഴിയിൽ ആദ്യമാദ്യം വിജയം വിടർന്നെങ്കിലും ഒടുവിലൊടുവിൽ അനർഥങ്ങൾ അപ്രതീക്ഷിതമായി കടന്നുവന്ന് അവനെ വിഴുങ്ങിക്കളഞ്ഞു എന്നാണ് നാം മനസ്സിലാക്കുന്നത്. തുടക്കത്തിൽ

കിട്ടുന്ന ചില സുഖാനുഭവങ്ങളും ആദ്യശ്രമത്തിലെ വിജയങ്ങളുമാണ് പലരെയും ഇന്ന് അബ്സലോമിന്റെ വഴിയിൽ നടക്കാൻ പ്രേരിപ്പിക്കുന്നത്. അവസാനംവരെ അവ അങ്ങനെതന്നെയായിരിക്കും എന്നാണ് അവരുടെ ധാരണ. പക്ഷേ, ആദ്യവിജയങ്ങൾ നിഷ്പ്രഭമാക്കുന്ന കൊടുംപരാജയങ്ങൾ പിന്നീടുപിന്നീടു കടന്നുവരും എന്നതാണ് സത്യം. അപ്പോഴാകട്ടെ, വഴിമാറിനടക്കാനാവാത്തവിധം അതിൽ 'പെട്ടു' പോയിരിക്കുകയും ചെയ്യും.

അബ്സലോം മുടിയിൽ കുരുങ്ങി തൂങ്ങിയാടുമ്പോൾ മുടിമുറിച്ചു രക്ഷപ്പെടാം എന്നു കരുതി തന്റെ ഉടവാളൂരി എന്നൊരു റബ്ബീനിക് പാരമ്പര്യമുണ്ട്. പക്ഷേ, വാളെടുത്തുയർത്തിയപ്പോൾ താഴെ നരകം വാപിളർന്നു നില്ക്കുന്ന കാഴ്ചകണ്ടു ഭയപ്പെട്ട അദ്ദേഹം, പിന്നെ രക്ഷപ്പെടാൻ ശ്രമിക്കാതെ, ശ്രമിച്ചാലും ആവില്ലെന്നറിഞ്ഞ് അവിടെക്കിടന്നു മരണം വരിച്ചുവത്രേ![3].

അബ്സലോമിന്റെ വഴിയിൽ നാം മുന്നോട്ടു പോകുന്തോറും രക്ഷയ്ക്കുള്ള സാധ്യതകൾ കുറഞ്ഞുകൊണ്ടിരിക്കും എന്നതാണ് സത്യം. അതു തിരിച്ചറിഞ്ഞ് തിരിച്ചുനടക്കാൻ മനസ്സുകാണിച്ചാൽ രക്ഷപ്രാപിക്കും. അല്ലെങ്കിൽ, ആകാശത്തിലോ ഭൂമിയിലോ പിടിയില്ലാതെ, വാപിളർന്നുനില്ക്കുന്ന നരകക്കാഴ്ചയുടെ മുകളിൽ നിസ്സഹായരായി പതനവും കാത്ത് തൂങ്ങിയാടുന്ന ദുരവസ്ഥയിൽ ഒടുവിൽ നാം എത്തിച്ചേരും!

മാതാപിതാക്കന്മാർക്കെതിരേ കരമുയർത്തുന്ന മക്കൾക്കുള്ള ശക്തമായ താക്കീതുകൂടി കലാപകാരിയായ അബ്സലോമിന്റെ ദുരന്തകഥയിൽ ഉൾച്ചേർന്നിട്ടുണ്ട്. ഹൃദയപൂർവം മകനെ സ്നേഹിക്കുകയും അവനു നന്മവരണമെന്ന് ആഗ്രഹിക്കുകയും ചെയ്ത പിതാവിനെതിരേ അതിക്രൂരമായി കലാപമഴിച്ചുവിട്ട അബ്സലോമിന്റെ അന്ത്യം അതീവ ദാരുണമായിരുന്നു. മാന്യമായ ഒരു ശവസംസ്കാരം പോലും ലഭിക്കാതെ അവന്റെ ശരീരം, ഒടുവിൽ വനത്തിൽ ഒരു കുഴിയിലേക്ക് വലിച്ചെറിയപ്പെടുകയാണുണ്ടായത്. അവൻ അർഹിക്കുന്ന ഒരു ദുരന്തമായിരുന്നു അതെന്ന് ഇന്ന് ലോകം തലകുലുക്കി സമ്മതിക്കുന്നു.

അധികാരക്കൊതിമൂത്ത്, സ്വന്തം പിതാവിനെപ്പോലും കീഴടക്കി കിരീടം സ്വന്തമാക്കാൻ അബ്സലോം എടുത്തു ചാടിപ്പോൾ, എല്ലാം തനിക്ക് അനായാസം സാധ്യമാകും എന്നായിരുന്നു അവന്റെ

പ്രതീക്ഷ. പിതാവിനെക്കാൾ ബുദ്ധിയും കഴിവും തനിക്കുണ്ടെന്ന് അവൻ കരുതി. പ്രായം കൊണ്ടു പിതാവാർജിച്ച അറിവോ അനുഭവജ്ഞാനമോ അവൻ തെല്ലും മാനിച്ചതേയില്ല. പരിണതഫലം എന്തായിരുന്നു എന്ന് നമുക്കറിയാം. അബ്സലോമിന്റെ എണ്ണമറ്റ പടയാളികൾക്ക് ദാവീദിന്റെ പയറ്റിത്തെളിഞ്ഞ ഒളിപ്പോരാളികൾക്കൊപ്പം പിടിച്ചുനില്ക്കാനായില്ല. വനത്തിലെ വഴികളോ സാഹചര്യങ്ങളോ തെല്ലും പരിചയമില്ലാതിരുന്ന അവർക്ക് സ്ഥലപരിചയവും യുദ്ധനിപുണതയും ഉണ്ടായിരുന്ന ദാവീദിന്റെ പടയാളികൾക്കു മുമ്പിൽ ചിതറിയോടേണ്ടിവന്നു. ഒടുവിൽ അവരെ ഒന്നടങ്കം വനം വിഴുങ്ങിക്കളഞ്ഞു (2 സാമു 18:8).

വയോധികരായ മാതാപിതാക്കന്മാർക്ക് അറിവും കഴിവുമില്ലെന്ന പുച്ഛത്തോടെ അവരെ വീടിന്റെ ഒഴിഞ്ഞ കോണിലേക്കു വകഞ്ഞുമാറ്റുന്ന മക്കൾ അറിയാതെ പോകുന്ന ഒരു സത്യമുണ്ട്: പ്രായംകൊണ്ട് മാതാപിതാക്കന്മാർ നേടിയ അറിവിന്റെ അരികിൽ വയ്ക്കാൻ പോലും പര്യാപ്തമല്ല, പുസ്തകം വായിച്ച് മക്കൾ നേടുന്ന അക്കദമിക പരിജ്ഞാനം. വയോധികരുടെ വിജ്ഞാനം മാനിക്കാതെ പോയാൽ മക്കൾ സ്വന്തംബുദ്ധിയുടെ വഞ്ചനയ്ക്കിരയായി ക്രമേണ കഥാവശേഷരാകും.

പിതാവിനെയും മാതാവിനെയും ബഹുമാനിക്കുന്നവരുടെ ഭാവി സുരക്ഷിതമാകും എന്നാണ് വചനം പഠിപ്പിക്കുന്നത്. (പ്രഭാ 3-ാം അധ്യായം). നിർഭാഗ്യവശാൽ, മാതാപിതാക്കന്മാരെ ബഹുമാനിക്കുക എന്നത് പഴകിത്തുരുമ്പിച്ച ഒരു ഉപദേശമാണെന്ന മട്ടിലാണ് ഇന്ന് പലരുടെയും പെരുമാറ്റം. സത്യത്തിൽ, അത് ഒരു ഉപദേശമല്ല, അലംഘനീയമായ ദൈവകല്പന തന്നെയാണ്. ഉപദേശമായിരുന്നെങ്കിൽ അത് സ്വീകരിക്കാനോ നിഷേധിക്കാനോ ഉള്ള സ്വാതന്ത്ര്യം നമുക്കുണ്ടാകുമായിരുന്നു. പക്ഷേ, കല്പനയ്ക്ക് അതില്ലല്ലോ. ലംഘിച്ചാൽ അതിന് അർഹമായ ശിക്ഷയും അനുഭവിക്കേണ്ടിവരും. പിതാവിനെതിരേ കലഹിച്ച് അനർഥങ്ങൾ ക്ഷണിച്ചുവരുത്തിയ അബ്സലോം അതിന് നല്ലൊരു ഉദാഹരണമാണ്. കലഹിക്കുന്ന മക്കൾക്ക് താക്കീതുനല്കിക്കൊണ്ട്, കാലമേറെക്കഴിഞ്ഞിട്ടും അയാളുടെ കല്ലറ ജറുസലേമിലെ കെദ്രോൺ താഴ്വരയിൽ ഇന്നും ഉയർന്നു നില്പുണ്ട്. തങ്ങളുടെ മക്കൾ അനുസരണക്കേടുകാണിക്കുമ്പോൾ, മാതാപിതാക്കന്മാരോട് കലഹിക്കുന്ന

മക്കൾക്ക് എന്തു സംഭവിക്കുമെന്നു പഠിപ്പിക്കാൻ യഹൂദമാതാപിതാക്കന്മാർ അവരെ ആ കല്ലറയിൽ കൊണ്ടുവരാറുണ്ടത്രേ![4] കല്ലായും തൂണായുമൊക്കെ ഉയർന്നുനില്ക്കുന്ന ഇത്തരം 'സ്മാരകങ്ങൾ' കണ്ടിട്ടെങ്കിലും നമ്മുടെ കല്ലിച്ച മനസ്സിന് ഒരു മാറ്റമുണ്ടായാൽ മതിയായിരുന്നു!

✷


പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, രാജവാഴ്ച, ബൈബിൾ തീർഥാടനം, വാല്യം 2, പേജ് 183.

2 മിഷ്ന, സോറ്റ 1:8.

3 ലൂയിസ് ഗിൻസ്ബെർഗ്, *ലെജൻഡ്സ് ഓഫ് ദ് ജൂസ്*, വാല്യം 4 (കോസിനോ ക്ലാസിക്സ്: NY, 1913) പേജ് 106.

4 Tomb of Absalom, വിക്കിപീഡിയ.



26

ഗിൽഗാലിലെ വരവേല്പു നാടകം

2 സാമുവൽ 19: 9-20: 26

അബ്സലോം മരിച്ചതോടെ ഇസ്രായേലിലെ കലാപം അവസാനിച്ചെങ്കിലും ദാവീദ് തലസ്ഥാനത്തുനിന്നു വിട്ടുനിന്നതിനാൽ സിംഹാസനം ശൂന്യമായിക്കിടന്നു. ഇത് രാജ്യത്ത് ഒരു പ്രതിസന്ധി സൃഷ്ടിച്ചു. ദാവീദിനെ തിരികെ കൊണ്ടുവരുക എന്നതാണ് ഇതിനൊരു പോംവഴി എന്ന് എല്ലാവരും സമ്മതിച്ചെങ്കിലും ആര് അതിനു മുൻകൈ എടുക്കും എന്ന കാര്യത്തിലായിരുന്നു തർക്കം. അബ്സലോമിനെ പിന്തുണച്ചിരുന്നവരും അല്ലാത്തവരുമൊക്കെ രംഗത്തുണ്ടായിരുന്നതുകൊണ്ട് ദാവീദിന് തന്റെ തിരിച്ചുവരവിനെക്കുറിച്ച് ആശങ്കയുണ്ടായിരുന്നു. അബ്സലോമിനോട് കൂറുപ്രഖ്യാപിച്ചിരുന്നവർ തന്നോട് വിശ്വസ്തരായിരിക്കുമോ എന്ന കാര്യത്തിൽ അയാൾക്ക് തീർച്ചയുമില്ലായിരുന്നു. അബ്സലോമിനോടു പക്ഷംചേർന്നതുകൊണ്ട് ദാവീദ് തങ്ങളോട് എങ്ങനെ പ്രതികരിക്കും എന്നതിനെക്കുറിച്ച് അവർക്കും ഭയമുണ്ടായിരുന്നു. ഏതാ

യാലും, അബ്സലോമിനെ പിന്തുണച്ച് തനിക്കെതിരേ പ്രവർത്തിച്ചവരോട് തനിക്ക് ഒരു പകയുമില്ല എന്ന് അറിയിച്ചുകൊണ്ടും തന്റെ സ്വന്തം ഗോത്രമായ യൂദാ തനിക്ക് പ്രിയപ്പെട്ടതാണെന്നു പ്രഖ്യാപിച്ചുകൊണ്ടും പുരോഹിതന്മാരായ സാദോക്കും അബിയാഥറും വഴി യൂദാശ്രേഷ്ഠന്മാർക്ക് ദാവീദ് ഒരു സന്ദേശം കൊടുത്തുവിട്ടു. തനിക്ക് പ്രതികാരചിന്തയില്ലെന്ന് അവരെ ബോധ്യപ്പെടുത്താനെന്നവണ്ണം അബ്സലോമിന്റെ സേനാധിപനായിരുന്ന അമാസയെ യോവാബിനുപകരം തന്റെ സേനാധിപനായി നിയമിച്ചതായും അയാൾ പ്രഖ്യാപിച്ചു. അങ്ങനെ അനിശ്ചിതത്വങ്ങൾക്കു വിരാമമിട്ടുകൊണ്ട് ദാവീദ് ജറുസലേമിലേക്കു മടക്കയാത്ര ആരംഭിച്ചു.

ദാവീദിനെ എതിരേറ്റ് ജോർദാൻനദി കടത്തിക്കൊണ്ടുവരാൻ യൂദായിലെ ജനങ്ങൾ ഗിൽഗാലിൽ എത്തി. സാവൂളിന്റെ മുൻസേവകനായിരുന്ന സീബാ, അവന്റെ പതിനഞ്ചുമക്കൾ, ഇരുപതു ഭൃത്യന്മാർ, ജോനാഥാന്റെ മകനായ മെഫിബോഷെത്ത്, ബെഞ്ചമിൻ ഗോത്രജനും ദാവീദിന്റെ വിലാപയാത്രാമധ്യേ അയാളെ ശപിച്ചവനുമായ ഷിമെയി എന്നിവരും എതിരേല്പിനായി എത്തിയിരുന്നു. ഷിമെയിയോടൊപ്പം ബെഞ്ചമിൻ ഗോത്രത്തിൽ നിന്നുള്ള മറ്റ് ആയിരം പേരും ഉണ്ടായിരുന്നു. തനിക്കുപറ്റിയ തെറ്റിനു മാപ്പപേക്ഷിച്ച ഷിമെയിയോട് കരുണകാണിച്ചുകൊണ്ട് ദാവീദ് ആ ബെഞ്ചമിൻ ഗോത്രക്കാരുടെ മുഴുവൻ ഹൃദയം കവർന്നു.

പേരെടുത്തു പരാമർശിക്കേണ്ട മറ്റൊരാൾകൂടി ആ വരവേല്പു സംഘത്തിൽ ഉണ്ടായിരുന്നു. ഗിലയാദുകാരനായ ബർസില്ലായി എന്ന വൃദ്ധനായിരുന്നു അയാൾ. അയാൾക്ക് എൺപതുവയസ്സു പ്രായമുണ്ടായിരുന്നു. ധനികനായിരുന്ന അയാളാണ് അബ്സലോമിൽനിന്ന് ഒളിച്ചോടി മഹനായിമിൽ പാർക്കവേ ദാവീദിനു ഭക്ഷണം നല്കിയിരുന്നത്. ഒരു പ്രതിഫലവും പ്രതീക്ഷിച്ചായിരുന്നില്ല അയാൾ രാജാവിനെ പിന്തുണച്ചിരുന്നത്. തന്നോടൊപ്പം ജറുസലേമിലേക്കു വന്നാൽ താൻ അയാളെ സംരക്ഷിച്ചുകൊള്ളാം എന്നു ദാവീദ് ബർസില്ലായിയോട് പറഞ്ഞെങ്കിലും അയാൾ അതു നിരസിച്ചു. എങ്കിലും രാജാവിന്റെ ഔദാര്യം പൂർണമായി നിരസിക്കുന്നത് ശരിയല്ല എന്നു കരുതിയ അയാൾ തന്റെ മകനായ കിംഹാമിനെ ദാവീദിന്റെ കൂടെ പോകാൻ അനുവദിച്ചു.

വരവേല്പ് വളരെ ഗംഭീരമായി നടന്നെങ്കിലും എല്ലാം പര്യവസാനിക്കുന്നതിനു മുമ്പുതന്നെ അതിനെച്ചൊല്ലി ഗോത്രങ്ങൾ

ജയപ്രതീക്ഷയുള്ളേടത്തേക്കു ചേർന്നുനില്ക്കാനും പണവും പ്രതാപവും അധികാരമുള്ളേടങ്ങളിൽ കൂറുകാട്ടാനും ആളുകൾ മത്സരിക്കുകയാണ്. ഇത്തരക്കാരുടെ പരിഹാസ്യമായ കോലംകെട്ടലുകൾ കാണാൻ ചില വരവേല്പുമാമാങ്കങ്ങൾ ശ്രദ്ധിച്ചാൽ മതി.

ചേരിതിരിഞ്ഞു തർക്കം തുടങ്ങി. രാജ്യത്തിന്റെ തെക്കൻ പ്രദേശമായ യൂദായിലുള്ള രണ്ടു ഗോത്രക്കാർ (യൂദാ, ബെഞ്ചമിൻ) ചേർന്ന് രാജാവിനെ രഹസ്യമായി സ്വീകരിച്ചു എന്ന പരാതിയുമായി വടക്കൻ പ്രദേശമായ ഇസ്രായേലിലെ മറ്റു പത്തുഗോത്രങ്ങളുടെ പ്രതിനിധികൾ ദാവീദിനെ സമീപിച്ചു. രാജാവ് തങ്ങളുടെ ഗോത്രത്തിൽപ്പെട്ടവനാണെന്ന യൂദായുടെ അവകാശവാദം മറ്റു ഗോത്രങ്ങളെ കൂടുതൽ ചൊടിപ്പിച്ചു. തർക്കം മൂത്ത് രംഗം പ്രക്ഷുബ്ധമായപ്പോൾ ബെഞ്ചമിൻ ഗോത്രജനായ ഷേബാ, "ദാവീദുമായി ഞങ്ങൾക്കു പങ്കില്ല. ഇസ്രായേലേ, കൂടാരങ്ങളിലേക്കു മടങ്ങുവിൻ" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് ഒരു കലാപത്തിന് ആഹ്വാനം ചെയ്തു. അതോടെ ഒരു ആഭ്യന്തരയുദ്ധത്തിന്റെ കരിനിഴൽ വീണ്ടും ദേശത്തിനുമേൽ പടർന്നു.

സൈന്യത്തെ സംഘടിപ്പിക്കാനോ ഒളിച്ചിരുന്നു യുദ്ധം നയിക്കാൻ പറ്റിയ സുരക്ഷിത നഗരങ്ങളിൽ അഭയം തേടാനോ ഷേബായ്ക്കു സമയം കിട്ടാത്തവിധം മിന്നൽ വേഗത്തിൽ അവനെതിരേ കരുക്കൾ നീക്കാൻ ദാവീദ് അമാസയോട് ആവശ്യപ്പെട്ടു. ഷേബായെ എത്രയും വേഗം കീഴ്പ്പെടുത്താനായിരുന്നു കല്പന. എന്നാൽ അമാസയുടെ ഭാഗത്തു നിന്ന് അതിനുള്ള ഒരു ശ്രമവും ഉണ്ടായില്ല. ഉള്ളിൽ ദാവീദിനോട് കൂറില്ലാതിരുന്നതുകൊണ്ടാണോ അതോ ഭീരുവായിരുന്നതുകൊണ്ടാണോ അവൻ അതിനു മടിച്ചത് എന്നത് വ്യക്തമല്ല. പാഴാകുന്ന ഓരോനിമിഷവും വിലപ്പെട്ടതാണെന്നറിഞ്ഞ ദാവീദ് അമാസയ്ക്കു പകരം പടനയിക്കാൻ അബിഷായിയെ ചുമതലപ്പെടുത്തി. ദാവീദിന്റെ സഹോദരിയായ സെരൂയയുടെ പുത്രനും യോവാബിന്റെ ജ്യേഷ്ഠനുമായിരുന്നു അബിഷായി. യോവാബിനെ പുറത്താക്കി തൽസ്ഥാനത്ത് അമാസയെ നിയമിച്ചത് അബദ്ധമായിരുന്നു എന്നംഗീകരിക്കാനുള്ള പ്രയാസം കൊണ്ടായിരിക്കാം, ദാവീദ് യോവാബിനെ വീണ്ടും നിയോഗിക്കാതെ അബിഷായിയെ പകരക്കാരനാക്കിയത്. ഏതായാലും ഷേബായ്ക്കെതിരേയുള്ള പോരാട്ട

> കുബുദ്ധികളുടെ വാക്കുകൾ കണ്ണുമടച്ചു വിശ്വസിച്ച്, വിചാരം വികാരങ്ങൾക്കു പണയപ്പെടുത്തി വിപ്ലവത്തിൽ അണിചേരുന്ന ജനങ്ങൾ സത്യത്തിൽ അപകടകാരികളാണ്.

ത്തിൽ ആരും ആവശ്യപ്പെട്ടില്ലെങ്കിൽപ്പോലും യോവാബും പങ്കു ചേർന്നു. എന്നുമാത്രമല്ല, അബിഷായിക്കു പകരം അവൻ തന്നെ യായിരുന്നു യുദ്ധത്തിന് നേതൃത്വം നല്കിയതും. ഒരിക്കൽ നഷ്ട പ്പെട്ട സേനാധിപസ്ഥാനം അവൻ വീണ്ടും സ്വയമേവ ഏറ്റെടുക്കു കയായിരുന്നു. മാർഗമധ്യേ അവൻ അമാസയെ കണ്ടുമുട്ടുകയും വയറുപിളർത്തി അവനെ കൊലപ്പെടുത്തുകയും ചെയ്തു. പിന്നീട് ഷേബായെത്തേടി യോവാബ്സൈന്യം ഇസ്രായേൽ മുഴുവനും ചുറ്റി. ഒടുവിൽ കോട്ടമതിലുകളാൽ ഭദ്രമായ ആബേൽ ബേത്ത് മാഖാ എന്ന പട്ടണത്തിൽ ഷേബാ അഭയം തേടിയിരിക്കുന്നു എന്ന റിഞ്ഞ് അവർ അതിനെ വളഞ്ഞ് കോട്ടമതിൽ ഇടിച്ചുവീഴ്ത്താൻ തുടങ്ങി. കോട്ടയ്ക്കകത്തുള്ള പട്ടണവാസികൾക്കു കാര്യം മന സ്സിലായില്ല. കോട്ടയെ ആക്രമിക്കുന്ന സൈന്യത്തെക്കണ്ട് പട്ടണ നിവാസികൾ ഭയവിവശരായി. ഒടുവിൽ പട്ടണത്തിലെ വിവേകമ തിയായ ഒരു സ്ത്രീ യോവാബിനെ വിളിച്ചു കാര്യം തിരക്കി. രാജാ വിനെതിരേ കരമുയർത്തിയ ഷേബായ്ക്കുവേണ്ടിയാണ് ആക്ര മണം എന്നു മനസ്സിലാക്കിയ അവൾ, പട്ടണവാസികളെ വിളിച്ചു കൂട്ടി കാര്യം ധരിപ്പിച്ചു. അവർ ഷേബായുടെ തലവെട്ടി മതിലിനു മുകളിലൂടെ യോവാബിന്റെ അടുത്തേക്ക് എറിഞ്ഞുകൊടുത്തു. അതോടെ സൈന്യം ആക്രമണമവസാനിപ്പിച്ച് പട്ടണം വിട്ടുതിരിച്ചു പോയി.

കൂറുമാറലിന്റെയും തിരിച്ചുവരവിന്റെയും ലജ്ജാകരമായ നാട കമാണ് മഹനായിമിൽ നിന്നു ജറുസലേമിലേക്കുള്ള ദാവീദിന്റെ തിരിച്ചുവരവിനോടനുബന്ധിച്ച് അരങ്ങേറിയത്. അബ്സലോമിന്റെ മേനിയഴകിലും പ്രതാപത്തിലും മയങ്ങി അവനെ പിന്തുണച്ചവർ, അവൻ കൊല്ലപ്പെട്ടുവെന്നറിഞ്ഞ് മലക്കംമറിഞ്ഞു മറുപുറത്തെത്തി. അത്രയുംനാൾ മുഷ്ടിചുരുട്ടിയും മീശപിരിച്ചും ദാവീദിനെതിരേ ആക്രോശിച്ചിരുന്നവർ, പഞ്ചപുച്ഛമടക്കി കൈകൂപ്പിതാണുവണങ്ങി അയാളെ വരവേറ്റു. പറഞ്ഞുനില്ക്കെത്തന്നെ കളംമാറിമാറിച്ചവിട്ടി കൂറു പ്രഖ്യാപിക്കുകയാണ് ആളുകൾ. സത്യമോ ധർമമോ ഒന്നും

അവർ പരിഗണിക്കുന്നുപോലുമില്ല; നിലനില്പും സ്വാർഥനേട്ടങ്ങളും മാത്രമാണ് വിഷയം. വിജയിക്കുന്നേടത്തേക്കു ചാഞ്ഞുനിന്നു ലാഭ മെടുക്കുകയെന്ന പ്രായോഗികതയുടെ തത്ത്വശാസ്ത്രമാണ് അവ രുടേത്.

ഇന്നും ആ തത്ത്വശാസ്ത്രത്തിന്റെ അനുഭാവികൾ എണ്ണത്തിൽ കുറഞ്ഞിട്ടൊന്നുമില്ല. അവരുടെ സംഖ്യ വർധിച്ചിട്ടുണ്ടെങ്കിലേയു ള്ളൂ. ജയപ്രതീക്ഷയുള്ളേടത്തേക്കു ചേർന്നുനില്ക്കാനും പണവും പ്രതാപവും അധികാരമുള്ളേടങ്ങളിൽ കൂറുകാട്ടാനും ആളുകൾ മത്സരിക്കുകയാണ്. ഇത്തരക്കാരുടെ പരിഹാസ്യമായ കോലംകെട്ട ലുകൾ കാണാൻ ചില വരവേല്പുമാമാങ്കങ്ങൾ ശ്രദ്ധിച്ചാൽ മതി. 'ഞാൻ നിങ്ങളുടെ അനുഭാവിയാണെന്നും ഞാനാണ് സ്വീകരണം ഒരുക്കിയതെന്നു'മൊക്കെ കാണിച്ച് ഉന്നതരുടെ പ്രീതി സമ്പാദി ക്കാൻ കൈയിൽ പൂമാലയും നെഞ്ചിൽ ബാഡ്ജുമായി നിന്ന് അറപ്പുളവാക്കുന്ന പ്രകടനംനടത്തുന്ന അനേകരെ നമുക്കവിടെ കാണാൻപറ്റും. ഇന്നലെവരെ എതിർചേരിയിൽനിന്ന് അസഭ്യം വിളിച്ചവരാകും അവരിൽ ചിലർ. എന്തൊക്കെയോ മുതലെടുപ്പിനു വേണ്ടി സ്വാർഥമോഹത്തോടെ പൊയ്മുഖം ധരിച്ച് അവതരിക്കു കയാണവിടെ!

വരവേല്പിനിടയിൽ പ്രമാണിത്തം കാണിക്കാൻ അവസരം കിട്ടാഞ്ഞതിൽ കുപിതരാകുന്ന ഇസ്രായേലിലെ ഗോത്രപ്രതിനിധി കളും അവരറിയാതെ രഹസ്യമായി രാജാവിനെ സ്വീകരിക്കാൻ ശ്രമിച്ച യൂദാ, ബെഞ്ചമിൻ ഗോത്രജരുമെല്ലാം നമ്മിൽ ചിരിപടർ ത്തുന്ന കഥാപാത്രങ്ങളാണ്. പ്രമാണികളാകാനുള്ള അവരുടെ ദുരാ ഗ്രഹം ഒരു കലാപത്തിനുതന്നെയാണ് പിന്നീട് വഴിയൊരുക്കി യത്. കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ശ്രമിച്ച കുബുദ്ധിയായ ഷേബാ, രാജ്യത്തെ ഒരു പിളർപ്പിന്റെ വക്കിലെത്തിക്കുകയും ചെയ്തു.

പ്രമാണികളാകാനും അവസരം മുതലാക്കി സ്വാർഥപദ്ധതികൾ നടപ്പിലാക്കാനും ശ്രമിക്കുന്ന ചില കുടിലബുദ്ധികളുടെ കരുനീക്ക ങ്ങളാണ് ഇന്ന് പല കലാപങ്ങൾക്കും കളമൊരുക്കുന്നത് എന്നത് ഒരു വസ്തുതയാണ്. ഏത് അസത്യവും സത്യമെന്നപോലെ അവസരോചിതമായി അവതരിപ്പിക്കുന്ന അത്തരം വ്യക്തികളുടെ വാക്ചാതുരിയിൽ കുരുങ്ങി അനേകർ കഥയറിയാതെ ആട്ടം നടത്തു

ന്നത് കാര്യങ്ങൾ ത്വരിതഗതിയിൽ വഷളാക്കുകയും ചെയ്യുന്നു. അവസരം മുതലെടുത്ത് ഷേബാ നടത്തിയ വിപ്ലവാഹ്വാനം മറു ചോദ്യമില്ലാതെ അനുകൂലിച്ച് കലാപക്കൊടിയുയർത്തിയ ഇസ്രാ യേല്യരെപ്പോലെ, കുബുദ്ധികളുടെ വാക്കുകൾ കണ്ണുമടച്ചു വിശ്വ സിച്ച്, വിചാരം വികാരങ്ങൾക്കു പണയപ്പെടുത്തി വിപ്ലവത്തിൽ അണിചേരുന്ന ജനങ്ങൾ സത്യത്തിൽ അപകടകാരികളാണ്. ഷേബാമാരുടെ സ്വാർഥതാത്പര്യങ്ങൾ തിരിച്ചറിയാനുള്ള വിവേകം അവർ ആർജിച്ചെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ പൊതുജനം കഴുത യാണെന്ന പഴമൊഴി സാധൂകരിക്കപ്പെടും. ആ കഴുതകളുടെ ബലത്തിൽ ഷേബാമാർ വിജയിക്കുകയും പിന്നെ അവർ തങ്ങളെ തുണച്ച കഴുതകളെ ബുദ്ധിപൂർവം ചതിക്കുകയും ചെയ്യും.

തനിക്കെതിരേ കലാപക്കൊടിയുയർത്തിയ ഷേബായുടെ വിപ്ലവം അടിച്ചമർത്താൻ ദാവീദ് അമാസയെയാണ് നിയോഗിച്ചത്. അത് അത്ര ബുദ്ധിപൂർവകമായ നടപടിയായിരുന്നു എന്നു പറയാനാ കില്ല. അബ്സലോമിന്റെ സേനാധിപനായിനിന്ന് ദാവീദിനെതിരേ പടനയിച്ചവനായിരുന്നല്ലോ അമാസ. അബ്സലോമിന്റെ മരണ ത്തോടെ നിലനില്പിനുവേണ്ടി കളംമാറിച്ചവിട്ടിയെങ്കിലും ഉള്ളിന്റെ യുള്ളിൽ അവൻ ദാവീദിന്റെ തകർച്ച ആഗ്രഹിച്ചിരുന്നിരിക്കാം. അതുകൊണ്ടായിരിക്കാം, ഷേബായുടെ വിപ്ലവമൊതുക്കാൻ ഒരു ചെറുവിരൽപോലുമനക്കാതെ അവൻ കൗശലപൂർവം പിൻമാറിക്ക ളഞ്ഞത്! അബ്സലോമിനോട് കൂറുപുലർത്തിയിരുന്നവനാണ് അമാസയെന്ന് അറിയാഞ്ഞിട്ടല്ല ദാവീദ് അവനെ തന്റെ പടനായ കനാക്കിയത്, തനിക്കെതിരേ കുതികാലുയർത്തിയവരോട് തനിക്കു പകയില്ലെന്നു കാണിക്കാനാണ്. ക്ഷമിക്കുന്നതും പകയില്ലാത്തതു മൊക്കെ നല്ലതുതന്നെ. പക്ഷേ, വിവേകം കൈവെടിഞ്ഞ് അവ പ്രകടിപ്പിക്കുന്നത് അപകടകരമാണ്. നിങ്ങൾ പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കണം എന്നുമാത്രമല്ലല്ലോ കർത്താവ് ആവശ്യ പ്പെട്ടത്, സർപ്പങ്ങളെപ്പോലെ വിവേകികളായിരിക്കണം എന്നുകൂടി യല്ലേ? വിവേകമില്ലാതുള്ള ഏതു പുണ്യപ്രവൃത്തിയും ഗുണത്തെ ക്കാളേറെ ദോഷം ചെയ്യും. അതുകൊണ്ട് പുണ്യം ചെയ്യാനുള്ള ആവേശത്തിൽ വിവേകം പണയം വയ്ക്കരുത് എന്നതാണ് പ്രഥമ പാഠമായി നാം സ്വീകരിക്കേണ്ടത്.



27

റിസ്പായയുടെ മക്കൾ ഭാഗ്യമുള്ളവർ

2 സാമുവൽ 21: 1-14

ദാവീദിന്റെ ഭരണകാലത്ത് ഇസ്രായേലിൽ മൂന്നുവർഷം തുടർച്ചയായി ക്ഷാമമുണ്ടായി. വിളകൾ നശിക്കുകയും ജനജീവിതം ക്ലേശകരമാവുകയും ചെയ്തു. തന്റെ പരിശ്രമംകൊണ്ടു ക്ഷാമം അതിജീവിക്കാൻ സാധ്യമല്ലെന്നു മനസ്സിലായ ദാവീദ് ദൈവസന്നിധിയിലെത്തി സന്ദേശമാരാഞ്ഞു. സാവൂൾ ഗിബയോൻകാരെ വധിച്ചതാണ് ക്ഷാമത്തിന്റെ കാരണമെന്നു കർത്താവ് അവനോടു പറഞ്ഞു.

ഹിവ്യർ എന്നറിയപ്പെട്ടിരുന്ന ഗിബയോൻകാർ അമോര്യരുടെ ഒരു ഉപവിഭാഗമായിരുന്നു (ജോഷ്വാ 9:7; 2 സാമു 21:2). പണ്ട്, ജോഷ്വായുടെ നേതൃത്വത്തിൽ ജോർദാൻ നദി കടന്ന് ജറീക്കോ, ആയ് എന്നീ പട്ടണങ്ങൾ കീഴടക്കി ജൈത്രയാത്ര നടത്തിയ ഇസ്രായേൽക്കാർ, ഇനി തങ്ങളെയാവും ആക്രമിക്കുക എന്നറിഞ്ഞ ഗിബ

യോൻകാർ സ്വരക്ഷയ്ക്കായി ഒരു ഉപായം കണ്ടെത്തിയത്രേ. പഴകിയ ചാക്കുകളിൽ ഉണങ്ങിയതും പൂത്തതുമായ ഭക്ഷണസാധനങ്ങളും കീറിത്തുന്നിയ തോല്ക്കുടങ്ങളിൽ വീഞ്ഞും എടുത്ത്, നന്നാക്കിയെടുത്ത പഴയ ചെരിപ്പുകളും കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ച് അവർ ഗിൽഗാലിൽ ജോഷ്വായുടെ പാളയത്തിൽചെന്ന് അവനോടും ഇസ്രായേൽക്കാരോടും പറഞ്ഞു, "നിങ്ങളുടെ ദൈവമായ കർത്താവിന്റെ നാമംകേട്ട് വിദൂരദേശത്തുനിന്നു വരുന്നവരാണ് ഞങ്ങൾ. അവിടന്ന് ഈജിപ്തിലും ജോർദാന്റെ മറുകരെയുള്ള അമോര്യരുടെയിടയിലും നിങ്ങൾക്കുവേണ്ടി പ്രവർത്തിച്ച കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ കേട്ടിട്ടുണ്ട്. ഞങ്ങൾ നിങ്ങളുടെ ദാസന്മാരാണ്. ഞങ്ങളുമായി ഒരു ഉടമ്പടി ചെയ്യണം".

അവരുടെ വേഷവിധാനങ്ങളും പൂത്തു പഴകിയ ഭക്ഷണസാധനങ്ങളും കണ്ട് അവർ പറയുന്നതു ശരിയാണെന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചു. അങ്ങനെ അവരുടെ ജീവൻ രക്ഷിക്കുമെന്ന് ഉറപ്പു നല്കിക്കൊണ്ട് ജോഷ്വായും ജനപ്രമാണികളും അവരുമായി ഒരു സമാധാനഉടമ്പടി ചെയ്തു. ഉടമ്പടിചെയ്തു മൂന്നുദിവസം കഴിഞ്ഞപ്പോൾ തങ്ങൾ കബളിപ്പിക്കപ്പെട്ടുവെന്ന് ഇസ്രായേൽക്കാർ തിരിച്ചറിഞ്ഞു. പക്ഷേ, അവരുമായി സമാധാന ഉടമ്പടി ഉറപ്പിച്ചു പോയതിനാൽ അവർ അവരെ കൊന്നില്ല. പകരം, അവരെ തങ്ങളുടെ വിറകുവെട്ടികളും വെള്ളം കോരികളുമായി അവർ നിയോഗിച്ചു.

ഗിബയോനിലെ ജനങ്ങൾ ഇസ്രായേൽക്കാരുമായി സമാധാന സന്ധിയുണ്ടാക്കി അവരുടെ വിറകുവെട്ടികളായി ജീവിക്കുന്നുവെന്നറിഞ്ഞ അമോര്യരാജാക്കന്മാർ ഗിബയോനെ നശിപ്പിക്കാൻ തീരുമാനിച്ചു. ഗിബയോൻകാർ ജോഷ്വായുടെപക്കൽ അഭയം തേടി. ഉടമ്പടി വ്യവസ്ഥയോടു വിശ്വസ്തനായിരുന്ന ജോഷ്വാ, ഇസ്രായേൽ സൈന്യത്തോടൊത്തു ചെന്ന് അമോര്യരെ കീഴടക്കി അവരെ രക്ഷിച്ചു.

നൂറ്റാണ്ടുകൾ കഴിഞ്ഞ് സാവൂൾ ഇസ്രായേലിന്റെ രാജാവായി സ്ഥാനമേറ്റപ്പോൾ, ഗിബയോൻകാരുമായി ഇസ്രായേല്യർ ചെയ്ത ഈ പഴയ ഉടമ്പടി അവൻ വിസ്മരിച്ചു. ഇസ്രായേലിനെയും യൂദായെയും കുറിച്ചുള്ള തീക്ഷ്ണതയാൽ അവൻ ഗിബയോൻകാരെ നശിപ്പിക്കാൻ ശ്രമിച്ചു.

ഗിബയോൻകാരുമായുള്ള ഉടമ്പടി ലംഘിച്ചതാണ് ഇസ്രായേലിലെ ക്ഷാമത്തിനു കാരണം എന്നു തിരിച്ചറിഞ്ഞ ദാവീദ്, ഗിബ

ശരീരവും മനസ്സും ആത്മാവും ചേർന്നതാണ് മനുഷ്യൻ;
അതിൽ ഒന്നും തന്നെ മോശമല്ല.

യോൻകാരെ സമീപിച്ചു ചോദിച്ചു, "നിങ്ങൾ ഞങ്ങളെ അനുഗ്രഹിക്കേണ്ടതിന്, നിങ്ങളോടു ചെയ്ത ഉപദ്രവങ്ങൾക്കു ഞങ്ങൾ എന്തു പരിഹാരം ചെയ്യണം" ഗിബയോൻകാർ പറഞ്ഞു, "സാവൂൾ ചെയ്ത തെറ്റിനു പരിഹാരമായി അവന്റെ ഏഴുപുത്രന്മാരെ കർത്താവിന്റെ പർവതമായ ഗിബയോനിൽ[1] വച്ചു തൂക്കിലേറ്റാൻ ഞങ്ങൾക്കു വിട്ടുതരണം." അങ്ങനെ അയായുടെ മകൾ റിസ്പായിൽ സാവൂളിനു ജനിച്ച രണ്ടു മക്കളെയും സാവൂളിന്റെ മകളായ മേരബിന്റെ അഞ്ചു പുത്രന്മാരെയും പിടികൂടി ദാവീദ് ഗിബയോൻകാർക്ക് ഏല്പിച്ചുകൊടുത്തു. അവർ അവരെ തൂക്കിലേറ്റി. അന്നാട്ടിലെ ശിക്ഷാരീതിയനുസരിച്ചു മൃതശരീരങ്ങളൊന്നും അവർ മറവു ചെയ്തില്ല. പക്ഷികളും വന്യമൃഗങ്ങളും കൊത്തിപ്പറിച്ചും കടിച്ചു കീറിയും ബാക്കി അഴുകിയും തീരുന്നതുവരെ കുറ്റവാളികളുടെ മൃതശരീരങ്ങൾ മറവുചെയ്യാതെ ഇടുകയായിരുന്നു അവരുടെ രീതി.

മൃതശരീരങ്ങൾ അവിടെക്കിടന്നു ചീഞ്ഞഴുകി ദുർഗന്ധം വമിക്കാൻ തുടങ്ങി. എന്നിട്ടും മക്കളെ വിട്ടുപിരിയാനാവാതെ റിസ്പാ പാറമേൽ ചാക്കുവിരിച്ച് അവിടെത്തന്നെ കിടന്നു. പകലും രാത്രിയും അവൾ ഉറങ്ങിയില്ല. പകൽ പക്ഷികളെയും രാത്രി കാട്ടുമൃഗങ്ങളെയും ആട്ടിയോടിച്ചുകൊണ്ട് കൊയ്ത്തുകാലത്തിന്റെ ആരംഭം മുതൽ മഴക്കാലം തീരുംവരെ അവൾ അവിടെ കാവൽ നിന്നു[2]. അവളുടെ പ്രവൃത്തിയെക്കുറിച്ചു കേട്ട ദാവീദ് തൂക്കിലിടപ്പെട്ട ഏഴുപേരുടെയും ശരീരാവശിഷ്ടങ്ങൾ സേലയിൽ സാവൂളിന്റെ കുടുംബക്കല്ലറയിൽ സംസ്കരിക്കാൻ ഏർപ്പാടു ചെയ്തു. കൂടാതെ, യാബെഷ് ഗിലയാദുകാർ എടുത്തുകൊണ്ടുപോയി സൂക്ഷിച്ചിരുന്ന സാവൂളിന്റെയും ജോനാഥാന്റെയും അസ്ഥികളും അവിടെനിന്നു വീണ്ടെടുത്ത് ദാവീദ് അവിടെ സംസ്കരിച്ചു. സാവൂളിന്റെ ഏഴുമക്കളെ വധിച്ച് പാപത്തിനു പരിഹാരം ചെയ്തതോടെ മൂന്നുവർഷങ്ങളായി ഇസ്രായേലിനെ ബാധിച്ചിരുന്ന ക്ഷാമത്തിന് അറുതിയായി.

യഹൂദരുടെ ഐതിഹ്യങ്ങൾ എന്ന പുസ്തകത്തിൽ ഈ ക്ഷാമത്തെക്കുറിച്ചു നല്കുന്ന വിവരണം ഇങ്ങനെയാണ്: ആദം മുതൽ

മിശിഹാവരെയുള്ള കാലഘട്ടത്തിനിടയ്ക്കുണ്ടായ അതിരൂക്ഷമായ പത്തുക്ഷാമങ്ങളിൽ ഒന്നാണ് ദാവീദിന്റെ കാലത്തുണ്ടായ ക്ഷാമം. ക്ഷാമത്തിന്റെ കാരണം വിഗ്രഹാരാധനയായിരിക്കും എന്ന സംശയത്താൽ, ദാവീദു ആദ്യവർഷം രാജ്യം മുഴുവൻ അന്വേഷണം നടത്തി. പക്ഷേ, ഒരിടത്തും വിഗ്രഹാരാധന ഉള്ളതായി കണ്ടില്ല. വിഷയലമ്പടത്തമാകും കാരണം എന്ന ചിന്തയാൽ രണ്ടാം വർഷം അന്വേഷണം നടത്തി. അതും തെറ്റാണെന്നു തെളിഞ്ഞു. സ്നേഹ വിരുദ്ധമായ പ്രവൃത്തികൾ മൂലമാണെന്നു കരുതി മൂന്നാം വർഷവും അന്വേഷിച്ചു. അതും അടിസ്ഥാനരഹിതമാണെന്നു കണ്ടെത്തി. ഒടുവിൽ അവൻ കർത്താവിനോടുതന്നെ കാരണം ആരാഞ്ഞു. മറുപടിയായി അവിടന്ന് അവനോടു ചോദിച്ചു, "വിശുദ്ധതൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ട രാജാവായിരുന്നില്ലേ സാവൂൾ? രാജ്യത്തെ വിഗ്രഹാരാധനയ്ക്ക് അറുതി വരുത്തിയത് അവനല്ലേ? അവനിപ്പോൾ സാമുവലുമൊത്ത് പറുദീസായിലുമല്ലേ? എന്നിട്ടുമെന്തേ നിങ്ങൾ അവന്റെ ശരീരാവശിഷ്ടങ്ങൾ മറുനാട്ടിൽ ഇട്ടിരിക്കുന്നു?"[3].

ഫിലിസ്ത്യരുമായുള്ള യുദ്ധത്തിനിടയ്ക്കു കൊല്ലപ്പെട്ട സാവൂളിന്റെയും ജോനാഥാന്റെയും മൃതദേഹങ്ങൾ യാബെഷ്ഗിലയാദുകാർ എടുത്തുകൊണ്ടുപോയി, യാബെഷിലെ പിചുലവൃക്ഷത്തിന്റെ ചുവട്ടിൽ സംസ്കരിച്ചിരിക്കുകയായിരുന്നു (1 സാമു 31:13). സാവൂളിന്റെയും പുത്രന്മാരുടെയും അനാഥമായിക്കിടന്നിരുന്ന മൃതദേഹങ്ങളോട് അവരന്ന് ആദരം കാണിക്കുകയായിരുന്നു. സത്യത്തിൽ, അതവരുടെ ഒരു നന്ദിപ്രകടനം കൂടിയായിരുന്നു. കാരണം, വർഷങ്ങൾക്കുമുൻപ് അമ്മോന്യരാജാവായ നാഹാഷിന്റെ ആക്രമണത്തിൽ നിന്ന് അവരെ രക്ഷിച്ചത് സാവൂൾ ആയിരുന്നല്ലോ (1 സാമു 11:1-13).

സ്വന്തം നാട്ടിലെ കുടുംബക്കല്ലറയിൽ പൂർവികരോടൊത്തു ശയിക്കാനുള്ള അവകാശം സാവൂളിനു നിഷേധിക്കാൻ പാടില്ലായിരുന്നു. അതു നിഷേധിക്കപ്പെട്ടതാണ് ക്ഷാമത്തിന്റെ ഒരു കാരണം എന്ന വെളിപ്പെടുത്തൽ ദാവീദിന്റെ കണ്ണുതുറപ്പിച്ചു. സാവൂളിന്റെയും ജോനാഥാന്റെയും ശരീരാവശിഷ്ടങ്ങൾ യാബെഷിൽ നിന്നു കൊണ്ടുവന്ന് അവരുടെ കുടുംബക്കല്ലറയിൽ സംസ്കരിക്കാൻ അയാൾ മുൻകൈ എടുത്തത് അതുകൊണ്ടാണ്.

കാക്കയ്ക്കും കഴുകനും കൊടുക്കാതെ, ചെന്നായ്ക്കും അലറുന്ന സിംഹത്തിനും വിട്ടുകൊടുക്കാതെ മക്കളെ പരിപാലിക്കാനല്ലെങ്കിൽ, പിന്നെ എന്തിനാണ് ദൈവം അവരെ അമ്മമാരെ ഏല്പിച്ചത്?

മരിച്ചവർക്ക് മാന്യമായ സംസ്കാരം നല്കുക എന്നത് ശ്രേഷ്ഠമായ ഒരു സത്കർമമാണ്. ഭക്ഷണമേശയിൽ നിന്ന് എഴുന്നേറ്റുചെന്ന് മൃതദേഹം സംസ്കരിക്കാൻ മടിക്കാതിരുന്ന തോബിത്തിന്റെ പ്രവൃത്തിയെ റഫായേൽ മാലാഖ പ്രശംസിക്കുന്നത് തോബിത്തിന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. "നീ മൃതരെ സംസ്കരിച്ചപ്പോൾ ഞാൻ നിന്നോടൊത്തുണ്ടായിരുന്നു" എന്നാണ് മാലാഖ അവനോടു പറഞ്ഞത് (തോബിത്ത് 12:12-13). മൃതരെ ആദരപൂർവം അടക്കുന്നവരോടുകൂടെ ദൈവസാന്നിധ്യമുണ്ടാകുമെന്ന് വചനം ഉറപ്പുനല്കുകയാണ്.

ഗ്രീക്കുകാരെപ്പോലെ ശരീരത്തെ ആത്മാവിന്റെ തടവറയായി മാത്രം കണ്ട് അവജ്ഞയോടെ അതിനെ അവഗണിക്കുന്നതു ശരിയല്ല. ശരീരവും മനസ്സും ആത്മാവും ചേർന്നതാണ് മനുഷ്യൻ; അതിൽ ഒന്നും തന്നെ മോശമല്ല. ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്നും അതു ക്രിസ്തു തന്റെ രക്തത്തിന്റ വിലകൊടുത്തു വാങ്ങിയതാണെന്നുമാണ് വിശുദ്ധ പൗലോസ് ഓർമിപ്പിക്കുന്നത് (1 കോറി 6:19-20). മാത്രമല്ല, അവസാന ദിവസം നാം ഉയിർപ്പിക്കപ്പെടുന്നതും ശരീരത്തോടുകൂടെയായിരിക്കും. അതുകൊണ്ടു മരിച്ചവരുടെ ശരീരങ്ങളോട് അനാദരം കാണിക്കുകയോ അവർക്ക് മാന്യമായ സംസ്കാരം നിഷേധിക്കുകയോ ചെയ്യുന്നത് ശരിയല്ല. "മരിച്ചവരെ അടക്കുക" എന്നത് സഭ പഠിപ്പിക്കുന്ന പതിനാലു കാരുണ്യപ്രവൃത്തികളിൽ ഒന്നാണെന്ന കാര്യവും വിസ്മരിക്കരുത്.

ക്രിസ്തുവിനെ, താൻ നിർമിച്ച പുതിയ കല്ലറയിൽ സംസ്കരിക്കാൻ മുൻകൈ എടുത്ത അരിമത്തിയാക്കാരൻ ജോസഫ് ഇക്കാര്യത്തിൽ നമുക്ക് അനുകരണീയമായ ഒരു മാതൃകയാണ്. യഹൂദരുടെ സംസ്കാരരീതിയനുസരിച്ച് മീറയും ചെന്നിനായകവും ചേർന്ന സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു മാന്യമായിത്തന്നെ അവൻ ക്രിസ്തുവിനെ സംസ്കരിച്ചു. ക്രിസ്തുവിനെ സംസ്കരിക്കാൻ അവനുകിട്ടിയ ഭാഗ്യം നമുക്കിനി കിട്ടില്ലല്ലോ എന്നു പറഞ്ഞ് ആർക്കുമൊഴിഞ്ഞുമാറാനാകില്ല. ഈ ചെറിയവ

രിൽ ഒരുവനു നിങ്ങൾ ചെയ്തുകൊടുക്കുന്നതെല്ലാം എനിക്കുതന്നെയാണ് ചെയ്തുതരുന്നതെന്നാണല്ലോ ക്രിസ്തു പഠിപ്പിച്ചത് (മത്താ. 25:40). എങ്കിൽ, മരിച്ച ഏതു വ്യക്തിയെ അടക്കാൻ ത്യാഗം ചെയ്യുന്നവരും അരിമത്തിയാക്കാരൻ ജോസഫിനെപ്പോലെ ഭാഗ്യം ചെയ്തവരാണ്.

മരിച്ച മക്കൾക്കു മാന്യമായ സംസ്കാരം കിട്ടുന്നതുവരെ അവരുടെ അഴുകുന്ന മൃതശരീരങ്ങൾക്കു മുമ്പിൽ അഞ്ചുമാസക്കാലം ഊണും ഉറക്കവുമില്ലാതെ, പക്ഷികളെയും വന്യമൃഗങ്ങളെയും ആട്ടിയോടിച്ച് കാത്തിരുന്ന റിസ്പാ എന്ന സ്ത്രീ ഉദാത്തമായ ഒരു മാതൃകയാണ് നമുക്കു നല്കുന്നത്. വറ്റാത്ത മാതൃസ്നേഹത്തിന്റെയും കെടാത്ത പ്രത്യാശയുടെയും ഉറച്ച വിശ്വാസത്തിന്റെയും പ്രതീകമാണവൾ. 'പാറപ്പുറത്തു ചാക്കുവിരിച്ച് അവൾ കാവൽ കിടന്നു' എന്നതിനെ ആത്മീയദൃഷ്ടിയിൽ വ്യാഖ്യാനിച്ചാൽ, അചഞ്ചലമായ വിശ്വാസത്തോടും ദൈവാശ്രയത്വത്തോടും കൂടെ അവൾ കാത്തിരുന്നു എന്ന് അർഥം കല്പിക്കാനാകും. ദൈവം അഭയശിലയാണെന്നത് ഇസ്രായേലിന്റെ ഒരു കാഴ്ചപ്പാടായിരുന്നല്ലോ (നിയ 32:37; 2 സാമു 22:3; സങ്കീ 15:2;62:7; ഏശ 26:4). മഴയത്തും വെയിലത്തും ശിലയെ പുണർന്നു കാത്തിരുന്ന അവൾക്ക് ഒടുവിൽ ശില മറുപടി നല്കി. മക്കൾക്കു മാന്യമായ ഒരടക്കം നല്കി അവിടന്ന് അനുഗ്രഹിച്ചു.

പരിശുദ്ധമായ സ്നേഹത്തോടും ഇളകാത്ത വിശ്വാസത്തോടും കൂടെയുള്ള അമ്മമാരുടെ പ്രാർഥന മക്കൾക്ക് അവരുടെ ജീവിതകാലത്തും മരണശേഷവും വലിയ ശക്തിയാണ്. മരിയ ഗൊരേറ്റി, കൊച്ചുത്രേസ്യ, അഗസ്തീനോസ് തുടങ്ങിയ എണ്ണമറ്റ വിശുദ്ധരുടെ ജീവിതചരിത്രങ്ങൾ അതിനു സാക്ഷ്യംനല്കുന്നു. റിസ്പായുടെ മക്കളെ മരണശേഷമാണ് പക്ഷികൾ കൊത്തിവലിക്കാനും വന്യമൃഗങ്ങൾ കടിച്ചുകീറാനും തുടങ്ങിയതെങ്കിൽ, നമ്മുടെ മക്കളെ ജീവിച്ചിരിക്കുമ്പോൾത്തന്നെ അവ കൊത്തിവലിക്കുകയും കടിച്ചുകീറുകയും ചെയ്യുന്നു! മാതൃഹൃദയങ്ങളിൽ നിന്നു നിലയ്ക്കാത്ത പ്രാർഥനകൾ ഉയരുന്നില്ലെങ്കിൽ, അവരുടെ സ്ഥിതി ഭയാനകമായിരിക്കും. കാക്കയ്ക്കും കഴുകനും കൊടുക്കാതെ, ചെന്നായ്ക്കും അലറുന്ന സിംഹത്തിനും വിട്ടുകൊടുക്കാതെ മക്കളെ പരിപാലിക്കാനല്ലെങ്കിൽ, പിന്നെ എന്തിനാണ് ദൈവം അവരെ അമ്മമാരെ

ഏല്പിച്ചത്? സൈബർയുഗത്തിലെ ആകാശത്തിൽ നിന്നു ചിറ കടിച്ചുവരുന്ന കഴുകന്മാരുടെ കൂർത്തനഖങ്ങൾക്കിടയിൽ മക്കളുടെ പ്രാണൻ കുരുങ്ങിപ്പോകരുത്; ആരെ വിഴുങ്ങണമെന്നന്വേഷിച്ചു സിംഹത്തെപ്പോലെ അലറിയടുക്കുന്ന സാത്താന്റെ കൂർത്ത വിഷ പ്പല്ലുകൾ അവരിലേക്ക് ആഴ്ന്നിറങ്ങുകയും ചെയ്യരുത്. റിസ്പായെ പ്പോലെ പാറയെപ്പുണർന്ന് ദിനരാത്രങ്ങൾ കരഞ്ഞുപ്രാർഥിക്കാനും പകൽ പക്ഷികളെയും രാത്രി കാട്ടുമൃഗങ്ങളെയും ആട്ടിയോടി ക്കാനും മനസ്സുള്ള അമ്മമാരാണ് മക്കളുടെ ശക്തി. അവരുടെ മക്കൾ ഭാഗ്യമുള്ളവർ, എന്തുകൊണ്ടെന്നാൽ അവർ രക്ഷപ്രാ പിക്കും; അവർ മരിച്ചാലും ജീവിക്കുകയും ചെയ്യും.


✷

പിൻകുറിപ്പ്

1 യഹൂദരല്ലായിരുന്നെങ്കിലും ഗിബയോൻകാരും കർത്താവിനെ ആരാധിച്ചിരുന്നെന്ന് "കർത്താവിന്റെ പർവതമായ ഗിബയോൻ" എന്ന പ്രയോഗം സൂചിപ്പിക്കുന്നു. മോശ മരുഭൂമിയിൽ വച്ചു നിർമിച്ച കർത്താവിന്റെ കൂടാരവും ദഹനബലിപീഠവും ഗിബയോൻ പർവതത്തിലാണ് സ്ഥിതിചെയ്തിരുന്നത്. (1 ദിന 21:29) അവിടെവച്ചാണ് സോളമൻ കർത്താവിന് ബലിയർപ്പിക്കുകയും അദ്ദേഹത്തിന് കർത്താവ് പ്രത്യക്ഷപ്പെടുകയും ചെയ്തത് (1 രാജാ 3:4).

2 കൊയ്ത്തുകാലത്തിന്റെ ആരംഭം മുതൽ മഴക്കാലം വരെ ഏതാണ്ട് അഞ്ചു മാസത്തെ ദൈർഘ്യം കാണുമെന്നു കണക്കാക്കപ്പെടുന്നു.

3 ലൂയിസ് ഗിൻസ്ബെർഗ്, ലെജൻഡ്സ് ഓഫ് ദ് ജൂസ്, വാല്യം 4 (കോസിനോ ക്ലാസിക്സ്: NY, 1913) പേജ് 108-109.



28

കണക്കെടുപ്പും വകർച്ചവ്യാധിയും

2 സാമുവൽ 24

ഇസ്രായേലിന്റെയും യൂദായുടെയും രാജാവായി ഭരണം നടത്തവേ ദാവീദിന് ഒരിക്കൽ ഒരാഗ്രഹമുണ്ടായി. രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ഒരു കണക്കെടുപ്പു നടത്തണം. മറ്റൊന്നും ആലോചിക്കാതെ അയാൾ അതിനുള്ള കല്പന പുറപ്പെടുവിച്ചു. സേനാധിപനായ യോവാബ് ആ തീരുമാനത്തെ ചോദ്യം ചെയ്തെങ്കിലും അവസാനം രാജകല്പനയ്ക്കു വഴങ്ങേണ്ടിവന്നു. അയാളും പടനായകന്മാരും ദേശമെല്ലാം സഞ്ചരിച്ച് ഒൻപതുമാസവും ഇരുപതു ദിവസവും കൊണ്ട് കണക്കെടുപ്പു പൂർത്തിയാക്കി കൊട്ടാരത്തിൽ തിരിച്ചുവന്നു. യോവാബ് ജനസംഖ്യാവിവരം രാജാവിനെ അറിയിച്ചു. സൈന്യസേവനത്തിനു പറ്റിയവർ ഇസ്രായേലിൽ എട്ടു ലക്ഷവും യൂദായിൽ അഞ്ചുലക്ഷവും ഉണ്ടെന്നതായിരുന്നു കണക്ക്.

ജനസംഖ്യ അറിഞ്ഞുകഴിഞ്ഞപ്പോൾ ദാവീദിന് കുറ്റബോധമുണ്ടായി. താൻ അരുതാത്തതാണു ചെയ്തത് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. “ഞാൻ കൊടുംപാപം ചെയ്തിരിക്കുന്നു. കർത്താവേ, അങ്ങേ ദാസന്റെ പാപം പൊറുക്കണമേ” എന്നു പറഞ്ഞ് ദാവീദ് കർതൃസന്നിധിയിൽ കരഞ്ഞുപ്രാർഥിച്ചു. ഗാദ് പ്രവാചകനിലൂടെ കർത്താവ് അവനോടു അരുൾചെയ്തു, “നിന്റെ തെറ്റിന് തീർച്ചയായും ശിക്ഷയുണ്ട്. പക്ഷേ, മൂന്നുകാര്യങ്ങളുണ്ട്. മൂന്നുവർഷത്തെ ക്ഷാമം, മൂന്നുമാസത്തെ ഒളിച്ചുവാസം, മൂന്നുദിവസത്തെ പകർച്ചവ്യാധി. ഇവയിൽ ഒന്നു നിനക്കു തിരഞ്ഞെടുക്കാം.” മൂന്നു ശിക്ഷകളിൽ നിന്ന് ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കുന്നതു പ്രയാസകരമായിത്തോന്നിയ ദാവീദ് കർത്താവിൽ നിന്നു നേരിട്ടുവരുന്ന ശിക്ഷ സ്വീകരിക്കാൻ തീരുമാനിച്ചു. കർത്താവിന്റെ അനന്തകാരുണ്യത്തിലുള്ള പ്രതീക്ഷയാണ് അതിനവന് പ്രേരകമായി നിന്നത്. തുടർന്ന് ശിക്ഷയേതെന്നും എത്ര കാലത്തേക്കെന്നും അവിടന്നു തീരുമാനിച്ചു. അതിരൂക്ഷമായ പകർച്ചവ്യാധി ദേശത്തെങ്ങും പടർന്നുപിടിച്ചു. ദാൻ മുതൽ ബേർഷെബാവരെ ജനത്തിൽ എഴുപതിനായിരം പേർ മരിച്ചു. സംഹാരദൂതൻ ജറുസലേംപട്ടണത്തെ സമീപിച്ചപ്പോൾ അപ്രതീക്ഷിതമായ ഒരു കാര്യം സംഭവിച്ചു. ജറുസലേമിൽ നിന്നു കൈപിൻവലിക്കാൻ കർത്താവ് അവനോടു കല്പിച്ചു. ദാവീദു പ്രതീക്ഷിച്ചപോലെതന്നെ കാരുണ്യവാനായ കർത്താവ് ശിക്ഷ ലഘൂകരിച്ച് ജറുസലേമിനെ മഹാമാരിയിൽ നിന്ന് ഒഴിവാക്കി.

സംഹാരദൂതൻ വാൾ ഉറയിലിടുന്നതുകണ്ട സ്ഥലത്ത് കർത്താവിന് ഒരു ബലിപീഠം പണിയാൻ ഗാദ്പ്രവാചകൻ ദാവീദിനോട് ആവശ്യപ്പെട്ടു. ജബൂസ്യനായ അരവ്നായുടെ മെതിക്കളമായിരുന്നു അത്. മെതിക്കളം വാങ്ങാൻ, തന്നെ സമീപിച്ച ദാവീദിനോട് അരവ്നാ പറഞ്ഞു, “യജമാനനേ, അങ്ങ് ആഗ്രഹിക്കുന്നതെന്തും ബലിയർപ്പിച്ചാലും. ബലിപീഠത്തിലർപ്പിക്കേണ്ടതിന് ഇതാ കാളകൾ, വിറകിന് ഇതാ മെതിവണ്ടികളും നുകങ്ങളും. രാജാവേ, അരവ്നാ ഇതെല്ലാം രാജാവിനു തരുന്നു.”

എല്ലാം തനിക്കു സൗജന്യമായി തരാമെന്ന അരവ്നായുടെ വാഗ്ദാനം, പക്ഷേ, ദാവീദ് നിരസിച്ചു. അയാൾ പറഞ്ഞു, “വിലയ്ക്കു മാത്രമേ ഞാനിതു വാങ്ങൂ. എനിക്ക് ഒരു ചെലവുമില്ലാത്ത ദഹന

കർത്താവിൽ അഭയം തേടുന്നവർക്കും അവനിൽ
അഭിമാനിക്കുന്നവർക്കുമാണ് ഐശ്വര്യം അനുഭവിക്കാനാവുന്നത്.
അല്ലാത്തവർക്ക് എന്നും വറുതിയും വേനലും ആയിരിക്കും.

ബലി എന്റെ ദൈവമായ കർത്താവിന് ഞാൻ അർപ്പിക്കുകയില്ല." അങ്ങനെ, ദാവീദ് അമ്പതുഷെക്കൽ വെള്ളികൊടുത്ത് കളവും കാള കളും വാങ്ങി. അവിടെ ബലിപീഠം പണിത് കർത്താവിനു ബലി യർപ്പിച്ചു. അവന്റെ പ്രാർഥന കർത്താവു കേട്ടു. ഇസ്രായേലിൽ നിന്നു മഹാമാരി വിട്ടുപോയി.

ജനസംഖ്യാക്കണക്കെടുക്കുന്നത് അതിൽത്തന്നെ ഒരു തെറ്റാ യിരുന്നില്ല. ഇസ്രായേലിലെ യുദ്ധശേഷിയുള്ളവരുടെ എണ്ണമറി യാനും പുരോഹിതഗോത്രത്തിൽപ്പെട്ട കൊഹാത്യരുടെയും ഗർ ഷോന്യരുടെയും എണ്ണമെടുക്കാനുമൊക്കെ മോശ കണക്കെടുപ്പു നടത്തുന്നത് സംഖ്യയുടെ പുസ്തകത്തിൽ നാം വായിക്കുന്നു (സംഖ്യ 1:1-4, 4:2, 4:22). അതുപോലെതന്നെ അമ്മോന്യരുടെ ആക്ര മണത്തിൽ നിന്ന് യാബെഷ്ഗിലയാദുകാരെ രക്ഷിക്കാൻ സാവൂ ളും ഇസ്രായേൽജനതയുടെ ജനസംഖ്യയെടുക്കുന്നുണ്ട് (1 സാമു 11:8). അവിടെയൊന്നും കണക്കെടുപ്പ് പാപമാണെന്നതിനെക്കു റിച്ച് ഒരു സൂചനയും കാണുന്നില്ല. പക്ഷേ, ദാവീദ് ഇസ്രായേ ലിലെയും യൂദായിലെയും യുദ്ധശേഷിയുള്ള പുരുഷന്മാരുടെ എണ്ണമെടുത്തപ്പോൾ അത് ശിക്ഷാർഹമായ കുറ്റമായി പരിഗണി ക്കപ്പെട്ടു. അല്പം വിചിത്രമായി നമുക്കിത് അനുഭവപ്പെടുന്നു. ബൈബിൾവ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ, സ്വതേ കുറ്റക രമല്ലാത്ത ജനസംഖ്യാനിർണയം, തിന്മയായി പരിഗണിക്കപ്പെട്ടത് ദാവീദിന്റെ അഹങ്കാരവും അമിതമായ സ്വയംപര്യാപ്തതാ ചിന്ത യും കൊണ്ടായിരിക്കാം.

ഇസ്രായേലിന്റെ കരുത്ത് സത്യത്തിൽ പടയാളികളുടെ സംഖ്യ യായിരുന്നില്ല, കർത്താവിന്റെ സഹായമായിരുന്നു. പണ്ടുമുതല്ക്കു തന്നെ വൻശക്തികളുടെ ആക്രമണം, പരിമിതമായ സൈനിക ശക്തികൊണ്ടു നേരിട്ട് അദ്ഭുതകരമായ വിജയം നേടാൻ ദൈവം അവരെ സഹായിച്ചിട്ടുണ്ട്. എപ്പോഴൊക്കെ യുദ്ധമുണ്ടായോ, അപ്പോ ഴൊക്കെ കർത്താവാണ് അവരുടെ പടനയിച്ചിരുന്നത്. തന്നിൽ ആശ്രയിക്കുക എന്നതിൽക്കവിഞ്ഞ് മറ്റൊന്നും കർത്താവ് രാജാ

വിൽനിന്നു പ്രതീക്ഷിച്ചിരുന്നില്ല. യുദ്ധം ചെയ്യാൻ ശേഷിയുള്ളവരുടെ എണ്ണമെടുക്കാൻ ദാവീദ് തീരുമാനിച്ചപ്പോൾ അയാൾ തന്റെ ആശ്രയം കർത്താവിൽ നിന്നുമാറ്റി സൈന്യബലത്തിൽ വയ്ക്കുകയായിരുന്നു. യുദ്ധത്തിനുള്ള സാധ്യത തെളിഞ്ഞിരുന്ന സമയത്തായിരുന്നു ഈ കണക്കെടുപ്പെങ്കിൽ, അതിനെ പിന്നെയും ന്യായീകരിക്കാമായിരുന്നു. എന്നാൽ അതിനു തൊട്ടടുത്ത കാലത്തെങ്ങും ഇസ്രായേലിൽ ഒരു യുദ്ധം പോലും നടന്നിട്ടില്ല. സ്വന്തം സൈനികരുടെ എണ്ണത്തിൽ ഊറ്റം കൊള്ളാനും തന്റെ വലിപ്പം കൊട്ടിഘോഷിക്കാനും വേണ്ടി മാത്രമായിരിക്കണം അയാൾ അപ്പോൾ അങ്ങനെയൊരു കണക്കെടുപ്പു നടത്തിയത്. പണ്ട് കർത്താവിൽ അഭിമാനിച്ചിരുന്നവൻ ഇപ്പോൾ തന്റെ കയ്ക്കരുത്തിൽ അഭിമാനിക്കാൻ തുടങ്ങിയിരിക്കുന്നു! കർത്താവാണ് യോദ്ധാവ് എന്നതിനാൽ തനിക്കു പോർച്ചട്ടയോ വാളോ വേണ്ടാ, വെറും കല്ലും കവിണയും മതി എന്നു പറഞ്ഞവൻ ഇപ്പോൾ കർത്താവിനെ മറന്ന് പോർച്ചട്ടയിൽ തന്റെ ബലം കണ്ടെത്തുന്നു! "ചിലർ രഥങ്ങളിലും മറ്റുചിലർ കുതിരകളിലും അഹങ്കരിക്കുന്നു; ഞങ്ങളാകട്ടെ, കർത്താവിന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നു. അവർ തകർന്നു വീഴും. എന്നാൽ ഞങ്ങൾ ശിരസ്സുയർത്തി നില്ക്കും" (സങ്കീ 20:7-8) എന്നു പാടിയ ദാവീദ് എവിടെ നില്ക്കുന്നു, സൈന്യസംഖ്യയിൽ ബലം കണ്ടെത്തുന്ന ദാവീദ് എവിടെ നില്ക്കുന്നു? അഭയശിലയെ വിട്ട് രാജാവ് അരുതാത്തേടങ്ങളിൽ അഭയവും അഭിമാനവും കണ്ടെത്തിയപ്പോൾ നാട്ടിൽ വരൾച്ച വിരുന്നുവന്നു എന്നതിൽ അദ്ഭുതപ്പെടാനില്ല. കർത്താവിൽ അഭയം തേടുന്നവർക്കും അവനിൽ അഭിമാനിക്കുന്നവർക്കുമാണ് ഐശ്വര്യം അനുഭവിക്കാനാവുന്നത്. അല്ലാത്തവർക്ക് എന്നും വറുതിയും വേനലും ആയിരിക്കും. പുറമേ സമൃദ്ധിയുണ്ടായാൽപ്പോലും അവരുടെയുള്ളിൽ അതിരൂക്ഷമായ വരൾച്ച തന്നെയായിരിക്കും.

കണക്കെടുപ്പു നടത്താൻ കർത്താവാണു തന്നെ പ്രേരിപ്പിച്ചതെന്നായിരുന്നു ആദ്യം ദാവീദിന്റെ വിചാരം (2 സാമു 24:1). സത്യത്തിൽ പിശാചായിരുന്നു അവനെ അതിനുപ്രേരിപ്പിച്ചത് (1 ദിന 21:1). തിന്മചെയ്യാൻ ദൈവം ആർക്കും പ്രേരണ നല്കാറില്ലല്ലോ. ഇന്നു പലരും പല കുരുക്കുകളിലും ചെന്നുചാടുന്നത്, ദൈവം തങ്ങളെ തോന്നിപ്പിച്ചു എന്നു പറഞ്ഞാണ്. സ്വയംകൃതാനർഥങ്ങൾ ന്യായീ

മനുഷ്യനുണ്ടാകുന്ന തോന്നലുകളിൽ ചിലതു മാനുഷികവും ചിലതു ദൈവികവും മറ്റുചിലത് പൈശാചികവുമായിരിക്കും. ഉറവിടം ഏതെന്നു തിരിച്ചറിയുക വളരെ പ്രധാനപ്പെട്ടതാണ്.

കരിക്കാൻ ദൈവത്തെ കക്ഷിചേർക്കുകയാണവർ. തിന്മനിറഞ്ഞ വരുടെ കേളീകേന്ദ്രമായിരുന്ന സോദോം ഗോമോറായിൽ ചെന്നു പാർക്കാൻ ലോത്ത് തീരുമാനിച്ചപ്പോൾ, അതു ദൈവത്തിന്റെ തോട്ടം പോലിരിക്കുന്നു എന്നാണത്രേ അവൻ പറഞ്ഞത്! (ഉത്പ 13:10). അവിടത്തെ ജനം ഏതുതരക്കാരാണെന്ന് അറിയാത്തവനായിരുന്നില്ല ലോത്ത്. എല്ലാം അറിഞ്ഞുകൊണ്ട് ആ ദേശം തിരഞ്ഞെടുത്തപ്പോൾ, ആ തീരുമാനം ന്യായീകരിക്കാൻ അവൻ ദൈവത്തെ വെറുതെ കക്ഷിചേർക്കുകയായിരുന്നു.

മനുഷ്യനുണ്ടാകുന്ന തോന്നലുകളിൽ ചിലതു മാനുഷികവും ചിലതു ദൈവികവും മറ്റുചിലത് പൈശാചികവുമായിരിക്കും. ഉറവിടം ഏതെന്നു തിരിച്ചറിയുക വളരെ പ്രധാനപ്പെട്ടതാണ്. മാനുഷികവും പൈശാചികവുമായ തോന്നൽ ദൈവികമാണെന്നു തെറ്റിദ്ധരിക്കുകയോ ദൈവികമാണെന്ന മട്ടിൽ ബോധപൂർവം അവതരിപ്പിക്കുകയോ ചെയ്യുന്നത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ദാവീദിനുണ്ടായ ഒരു പൈശാചികതോന്നൽ ദൈവികമെന്ന മട്ടിൽ അയാൾ ഏറ്റെടുത്തു നടപ്പിലാക്കിയപ്പോൾ ഉണ്ടായ അനർഥങ്ങൾ അതിലേക്കു വിരൽ ചൂണ്ടുന്നതാണ്.

തനിക്കുപറ്റിയ അബദ്ധം ഒടുവിൽ അംഗീകരിക്കുകയും അനുതപിച്ച് പരിഹാരസന്നദ്ധത അറിയിക്കുകയും ചെയ്തു എന്നത് ദാവീദിന്റെ വലിപ്പം തന്നെയാണ്. പരിഹാരബലിയർപ്പിക്കാൻ മെതിക്കളവും മൃഗവും വിറകുമെല്ലാം സൗജന്യമായി നല്കാമെന്ന അരവ്നായുടെ വാഗ്ദാനം നിരസിച്ച്, അവയെല്ലാം വിലകൊടുത്തു വാങ്ങി തനിക്കു "ചെലവുള്ള" ഒരു ബലിയർപ്പണമാണ് അയാൾ നടത്തിയത്. തനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി തന്റെ കർത്താവിനു താൻ അർപ്പിക്കുകയില്ല എന്ന ദാവീദിന്റെ മനോഭാവം അത്യന്തം ശ്ലാഘനീയമാണ്. ചെലവില്ലാത്ത ബലിയർപ്പിക്കാനുള്ള അരവ്നായുടെ പ്രലോഭനം ശക്തമായിരുന്നു എന്നത് സത്യമാണ്. അത്തരം പ്രലോഭനം ഇന്നും അതിശക്തമാണല്ലോ. "പ്രാർഥിച്ചോളൂ, പക്ഷേ, അതിനെന്തിനിത്ര ത്യാഗം ചെയ്യണം?" എന്നല്ലേ

ആധുനിക ആത്മീയരുടെ ചോദ്യം. അതുകേട്ട് നോമ്പിലും ഉപവാസത്തിലുമെല്ലാം വെള്ളം ചേർത്ത് ചെലവില്ലാത്ത പ്രാർഥനയുടെ പ്രചാരകരായി മാറുകയാണ് ഇന്ന് ഒട്ടനവധിപേർ. ഇവിടെ അരവ്നാമാർ ജയിക്കുകയും ദാവീദുമാർ പരാജയപ്പെടുകയും ചെയ്യുന്നു!

അത്യന്തം ചെലവേറിയ ബലിയർപ്പിച്ച് നമ്മെ വീണ്ടെടുത്തവനാണ് ക്രിസ്തു. അവന് നമ്മുടെ ചെലവില്ലാത്ത ബലികൾ സ്വീകാര്യമാകുമെന്നു തോന്നുന്നില്ല. കുരിശെടുക്കാതെ ആർക്കും തന്നെ അനുഗമിക്കാനാവില്ല എന്ന് അവൻ പറഞ്ഞത് അതുകൊണ്ടായിരിക്കാം. ചെലവില്ലാതെ നാം ഇന്നുവരെ അർപ്പിച്ച പ്രാർഥനകളൊക്കെയും അവന് അസ്വീകാര്യമായിരുന്നുവെന്ന് ഒരു ഞെട്ടലോടെ തിരിച്ചറിഞ്ഞ്, നാം ഇനിയെങ്കിലും അല്പം വില കൊടുത്തു പ്രാർഥിച്ചുതുടങ്ങണം. വിലയേറും തോറും പ്രാർഥനയുടെ ശക്തിയും വർധിക്കും. വില രക്തത്തോളമായാൽ, പ്രാർഥന അതിശക്തമായിത്തീരും. ദൈവപുത്രന്റെ രക്തത്തോളം വലിയ വില നമുക്കാർക്കും കൊടുക്കാനാവില്ലെങ്കിലും, ആവുന്നേടത്തോളം വിലകൊടുത്ത് നമുക്കും ചില ബലികളർപ്പിക്കാമല്ലോ. അരവ്നാമാരെ വിട്ടേക്ക്, നമുക്ക് ദാവീദിനെ കൂട്ടുപിടിച്ചാൽമതി.



29

ദാവീദിനും മരണമുണ്ട്

1 രാജാക്കന്മാർ 1; 2

ദാവീദുരാജാവ് വൃദ്ധനും ക്ഷീണിതനുമായി. കരിമ്പടം പുതച്ചിട്ടും കുളിരുമാറാതെ അവശനായി മരണക്കിടക്കയിൽ കിടക്കുന്ന അയാളെ പരിചരിക്കാനും ചേർന്നുകിടന്നു ചൂടുപകരാനുമായി ഷൂനാംകാരിയായ അബിഷാഗ് എന്ന യുവതിയെ പരിചാരകന്മാർ രാജസന്നിധിയിൽ കൊണ്ടുവന്നു. അതീവസുന്ദരിയായ അവൾ, പക്ഷേ, ദാവീദിൽ ഒരു കാമവും ഉണർത്തിയില്ല. അയാൾ അവളെ അറിഞ്ഞില്ല.

വാർധക്യസഹജമായ ക്ഷീണമകറ്റാൻ അന്നു നിലവിലിരുന്ന വൈദ്യവിധികൾ അനുസരിച്ചാണ് കന്യകയായ അബിഷാഗിനെ ദാവീദിനൊപ്പം കിടത്തിയത് എന്നാണ് യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജോസേഫൂസിന്റെ വിശദീകരണം. അതു ശരിയോ

തെറ്റോ ആകട്ടെ, ഭരണകാര്യങ്ങളെന്നല്ല, സ്വന്തം കാര്യങ്ങൾപോലും നിർവഹിക്കാൻ കഴിയാത്തവിധം ദാവീദ് ദുർബലനായിത്തീർന്നു എന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു. കാനാൻദേശത്തു നിലവിലിരുന്ന വിശ്വാസപ്രകാരം രാജ്യത്തിന്റെ ഫലപുഷ്ടിയും മനുഷ്യരുടെയും മൃഗങ്ങളുടെയും സന്താനപുഷ്ടിയും രാജാവിന്റെ പൗരുഷത്തെ ആശ്രയിച്ചിരുന്നു. ലൈംഗികശേഷി നഷ്ടപ്പെട്ട രാജാവ് ജനത്തെ ഭരിക്കാൻ പ്രാപ്തനല്ല. അതിനാൽ സ്ഥാനമൊഴിയാൻ കാലമായി എന്ന സൂചനയാണ് ഈ വിവരണത്തിലൂടെ നല്കുന്നത്[1].

വൃദ്ധനായ പിതാവിന്റെ ദൗർബല്യം മുതലെടുത്ത് പുത്രനായ അദോനിയ സ്വയം രാജാവാകാനുള്ള ഗൂഢതന്ത്രങ്ങൾ മെനഞ്ഞു. ദാവീദിന്റെ അവശേഷിച്ച പുത്രന്മാരിൽ മൂത്തവനായിരുന്നു അദോനിയ. ഒരിക്കൽപ്പോലും പിതാവിൽ നിന്നു ശാസനമോ തിരുത്തലോ ലഭിക്കാതെ വളർന്ന അവൻ ധിക്കാരിയും പിതാവിനെ മാനിക്കാത്തവനുമായാണ് വളർന്നുവന്നത് (1 രാജാ 1:6). സേനാധിപനായ യോവാബിന്റെയും പുരോഹിതനായ അബിയാഥറിന്റെയും രഹസ്യപിന്തുണയോടെ അവൻ ഒരുദിവസം എൻറോഗെൽ അരുവിയുടെ സമീപത്ത് ഒരു വിരുന്നൊരുക്കി. തന്റെ എല്ലാ സഹോദരന്മാരെയും യൂദായിലെ എല്ലാ രാജസേവകന്മാരെയും അവൻ വിരുന്നിനു ക്ഷണിച്ചിരുന്നു. എന്നാൽ തന്നെ പിന്തുണയ്ക്കില്ലെന്നറിയാമായിരുന്നതുകൊണ്ട് പ്രവാചകനായ നാഥാനെയും സഹോദരനായ സോളമനെയും അവൻ വിരുന്നിനു ക്ഷണിച്ചില്ല. സോളമൻ തന്റെ പിൻഗാമിയാകും എന്ന് പിതാവ് വാഗ്ദാനം ചെയ്തിരുന്ന കാര്യം അവൻ നേരത്തേ അറിഞ്ഞു കാണും.

അദോനിയായുടെ രഹസ്യനീക്കങ്ങളെക്കുറിച്ച് അജ്ഞനായിരുന്ന ദാവീദിനെ കാര്യങ്ങളെല്ലാം ഉടൻ അറിയിക്കണമെന്നും സോളമനെ രാജാവാക്കാൻ ആവശ്യപ്പെടണമെന്നും പ്രവാചകനായ നാഥാൻ അവന്റെ അമ്മയായ ബത്ഷെബായോട് ആവശ്യപ്പെട്ടു. ബത്ഷെബായുടെയും നാഥാന്റെയും സന്ദർഭോചിതമായ ഇടപെടലിലൂടെ ദാവീദിന് കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടു. അനന്തരം, ദാവീദ് പുരോഹിതനായ സാദോക്കിനെയും പ്രവാചകൻ നാഥാനെയും തന്റെ അംഗരക്ഷകരുടെ തലവനായ ബനായായെയും അടുത്തേക്കു വിളിപ്പിച്ച് ഉടൻതന്നെ സോളമനെ രാജാവായി അഭിഷേകം ചെയ്യാൻ നിർദേശം നല്കി. അങ്ങനെ രാജകല്പന

വിശുദ്ധരെ നോക്കിയും അവരെ ധ്യാനിച്ചും
സമാധാനത്തിൽ മരിക്കാനുള്ള പരിശീലനം നേടുകയാണ്
നാം ചെയ്യേണ്ടത്.

പ്രകാരം അവർ സോളമനെ ദാവീദുരാജാവിന്റെ കോവർ കഴുതപ്പുറത്തിരുത്തി ഗീഹോനിലേക്കു കൊണ്ടുപോയി. അദോനിയായും കൂട്ടരും സമ്മേളിച്ചിരുന്ന എൻറോഗെലിൽ നിന്ന് വെറും അഞ്ഞൂറു മീറ്റർ ദൂരമേ ഗീഹോനിലേക്കുണ്ടായിരുന്നുള്ളൂ. രാജാവിന്റെ കല്പനയനുസരിച്ച് പുരോഹിതനും പ്രവാചകനും ചേർന്ന് ഗീഹോനിൽ വച്ച് സോളമനെ രാജാവായി അഭിഷേചിച്ചു. ജനം മുഴുവൻ ആഹ്ലാദാരവം മുഴക്കി.

ഗീഹോനിൽ നിന്നുമുഴങ്ങിയ കാഹളധ്വനിയും ആർപ്പുവിളിയും കേട്ട് അദോനിയായുടെ അതിഥികൾ പരിഭ്രാന്തരായി. അയാളുടെ കൂടെ നില്ക്കുന്നത് രാജദ്രോഹമായി പരിഗണിക്കപ്പെടും എന്നറിഞ്ഞ അവർ, അയാളെവിട്ട് പ്രാണരക്ഷാർഥം പലായനം ചെയ്തു; തന്റെ ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ അദോനിയ, ഓടിച്ചെന്ന് ബലിപീഠത്തിന്റെ വളർകോണിൽ പിടിച്ചു (ബലിമൃഗങ്ങളുടെ രക്തം പുരട്ടുന്നതിനുവേണ്ടി ബലിപീഠത്തിന്റെ നാലുകോണുകളിലും കൊമ്പുപോലെ ഉയർന്നുനില്ക്കുന്ന ഭാഗമാണ് വളർകോൺ). അതിൽ പിടിച്ചുനില്ക്കുന്നവർക്ക് സംരക്ഷണം നല്കണം എന്ന ഒരു പൊതുധാരണയുണ്ടായിരുന്നു[2]. അദോനിയ വളർകോണിൽ പിടിച്ചുകിടക്കുന്നു എന്നുകേട്ട സോളമൻരാജാവ് അവനെ വിളിച്ചുവരുത്തി അവന്റെ അപേക്ഷപ്രകാരം അവനു മാപ്പുനല്കി വീട്ടിലേക്കയച്ചു.

തന്റെ മരണം അടുത്തെന്നറിഞ്ഞ ദാവീദ് തന്റെ പുത്രനും നവാഭിഷിക്തനുമായ സോളമനെ അടുത്തേക്കു വിളിപ്പിച്ചു. അന്തിമമായി ചില നിർദേശങ്ങളും മുന്നറിയിപ്പുകളും നല്കുകയായിരുന്നു അയാളുടെ ഉദ്ദേശ്യം. കർത്താവിനോടും അവിടത്തെ നിയമങ്ങളോടും വിശ്വസ്തത പാലിക്കണമെന്നതായിരുന്നു അയാൾ അവനു നല്കിയ ആദ്യ ഉപദേശം. കാരണം, രാജാവെന്ന നിലയിൽ അവന്റെ എല്ലാപ്രവൃത്തികളും ഉദ്യമങ്ങളും വിജയമണിയാൻ അത് അനിവാര്യമാണെന്ന് സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് അയാൾ മനസ്സിലാക്കിയിരുന്നു. ആത്മീയമായ ഉപദേശത്തോടൊപ്പം രാഷ്ട്രീയ

ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങളെക്കുറിച്ചും ദാവീദ് സോളമനെ ഓർമപ്പെടുത്തി. യോവാബ്, ഷിമെയി എന്നിവരെ സൂക്ഷിക്കണമെന്നും തന്റെ വിപ്രവാസകാലത്തു തനിക്കഭയം നല്കിയ ബർസില്ലായിയുടെ മക്കളോടു കാരുണ്യം കാണിക്കണമെന്നും അയാൾ ആവശ്യപ്പെട്ടു.

പിതൃസഹജമായ വാത്സല്യത്തോടും കാലം പകർന്ന വിവേകത്തോടും കൂടെ തന്റെ പിൻഗാമിയായ പുത്രന് ആവശ്യമായ എല്ലാ മാർഗനിർദേശങ്ങളും നല്കിയ ദാവീദ് അധികം താമസിയാതെ തന്നെ ഇഹലോകവാസം വെടിഞ്ഞു. നാല്പതുവർഷത്തെ രാജഭരണത്തിനൊടുവിൽ കഥാവശേഷനായ അയാളെ സ്വനഗരമായ ജറുസലേമിൽത്തന്നെ അടക്കം ചെയ്തു.

ദാവീദിന്റെ മരണത്തെക്കുറിച്ച് വളരെ പരിമിതമായ വിവരങ്ങളേ വിശുദ്ധഗ്രന്ഥത്തിൽനിന്നു നമുക്കു ലഭിക്കുന്നുള്ളൂ എങ്കിലും യഹൂദന്മാർക്കിടയിൽ അതു സംബന്ധിച്ച ചില പാരമ്പര്യകഥകളുണ്ട്. ഒരിക്കൽ ദാവീദ് കർത്താവിനോട് തന്റെ മരണദിവസമെന്നായിരിക്കുമെന്ന് ആരാഞ്ഞുവത്രേ. പക്ഷേ, അവിടന്ന് അതു വെളിപ്പെടുത്താൻ തയ്യാറായില്ല. കാരണം, മരണദിവസം എന്നാണെന്ന് ആരും മുൻകൂട്ടി അറിയരുതെന്ന് അവിടന്ന് നിശ്ചയിച്ചിരുന്നു. എങ്കിലും ദാവീദ് ചോദിച്ചതുകൊണ്ട് ഒരുകാര്യം കർത്താവ് അയാൾക്കു വെളിപ്പെടുത്തി. എഴുപതാമത്തെ വയസ്സിൽ ഒരു സാബത്തുദിവസമായിരിക്കും അയാളുടെ മരണം എന്നതായിരുന്നു അത്. അന്നുമുതൽ എല്ലാ സാബത്തുദിവസവും ദാവീദ് വേദഗ്രന്ഥ (തോറ)പഠനത്തിൽ മാത്രം മുഴുകി ജീവിച്ചു. കാരണം, ദൈവികനിയമങ്ങൾപഠിച്ചുകൊണ്ടിരിക്കേ ഒരാളുടെ ജീവനെടുക്കാൻ മരണദൂതന് അധികാരമില്ലെന്ന് അയാൾക്കറിയാമായിരുന്നു. ദാവീദിന്റെ അതിബുദ്ധി മറികടന്ന് അയാളെ വധിക്കാൻ ദൂതന് ഒടുവിൽ ഒരു കൗശലം പ്രയോഗിക്കേണ്ടിവന്നു. ഒരു സാബത്തുദിവസം ദാവീദ് വേദപഠനത്തിൽ മുഴുകിയിരിക്കവേ ദൂതൻ തോട്ടത്തിൽ ഒരു സ്വരമുണ്ടാക്കി. അസ്വാഭാവികതയുള്ള ആ സ്വരം എവിടെനിന്നെന്നന്വേഷിച്ച് എഴുന്നേറ്റു പുറത്തേക്കിറങ്ങിയ ദാവീദ് ചവിട്ടുപടിയിൽ കാൽതട്ടി വീഴുകയും തൽക്ഷണം മരണമടയുകയും ചെയ്തു.

സാബത്തുദിനത്തിൽ മൃതദേഹം സ്പർശിക്കാനോ എടുത്തുമാറ്റാനോ അനുവാദമില്ലാത്തതിനാൽ പിറ്റേന്നുവരെ അത് അവിടെത്തന്നെ കിടന്നു. പിതാവിന്റെ മൃതദേഹം വെയിലേറ്റു കിടക്കുന്നതു

കണ്ട് ദുഃഖിതനായ സോളമൻ കഴുകന്മാർക്കു കല്പന നല്കുകയും കഴുകന്മാർ കൂട്ടമായി വന്ന് ചിറകുവിരിച്ച് മൃതദേഹത്തിനു തണൽ നല്കുകയും ചെയ്തു. സാബത്തുകഴിഞ്ഞ് പിറ്റേന്ന്, നിരവധി നിധിശേഖരങ്ങളോടുകൂടെ സോളമൻ, ദാവീദിന്റെ മൃതദേഹം ആഘോഷപൂർവം സംസ്കരിച്ചു.

ദാവീദിന്റെ മരണവുമായി ബന്ധപ്പെട്ട ഈ പാരമ്പര്യകഥ വിശ്വസനീയമാണോ ഇല്ലയോ എന്നു നമുക്കറിഞ്ഞുകൂടാ. ആയാലും അല്ലെങ്കിലും, കൗശലം കൊണ്ടോ അധികാരംകൊണ്ടോ മരണം മറികടക്കാനാവില്ലെന്നും മരണവുമായുള്ള മുഖാമുഖത്തിന് നാം എന്നും ഒരുങ്ങിയിരിക്കണമെന്നും ഈ കഥ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. മരണം ആരോടും പക്ഷാഭേദം കാണിക്കുന്നില്ല. ദരിദ്രനും ധനികനും രാജാവും പ്രജയും പണ്ഡിതനും പാമരനും എല്ലാവരും മരണത്തിനു മുമ്പിൽ തുല്യരാണ്. അതുകൊണ്ട് എല്ലാവരും ഒന്നുപോലെ മരണത്തിനായി ഒരുങ്ങേണ്ടതുണ്ട്. അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവും മാസിഡോണിയായിലെ രാജാവുമായിരുന്ന ഫിലിപ്പ്, താൻ ഉറക്കമുണരുമ്പോൾ, "രാജാവേ അങ്ങ് ഒരിക്കൽ മരിക്കുമെന്ന് ഓർമിക്കുക" എന്ന് എല്ലാദിവസവും വിളിച്ചുപറയാൻ ഒരു ഭൃത്യനെ നിയോഗിച്ചിരുന്നുവത്രേ!

നമ്മിൽ പലർക്കും മരണത്തെക്കുറിച്ച് ഓർക്കാൻ തന്നെ ഇഷ്ടമല്ല. ഞാൻ ഉടൻ മരിക്കുകയില്ല എന്ന അബോധാത്മകമായ വിചാരത്തോടെയാണ് പലരും ജീവിക്കുന്നതുതന്നെ. സത്യത്തിൽ, ഓരോ ദിവസവും സൂര്യനസ്തമിക്കുന്നത് നമ്മുടെ ആയുസ്സിൽ ഒരു ഭാഗം അപഹരിച്ചുകൊണ്ടാണ്. അതുകൊണ്ട് ഒരു നിതാന്ത ജാഗ്രത നമുക്കുണ്ടായേ തീരൂ. സുകൃതികളായി ജീവിച്ച് മരണത്തിനൊരുങ്ങിയാലേ പ്രശാന്തചിത്തരായി നമുക്ക് മരണം നേരിടാനാവൂ. മരണത്തിനുമുമ്പിൽ പകയ്ക്കാതെ സുസ്മേരവദനരായി ദൈവസ്തുതിപാടി പൊലിഞ്ഞുപോയ എത്രയോ വിശുദ്ധജന്മങ്ങൾ സഭയിൽ നമുക്ക് മാതൃകയായുണ്ട്. ഭീതിയോടും വിറയലോടുംകൂടെ, ഭ്രാന്തമായി അലറിക്കരഞ്ഞ് മരണം സ്വീകരിച്ച വോൾട്ടയറെപ്പോലുള്ള ദൈവനിഷേധികളും മാതൃകയായി മറുവശത്തുണ്ട്. വിശുദ്ധരെ നോക്കിയും അവരെ ധ്യാനിച്ചും സമാധാനത്തിൽ മരിക്കാനുള്ള പരിശീലനം നേടുകയാണ് നാം ചെയ്യേണ്ടത്.

പ്രായമായി വരുമ്പോൾ കൊന്തയും, പ്രാർഥനയുമായി
മരണത്തിനൊരുങ്ങാമെന്നും അതുവരെ ജീവിതം
മട്ടോളം ആസ്വദിക്കാമെന്നും കരുതുന്നത് അപകടകരമാണ്.
വാർധക്യം വരെ ജീവിച്ചിരിക്കുമെന്ന് നമുക്കാർക്കാണ്
ഉറപ്പോടെ പറയാനാവുക?

മണ്ണായിത്തീരുന്ന ശരീരത്തിനുവേണ്ടി ഒരുപാട് അധ്വാനിക്കുന്ന നമ്മിൽ പലരും ആത്മാവിന്റെ കാര്യം പാടേ വിസ്മരിക്കുകയാണ്. "മനുഷ്യാ, നീ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തുപ്രയോജനം?" എന്ന കർത്താവിന്റെ ചോദ്യം നാം വിസ്മരിക്കരുത്. ശരീരത്തിന്റെ സുഖങ്ങൾ ആവോളം നുകർന്നു ജീവിച്ച് ഒടുവിൽ ഒന്നിനും വയ്യാതെ അശക്തനായി മരണക്കിടക്കയിൽ കിടക്കുന്ന ദാവീദ് ഭൗതികതയുടെ നിരർഥകത വിളിച്ചോതുന്നു. സെക്സും സൗന്ദര്യവും സ്ഥായിയല്ലെന്നും നിലനില്ക്കുന്നത് ആത്മാവു മാത്രമാണെന്നും അയാൾ നമ്മെ ഓർമിപ്പിക്കുന്നു. സ്ഥായിയായത് എന്തെന്നറിഞ്ഞാൽ പിന്നെ, അസ്ഥിരമായതിനെ ത്യജിക്കാൻ നമുക്കു ബാധ്യതയുണ്ട്. വിശുദ്ധ ഫ്രാൻസിസ് ബോർജിയയുടെ ജീവിതം നമ്മെ അതാണു പഠിപ്പിക്കുന്നത്. സ്പെയിനിലെ കറ്റലോനിയ എന്ന പ്രദേശത്തെ വൈസ്രോയിയായിരുന്നു ഫ്രാൻസിസ് ബോർജിയ. അദ്ദേഹത്തിന്റെ ഇരുപത്തൊൻപതാമത്തെ വയസ്സിലാണ് സ്പെയിനിലെ ചക്രവർത്തിനി ഇസബെൽ രാജ്ഞി അപ്രതീക്ഷിതമായി മരണമടഞ്ഞത്. സമർഥയും സുന്ദരിയുമായിരുന്ന ചക്രവർത്തിനിയുടെ 36-ാം വയസ്സിലെ മരണം നാടിനെ മുഴുവൻ ദുഃഖത്തിലാഴ്ത്തി. മരണം നടന്ന ടൊളേഡോയി നഗരത്തിൽ നിന്ന് മൃതദേഹം തലസ്ഥാനമായ ഗ്രാനഡാ പട്ടണത്തിൽ ആഘോഷപൂർവം കൊണ്ടുവരുന്നതിന് പതിനേഴുദിവസത്തോളമെടുത്തു. ശവസംസ്കാരത്തിനു മുൻപ് ശവപ്പെട്ടിതുറന്ന് മരണം ഔദ്യോഗികമായി സ്ഥിരീകരിക്കേണ്ടിയിരുന്നു. ഫ്രാൻസിസ് ബോർജിയയാണ് അതിനായി നിയമിക്കപ്പെട്ടിരുന്നത്. സമയമായപ്പോൾ രാജകീയശവപ്പെട്ടി തുറന്ന അദ്ദേഹം കണ്ടത്, അതീവസുന്ദരിയായിരുന്ന മഹാറാണിയുടെ മുഖം ചീഞ്ഞഴുകി വികൃതമായിരിക്കുന്നതാണ്. ഈ കാഴ്ച അദ്ദേഹത്തെ വളരെയധികം ചിന്തിപ്പിച്ചു. രാജകീയതയ്ക്കും സൗന്ദര്യത്തിനും മരണംവരെ മാത്രമേ

അസ്തിത്വമുള്ളൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഇനിയും നശ്വരതയുടെ പിന്നാലേ പോകാതെ, അനശ്വരനായ ദൈവത്തിനായി ജീവിതം സമർപ്പിക്കുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു. അങ്ങനെ എല്ലാം ഉപേക്ഷിച്ച് അദ്ദേഹം ഈശോസഭയിൽ ചേർന്നു. പില്ക്കാലത്ത് ഈശോസഭയുടെ മൂന്നാമത്തെ ജനറലായിത്തീർന്ന അദ്ദേഹത്തെ തിരുസഭ 1670-ൽ വിശുദ്ധനായി ഉയർത്തി.

ജഡത്തിൽ കണ്ണും മനവും ഉടക്കി മണ്ണിൽത്തന്നെ തകർന്നടിഞ്ഞുപോകുന്ന ഒരു ജീവിതം നയിക്കാനല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്. വിണ്ണോളം ഉയർന്ന ചിന്തകളുമായി സ്വർഗം നോക്കി നടക്കാനാണ്. അവസാനകാലത്ത് മരണദൂതനെ കബളിപ്പിക്കാൻ വേണ്ടിയായിരുന്നെങ്കിൽപ്പോലും, വേദഗ്രന്ഥധ്യാനത്തിൽ മുഴുകിയ ദാവീദ് മരണത്തിനുമുമ്പ് അവശ്യം സംഭവിക്കേണ്ട ഒരു ആത്മീയ ഒരുക്കത്തെക്കുറിച്ച് നമ്മെ ഓർമിപ്പിക്കുകയാണ്. പ്രായമായി വരുമ്പോൾ കൊന്തയും, പ്രാർഥനയുമായി മരണത്തിനൊരുങ്ങാമെന്നും അതുവരെ ജീവിതം മട്ടോളം ആസ്വദിക്കാമെന്നും കരുതുന്നത് അപകടകരമാണ്. വാർധക്യം വരെ ജീവിച്ചിരിക്കുമെന്ന് നമുക്കാർക്കാണ് ഉറപ്പോടെ പറയാനാവുക? എന്നാണ് മരിക്കുകയെന്ന് ആരും അറിയേണ്ടതില്ലെന്നാണല്ലോ കർത്താവ് ദാവീദിനോടുപറഞ്ഞത്. മരണത്തെക്കുറിച്ച് അനിശ്ചിതത്വം നിലനില്ക്കുന്നതുകൊണ്ട് ഇന്നാണ് അവസാന ദിവസം എന്നമട്ടിൽ ജീവിക്കുന്നതാണ് വിവേകം. പതിനൊന്നാം മണിക്കൂറിൽ എത്തുന്നവനും കർത്താവ് തുല്യവേതനം നല്കുമെന്നതു ശരിതന്നെ. എന്നുകരുതി, ഇനിയും നാം തിരിച്ചുവരാൻ വൈകുന്നത് മടയത്തമാണ്. കാരണം, ഇതല്ല നമ്മുടെ പതിനൊന്നാം മണിക്കൂറെന്ന് ആർക്കാണ് ഉറപ്പിച്ചു പറയാനാവുക! (വില്യം ബാർക്ലെ).

പിൻകുറിപ്പ്

1 കാരിമറ്റം മൈക്കിൾ, 1 രാജാക്കന്മാർ, *ആൽഫാ ബൈബിൾ വ്യാഖ്യാനം*, വാല്യം 2 (മീഡിയഹൗസ്: ഡൽഹി, 2011) പേജ് 397.

2 കാരിമറ്റം മൈക്കിൾ, 1 രാജാക്കന്മാർ, പേജ് 402.

അനുബന്ധം 1



Sidon
MT. LEBANON
ZOBAH
THE GREAT SEA
(Mediterranean Sea)
MT. HERMON
Tyre
Dan
SYRIAN
STATES
PHOENICIANS
MAACHAH
ARAMAEANS
Hazor
BASHAN
Karnaim
Accho
GESHUR
Ashtaroth
Cabul
SEA OF
CHINNERETH
TOB
Endor
YARMUK R.
Edrei
Dor
Jezreel
Megiddo
MT
GILBOA
Ramoth-gilead
Beth-Shan
PLAIN OF SHARON
CANAANITES
Jabesh-gilead
JORDAN R.
GILEAD
Shechem
AMMON
Aphek
JABBOK R.
Joppa
KINGDOM OF SAUL
Rabbath-ammon
Michmash
Jerusalem
Bethlehem
SALT
SEA
PHILISTIA
Hebron
Gaza
(DEAD
SEA)
MOAB
Ziklag
JUDAH
CHERETHITES
Rahia
Beersheba
KENITES
Kir-moab
N
0
25 Miles
AMALEKITES
EDOM
KINGDOM
OF SAUL

അനുബന്ധം 2



Map of the Kingdom of David and Solomon

അനുബന്ധം 3


David's Sojourn
in the Wilderness
1 Samuel 21-23
MOAB
Dead Sea
Ramah
Gibeah of Saul
Nob
Jebus (Jerusalem)
Bethlehem
Wilderness of Judah
En Gedi
Masada
JUDAH
Hebron
Ziph
Maon
Adullam
Keilah
Gath Tell es-Safi
PHILISTIA

അനുബന്ധം 4



Map of Philistine Cities and Conquests